സമത്വവിദ്യാഭ്യാസം

148-2

ഒൻപതാം പഞ്ചവൽസര പദ്ധതി
ജനകീയ പദ്ധതി

കേളകം ഗ്രാമ പഞ്ചായത്ത്
വികസന രേഖ 1996-2001



പ്രസിഡണ്ട്, *ശ്രീ. വർഗ്ഗീസ് ജോസഫ്*

കേളകം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 11-11-96-ാം തീയതിയിലെ 133-ാം നമ്പർ തീരുമാനപ്രകാരമുള്ള അംഗീകാരത്തിനു വിധേയമായി കേളകം ഗ്രാമ പഞ്ചായത്തിനു വേണ്ടി പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. വർഗ്ഗീസ് ജോസഫ് അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്.



കേളകം ഗ്രാമ പഞ്ചായത്ത്
ഭരണ സമിതി അംഗങ്ങൾ



വർഗ്ഗീസ് ജോസഫ്
പ്രസിഡണ്ട്

ഈ. എം. കുര്യൻ
വൈസ് പ്രസിഡണ്ട്



എ. കെ. രവി
മെമ്പർ

കെ. എം. അലി
മെമ്പർ

മാത്യു സി. തോമസ്
മെമ്പർ









കേളകം ഗ്രാമ പഞ്ചായത്ത്
ഭരണ സമിതി അംഗങ്ങൾ



ജോസഫ് വർഗ്ഗീസ്
മെമ്പർ

എ. വി. ത്രേസ്യക്കുട്ടി
മെമ്പർ

അന്നമ്മ ടീച്ചർ
ചരിവുപുരയിടം
മെമ്പർ

ലിജ ജെയിംസ്
സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ

എ. ആർ. പത്മനാഭൻ നായർ
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

എഡിറ്റോറിയൽ ബോർഡ്

ശ്രീ. വർഗ്ഗീസ് ജോസഫ്
ശ്രീ. കുര്യൻ ഇടയത്തുപാറ
ശ്രീമതി ലിജ ജയിംസ്
ശ്രീ. എം. ആർ പത്മനാഭൻ
ശ്രീ. പി. കെ. മോഹനൻ മാസ്റ്റർ
ശ്രീ. വ്യാസൻ മാസ്റ്റർ
ശ്രീ. സി. ആർ. വിജയൻ മാസ്റ്റർ
ശ്രീ. ഭാസ്ക്കരൻ മാസ്റ്റർ
ശ്രീ. മാത്യു സി. തോമസ്

ഗ്രൂപ്പ് കൺവീനർമാർ

1	കൃഷിയും ജലസേചനവും	— ജോൺ പടിഞ്ഞാലിൽ
2	മൃഗസംരക്ഷണവും മൽസ്യബന്ധനവും	— ജോസഫ് കൊല്ലിയിൽ
3	വിദ്യാഭ്യാസം	— പി. കെ. മോഹനൻ മാസ്റ്റർ
4	കുടിവെള്ളവും പൊതുജനാരോഗ്യവും	— സി. റ്റി. അനീഷ്
5	വ്യവസായം	— ഭാസ്ക്കരൻ മാസ്റ്റർ
6	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	— ജെയിംസ് കെ. ജി.
7	പാർപ്പിടവും സാമൂഹ്യക്ഷേമവും	— വർക്കി പൊക്കത്തായി
8	സംസ്ക്കാരം	— വ്യാസൻ മാസ്റ്റർ
9	വനിതാക്ഷേമം	— മേരിക്കുട്ടി ടി. ജെ.
10	സഹകരണം	— ബിജു വി. പി.
11	പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	— കുര്യൻ വള്ളിപ്പറമ്പിൽ
12	വിഭവ സമാഹരണം	— പി. എം. ജോസഫ്
13	ചരിത്രം	— സി. ആർ. വിജയൻ മാസ്റ്റർ
14	ദ്വിതീയ വിവരശേഖരണം	— അനീഷ് സി. റ്റി.
15	പഠന പര്യടനം	— അപ്പച്ചൻ കെ. ജെ.

സഹായികൾ

ശ്രീ. ഇ. പി. മാത്യു മാസ്റ്റർ
,, പീറ്റർ ആർ. പൗലോസ്
,, പി. കെ. ഫിലിപ്പ്
,, രവീന്ദ്രൻ മാസ്റ്റർ
,, കെ. സി. രവീന്ദ്രൻ
,, ജോയി ചെരിവുപുരയിടം
,, റ്റി. റ്റി. ശ്രീനിവാസൻ
,, ജെ. ജോൺ ആത്രശ്ശേരി
,, എസ്. പ്രമോദ്
ശ്രീ. പി. വി. ബാബു
,, തോമസ് കളപ്പുരയ്ക്കൽ
,, പി. ആർ. ദിവാകരൻ
,, പ്രീത് വർഗ്ഗീസ്
,, ജോർജ്ജ് കൊച്ചുപുര
,, സദാശിവൻ വേടാട്ട്
,, എം. എസ്. ജോസഫ്
,, സുനിൽകുമാർ ഇ. ബി.
ഡോ. സലിൽ സുരേന്ദ്രൻ
ശ്രീ. ജോമോൻ പി. സി.
കുമാരി സൈനബ
,, സിന്ധു പി. തോമസ്
,, ഓമന കെ. സി.
ശ്രീമതി പൊന്നമ്മ സുകുമാരൻ
,, അമ്മിണി ശ്രീധരൻ
,, സുജാത മോഹൻദാസ്
കവർ: ശ്രീ. ജോയി, തൂലിക


KANNUR DISTRICT
SCALE- 1CM = 2·5 K·M
KASARAGOD DISTRICT
PERINGOME
ALAKKOD
KARIVELLUR
CHAPPARAPADAVU
PAYYANNUR
PARIYARAM
RAMANTHALI
CHENDALAY
TALIPARAMBA TALUK
KALLIAD
PAYYAVOOR
SREEKANDAPURAM
PAYAM
KANNAPURAM
TALIPARAMBA
MAYYIL
PAPPINISSERI
AZHIKODE
CHIRAKKAL
MUNDERI
MATTANNUR
MALOOR
THALASSERY
PUZHATHI
CHELORA
VENGAD
KANNUR
KUTHUPARAMBA
CHITTARIPARAMBA
KANNUR TALUK
PERALASSERI
PINARAYI
PATTIAM
DHARMADAM
KUNNOTH PARAMBA
THALASSERY
KODIYERI
PANUR
CHOKLI
LAKSHADWEEP SEA
COORG DISTRICT -KARNATAKA-
WYNAD DISTRICT
KOZHIKODE DISTRICT
REFERENCE
State Boundary
District Boundary
Taluk Boundary
Panchayath Boundary
Division Boundary
Kelukam Panchayat

കോളകം ഗ്രാമ പഞ്ചായത്ത്



ആമുഖം

മനുഷ്യസമൂഹ വികാസത്തിന്റെ ഒരു ഘട്ടത്തിലെത്തിയപ്പോഴാണ് സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും നിരന്തരം പെരുകിവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രകൃതിയിലെ വിഭവങ്ങൾ തികയാതെ വന്നപ്പോൾ ചില ചിട്ടപ്പെടുത്തലുകൾ അനിവാര്യമായിവന്നു. ഇങ്ങനെ ആസൂത്രണ പ്രക്രിയ ആരംഭിച്ചു. എന്നാൽ പിന്നീട് ജനകീയ ജനാധിപത്യ ഗവൺമെന്റുകൾ വന്നകാലത്തുപോലും ഇതുവിജയിക്കുന്നതിന് ഒട്ടേറെ കടമ്പകൾ കടക്കാനുണ്ടായിരുന്നു. ഇക്കാലമത്രയും ആസൂത്രണത്തിന്റെ നേതൃത്വം ഭരണകൂടങ്ങൾക്കായിരുന്നു. അതുകൊണ്ടുതന്നെ ആസൂത്രണം മേലെത്തട്ടിൽ നിന്നു വന്നപ്പോൾ ഭരണകൂടം ഉത്പാദനോപാധികളുടെ ഉടമസ്ഥാവകാശവും നിയന്ത്രണവും അധീനപ്പെടുത്തുകയും, പലപ്പോഴും അത് ജനങ്ങളുടേതിൽ നിന്ന വ്യത്യസ്ഥമായ താത്പര്യങ്ങൾക്ക് വഴി മാറുകയുണ്ടായി. ഇത് സ്വകാര്യലാഭത്തിനും ചൂഷണത്തിനും വഴിവെയ്ക്കുകയും, ജനങ്ങൾ കേവലം ഉപഭോക്താവിന്റെ നിലയിലേക്ക് താഴുകയും ചെയ്തു. ഇതുവൈകാതെ വികസനത്തെ പ്രതിസന്ധിയിലെത്തിക്കാൻ കാരണമായി.

സമത്വത്തിന്റെയും വിഭവസമൃദ്ധിയുടേതുമായ ഒരവസ്ഥയിലേക്ക് മുന്നേറുകയെന്നതാണ്, എന്നും ജനങ്ങളുടെ മുന്നിലുള്ള പരമമായ ലക്ഷ്യം. ഇതു നേടുന്നതിനുവേണ്ടി സാമൂഹികോത്പാദനത്തിലെ അരാജകത്വത്തെ ആസൂത്രണാടിസ്ഥാനത്തിലുള്ള ബോധപൂർവ്വമായ സംഘാടനംകൊണ്ട് മാറ്റാനുള്ള മഹത്തായ പ്രവർത്തനത്തിലാണ് കേരളത്തിലെ സർക്കാരും ജനങ്ങളും ഇന്ന് ഏർപ്പെട്ടിരിക്കുന്നത്. കേരളം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ, ചരിത്രത്തിൽ ഇടംപ്രഥമമായി ഒരു സമൂഹം ഉത്പാദനവികസന സാഹചര്യങ്ങളെ ജനങ്ങളുടെ പരുതിയിൽകൊണ്ടുവന്ന് കാലോചിതവും സുചിന്തിതവുമായ ഉത്പാദന വികസന പ്രവർത്തനങ്ങൾ നടത്തുവാൻ പോവുകയാണ്. ഇതിനായി ഒൻപതാംപദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു.

1993-ലെ 73, 74 ഭരണഘടനാഭേദഗതികളിലൂടെ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പഞ്ചായത്തി രാജ് സംവിധാനത്തിനു കീഴിൽ 95 ഒക്ടോബർ രണ്ടാംതിയ്യതിയോടെ ത്രിതല പഞ്ചായത്ത് ഭരണസമിതികൾ കേരളത്തിൽ നിലവിൽ വരുകയുംചെയ്തു. മുൻപത്തെ ഭരണസമിതികളിൽ നിന്നുവിഭിന്നമായി ഇവയുടെ ഘടനയിലും അധികാരത്തിലും വളരെയേറെ മാറ്റങ്ങൾവന്നു. എല്ലാ സമ്മതിദായകർക്കും പ്രത്യേക പങ്കാളിത്തമുള്ള ഗ്രാമസഭകൾ ഇവയുടെ പ്രത്യേകതയാണ്. ജനപങ്കാളിത്തത്തിന്റെ ഈ അനുകൂലസാഹചര്യം ഉപയോഗിച്ചാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തത്. ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുകയും, അൺടൈഡ് ഫണ്ടും, മറ്റുസർക്കാരേതര ഏജൻസികൾ മുഖേന കിട്ടുന്ന തുകയും ഗ്രാമത്തിലെ വിഭവസമാഹരണം (മനുഷ്യാധ്വാനവും, മറ്റു വിഭവങ്ങളും) കൂടി ഉപയോഗിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ കഴിയും ഇങ്ങനെ അനികാരത്തോടൊപ്പം, വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സമ്പത്തും താഴെത്തട്ടിലേക്ക് വരികയാണ്. ജാതിമത രാഷ്ട്രീയ പരിഗണനകൾക്കതീതമായ ഒരുവികസന സംസ്കാരം ഗ്രാമങ്ങളിൽ ഇങ്ങനെ രൂപം പ്രാപിച്ചുവരുന്നു. ഈ സംസ്കൃതിയാണ് ജനകീയ ആസൂത്ര പ്രസ്ഥാനത്തിന്റെ വിജയവും.

സമയബദ്നിത പരിപാടിയായി തുടങ്ങിയ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ജില്ലാതല റിസോഴ്സ് പേഴ്സൺമാരായി ഒന്നാം ഘട്ടത്തിൽ അഞ്ചു പേർ തെരഞ്ഞെടുക്കപ്പെടുകയും, അവർക്ക് ഇരിട്ടിയിൽവെച്ച് മൂന്നുദിവസത്തെ പരിശീലനം ലഭിക്കുകയും ചെയ്തു. കേളകം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം 13-9-96ന് ചേർന്ന ഏക

ദിന ശില്പശാലയോടെയാണ് തുടങ്ങിയത്. വ്യാപാര വേനിൽ ചേർന്ന ശില്പ ശാലയിൽ 106 പേർ പങ്കെടുത്തു. ഇവരിൽ 26 പേർ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥരും, 45 പേർ പഞ്ചായത്ത് R. P. മാരുമായിരുന്നു.

ശില്പശാല പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വർഗീസ്സ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. സി. കെ ഉപ്പാസിഡ് ഉത്ഘാടനം നിർവഹിക്കുകയുമുണ്ടായി. വിശേഷാൽ ഗ്രാമസഭായോഗങ്ങൾ വിജയകരമായി നടത്തുന്നതിനുള്ള പരിശീലനമായിരുന്നു ശില്പശാലയുടെ പ്രധാന ലക്ഷ്യം. ശില്പശാലയിൽ വെച്ച് R. P മാരെ 12 വ്യത്യസ്ഥഗ്രൂപ്പുകളായി തിരിച്ചു; കൂടാതെ പഞ്ചായത്തിനെ സംബന്ധിച്ച സമഗ്ര പഠനത്തിനായി 3 ഗ്രൂപ്പുകളെയും നിശ്ചയിച്ചു.

ആദ്യഘട്ടത്തിലെ പ്രധാന പ്രവർത്തനം വിശേഷാൽ ഗ്രാമസഭായോഗങ്ങളും ചേരലായിരുന്നു. ഇതിനായി തിയ്യതി നിശ്ചയിച്ച് മുഴുവൻ വോട്ടർമാർക്കും ക്ഷണക്കത്തുകളും നല്കിയിരുന്നു. വിശേഷാൽ ഗ്രാമസഭകളുടെ പഞ്ചായത്തുതല ഉത്ഘാടനം 21-9-96ന് ചെട്ട്യാ പറമ്പ് ഗവ. യു. പി. സ്കൂളിൽ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന രണ്ടാം വാർഡ് ഗ്രാമസഭയിൽ വെച്ച് ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിറ്റിചെയർമാൻ ശ്രീ. സി. കെ. ഉപ്പാസിഡ് നിർവ്വഹിച്ചു. തുടർന്ന് വിവിധ വാർഡുകളിലെ ഗ്രാമസഭകളും ഒക്ടോബർ 6ാം തിയ്യതിയോടുകൂടിനടന്നു. 5 വാർഡുകളിൽ പ്രസിഡണ്ട് ശ്രീ. വർഗീസ്സ് ജോസഫും 4 വാർഡുകളിൽ വൈസ് പ്രസിഡണ്ട് ശ്രീ. ഇ. എം കുര്യനും യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. ഗ്രാമസഭകളിൽ 110 മുതൽ 211 വരെ ആളുകളും പങ്കെടുത്തു.

ഗ്രാമസഭകളിലെ പങ്കാളിത്തത്തെ സംബന്ധിച്ച വിശദ വിവരങ്ങൾ

	വാർഡിന്റെ പേര്	ഗ്രാമസഭ ചേർന്ന തീയതി	പുരുഷൻ	സ്ത്രീ	SC. ST	ആകെ പങ്കെടുത്തവർ
1	കുണ്ടോറി	29—9 - 96	155	56	1	211
2	ചെട്ട്യാംപറമ്പ്	21 - 9—96	171	39	7	210
3	നാരങ്ങാത്തട്ട്	22—9—96	108	7	10	115
4	ശാന്തിഗിരി	29 - 9—96	86	24	6	110
5	അടയ്ക്കാത്തോട്	6—10—96	148	34	7	182
6	പൊയ്യമല	22 - 9 - 96	154	25	2	179
7	കേളകം	21 - 9 - 96	106	25	8	131
8	വെള്ളൂന്നി	28—9 - 96	87	42	16	129
9	പൂവ്വത്തുംചോല	28 - 9 . 96	159	35	46	194
	ആകെ		1174	287	103	1461

ഗ്രാമസഭകളിൽ പൊതുവെ നല്ലനിലയിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. മിക്ക പ്രശ്നങ്ങൾക്കും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും ഗ്രാമസഭകളിൽ പങ്കെടുത്തവർ തയ്യാറായിട്ടുണ്ട്. വനിതാപ്രാധിനിത്യം താരതമ്യേന കുറവായിരുന്നു. അതുകൊണ്ടുതന്നെ വനിതകളുടെ പ്രശ്നങ്ങൾചില ഗ്രാമസഭകളിൽ കുറച്ചുമാത്രമാണ് ചർച്ചചെയ്യപ്പെട്ടത്. അതുപോലെതന്നെ പട്ടികജാതി– പട്ടികവർഗ്ഗ പ്രാധിനിത്യവും താരതമ്യേന കുറവായിരുന്നു. ഇനി അങ്ങോട്ടുള്ള പ്രവർത്തനങ്ങളിൽ വനിതാ പ്രാധിനിത്യവും, പട്ടികജാതി – പട്ടികവർഗ്ഗ പ്രാധിനിത്യവും വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചപ്പോഴേക്കും പഞ്ചായത്തിലെ 9 പേർക്ക് ജില്ലതലപരിശീലനം ലഭിച്ചിരുന്നു. പഞ്ചായത്തിലെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചത് 2–11–96 ന് മഞ്ഞളാംപുറം യു. പി. സ്ക്കൂളിൽ ചേർന്ന ഏകദിന ശില്പശാലയോടെയാണ്. പഞ്ചായത്തിന്റെ സമഗ്ര വികസന റിപ്പോർട്ട് തയ്യാറാക്കുന്നവർക്കുള്ള പരിശീലനമായിരുന്നു അത്. രണ്ടാംഘട്ട ശില്പശാലയിൽ പങ്കാളിത്തം ആദ്യഘട്ടത്തെക്കാൾ കുറവായിരുന്നു. ശില്പശാലയിൽവെച്ച് 12 വിവിധ വിഷയങ്ങൾക്ക് റിപ്പോർട്ട് തയ്യാറാക്കുവാനും ആമുഖം എഴുതുവാനും, പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രം തയ്യാറാക്കാനും വിവിധ കോർ ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്തിനെ സംബന്ധിച്ച സമഗ്ര പഠനം വിവിധ കോർ ഗ്രൂപ്പുകൾ നടത്തുകയുണ്ടായി. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽനിന്നുള്ള സ്ഥിതിവിവരക്കണക്കുകൾ(SecondaryDatas) ശേഖരിക്കുകയുണ്ടായി. ചാമച്ചിമുതൽ വെള്ളൂന്നിവരെ 20 കി.മീ. നീണ്ട പഠനപര്യടന(Transect Walk) ത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ ഭൂപ്രകൃതി, ജൈവവൈവിധ്യം, പരിസ്ഥിതി പ്രശ്നം തുടങ്ങിയവയെ സംബന്ധിച്ച് പഠനം നടത്തുകയുണ്ടായി. അതുപോലെ പഞ്ചായത്തിന്റെ ചരിത്രത്തെസംബന്ധിച്ചും പഠനം നടത്തി ഈ മൂന്നു പഠനങ്ങളുടേയും വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് പഞ്ചായത്തിന്റെ സമഗ്ര വികസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ സ്റേറററ് റിസോഴ്സ് പേഴ്സൺ മൊകേരി ആർട്സ് കോളജിലെ പ്രാഫസറായ ശ്രീ. കെ. കുഞ്ഞിക്കണ്ണൻ മാസ്റററുടെ സഹായം വളരെ വിലപ്പെട്ടതാണ്.

ഈ റിപ്പോർട്ട് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസന പ്രവർത്തനങ്ങൾക്കുള്ള മാർഗരേഖയായി നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.



(2)

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേരു്	—	കേളകം ഗ്രാമപഞ്ചായത്ത്
ഉൾപ്പെട്ട വില്ലേജുകൾ	—	കേളകം, കണിച്ചാർ
ബ്ലോക്ക് പഞ്ചായത്ത്	—	പേരാവൂർ ബ്ലോക്ക്
താലൂക്ക്	—	തലശ്ശേരി
അസംബ്ലി മണ്ഡലം	—	വടക്കേ വയനാട്
വിസ്തീർണ്ണം	—	77.92 ചതുരശ്ര കിലോമീറ്റർ
അതിരുകൾ:-		
വടക്ക്	—	ചീങ്കണ്ണിപ്പുഴ
തെക്ക്	—	വടക്കേ വയനാട് ഫോറസ്റ്റ്, കണിച്ചാർ പഞ്ചായത്ത്, ബാവലിപ്പുഴയുടെ ഭാഗം
കിഴക്ക്	—	കൊട്ടിയൂർ ഗ്രാമപഞ്ചായത്തും, കൊട്ടിയൂർ റിസർവ്വ് വനവും
പടിഞ്ഞാറ്	—	ബാവലിപ്പുഴയുടെയും, ചീങ്കണ്ണിപ്പുഴയുടെയും ഭാഗവും കണിച്ചാർ ഗ്രാമപഞ്ചായത്തും
ജനസംഖ്യ	—	15787
പുരുഷന്മാർ	—	7992
സ്ത്രീകൾ	—	7795
ജനസാന്ദ്രത	—	203
അക്ഷരാഭ്യാസ മുള്ളവർ		
പുരുഷന്മാർ	—	6576
സ്ത്രീകൾ	—	6127
സാക്ഷരതാ നിരക്ക്		
പുരുഷൻന്മാർ	—	94.19%
സ്ത്രീകൾ	—	91.15%
പ്രസിഡണ്ടിന്റെ പേരു്	—	വർഗീസ് ജോസഫ് നടപ്പുറത്ത്
വൈസ് പ്രസിഡണ്ട്	—	E. M. കുര്യൻ ഇടയത്തുപാറ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	—	ലിജ ജെയിംസ്, കരുവാറക്കൊച്ചുപുരക്കൽ

17

കേളകം ഗ്രാമ പഞ്ചായത്ത് പ്രവർത്തന രേഖ

കേളകം പഞ്ചായത്ത് രൂപം കൊണ്ടതിനു ശേഷമുള്ള ഭരണസമിതി അംഗങ്ങൾ

1972 ലാണ് കേളകം പഞ്ചായത്ത് എന്ന പേരിൽ പഞ്ചായത്ത് നിലവിൽ വന്നത്. അതിനുമുൻപ് ഇന്നത്തെ കേളകം പഞ്ചായത്തും മണത്തണ പഞ്ചായത്ത്, കാപ്പാട് പഞ്ചായത്ത് എന്നീ പഞ്ചായത്തുകളുടെ ഭാഗമായിരുന്നു. കേളകം പഞ്ചായത്ത് രൂപീകൃതമായതിനു ശേഷമുള്ള ഭരണ സമിതി അംഗങ്ങൾ

1972 മുതൽ 1977 വരെ

1) ശ്രീ വി യു. ചാക്കോ, പ്രസിഡണ്ട്
2) ശ്രീ കുര്യൻ മീമ്പള്ളിൽ. വൈസ് പ്രസിഡണ്ട്
3, റവ. ഫാദർ ഗീവറുഗ്ഗീസ്, മെമ്പർ

ഇടക്ക് ശ്രീ വി യു. ചാക്കോയും, കുര്യൻ മീമ്പള്ളിയും രാജിവയ്ക്കുകയും ഫാദർ ഗീവറുഗ്ഗീസ് ഒററക്കാകുകയും ചെയ്തു

1977 മുതൽ 1979 വരെ

1) ശ്രീ ആൻറണി ഈപ്പൻ, പ്രസിഡണ്ട്
2) ശ്രീ എൻ. എച്ച്. എം. സാലി, വൈ. പ്രസി.
3) ശ്രീ പി. ജെ വക്കി, മെമ്പർ
4) ശ്രീ എം ടി ആഗസ്തി മെമ്പർ
5) ശ്രീമതി സാറാമ്മ പ്ലാസിഡ് മെമ്പർ
6) ശ്രീ കറപ്പൽ മകൻ കറപ്പൻ മെമ്പർ
7) ശ്രീ പി. അബ്ദുള്ള മെമ്പർ

1979 മുതൽ 1984 വരെ

1) ശ്രീ സി. കെ പ്ലാസിഡ്, പ്രസിഡണ്ട്
2 ,, പി എം ജോസഫ് പുഞ്ചക്കുന്നേൽ വൈ പ്ര.
3) ശ്രീ ജോസഫ് വേളപുഴക്കൽ, മെമ്പർ
4) ശ്രീ ഗോപാലൻ മൂഴിക്കൽ മെമ്പർ
5) ശ്രീമതി നബീസ്സ ഉമ്മാൻ, വീട്ടിക്കാലായിൽ ,,
6) ശ്രീ ജേ.ജ്ജ് ഞാറവള്ളിക്കുന്നേൽ മെമ്പർ
7) ശ്രീ പി കെ മോഹനൻ മാസ്റ്റർ പാലോലിക്കൽ
8) ശ്രീ രവീന്ദ്രൻ ഇളംപ്ലായിൽ

1984 മുതൽ 1988 വരെ സ്പെഷ്യൽ ആഫീസർ ഭരണം

1988 മുതൽ 1995 വരെ

1] ശ്രീ പി എം ജോസഫ്, പ്രസിഡണ്ട്
2] ശ്രീ കുര്യൻ ഇടയത്തുപാറ വൈസ് പ്രസി.
3] ശ്രീ എം എസ്സ് ജോസഫ്, മെമ്പർ
4] ശ്രീ സുരേന്ദ്രൻ ചിറയിൽ മെമ്പർ
5] ശ്രീമതി ഗ്രേസി ജോജ്ജ് മെമ്പർ
6] ശ്രീ ജോസഫ് വേളപുഴക്കൽ മെമ്പർ
7] ശ്രീമതി മേരി തോമസ്സ് മെമ്പർ
8] ശ്രീ പി കെ മോഹനൻമാസ്റ്റർ മെമ്പർ

4-10-95 മുതൽ തുടർന്നുവരുന്ന ഭരണ സമിതി

1] ശ്രീ വറുഗീസ്സ് ജോസഫ് പ്രസിസണ്ട്
2] ശ്രീ കുര്യൻ ഇരയത്തുപാറ വൈ. പ്രസിഡണ്ട്
3] ശ്രീ എടാൻ രവി, മെമ്പർ
4] ശ്രീ കെ എം അലി മെമ്പർ
5] ശ്രീ മാത്യൂസി തോമസ് മെമ്പർ
6] ശ്രീ ജോസഫ് വർഗ്ഗീസ്സ് മെമ്പർ
7] ശ്രീമതി ലിജ ജെയിംസ്
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
8] ശ്രീമതി എ. വി. ത്രേസ്യക്കുട്ടി മെമ്പർ
9] ശ്രീമതി അന്നമ്മ ടീച്ചർ ചരിവുപുരയിടം ,,

ജില്ലാപഞ്ചായത്തു മെമ്പർ

ശ്രീ ടി. എസ്സ്. മാത്യു

ബ്ലോക്കു പഞ്ചായത്തു മെമ്പർ

ശ്രീ സി. കെ. പ്ലാസിഡ്

1994 ലെ കേരളാ പഞ്ചായത്തു രാജ് നിയമപ്രകാരമുള്ള ത്രിതല പഞ്ചായത്തു സംവിധാനം നിലവിൽ വരുകയും മൂന്നു തലങ്ങളിലേക്കും തിരഞ്ഞെടുപ്പു നടത്തി ഭരണ സമിതികളും അധികാരത്തിൽ വന്നെങ്കിലും, പുതിയ നിയമപ്രകാരമുള്ള ചട്ടങ്ങളും ഗവൺമെൻറ് ഉണ്ടാക്കുകയോ, മതിയായ സമ്പത്തു നല്കുകയോ ചെയ്യാതിരുന്നതുകൊണ്ട് ഞങ്ങളും ജനങ്ങളും കൽപ്പിച്ചു നൽകിയ പല വാഗ്ദാനങ്ങളും നടപ്പാക്കാൻ കഴിഞ്ഞില്ലെന്നുള്ള ദുഃഖസത്യത്തോടു കൂടിയാണ് ഈ റിപ്പോർട്ട് ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നത്. നിലവിലുള്ള അധികാരങ്ങളും ഗവൺമെൻറിൽ നിന്നും കിട്ടിയതും പഞ്ചായത്തു വക തന്നതു ഫണ്ടും ഉപയോഗിച്ചു വികസന രംഗത്തു ചെയ്യാൻ കഴിഞ്ഞിട്ടുള്ള ഏതാനും ചില കാര്യങ്ങളും താഴെ കൊടുക്കുന്നു.

1) ഒന്നാം വാർഡിലും, അഞ്ചാംവാർഡിലും കൂടി 3 കലുങ്കുകളും പണിതു.

2) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു പഴയ കിണറുകളും റിപ്പെയറിംഗ് നടത്തുകയും 3 പുതിയ കിണർ കുഴിക്കുകയും ചെയ്തു.

3) പെരുന്താനം, ശാന്തിഗിരി, വെള്ളൂന്നി എന്നീ വീടുകളിലായി 3 പൊതു ജലസേചനപദ്ധതികളും നടപ്പാക്കികൊണ്ടിരിക്കുന്നു.

4) താല്ക്കാലിക നടപ്പാലങ്ങളും നന്നാക്കുകയും ചിലപുതിയവ സ്ഥാപിക്കുകയും ചെയ്തു.

5) റോക്കർ പ്രെസ്സയർവാങ്ങുന്നതിന് സബ്സിഡി നൽകി.

6) 9 തെങ്ങ്കയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിനു സബ്സിഡിനൽകി

7) ഒരുഹരിജന് പമ്പ്സെറ്റ് വാങ്ങി കൊടുത്തു

8) കേളകം പ്രൈമറി ഹെൽത്ത് സെൻറിനു വൈദ്യുതി കണക്ഷൻ നൽകി.

9) നിർദ്ധനരായ സ്ത്രീകുട്ടികൾക്ക് കുടകൾവിതരണം നടത്തി.

10) പണിയവിഭാഗം കുട്ടികൾക്ക് കുടയും യൂണിഫാറവും നൽകുകയും എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുകയും ചെയ്തു.

11) പട്ടിക വർഗ്ഗത്തിലെ ഏറ്റവും താണ നിലവാരത്തിൽ കഴിയുന്ന പണിയ സമുദായത്തിലെ ആളുകളുടെ നിലവാരം ഉയർത്തുന്നതിനും, രോഗബാധ ഇല്ലായ്മ ചെയ്യുന്നതിനും ബോധവൽക്കരണ സെമിനാറും മെഡിക്കൽക്യാമ്പുംനടത്തി

12) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മഴക്കാലത്ത് ജോലി ലഭിക്കുന്നതിനായി 11ലക്ഷത്തോളം വരുന്ന വർക്കുകൾ പേരാവൂർ ബ്ലോക്കിൽ നിന്നും EAS പദ്ധതിയിൽ അനുവദിപ്പിക്കുകയും, പണികൾ നടന്നുവരുകയും ചെയ്യുന്നു.

13) പഞ്ചായത്ത് ഭരണ സമിതിയുടെയും, മറ്റ് പൗരമുഖ്യരുടെയും, സംഘടനകളുടെയും ശ്രമ ഫലമായി കേളകത്ത്ഒരു എലക്ട്രിക്കൽ സബ്ഡിവിഞ്ചനീയർ ആഫീസ് അനുവദിപ്പിച്ചു താമസം വിനപ്രവർത്തനം തുടങ്ങും

14) പൂവ്വത്തിൻചോല വെള്ളൂന്നി റോഡും, അടക്കത്തോട് കോടങ്ങാട് കരിയംകാപ്പ് റോഡും ഭാഗീഗമായി മെറ്റൽ ചെയ്തു. ടാർചെയ്തു.

15) പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കായി 8 വീടുകൾ പണിതുകൊടുക്കാൻ നിശ്ചയിക്കുകയും വിവിധ ഘട്ടങ്ങളിൽ പണി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

16) ആദിവാസി കോളനികളായ വളയംചാൽ കോളനി, പെരുന്താനം കോളനി എന്നിവ വൈദ്യുതീകരിച്ചു

17) നാനാനിപ്പായിൽ കോളനി, ഇല്ലിമുക്ക് കോളനി എന്നിവ വൈദ്യുതീകരിക്കാൻ നടപടികൾ തുടങ്ങി.

18) വളയംചാൽ കോളനി പൊരുന്താനം കോളനി എന്നിവിടങ്ങളിൽ വാട്ടർ സപ്ലൈസ്കീം നടപ്പാക്കി.

19) പൂക്കുണ്ട്, മുട്ടുമാറി, വാളുമുക്ക് എന്നീ കോളനികളിലേക്ക് അടക്കാത്തോട്ടിൽ നിന്നും വാട്ടർ സപ്ലൈസ്കീം എക്സ്റ്റൻറ് ചെയ്ത് വെള്ളം നൽകുന്നതിനു നടപടികൾ സ്വീകരിച്ചു.

20) രാമച്ചിയിൽ പണിയ വിഭാഗത്തിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി 2.50ഏക്കർ സ്ഥലം ജില്ലാഭരണ കൂടത്തിനെ കൊണ്ട് വിലക്കെടുപ്പിച്ചു 15 വീടുകൾ പണിയുന്നതിനു ഫണ്ട് അനുവദിപ്പിച്ചു.

എല്ലാവർക്കും വീട്, എല്ലാ വാർഡിലും കുടിവെള്ളം എല്ലാവാർഡിലും വൈദ്യുതി, കഴിയുന്നിടത്തോളം റോഡുകൾ സഞ്ചാരയോഗ്യമാക്കി ടാറിംഗ് നടത്തുക, കേളകം പ്രൈമറി ഹെൽത്ത് സെൻറർ ആശുപത്രിയാക്കി ഉയർത്തുക. മഞ്ഞളാംപുറത്ത് ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. എല്ലാ ആദിവാസി കോളനികളും വൈദ്യുതീകരിക്കുക.

മഞ്ഞളാംപുറത്ത് മിനിസ്റ്റേഡിയം നിർമ്മിക്കുക പാറത്തോട്ടിലെ കളിസ്ഥലം ഉദ്ധരിക്കുക, അടക്കാത്തോട്ടിൽ മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിക്കുക തുടങ്ങിയ കാര്യങ്ങൾ ഘട്ടം ഘട്ടമായി ഞങ്ങളുടെ ഭരണകാലത്ത് പ്രാവർത്തികമാക്കണമെന്ന കാഴ്ചപ്പാടോടെയാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. അതിനു വേണ്ടി കക്ഷിരാഷ്ട്രീയ ധീതമായി പഞ്ചായത്തിൻറെ വികസനം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുക എന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യം. അപ്രകാരമൊരു കൂട്ടായ്മയോടും, അപ്പുണ്ണ മനോഭാവത്തോടും കൂടി കൈകോർത്ത് പിടിച്ചുകൊണ്ട് എല്ലാ അംഗങ്ങളും ഒറ്റ മനസ്സോടെ പ്രവർത്തിക്കുന്നു.

ഇക്കാര്യങ്ങൾ എല്ലാം സാധിക്കുമാറ് ജനകീയ ആസൂത്രണ പ്രസ്ഥാനം വൻവൃക്ഷമായി വളർന്നതുപോലെ നമ്മുടെ പഞ്ചായത്തിൻറെ നാനാമുഖമായ വികസനം സ്വയത്തമാകും എന്ന വിശ്വാസത്തോടെ നിറുത്തുന്നതോടൊപ്പം ഇതിൻറെ പ്രവർത്തനങ്ങൾക്ക് കക്ഷി രാഷ്ട്രീയ വർഗ്ഗചിന്തകൾക്കതീതമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന എല്ലാ ആളുകൾക്കും പഞ്ചായത്തു ഭരണസമിതിയുടെ അഭിനന്ദനങ്ങൾ അർപ്പിക്കുന്നതോടൊപ്പം തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാ ആളുകളുടേയും ആത്മാർത്ഥമായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടും നിറുത്തട്ടെ.

എന്നു്

15_11_96.

വിശ്വസ്തൻ

കേളകം

വർഗീസ് ജോസഫ്

പ്രസിഡണ്ട്

കേളകം പഞ്ചായത്ത് ചരിത്രത്തിന്റെ ഏടുകളിൽ

ഹരിതവർണ്ണമാർന്ന മലകളും ശുദ്ധജലനിർഝരികളും സമൃദ്ധമായ കൃഷിയിടങ്ങളും കൂടിയേറ്റ കർഷകരുടെ വിയർപ്പിന്റെ ഗന്ധം മുറ്റിനിൽക്കുന്ന അന്തരീക്ഷവുമുള്ള കേളകം ഗ്രാമപഞ്ചായത്തിന്റെ ചരിത്രം മുറങ്ങുന്ന വിസ്മൃത തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ ഒരു ഗവേഷണ വിദ്യാർത്ഥിക്ക് മതിയായ കൗതുകം ജനിപ്പിക്കുവാൻ പോന്നതുതന്നെയും വിഭവങ്ങളുണ്ടെന്നു നാം കാണുന്നു. കേളകത്തിന്റെതുമാത്രമായ ഒരു തനതു ചരിത്രവുമില്ല ഐതീഹ്യ പ്രസിദ്ധമായ ദക്ഷയാഗം നടന്ന കൊട്ടിയൂരിനു പൊതുവായ ഒരു ചരിത്രമാണുള്ളതു്. അതുകൊണ്ടുതന്നെ കണിച്ചാർ, കൊട്ടിയൂർ, കേളകം പഞ്ചായത്തുകളുടെ പൂർവ്വകഥകളിലേക്ക് എത്തിനോക്കുന്നവർക്ക് ഇവ പരസ്പരം വിലയം പ്രാപിച്ച് പൂരകങ്ങളായി നിലകൊള്ളുന്നതു് കാണാം.

അല്പം ചരിത്രം ;— കാച്ചതെളിവുകളും വളരെയേറെ ഐതീഹ്യങ്ങളും ഈ ചരിത്രത്തിനു വഴിയൊരുക്കുന്നു. നൂറാണ്ടുകൾക്കു മുമ്പ് ടിപ്പുസുൽത്താന്റെ പടയോട്ട കാലങ്ങളിൽ ഇവിടെ ജനവാസമുണ്ടായിരുന്നുവെന്നു് അനുമാനിക്കത്തക്ക തെളിവുകളും കൂടിയേറ്റ കാലഘട്ടങ്ങളിലും ഇന്നുംലഭിച്ചു കൊണ്ടിരിക്കുന്നു. ഇവിടെയുണ്ടായിരുന്ന ഇരുമ്പു പാലങ്ങളും കല്ലുകളും ഗ്രഹകളും മറ്റും ഈ നിഗമനത്തിലേക്ക് നമ്മെയെത്തിക്കുന്നു. പടയോട്ടത്തോടെ ജനവാസം തിരുകയും വനമായി മാറുകയുമായിരുന്നിരിക്കണം. പിന്നീട് ഇവിടെ കോട്ടയം (മലബാർകോട്ടയം) രാജവംശത്തിന്റെ ഭരണമായിരുന്ന നിലവിൽ വന്നതു്. അവരാണി പ്രദേശം കൊട്ടിയൂർ തൃച്ചെറുമന്നു് ദേവസ്വത്തിനു വേണ്ടി മണത്തണ നായർ താവാട്ടകാരെ എല്പിക്കുന്നതു്. ബ്രിട്ടീഷ് പട്ടാളവുമായി ഏറ്റുമുട്ടിയ പഴശ്ശി 1802- കാലഘട്ടത്തിൽ കാച്ച പടയോട്ടമെന്നിച്ച ഇവിടങ്ങളിൽതമ്പടിക്കുകയും ഇവിടെ നിന്നു് തുരത്തപ്പെട്ടു് പാൽച്ചുരം വഴി വയനാട്ടിലേക്ക് രക്ഷപ്പെടുകയും 1805ൽ മരിക്കുകയുംചെയ്തു ഒറ്റപ്പെട്ടുപോയ ചിലർ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ടു്. അവരാണി നാട്ടിലെ ആദിവാസികളിൽഒരു വിഭാഗം.

തെളിവോടെ :— ബ്രിട്ടീഷ് ഭരണകാലത്തും സ്വാതന്ത്ര്യലബ്ധിക്കുശേഷവും 1956ൽ കേരള പിറവിവരെയും ഈ പ്രദേശം മദ്രാസിന്റെ കീഴിലായിരുന്നു. അക്കാലങ്ങളിൽ മദ്രാസ് സ്റ്റേറ്റ് കോഴിക്കോട് ജില്ലയിൽ കോട്ടയം താലൂക്ക് മണത്തണ അംശം കാപ്പാട് ദേശത്തിൽപ്പെട്ടതായിരുന്ന കേളകം ഗ്രാമ പഞ്ചായത്ത്. 1950ൽ പഞ്ചായത്തായ അവസരത്തിൽ മണത്തണഅംശം മണത്തണ പഞ്ചായത്തായി മാറി. നിബിഡ വന പ്രദേശമായി മാറികഴിഞ്ഞിരുന്ന ഈ പ്രദേശത്തുകൂടി കൊട്ടിയൂർ ക്ഷേത്രത്തിലേക്കുള്ള ഒരു കാട്ടുപാതമാത്രമാണുണ്ടായിരുന്നതു്. പിന്നീട് മരങ്ങൾ മുറിച്ചു കൊണ്ടുപോകേണ്ടതിനുള്ള കൂപ്പു റോഡുകളും നിലവിൽവന്നു. അന്നും ക്ഷേത്രത്തിലേക്കു് പോകുന്നവർ ഐതീഹ്യമുള്ള സ്ഥലനാമങ്ങളാണു് ഉപയോഗിച്ചിരുന്നതു്. (തലശ്ശേരി, കൊല്ലത്തു്, നാരായണിയമ്മ 84 കേളകം) അച്ഛന്റെ (ദക്ഷൻ) യാഗസ്ഥലത്തേക്ക് നീങ്ങിയ സതീദേവി പൊന്നും പണ്ടങ്ങളും ഊരിവച്ചസ്ഥലം 'പൊന്നിരിക്കാംപാല', മോഹാലസ്യം (മൂച്ച്) വന്ന സ്ഥലം മൂച്ചിലക്കാട്ടു്, കാളയെ നിറുത്തിയസ്ഥലം കേളകം എന്നീ പേരുകൾക്കു് ഐതീഹ്യ ബന്ധങ്ങളുണ്ടു്. ഇപ്പോഴും മിക്കവാറും തൃച്ചെറുമന്നു് ദേവസ്വമായിരുന്ന കേളകംപഞ്ചായത്തു് കോങ്ങാട മലയിൽപ്പെട്ട 3500ഏക്രയും കരിമ്പനക്കൽ ചാത്തോത്തുകാരുടെയും പുതിയ പുരയിൽ ക്കുരുന്നെറക്കത്തു് കമാൻകുട്ടി ഹാജിയുടെയും ബാക്കി ദേവസ്വത്തിന്റെ തുമായിരുന്നുവെന്നും മനസ്സിലാകുന്നു.

കുടിയേറ്റം :— ഈ പ്രദേശങ്ങളിൽ പണിയരും കുറിച്യരുംമാത്രമാണല്ലോ ഉണ്ടായിരുന്നതു്. 1939മുതൽ കുടിയേറ്റമാരംഭിച്ചെങ്കിലും അന്നു വന്നവർ മലമ്പനി പടർന്നുപിടിച്ചപ്പോൾ പിൻവാങ്ങി. പിന്നീടു് 1944ൽ കുടിതാമസം ആരംഭിക്കുകയുണ്ടായി (ഉ സ. റ. ആ 1- 249- 53- 54- 1944 ൽ 1162- ാം നമ്പ്രു് ആധാരം തോട്ടത്തിൽ ഗോവിന്ദൻ, തെങ്ങുമ്പള്ളി ഭാസ്കരൻ) അതിനുശേഷമാണു് അതിശക്തമായ കുടിയേറ്റമുണ്ടായതു്. 2-ാംലോകമഹായുദ്ധത്തിന്റെ കെടുതികളാണു് എല്ലുംസഹിച്ച്ഈ മലനാട്ടിൽകുടിയേറാൻജനങ്ങളെ പ്രേരിപ്പിച്ചതു്. അന്നു് വെറും 50ഉം 100ഉം രൂപയ്ക്കു് 5ഉം 10 ഏക്രസ്ഥലം ഇവിടെ ലഭിക്കുമായിരുന്നു. അതിനായി ഊരാളന്മാരുടെ ഏജന്റുമാരുമുണ്ടായിരുന്നാലു ചില കണ്ട (ശർക്കരയും 2കി. 8അണക്കുള്ള ഭോഴിനെയും പുറപ്പാട് നൽകിയിട്ടുള്ളവരുടെ ആധാരങ്ങളും പരിശോധിക്കുവാൻ കഴിഞ്ഞിട്ടുണ്ടു് കുടിയേറ്റക്കാർ മരങ്ങളും നശിപ്പിക്കുകയും, കൂപ്പു് ലേലങ്ങളും നടക്കുകയും ചെയ്തതോടെ M P F ആക്ടനുസരിച്ചു് ഫോറസ്റ്റ്അധികൃതർ ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ അക്കാലങ്ങളിൽ സ്പെഷ്യൽ പോലീസ് ഇവിടെ തമ്പടിക്കുകയും കുടിയേറ്റക്കാരെ ദ്രോഹിക്കുകയും മർദ്ദിക്കുകയും കേസ്സെടുക്കുകയുംചെയ്തിരുന്നു. ഇവർഅന്നു് പോലീസ് വാഹനം ഉപയോഗിച്ചിരുന്നു. കേരള പിറവിയോടെ (1956) സ്പെഷ്യൽ പോലീസിനെ പിൻവലിക്കുകയുംചെയ്തു. അടക്കാത്തോടു്ഭാഗത്തേക്ക് കുടിയേറ്റം (ബാവലിപ്പുഴുക്കരെ) 1956നു ശേഷമാണു് ശക്തമാകുന്നതു്. അതു് 1964 വരെ കുറഞ്ഞതോതിലെങ്കിലും നടക്കുകയും ചെയ്തിരുന്നു.

മേൽ ചാർത്തു് — കൊട്ടിയൂർ പ്രദേശം ഒട്ടുമുക്കാലും 1960 ആയപ്പോഴേക്കു് ജനം കയ്യേറിക്കഴിഞ്ഞിരുന്ന 1959 ൽവിമോചന സമരത്തിനു ശേഷം ശ്രീ പട്ടംതാ

ണപിള്ളയുടെ മന്ത്രിസഭ അധികാരത്തിൽവന്നു. അന്നു P T ചാക്കോ അഭ്യന്തരമന്ത്രിയായിരുന്നു. ഇവരുടെ സൗഹൃദം NSS ന്റെ പ്രസിഡണ്ടുമായ ശ്രീമാൻ മന്നത്തുപത്മനാഭന് NSS നു വേണ്ടി ദേവസ്വത്തിൽ നിന്നും ഏക്കറിനു 1 രൂ. പ്രകാരം 20,000 ഏക്കർസ്ഥലം 1960-ൽ തേൽ ചാണ്ടിവാങ്ങി. അതിൽ പരാതികളുണ്ടെങ്കിൽബോധിപ്പിക്കാൻ പത്രങ്ങളിൽ പരസ്യം വന്നതോടെ കുടിയേറ്റ കർഷകർ ആകെ അങ്കലാപ്പിൽ ആയി.

കൊട്ടിയൂർ സമരം:— ജന്മിവാഴ്ചയും മറുപാട്ടംവാഴ്ചയും വാക്കാൽചാണ്ടിവാഴ്ചയും കൈയേറിയും സ്വന്തമാക്കി കൃഷിയിറക്കിയസ്ഥലം വിട്ടുകൊടുക്കുവാൻകർഷകർതയ്യാറല്ലായിരുന്നു. വിദ്യാലയങ്ങളും, ആരാധനാലയങ്ങളും പോസ്റ്റാഫീസും തുടങ്ങിയ ഒട്ടനവധി സ്ഥാപനങ്ങളും ഇവിടെ ആരംഭിച്ചു കഴിഞ്ഞിരുന്നു. കാര്യങ്ങളുടെഗൗരവംമനസ്സിലാക്കിയ തലശ്ശേരിരൂപതാപിതാവ് ഡോ സബാസ്റ്റ്യൻ വള്ളോപ്പിള്ളിതന്നെ രംഗത്തെത്തുകയും കാര്യങ്ങൾക്ക് നേതൃത്വം നൽകുവാൻ ഫാ. ചീരനത്തിനെ ഭരമേൽപിക്കുകയുംചെയ്തു. ഉടനും പോലെ കീരിത്തോട്ടു അടക്കമുള്ള കേരളത്തിലെ പല കുടിയേറ്റ മേഖലകളിലും കുടിയിറക്ക് ഭീഷണി നിലനിന്നിരുന്ന അവസരമായിരുന്നുഇത്. സ്മരമുറകൾ ആസൂത്രണം ചെയ്യുന്നതിനും മറ്റുമായി വിളിച്ചുകൂട്ടിയ കേന്ദ്രക്കമ്മറ്റിയിലേക്ക് കൊട്ടിയൂരിന്റെ വിവിധഭാഗങ്ങളിൽനിന്നുമായി 16 പേരെ തെരഞ്ഞെടുത്തു. പ്രസ്തുത കമ്മറ്റിയുടെ യോഗം ശക്തമായ സമരനടപടികൾ സ്വീകരിക്കുന്നതിനും, വെണ്ടിവന്നാൽ ഓഫീസുകൾ സ്തംഭിപ്പിക്കുന്നതിനും തീരുമാനമെടുത്തു. ഭരണത്തിനു അനുകൂലികളായവർ കമ്മറ്റിയിൽ നിന്നും തെറ്റിപ്പിരിഞ്ഞു കൊട്ടിയൂർ കുടിയാൻ സംഘത്തിനു രൂപീകരിച്ചു പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കമ്മറ്റിയിൽതുടർന്നിരുന്നവർ കൊട്ടിയൂർ കർഷകസംഘം രൂപീകരിച്ചു ശക്തമായിമുന്നോട്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കുടിയിറക്ക് ഭീഷണിയുള്ള മറ്റു പ്രദേശങ്ങളിലായി ബന്ധപ്പെടുകയും ചെയ്തതിന്റെ വെളിച്ചത്തിൽ ഫാദർ വടക്കനും, ശ്രീ. ബി. വെള്ളിംഗ്ടണും കേളകത്തു എത്തിച്ചേരുകയും ചെയ്തു. അതോടെസംഘടനയുടെപേരു മൈനാട്ടർഷ്ട്കയുണിയൻ (MKU) എന്നാക്കി മാറ്റുകയും ചെയ്തു. ഈ അവസരത്തിലാണ് കുടിയിറക്കു നടത്തുന്നതിനുവേണ്ടി എം എസ്സ്. പി. ക്യാമ്പ് മണത്തണപുറത്തു ആരംഭിച്ചതു. കെ. യു. വിനോദിന്റെ നേതൃത്വത്തിൽ സമരം ശക്തമായി കൊണ്ടുനടന്നു.

കുടിയിറക്കിനെതിരെ സുന്നത്തുK.P.C.Cഅംഗം ആയിരുന്ന സഖറിയാസ് വൈദ്യർ ശബ്ദിക്കുകയുംതുടർന്നു ഒരു 7 അംഗകമ്മീഷനെ നിയമിക്കുകയും ചെയ്തു. അതിൽ KK ബാലകൃഷ്ണപിള്ള, K. M ജോർജ്ജ്, N. S കൃഷ്ണപിള്ള. T.O ബാവ, T.A തൊമ്മൻ എന്നിവർ ഇവിടെവന്നു കയും അന്വേഷണം നടത്തുകയും ചെയ്തുവെങ്കിലും തിരുവനന്തപുരത്തെത്തി അവർ നൽകിയ റിപ്പോർട്ട് കുടിയാൻ പക്ഷം എതിരായിരുന്നു. തുടർന്നുള്ള ചർച്ചകളിലും MSP ക്യാമ്പ് തുടർന്നിരുന്നു.

കേരളത്തിന്റെ മുഴുവൻ ശ്രദ്ധയും ആകർഷിച്ചുകൊണ്ടുള്ള ഒരു കാൽ നടജാഥ B. വെല്ലിങ്ങ്ടണിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തേക്കു തിരിച്ചു. 29 അംഗങ്ങളും ഉണ്ടായിരുന്ന ജാഥയിൽ P.K വാസുദേവൻഗുരുക്കൾ, A. T. സംഘറിയ, അബ്ദുൾറഹ്മാൻ പുറവൂത്തർ, വെള്ളാറയിൽ ചന്ദ്രനാഥൻ, കുഞ്ഞിക്കുട്ടി എന്നിവരെല്ലാം ഉണ്ടായിരുന്നു. ഭരണപക്ഷത്തുള്ള നേതാക്കന്മാർ പിൻമാറിയതോടെയാതൊരു പാർട്ടിയുടെയും പ്രതിനിധിയല്ലാത്ത ഇവർ ഞങ്ങളുടെ പ്രതിനിധികളായി കൊടി ആരംഭിച്ചു (ഇന്നത്തെസ്റ്റൈലിൽ) പ്രഖ്യാപിച്ചു ജാഥയെ വഴിനീളെ സ്വീകരിക്കുന്നതിനു AKC NE ബാലനും PR കുറുപ്പ് എന്നിവർ (ഇവർ പ്രതിനിധികൊട്ടിയൂർ സന്ദർശിക്കുകയും സമരത്തെപ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.) തയ്യാറായി കമ്മ്യൂണിസ്റ്റുകാരുടെ സഹകരണവും നിലനിന്നതിനാൽ ജാഥയെ പലയിടത്തും പ്രവേശിക്കുവാൻ അന്നത്തെ കൈക്കൂലിവാങ്ങുന്ന നേതാക്കന്മാർ അനുവദിക്കാത്തതിനാൽ വഴിമാറിപോകേണ്ടിവന്നു. ജാഥ തിരുവനന്തപുരത്തു ഏത്തിയെങ്കിലും മന്ത്രിയെനേരിട്ടു കാണുവാൻ കഴിയാതെ സെക്രട്ടറി കൈവശം നിവേദനം നൽകിതിരിച്ചുപോന്നു. തിരുവനന്തപുരത്തു നിവേദനം സമർപ്പിക്കുന്ന ദിവസം കൊട്ടിയൂർ കുടിയാൻ സംഘം കലക്ടറേറ്റിനു മുന്നിൽ കണ്ണീർ വർഷിക്കുകയും കലക്ടർ നിവേദനം വാങ്ങാതിരുന്നതിനാൽ പെട്ടിയിൽ ഇട്ടു തിരിച്ചു പോരുകയും ചെയ്തു. തുടർന്നു വടക്കൻ അച്ചനും, B വെല്ലിങ്ങ്ടണും പരിശ്രമിച്ചതിന്റെ ഫലം ആയി ഏതാണ്ടു ഒരുതൊട്ടായിട്ടാണു സമരം മുന്നോട്ടു നീങ്ങിയതു.

നിരാഹാരസത്യാഗ്രഹം

തുർന്നു സമരത്തിന്റെ അടുത്ത ഘട്ടമെന്ന നിലയിൽ നിരാഹാരസത്യാഗ്രഹം 1962 ഫെബ്രുവരി 12-ാം തിയ്യതി B. വെല്ലിംഗ്ടൺ ആരംഭിച്ചു. 16-ാം തിയ്യതി അറസ്റ്റ് ചെയ്തു തലശ്ശേരി ആശുപത്രിയിലേക്കു മാറ്റി. നിരാഹാരപ്രവർത്തനം മാർച്ചു നാലാം തിയ്യതി വരെ തുടർന്നു തുടർന്നു കേളകത്തെ പള്ളിസ്കൂളിൽ ശ്രീ K.S ജോബ് നിരാഹാരം ആരംഭിച്ചു. മാർച്ചു നാലിനു അവസാനിപ്പിച്ചു. തേൽചാണ്ടിയെ മരവിപ്പിക്കുന്നതും കുടിയിറക്കു നിറുത്തിവയ്ക്കുന്നതും ഗവണ്മെന്റു നിശ്ചയിച്ചതോടെയാണു സമരം അവസാനിപ്പിച്ചതു. 1967ൽ B. വെല്ലിംഗ്ടൺ ആരോഗ്യമന്ത്രിയായതോടെ അദ്ദേഹം 10 കിടക്കയുള്ള ഒരു ആശുപത്രി അനുവദിച്ചു ഉൽഘാടനം ചെയ്തിയെങ്കിലും ഇന്നും അതു സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. കാട്ടിയൂർ പ്രദേശത്തെ നാട്ടുകാർ വെല്ലിംഗ്ടണിനു സമർപ്പണത്തിൽ രാപകൽ കാണുന്ന സുഖപ്പെടുത്തുന്നു, ഒരു ജീവിസ്മരണീയ സംഭവം ആയിരുന്നു. കുറെനാട്ടുമരുന്നായി കുരുമുളകും കൊച്ചു, C-T, കുരുമുളക് മുതലായ കൽശങ്കരൻ തുടങ്ങിയ സമാധാനത്തിലെ പ്രവർത്തനം

ലിസ്റ്റ് നിരത്തുവാൻ വയ്യാത്തത്രയും ഉണ്ട്. അദ്ദേഹത്തെ ശുശ്രൂഷിക്കാൻ ബദ്ധശ്രദ്ധനായിരുന്ന ശ്രീ ഏലിയാസ് വൈദ്യർ വെല്ലിംഗ്ടൺ ഒരുക്കിയ സമരപന്തൽ ഇരുന്ന സ്ഥലം പന്നീട് കുരിശുപള്ളി പണിയുവാൻ നൽകി ആ സ്ഥലത്താണ് ആദ്യത്തെ കുരിശുപള്ളി പണിതിരിക്കുത്.

കേളകം ഗ്രാമപഞ്ചായത്തിന്റെ ഭരണ ചരിത്രം

1950ൽ പഞ്ചായത്തുകൾ ആരംഭിച്ചപ്പോൾ ഇന്നത്തെ കേളകം പഞ്ചായത്ത് മണത്തണ പഞ്ചായത്തിന്റെ ഭാഗം ആയിരുന്നു. അതുവരെ മണത്തണ അംശം ആയിട്ടാണ് നിലനിന്നിരുന്നത് ഇ നാരായണൻ നമ്പ്യാരായിരുന്നു പ്രസിഡണ്ട്. കൈപൊക്കി വോട്ടിങ്ങിലൂടെ ആണ്. അന്നത്തെ ബോർഡ് നിലവിൽവന്നത്. പഞ്ചായത്തിന്റെ വിസ്തൃതി കൂടുതൽ ആയതിനാൽ (G O 197/61_20.12_61) അതിനെ കാപ്പാടെന്നും പേരാവൂ എന്നും രണ്ടായിതിരിച്ചു. കേളകം കാപ്പാടിന്റെ ഭാഗം ആയിതീർന്നു. കാപ്പാട് പഞ്ചായത്ത് ഓഫീസ് അന്ന് കൂടുതൽ കച്ചവട സ്ഥാപനങ്ങൾ ഉണ്ടായിരുന്ന കണിച്ചാറിൽ 1_3_62 മുതൽ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് രഹസ്യബാലറ്റ് പേപ്പറിലൂടെ നടന്ന തെരഞ്ഞെടുപ്പിൽ ഭരണത്തിൽ വന്ന ബോർഡ് 20_12_63 ന് ശ്രീ ജോജ്ജ് കുട്ടി മുക്കാടൻ പ്രസിഡണ്ടായി ചാർജ്ജെടുത്തു. എന്നാൽ ഗവണ്മെന്റ് ഓർഡർ അനുസരിച്ച് 1_1_1964 ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. കണിച്ചാറിൽ ആയിരുന്ന പഞ്ചായത്ത് ഓഫീസ് 18_5_64ൽ കേളകത്ത് ശ്രീ ചോലമറ്റത്തിൽ തോമസിന്റെ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. കാപ്പാട് പഞ്ചായത്ത് പിന്നെ കൊട്ടിയൂർ പഞ്ചായത്ത് എന്നും കാപ്പാട് പഞ്ചായത്തെന്നും രണ്ടായി വിഭജിക്കപ്പെട്ടു. K പ്രഭാകരൻ നായർ 29_7_1968 ന് കാപ്പാടിന്റെ പഞ്ചായത്ത് പ്രസിഡണ്ടായി സത്യപ്രതിജ്ഞചെയ്ത് ചാജ്ജ് എടുത്തു. അന്ന് പ്രത്യേക ഇലക്ഷൻ നടക്കാതിരുന്നതിനാൽ ബോർഡ് അംഗങ്ങളേയും വിഭജിക്കുകയായിരുന്നു. 1972ൽ കാപ്പാടിനെ വീണ്ടും കണിച്ചാർ പഞ്ചായത്ത് എന്നും കേളകം പഞ്ചായത്ത് എന്നും രണ്ടായി തിരിച്ചു. കേളകത്തിന്റെ പ്രസിഡണ്ടായി ശ്രീ V U ചാക്കോ (വലിയമഠം) 11_2_1972ൽ ചാജ്ജെടുത്തു. അതോടെ കേളകം പഞ്ചായത്ത് നിലവിൽ വരുകയും ചെയ്തു. അന്ന് പുതിയ ഇലക്ഷൻ നടക്കാതിരുന്നത് കാരണം പഞ്ചായത്ത് മെമ്പർമാരെയും വീതിക്കുകയും ശ്രീ മീമ്പള്ളി കുര്യൻ, റവ ഫാദർ K G ഗീവർഗ്ഗീസ് എന്നിവരുടേയും സേവനം കേളകത്തിനു ലഭിക്കുകയും ചെയ്തു. ശ്രീ മീമ്പള്ളി കുര്യൻ ആയിരുന്നു വൈസ് പ്രസിഡണ്ട്. 1975ൽ ശ്രീ V. U ചാക്കോ രാജിവച്ചു. മീമ്പള്ളി കുര്യൻ കൂടി രാജിവെച്ചപ്പോൾ റവ: ഫാദർഗീവർഗ്ഗീസ് മാത്രമായി തുടർന്ന് ബോർഡിനെ ഗവണ്മെന്റ് പിരിച്ചുവിട്ടു. സുദീർഘമായ 5 വർഷത്തെ ഭരണം അങ്ങനെ അവസാനിച്ചു.

8_6_1977 നു ജി ഒ (M S) 135.77 K A & S W D-21_5_77 പ്രകാരം വന്ന നോമിനേറ്റഡ് ബോർഡിന്റെ പ്രസിഡണ്ടായി ശ്രീ പ്ലാക്കാട്ട് ആൻറണി ഈപ്പൻ (തങ്കച്ചൻ) സത്യപ്രതിജ്ഞചെയ്തു. തുടർന്നു നടന്ന ജനകീയ തെരഞ്ഞെടുപ്പിലൂടെ കേളകം പഞ്ചായത്തിനു ആദ്യത്തെ തെരഞ്ഞെടുത്ത ഭരണസമിതി ഉണ്ടായി 29_9_79നു രാവിലെ 11 മണിക്ക് ശ്രീ C K പ്രാസിഡ് പ്രസിഡണ്ടായും ശ്രീ P M ജോസഫ് പുഞ്ചകുന്നേൽ വൈസ് പ്രസിഡണ്ടായും സത്യപ്രതിജ്ഞ ചെയ്ത് ചാർജ്ജെടുത്തു പിന്നീട് ഇലക്ഷൻ നടന്നത് 1988ൽ ആണ് 4-2-1988 വൈകുന്നേരം 3 മണിക്ക് ശ്രീ P M ജോസഫ് പൂക്കോടിയിൽ പഞ്ചായത്തു പ്രസിഡണ്ടായും ശ്രീ E M കുര്യൻ വൈസ് പ്രസിഡണ്ടായും സത്യപ്രതിജ്ഞ ചെയ്ത് ചാർജ്ജെടുത്തു. തുടർന്ന് 1994ൽ വാർഡു വിഭജനം നടക്കുകയും 9 വാർഡുകൾ നിലവിൽ വരുകയും ചെയ്തു.

1995ൽ ശ്രീ വർഗ്ഗീസ് ജോസഫ് പ്രസിഡണ്ടായും ശ്രീ E M കുര്യൻ വൈസ് പ്രസിഡണ്ടായും ഉള്ള ഇപ്പോഴത്തെ പഞ്ചായത്ത് ബോർഡ് നിലവിൽ വന്നു ഒക്ടോബർ 2നു സത്യപ്രതിജ്ഞ നടന്നുകേരളത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിനുശേഷം ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ബോർഡാണ് നിലവിൽ ഉള്ളത്.

ഇന മുന്നേറ്റങ്ങളുടെ ചരിത്രം

ഐതിഹാസികമായ കുടിയേറ്റം കൊട്ടിയൂർ സമരത്തിന്റെ വിജയത്തിൽ നിന്നും ഉൾകൊണ്ട ആവേശവുമായി ജനങ്ങൾ 1939ൽ മണത്തണയിൽ നിന്നും അമ്പായത്തോടും വരെയുള്ള 20 കിലോമീറ്റർ ദൂരം വരുന്ന കൊട്ടിയൂർ റോഡ് പണി 7000 ത്തോളം പേരെ അണിനിരത്തി ഒറ്റ ദിവസം കൊണ്ട് പണിതീർത്തു എന്നത് ചരിത്ര പ്രധാനമായ ഒരു സംഭവമാണ്. റവ: ഫാദർ ജേക്കബ് ചീരകത്തോട്ടം പ്രസിഡണ്ടും റവ: ഫാദർ P C ഫിലിപ്പ് വൈസ് പ്രസിഡണ്ടുമായി പ്രവർത്തനം ആരംഭിച്ചു ഈ കേന്ദ്ര കമ്മിറ്റിയുടെ കീഴിൽ 3 സബ് കമ്മറ്റികളും ആണ് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചത്. അടക്കാത്തോട് കമ്മറ്റിയുടെ പ്രസിഡണ്ട് റവ ഫാദർ ജോസ് മേമനയും കേളകം കമ്മിറ്റിയുടെ പ്രസിഡണ്ട് റവ. ഫാദർ K G ഗീവർഗീസും സെക്രട്ടറി ശ്രീ ജോജ്ജ് കുട്ടി മുക്കാടനും വെള്ളൂന്നി കമ്മറ്റിയുടെ പ്രസിഡണ്ട് റവ. ഫാദർ P C ഫിലിപ്പും സെക്രട്ടറി C R ശിവൻ വൈദ്യരും ആയിരുന്നു. കണിച്ചാർമുതൽ കണ്ടത്തോട് വരെ ഉള്ള റോഡാണ് ഇവർനിർമ്മിച്ചത്. ആദ്യ ദിവസം തന്നെ റോഡിന്റെ 'സ്റ്റേക്കുച്ചർ' പൂർത്തിയാക്കിയെങ്കിലും മിനുക്കുപണികൾ തീർക്കാൻ പിന്നീട് ഒരാഴ്ച എടുത്തു ഇന്നത്തെടാറിട്ട റോഡിനേക്കാൾ കുണ്ടുകുഴികളും ഇല്ലാത്തതും ലവലുള്ളതും ആയിരുന്നു. അന്നത്തെ റോഡ് ഈ റോഡിലൂടെ ബസ്സും സർവ്വീസും അനുവദിക്കുന്നതിനു വേണ്ടി നടത്തിയ തൊപ്പിപ്പാള സമരവും ഒരു പ്രത്യേക സംഭവം ആണ്. തൊപ്പി മുണ്ട് ഉടുത്തും തൊപ്പിപ്പാള ആണിഞ്ഞും

നിരന്ന് കർഷകർ കൈയിൽ പിക്കാസ് റോഡു പണിക്കു് ഉപയോഗിച്ച കൊട്ടകം എന്നിവ ഏന്തി കണ്ണൂർകളക്ടറേറ്റിൽ എത്തിച്ചേർന്ന കളക്ടറേറ്റിനു് മുൻപിൽ കൂമ്പാരമായിഇട്ട ആയുധങ്ങളെ കർഷകർ മാലയിടീച്ചു ഇതിനെ ആയുധസത്യാഗ്രഹം എന്നാണു് വിശേഷിക്കപ്പെട്ടതു്. കളക്ടറുടെ സാന്നിദ്ധ്യത്തിൽ അന്നത്തെ R T O ബാബുപോലും ഉടൻ തന്നെ ബസ് റൂട്ടു് അനുവദിക്കുകയും ചെയ്തു. ശ്രീ ജോജ്ജു് കുട്ടി മുക്കാടൻ ഫാ. കെ ജി ഗീവർഗ്ഗീസു്, ജോജ്ജു് കൊച്ചുപുര ജോസഫു് പുക്കൊടിയിൽ K R അച്ചുപ്പൻ കുഞ്ഞു് സി ആർ ശിവൻ വൈദ്യർ, ജോജ്ജു് മുളങ്ങാശ്ശേരി, പി കെ കൃഷ്ണൻകുട്ടി, സി എ ജോജ്ജു് സി എ ചാണ്ടി എന്നിങ്ങനെ എത്രയോ പേർ നേതൃത്വനിരയിൽ തന്നെ അണിനിരന്നു. വിസ്താരഭയം കൊണ്ടു് മുഴുവൻ പേരുകളും ചേർക്കുന്നില്ല കേളകത്തു് ആദ്യമായി ബസ്സു് എത്തിച്ചേർന്ന ദിവസം ഒരു ഉത്സവം തന്നെയായിരുന്നു.

അടക്കാത്തോടു് റോഡു് — പേരാവൂർ കൊട്ടിയൂർ റോഡുപണിയുടെ കൂട്ടായ്മയും വിജയവും കേളകം ചെട്ടിയാം പറമ്പു്, അടക്കാത്തോടു് റോഡു് ശ്രമദാനമായി പണിതീർക്കുന്നതിനുള്ള പ്രചോദനമായിത്തീർന്നു. 1970ൽ അതിനായി രൂപീകൃതമായ കമ്മിറ്റിയുടെ പ്രസിഡണ്ടു് റവ ഫാദർ ജോസഫു് മേമനയായിരുന്ന വള്ളിവാതുക്കൽ ജോസഫു്, ശ്രീ. പുക്കൊടിയിൽ ജോസഫു്, കെ. ആർ. അയ്യപ്പൻകുഞ്ഞു്, ജോർജ്ജു് മുളങ്ങാശ്ശേരി, തങ്കച്ചൻ എന്നിവരെ കൂടാതെ പേരെടുത്തു പറയേണ്ടുന്ന അനവധി പേരും ഈ സംരംഭത്തിൽ പങ്കെടുക്കുകയുണ്ടായി. 3 ദിവസം കൊണ്ടു് അടക്കാത്തോടു് വരെയുള്ള 7 കിലോമീറ്റർ റോഡിന്റെ പണി തീർത്തുവെന്നു് പറയുമ്പോഴേക്കും തന്നെ ചരിത്രത്തിന്റെ ഭാഗമാകേണ്ടതാണെന്നു് ബോദ്ധ്യപ്പെട്ടു. തുടർന്നു് കരിയംകാപ്പിലേക്കും കോളിത്തട്ടിലേക്കുമുള്ള പണികളും നടന്നു.

പാലനിർമ്മാണക്കമ്മിറ്റി:— 1976ൽ അടക്കാത്തോടു് റോഡിലുള്ള കേളകം പാലനിർമ്മാണക്കമ്മിറ്റി രൂപീകൃതമായി. ജനപങ്കാളിത്തവും ഗവണ്മെണ്ടിന്റെ പങ്കാളിത്തവും സമാഹരിച്ചു് പണിയാനായി രൂപം കൊണ്ട ഈ കമ്മിറ്റിയുടെ പ്രസിഡണ്ടു് ഫാദർ അഗസ്റ്റിൻ കണ്ണാടിക്കരയും, ജന. സെക്രട്ടറി ജോർജ്ജു് മുളങ്ങാശേരിയുമായിരുന്നു. പരിവിനത്തിൽ 82000 രൂപയും മറ്റിനങ്ങളിൽനിന്നും 10000ഉം അടക്കം 92000ത്തോളം രൂപ സമാഹരിക്കുകയുണ്ടായി. പാലനിർമ്മാണത്തിനു് 1 ഏക്കർ 10 സെൻറു് സ്ഥലം വാങ്ങുകയും ബോറിംഗു് നടത്തുകയും ഉണ്ടായി. എന്നാൽ ഗവ: പദ്ധതി ഉപേക്ഷിക്കുകയും റോഡും പാലവും P. W. D. ഏറ്റെടുത്തതുകൊണ്ടു് പിന്നീടു് ഈ കമ്മിറ്റി ആവശ്യമില്ലാതായി. രൂപയ്ക്കു് 70 പൈസാ വച്ചു് പിരിവിൽ ബാക്കിയായ സംഖ്യ തിരിച്ചു നൽകി. അടക്കാത്തോടു് മൃഗാശുപത്രിയുടെ സ്ഥലമെടുപ്പിനും ഒരു സംഖ്യ ഉപയോഗിച്ചിരുന്നു. തുടർന്നുള്ള നിവേദനങ്ങളുടെയും അന്നത്തെ പഞ്ചായത്തു് പ്രസിഡണ്ടിന്റെ നിരന്തരമായ സമ്മർദ്ദത്തിന്റെയും ഫലമായി പാലം പണിയും റോഡു് ടാറിങ്ങും നടത്തി 1994 ആയപ്പോഴേക്കു് ഗതാഗതയോഗ്യമാക്കി.

ഇനിയും ജനമുന്നേറ്റങ്ങളുടെ ചരിത്രം രേഖപ്പെടുത്താൻ ഒട്ടനവധിയുണ്ടു്. കേളകം പഞ്ചായത്തിനടുത്തീളം സിരാപടലംപോലെ നിറഞ്ഞുനിൽക്കുന്ന റോഡുകളുടെ പണികളും വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണങ്ങളും എന്നിങ്ങനെ എത്രയെണ്ണം. അവയൊക്കെ ചേർക്കുകയെന്നതും ക്ഷിപ്രസാദ്ധ്യമല്ല. റവ.കെ. ജി. ഗീവർഗീസു് കോർ എപ്പിസ്കോപ്പ പ്രസിഡണ്ടായി രൂപീകൃതമായ മദ്യവർജ്ജന സമിതി നടത്തിയ സമരം നമ്മുടെപഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലേയും മദ്യവിൽപ്പന മാസങ്ങളോളം പാടെ നിറുത്തലാക്കിക്കളഞ്ഞതടക്കമുള്ള അനേകം ഓർമ്മകളും കേളകം പഞ്ചായത്തിലെ ജനങ്ങളുടെ മനസ്സിനെ കോരിത്തരിപ്പിക്കുന്ന ജനമുന്നേറ്റങ്ങളാകുന്നു.

ഗിരിവർഗ്ഗം :— ചരിത്രമന്വേഷിക്കുന്നവർക്കു് പൗരാണിക കാലംമുതൽ ഇവിടെക്കഴിയുന്ന ഗിരിവർഗ്ഗങ്ങളിലേക്കു് ഒന്നെത്തി നോക്കാതെ വയ്യ. കുറിച്യരും പണിയരുമാണിവിടത്തെ ഗിരിവർഗ്ഗങ്ങൾ. ഈ പഞ്ചായത്തിലിപ്പോൾ 1345 പേർ സ്ഥിരതാമസക്കാരായുണ്ടു്. പണിയ വർഗ്ഗത്തിൽപ്പെടുന്നവരുടെ മൂൻകാലങ്ങളെക്കുറിച്ചു് (കെ. പാന്തർ. കേരളത്തിലെ ആദിവാസികൾ) നാഗമന്ത്രങ്ങൾ മാത്രമെയുള്ളൂ. ആദിവാസികൾ വംശരിൽക്കണ്ടെ വരുന്ന ചുരുണ്ടമുടി, ഉരുണ്ട മൂക്കു്, ഉയരക്കുറവു്, തീഷ്ണമായ കറുപ്പു്, ശരീരത്തിന്റെ ഘടന, ഭക്ഷണസമ്പ്രദായങ്ങൾ, ഞണ്ടു്, ഞവണിക്ക നൊച്ചി മുതലായവയിലുള്ള ഭ്രമം, മദ്യാസക്തി എന്നിവ ഇവരിൽ കാണുന്നു. ഏതെങ്കിലും കാരണവശാൽ നാടുകടത്തപ്പെട്ട ആഫ്രിക്കൻ വംശജരായിക്കുമോ ഇവരെന്നില്ല. മരിച്ചാൽ 20-ാം ദിവസം നടത്തിവരുന്ന കാക്കപ്പിടുത്തം പുഷ്പവിദ്യകളിലും മറ്റും നടത്തുന്ന പാട്ടും നൃത്തവും (ആൺപെൺ ഭേദമില്ലാതെ) ഇവരുടെ ആചാരങ്ങളിൽ പെടുന്നു, ഉടുക്കും കുഴലുമാണു് വാദ്യങ്ങൾ. കുറിച്യരെ ഇവർ ഭയപ്പെട്ടിരുന്നു. ഈ കാടിന്റെ ജന്മികൾക്കിന്നു് കാടുമില്ല നാടുമില്ല.

കുറിച്യരുടെ ചരിത്രം പഴശ്ശിയുടെ കാലം മുതൽ നമ്മൾക്കു് അറിയാവുന്നതാണു്. സംസ്കൃതമായജീവിതരീതികളും ആചാരങ്ങളുമാണു് ഇവർക്കുണ്ടായിരുന്നതു് തീണ്ടലും തൊടീലും അയിത്താചരണവുംഇവർ നിലനിറുത്തിയിരുന്നു. ഇന്നും ഇതു് പൂർണ്ണമായും ഒഴിവായിട്ടില്ല തറവാടുകളിൽ അതിഥികൾക്കു് പ്രത്യേകം സ്ഥാനങ്ങളുണ്ടായിരുന്നു. കൊട്ടിയൂർ ക്ഷേത്രം കണ്ടുപിടിച്ചതു് ഇവരാണു്. ആയതിനാൽ ഇവർക്കു് അവിടെ അവകാശങ്ങളുണ്ടു്. ആധുനിക സംസ്കാരത്തിന്റെ വെളിച്ചം ഇനിയും ശരിക്കു് ലഭിക്കാത്തതിനാൽ ഇവർഇപ്പോഴും ഇരുട്ടിൽ തന്നെയാണു്. വില്ലുംഅമ്പും തോക്കുകളും ഇവരുടെ ആയുധങ്ങളാണു്, മലദൈവങ്ങളെ പൂജിക്കുന്ന ഇവരുടെ പൂജകളും തികച്ചും സ്വാതന്ത്ര്യകമാണു്.

കേളകം പഞ്ചായത്ത് ഭരണം
വിവിധ ഘട്ടങ്ങളിൽ

1947

മദ്രാസ് സ്റ്റേറ്റ് **കോഴിക്കോട് ജില്ല**

കോട്ടയം താലൂക്ക് — മണത്തണ അംശം — കാപ്പാട് ദേശം

1950

↓

മണത്തണ പഞ്ചായത്ത്

↓

1956 കേരളപ്പിറവി

↓

കേരളാ സ്റ്റേറ്റ് — കണ്ണൂർ ജില്ല — തലശേരി താലൂക്ക്

↓

മണത്തണ പഞ്ചായത്ത്

↓

1962

പേരാവൂർ പഞ്ചായത്ത് | കാപ്പാട് പഞ്ചായത്ത്

↓

1968

കാപ്പാട് പഞ്ചായത്ത് | കൊട്ടിയൂർ പഞ്ചായത്ത്

↓

1972

കണിച്ചാർ പഞ്ചായത്ത് | **കേളകം പഞ്ചായത്ത്**

ഗിരിവർഗ്ഗങ്ങളുടെ രണ്ടു വിഭാഗത്തിനുമിന്നു് അവരുടെ കോളനികളും കുറഞ്ഞ സൗകര്യങ്ങളും ലഭിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ കൂടിയും അവ വളരെ അപര്യാപ്തമാകുന്നു. വിദ്യാഭ്യാസത്തിൽ കുറിച്ചു വിഭാഗമാണു് പണിയരെക്കാളും മുൻപന്തിയിൽ.

വിദ്യാഭ്യാസം :- ഐപ്പൂരാശാന്റെ ആശാൻ കളരി മാത്രമുണ്ടായിരുന്ന ഈ പഞ്ചായത്തിൽ ആദ്യം സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനം കെ. സി ഗോപാലൻനായർ സ്ഥാപിച്ച മഞ്ഞളാംപുറം യു പി സ്കൂളാണു് (1950). ആദ്യത്തെ ഹൈസ്കൂളും പാരലൽകോളജും വി റ്റി കോളജുമാകുന്നു. ആദ്യകാലങ്ങളിൽ എല്ലാ വിദ്യാലയങ്ങളുടെയും കെട്ടിട നിർമ്മാണം മുതലായവയ്ക്കു് ജനകീയ കമ്മിറ്റികളുണ്ടായിരുന്നു.

കൃഷി:- കാട്ടുമൃഗങ്ങളോടും മലമ്പനിയോടും മല്ലടിച്ചു് കുടിയേറ്റം നടത്തുന്നതു തന്നെ കൃഷിഭൂമിക്കു വേണ്ടി ആയിരുന്നു. പുനം കൃഷി (കരനെൽ) യോടൊപ്പം മരച്ചീനി (കപ്പ) കൃഷിയും ആരംഭിച്ച കർഷകർ പടൽ (മധുരക്കിഴങ്ങു്) ചാമ, ചോളം, മുത്താറി എന്നിവയും കൃഷി ചെയ്തു. ഇഞ്ചിപ്പുൽ കൃഷിയായിരുന്നു ആദ്യത്തെ ദീർഘകാല കൃഷി. പിന്നീടു് കുരുമുളകും കശുമാവും ഇവിടെയാരംഭിച്ചു. ഇന്നു് കണ്ണെത്തെങ്ങും കവുങ്ങും ഇവിടെ വളരാൻ തന്നെ ബുദ്ധിമുട്ടായിരുന്നു. സുഗന്ധതൈലവിളയായ രാമച്ചകൃഷി പലകർഷകരെയും സമ്പന്നരാക്കി. ആദ്യ കാലങ്ങളിലെ നാടൻ റബർ വളരെ വിജയമായില്ലെങ്കിലും അത്യുല്പാദനശേഷിയുള്ള റബ്ബറിനങ്ങളും ആധുനിക കീടനാശിനികളും വളങ്ങളും വന്നതോടെ നമ്മുടെ നാടിന്റെ മുഖഛായതന്നെമാറി. അഞ്ചോ എട്ടോ വർഷങ്ങളെയായിട്ടുള്ള നമ്മുടെ നാടു് തികഞ്ഞ ദാരിദ്ര്യത്തിൽ നിന്നും കരകയറിയിട്ടു്.

സാംസ്കാരികം:— കേളകത്തിന്റെ സാംസ്കാരികചരിത്രം കാക്കപ്പൊട്ടിൽനിന്നുമാരംഭിച്ചു് വീരുകുളപ്പൊട്ടിലൂടെ ടി വി, വി സി ആർ എന്നിവയിലെത്തിനിൽക്കുന്നു. വിവിധ പ്രദേശങ്ങളിൽനിന്നും കുടിയേറിയവരുടെ ഒരു സങ്കേതമെന്ന നിലയിൽ ഏറെവും സംശ്ലേഷവും സ്പുടംചെയ്തതുമായ ഒരു സങ്കര സംസ്കാരം നിലനിന്നുവരുന്നു. ആരാധനാലയങ്ങളുടെ ഒരുനാടാണു് കേളകം.

പുരോഗതിയുടെ പാത :— പേരാവൂരിനെ, വീട്ടു സാധനങ്ങൾക്കുപോലും ആശ്രയിച്ചിരുന്ന നമ്മൾക്കു് 1948 ആയപ്പോഴെക്കും ഒരു പായക്കടയും തുടർന്നു് ഒരു പലചരക്കു കടയുമാണുണ്ടായിരുന്നതു്. കാളവണ്ടി ആയിരുന്നു യാത്രാവാഹനം. എന്നാൽ അവിടെനിന്നും കരണ്ടും ഫോണും മാക്സിയും മാക്സിറിങ്ങു് ഡൈസൈസറികളും, ബാങ്കു്, ബസ്സ്റ്റാന്റു്, ടാക്സി സ്റ്റാന്റുകളും, സിനിമാകോട്ടകളും എയർകണ്ടീഷൻ ഷോപ്പുകളുമടക്കം എല്ലാ ആധുനിക സൗകര്യങ്ങളും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയുമെത്രയോമുന്നോട്ടു പോകേണ്ടിയിരിക്കുന്നു. 1980-തുകളിൽ ആരംഭിച്ചു് 1990-കളിൽ അതിശക്തമായ ഒരു കുതിച്ചുചാട്ടമായിരുന്നു നമ്മുടെ പുരോഗതി.

സർവ്വാത്മനാ 9-ാം പഞ്ചവത്സര പദ്ധതിയിലേക്കു് കുതിക്കുന്നനമുക്കു് അഭിമാനം കൊള്ളാവുന്ന ഒരുപൂർവ്വകാലചരിത്രവും അദ്ധ്വാനത്തിന്റെ ഗന്ധമൂറുന്ന ഗതകാല സ്മരണകളുമുണ്ടു്. അധികാരം ജനങ്ങളിലെത്തുകയും ആസൂത്രണം ജനങ്ങളിൽനിന്നു് തുടങ്ങുകയും ചെയ്യുന്ന ഈഘട്ടത്തിൽ, ജനപങ്കാളിത്തത്തോടെയുള്ള ഒരുമുന്നേറ്റത്തിലൂടെ ഒരുസുഭിക്ഷകേളകത്തിനു് 21-ാം നൂറ്റാണ്ടിനെ സ്വാഗതം ചെയ്യാമെന്നു് ആശിക്കുന്നു. നാടിന്റെ പുരോഗമന വികസന രംഗങ്ങളിൽ ജാതിമത കക്ഷി രാഷ്ട്രീയ ചിന്തവിട്ടു് കൈകോർത്തു് പിടിച്ചുമുന്നോട്ടു പോകാം.

**"ഇന്ത്യയുടെ
ആത്മാവു്
ഗ്രാമങ്ങളിലാണു്
കുടികൊള്ളുന്നതു്"**

— മഹാത്മാഗാന്ധി —

ഭൂപ്രകൃതി ജലപ്രകൃതി ജനപ്രകൃതി

പൂർവ്വഘട്ട മലനിരകളുടെ ഭാഗവും നീലഗിരിക്കുന്നുകളുടെ തുടർച്ചയുമായ നയനാഭിരാമമായ ഒരു ഗ്രാമമാണ് കേളകം പഞ്ചായത്ത്. കടകമലയോട് ചേർന്ന് കിടക്കുന്ന അടക്കാത്തോട്, ഐതീഹ്യസമ്പന്നമായപാലുകാച്ചിമലയുടെയുംമടിത്തട്ടായ ശാന്തിഗിരിയും വയനാടൻ മലനിരകളെ തൊട്ടുരുമ്മി നിൽക്കുന്ന വെള്ളൂന്നിയും, നിരവധിവഷ്ങ്ങളുടെ നിക്ഷേപങ്ങളുടെ ഫലമായി ജൈവസംപുഷ്ടമായ ബാവലിപ്പുഴയുടെ തീരപ്രദേശത്തിന്റെയും സംഗമ സ്ഥാനമാണീ പ്രദേശം.

കൊട്ടിയൂർ വനത്തിൽ നിന്നും വയനാട്ടിൽ നിന്നും ഒഴുകിവരുന്ന ചെറുപുഴകളും ഒന്നിച്ച് രൂപം കൊണ്ട ബാവലിപ്പുഴ നമ്മുടെ സമതലങ്ങളെ ഫലഭൂവിഷ്ടമാക്കിക്കൊണ്ട് ഏകദേശം ആറുകിലോമീറ്ററോളം കേളകം പഞ്ചായത്തിലൂടെ ഒഴുകുന്നു.

പഞ്ചായത്തിന്റെ വടക്ക് ചീങ്കണ്ണിപ്പുഴയും (ആറളം പഞ്ചായത്ത്), തെക്ക് വടക്കേ വയനാട് ഫോറസ്റ്റും, കണിച്ചാർ പഞ്ചായത്തും, ബാവലിപ്പുഴയുടെ ഭാഗവും കിഴക്ക് കൊട്ടിയൂർ പഞ്ചായത്തും, കൊട്ടിയൂർ റിസർവ് വനവും പടിഞ്ഞാറ് കണിച്ചാർ പഞ്ചായത്തും ബാവലിപ്പുഴയുടേയു, ചീങ്കണ്ണിപ്പുഴയുടേയും ഭാഗവും ആകുന്നു.

താരതമ്യേന വിസ്തീർണ്ണം കൂടിയ ഒരു ഗ്രാമമാണ് കേളകം. 77.92 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് ഭൂപ്രകൃതിയുടെ കാര്യത്തിൽ വൈവിധ്യം നിലനിർത്തുന്നു ഈ വൈവിധ്യം തന്നെയാണ് നമ്മുടെ ഗ്രാമത്തിന്റെ സവിശേഷതയും. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായും ആറായി തരം തിരിക്കാം.

1) കുത്തനെയുള്ള ചരിവ്
2) മിതമായ ചെരിവ്
3) ഉയർന്ന പ്രദേശം
4) താഴ്വാരം
5) സമതലം
6) പുഴയോരം

മേൽ പ്രസ്താവിച്ച വിഭജനത്തെക്കുറിച്ച് ഒരു യഥാർത്ഥ ചിത്രം കിട്ടണമെങ്കിൽ അവയുടെ വിസ്തീർണ്ണംകൂടിഅറിഞ്ഞിരിക്കേണ്ടതുണ്ട്. കുത്തനെയുള്ളചെരിഞ്ഞ പ്രദേശം 62% (4212.28 ഹെ) ഉം മിതമായ ചെരിഞ്ഞ പ്രദേശം 22% [1494 68 ഹെ] ഉം ഉയർന്ന പ്രദേശം 8%) 543.52 ഹെ.) ഉം താഴ്വാരം 5% 339.7 ഹെ.) ഉം പുഴയോരം 1% [67.94 ഹെ.] ഉം. (സമതലം 2% [135.88 ഹെ.] ഉം ! ആകെ 6794ഹെ ഭൂപ്രദേശമാണുള്ളത്.

മണ്ണിന്റെ തരത്തിലും വൈവിധ്യം പ്രകടമാണ്. പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ ചരൽ കലർന്ന ചുവന്നമണ്ണും, പുഴയോരങ്ങളിൽ മണൽ കലർന്ന പശിമരാശിയുള്ള മണ്ണും സമതലങ്ങളിൽ ചെങ്കൽ കലർന്ന മണ്ണും കണ്ടുവരുന്നു. അതിനുപുറമെ കരിങ്കൽ ധാരാളമായി 9-ാം വാർഡിലും ചെങ്കൽ ധാരാളമായി 2, 6 വാർഡുകളിലും കണ്ടുവരുന്നു

ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ ഓരോ പ്രദേശങ്ങളുടെ പ്രത്യേകതയനുസരിച്ച് വ്യത്യസ്തങ്ങളായ വിളകളും കൃഷി ചെയ്യുവരുന്നു. പ്രധാനമായും റബ്ബർ, കശുമാവ്, തെങ്ങ്, കുരുമുളക്, നെല്ല്, കവുങ്ങ്, മിശ്ര വിളകളും തുടങ്ങിയവയാണ്. റബ്ബർ 1831.38 ഹെ. (20%) കശുമാവ് 1494.68 ഹെ. (22%), തെങ്ങ് 1432.02 ഹെ. (20%). കുരുമുളക് 815.28 ഹെ. [12%] നെല്ല് 67.94 ഹെ. [1%], കവുങ്ങ് 271.76 ഹെ. [4%], മിശ്രവിളകളും 951 16ഹെ. [14%] ഉം ആണ്.

ജലപ്രകൃതി

ജലസമ്പന്നമായ ഒരു പഞ്ചായത്താണ് കേളകം പഞ്ചായത്തിനെ രണ്ടായി വിഭജിച്ച് കൊണ്ടോഴുകുന്ന ബാവലിപ്പുഴയും വടക്കേ അതിർത്തിയിലൂടെ ഒഴുകുന്ന ചീങ്കണ്ണിപ്പുഴയും, 22 തോടുകളും, 67 വറ്റാത്തകുഴികളും, അസംഖ്യം കിണറുകളും ഇവയ്ക്ക് പുറമെ നിരവധി നീർച്ചാലുകളുമാണ് നമ്മുടെ പ്രധാന ജലസ്രോതസ്സുകൾ തോടുകളിൽ ഭൂരിഭാഗവും ബാവലിപ്പുഴയിൽ ചേരുന്നു

വർഷപാതത്തിന്റെ കാര്യത്തിൽ കണ്ണൂർ ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽ നിന്നും തികച്ചും വിഭിന്നമാണിവിടം. വർഷത്തിൽ ശരാശരി 3470 മി.മീ മഴ ലഭിക്കുന്നുണ്ട്. ഇത്രയും മഴ ലഭിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയ രീതിയിൽ ഇതിനെ ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടില്ല. ജലസേചനത്തിനുതകുന്ന തരത്തിൽ ഈ പഞ്ചായത്തിൽ പൊതു കുളങ്ങളോ ചെറുകിട ജലവർദ്ധിതികളോ നമുക്കില്ല. പ്രധാനമായും രണ്ടുഘട്ടങ്ങളിലായാണ് മഴ പെയ്യുന്നത്. ജൂൺ മുതൽ സെപ്തംബർ വരെ നീണ്ടുനിൽക്കുന്ന സമൃദ്ധമായ കാലവർഷവും ഒക്ടോബർ മുതൽ നവംബർ വരെ ഇടയ്ക്കിടയ്ക്ക് തുലാവർഷവും ലഭിക്കുന്നു. ഈ മേഖലയിലുള്ള സാദ്ധ്യതകളെ വേണ്ട വിധത്തിൽ ചൂഷണം ചെയ്യാൻ നമുക്ക കഴിയുന്നില്ല.

ജനപ്രകൃതി

1991-ലെ സെൻസസ് പ്രകാരം കേളകം ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 15787 ആണ്. ഇതിൽ 7795 സ്ത്രീകളും 7992 പുരുഷന്മാരുമാണ്. മൊത്തം ജനസംഖ്യയുടെ 6.5% വരുന്ന പട്ടികവർഗ്ഗക്കാർ 1038 (സ്ത്രീ. 521, പുരു. 517) ഉം 1.4% വരുന്ന പട്ടികജാതിക്കാർ 230 (സ്ത്രീ. 112, പുരു. 118)ഉം ആണ്. സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് ജനസാന്ദ്രത വളരെ കുറവാണിവിടെ. കണ്ണൂർ ജില്ലയുടെ ജനസാന്ദ്രത ഒരു സ്ക്വയർ കിലോ മീറ്ററിൽ 759 ആണ്. എന്നാൽ കേളകം പഞ്ചായത്തിൽ ഒരു കിലോ മീ. സ്ക്വയറിൽ 203 മാത്രമാണ്.

വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ പഞ്ചായത്ത് ഒരു പടിമുമ്പിൽതന്നെയാണ്. 92% ജനങ്ങളും സാക്ഷരരാണ്, എങ്കിൽതന്നെയും ഒരാദിവാസിമേഖലയായ ഈ പഞ്ചായത്തിന് പരിമിതികളും ധാരാളം ഉണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുറവും പഠനനിലവാരത്തിലെ തകർച്ചയുമാണ് ഈ രംഗത്തെ അപചയത്തിന്റെ പ്രധാന കാരണം. എല്ലാ കുട്ടികളെയും സ്കൂളിൽ ചേർക്കുവാൻ കഴിഞ്ഞുവെങ്കിലും കൊഴിഞ്ഞുപോകാൻ നിർബന്ധമായി തടയുവാൻ വേണ്ട ജനകീയ ഇടപെടലിനു് ഇനിയെങ്കിലും വൈകിക്കൂടാ.

തികഞ്ഞ കാർഷിക മേഖലയായ കേളകം പഞ്ചായത്തിൽ ജനങ്ങളും പ്രധാനമായും കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവരാണ്. പ്രധാന തൊഴിൽദാന മേഖലയും ഇതുതന്നെയാണ്. കെട്ടിടനിർമ്മാണ തൊഴിലാളികളും, ചെങ്കൽ തൊഴിലാളികളും, ആറളം ഫാമിലെ തൊഴിലാളികളും എന്നിങ്ങനെ പരിമിതപ്പെടുത്താം.

തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിലും ധാരാളം തൊഴിൽ സാദ്ധ്യതകളുള്ള കാർഷിക മേഖലയിൽ തൊഴിൽ ചെയ്യാൻ ആളുകൾ കുറവാണ്. അഭ്യസ്തവിദ്യരുടെ എണ്ണം കൂടിയതും കാർഷികവൃത്തി ലാഭകരമല്ലാതായതുകൊണ്ടും തൊഴിലില്ലാത്തവരെ ഈ മേഖലആകർഷിക്കുന്നില്ല. ധാരാളം തൊഴിൽ സാദ്ധ്യതകളും ഇവിടുണ്ടെങ്കിലും പല പ്രതിബന്ധങ്ങളും ഈ രംഗത്തിനുണ്ട്. ചെറുകിട പരമ്പരാഗത തൊഴിൽ മേഖലകളും പാടെ തകർന്ന നിലയിലാണ് സർക്കാരിന്റെയും ധനകാര്യസ്ഥാപനങ്ങളുടെയും ഭയവില്ലാത്ത സമീപനംകൊണ്ടാണ് ഈ തകർച്ച സംഭവിച്ചിരിക്കുന്നതു്.

നാനാ ജാതി മതസ്ഥർ ഇടകലർന്നു വസിക്കുന്ന ഈ പ്രദേശത്ത് ഉച്ചനീചത്വം നിലനിൽക്കുന്നില്ല എന്നുമാത്രമല്ല മതസൗഹാർദ്ദവും പരസ്പര സഹകരണവും സഹവർത്തിത്വവും ദർശിക്കാവുന്നതാണ്.



5-1

കൃഷിയും, ജലസേചനവും

കേളകം ഗ്രാമ പഞ്ചായത്ത് തികച്ചും മലയോര കുടിയേറ്റ കർഷക ഗ്രാമമാണ്. തെക്കും, വടക്കും കിഴക്കും വൻമലനിരകളാൽ പ്രകൃതി തന്നെ സംരക്ഷണം നല്കുന്ന ഭൂപ്രദേശമാണ് ഇത്. ഇതിന്റെ നന്മോന്നതിയെ അടിസ്ഥാനപ്പെടുത്തി രണ്ടായിരം അടി മുതൽ 3000 അടിവരെ സമുദ്രനിരപ്പിൽ നിന്നും ഉയർന്ന പ്രദേശമാണ് 77.92 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള ഈ ഗ്രാമത്തിന്റെ 75% ഉം ചരിഞ്ഞ പ്രദേശമാണ്. (വെള്ളൂന്നി, രാമച്ചി ശാന്തിഗിരി, പൊയ്യമല തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ കുടിയേറ്റത്തിന്റെ ആരംഭത്തിൽ (50 വർഷങ്ങൾക്ക മുൻപ്, പ്രധാനമായും കാടു വെട്ടി തെളിച്ച് പുന: കൃഷിയും, മരച്ചീനിയും, ഇഞ്ചിപ്പുല്ല് കൃഷിയും ആദിവാസികളുടെ കൃഷിരീതിയിൽ കുടിയേറ്റകർഷകർ പിൻതുടർന്നും തുടർന്ന നാണ്യവിളകളിൽ കുരുമുളക്, തെങ്ങ്, കശുമാവ് എന്നിവയും പരീക്ഷിച്ചു. മുഖ്യവിളകളായി റബ്ബർ, തെങ്ങ്, കശുമാവ്, കുരുമുളക്, നെല്ല് തുടങ്ങിയവയും, ഇടവിളകളായി ഇഞ്ചി, മഞ്ഞൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയും പരീക്ഷിച്ചു. ഇപ്പോൾ റബ്ബർ കൃഷിയിലേക്കുള്ള പ്രയാണമാണ് കാണുന്നത്. ഈ ഗ്രാമത്തിലെ 80% ജനങ്ങളും കൃഷിമാത്രം മുഖ്യ തൊഴിലായി സ്വീകരിച്ചവരാണ്.

ഭൂരിഭാഗം ഭൂടമകളും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക-1

നമ്പർ	ഭൂപരിധി	ഉടമസ്ഥരുടെ എണ്ണം	വിസ്തീർണ്ണം	ഹെക്ടർ
1	1 ഹെ. താഴെ	5004	4002.4	ഹെ
2	2 ഹെ. 2 ഹെ. ഇടയിൽ	1068	2332.0	ഹെ.
3	2 ഹെ മുകളിൽ	106	459.6	ഹെ.
ആകെ		6178	6794	ഹെ.

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റെത് .07ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിന്റേത് 0.4 ഹെക്ടറാണ്. ആദ്യകാലത്ത് വന്യ മൃഗങ്ങളോട് പടവെട്ടി ധാന്യ കിഴങ്ങുവർഗ്ഗവിളകൾക്ക് മുൻതൂക്കം നൽകിയുള്ള കൃഷിരീതി ആയിരുന്നു അവലംബിച്ചിരുന്നത്. കൂടാതെ പരസ്പരം സഹകരിച്ചും കൃഷിപ്പണികളും ചെയ്തുപോന്നിരുന്നു. പഞ്ചായത്തിലെ ഭൂമിയുടെ ഉടമസ്ഥത പ്രധാനമായും വൻകുടി ജന്മിമാരായ മണത്തണ കരിമ്പനയ്ക്കൽ ചാത്തോത്തു തറവാടിനും, ആക്കൽ തറവാടിനും കൊട്ടിയൂർ ദേവസ്വത്തിനും ആയിരുന്നു. പ്രസ്തുത ഭൂമി പാട്ടത്തിനും, വാക്കാൽ ചാർത്തായും നല്കി. കുടിയേറ്റ കർഷകർ കാടു വെട്ടി തെളിച്ച് കൃഷി ചെയ്തു പോന്നു. അരുവികളുടെ തീരങ്ങളും ചെറിയ ചെറിയ പുഞ്ചപ്പുകളും നെൽ വയലുകളാക്കി മാറ്റി. ചെമ്പാവ്, കുറുത്തടുക്കൻ, കുറുവ ഇട്ടികണ്ടപ്പൻ എന്നീ ഇനങ്ങളും കൃഷിചെയ്തു പോന്നു. ഇതു കൂടാതെ പറമ്പുകളിൽ മേടുകൾ നെല്ലിനങ്ങളായ കുറുത്തടുക്കൻ, വെള്ളമുണ്ടി, നീലകുറുവ എന്നീ ഇനങ്ങളും മറ്റ് ധാന്യ വിളകളായ മുത്താറി, ചോളം ഇവയും കൃഷിചെയ്തിരുന്നു, പിന്നീട് കര ഭൂമിയിൽ കുരുമുളകും, കശുമാവും പരീക്ഷിച്ച കർഷകർ തുടർന്നും ഇഞ്ചിപ്പുല്ല്, രാമച്ചം, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവിളകളും കൃഷിചെയ്തു. ഈ കാലഘട്ടത്തിൽ പഞ്ചായത്തിലെ കർഷകരുടെ പ്രധാന വരുമാനമാർഗ്ഗം മരച്ചീനികൃഷി ആയിരുന്നു. മരച്ചീനിക്ക് ഹെക്ടറിന് 50 ടൺ വിളവ് ലഭിച്ചിരുന്നു. എന്നാൽ മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞതും മാറ്റ് നാണ്യവിളകളിലേക്ക് കർഷകർ ചുവട് മാറിയതും ഈ വിളയുടെ നാശത്തിന് വഴിതെളിച്ചു. ഇന്ന് മരച്ചീനി പഞ്ചായത്തിൽ അപൂർവ്വമായ വസ്തുവായി ചുരുങ്ങിയിരിക്കുന്നു.

പണ്ട് പഞ്ചമാസങ്ങളിൽ ഭക്ഷണത്തിനായി കൃഷി ചെയ്തിരുന്ന മധുരക്കിഴങ്ങ് അന്നത്തെ കർഷകർക്ക് നല്ലൊരു വരുമാനമാർഗ്ഗം ആയിരുന്നെങ്കിൽ ഇന്ന് ആ കൃഷിയും നാശത്തെ നേരിട്ടുകൊണ്ടിരിക്കുന്നു. മധുരക്കിഴങ്ങിൽ അടങ്ങിയിരിക്കുന്ന വിറ്റാമിനുകൾ ഒരളവുവരെ കർഷകരുടെ ആരോഗ്യം സംരക്ഷിച്ചിരുന്നു. എന്നതും വസ്തുതയാണ്.

താഴ്ന്ന പ്രദേശങ്ങളിൽ തെങ്ങും, പുഴയോരങ്ങളിൽ കരിമ്പും കൃഷി ചെയ്തിരുന്നു. എന്നാൽ കരിമ്പ് കൃഷി ചെയ്തിരുന്ന സ്ഥലങ്ങളും പിന്നീട് തെങ്ങ് കൃഷിക്ക് വഴിമാറി. നെൽകൃഷി നടത്തിയിരുന്ന വയലുകളും കവുങ്ങ് കൃഷിക്കും തെങ്ങു കൃഷിക്കുമായി മാറ്റപ്പെട്ടു. ഇപ്പോൾ മൊത്തം വിസ്തൃതിയുടെ ഒരു ശതമാനം മാത്രമേ നെൽകൃഷിക്കായി ഉപയോഗിക്കുന്നുള്ളൂ. നിലവിൽ തെങ്ങ്, കവുങ്ങ് തുടങ്ങിയ നാണ്യവിളകളുടെ ഇടവിളയായി വാഴ, കുരുമുളക് ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധ വസ്തുക്കളും,

പ്പാവ്, മാവ് തുടങ്ങിയ ഫലവർഗ്ഗങ്ങളും കൃഷിചെയ്യുന്നുണ്ടെങ്കിലും പൂർണ്ണമായും ഭൂമിയെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല

പട്ടിക 2
ഇടവിളകൾ

നമ്പർ	വിളയുടെ പേര്	വിസ്തീർണ്ണം H
1	വാഴ	285.30
2	ഇഞ്ചി	171 18
3	മഞ്ഞൾ	38 04
4	ചേന	76 08
5	മരച്ചീനി	66.57
6	ചേമ്പ്	28 53
7	പയർ, പച്ചക്കറിവർഗ്ഗങ്ങൾ	95.10
8	കുരുമുളക്	19.02
9	കൊക്കൊ	38.04
10	ഫലവർഗ്ഗങ്ങൾ (മാവ്, പ്ലാവ്	28 53

ഭൂവിനിയോഗം

പഞ്ചായത്തിന്റെ കൃഷിഭൂമിയുടെ വിസ്തീർണ്ണം 6794 ഹെ ആണ്. ഇത് ഉയർന്ന കുന്നിൻപ്രദേശം, കുത്തനെ ചെരിവുള്ള പ്രദേശം, ചെറിയ സമതലങ്ങൾ, മിതമായ ചെരിവുള്ള പ്രദേശം, താഴ്വരകൾ എന്നിങ്ങനെ കാണപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 3

	ഭൂപ്രകൃതി		ഹെക്ടർ
62%	1	കുത്തനെയുള്ള ചരിവ്	4212.28
	2	മിതമായ ചരിവ്	1494.68
	3	ഉയർന്ന പ്രദേശം	543.52
	4	താഴ്വാരം	3 9.70
	5	സമതലം	135.88
22%	6	പുഴയോരം	67.94
		ആകെ വിസ്തീർണ്ണം	6794 ഹെ



പട്ടിക-4

ഭൂവിനിയോഗം - (കൃഷിഭവൻ രേഖ അവലമ്പം)

നമ്പർ	വിനിയോഗം	വിസ്തൃതി	ശതമാനം
1	റബ്ബർ	1834.38 ഹെ.	27%
2	കശുമാവ്	1491.68 ഹെ.	22%
3	തെങ്ങ്	1222.92 ഹെ.	20%
4	കുരുമുളക്	815.28 ഹെ.	12%
5	നെല്ല്	67.94 ഹെ.	1%
6	കവുങ്ങ്	271.76 ഹെ.	4%
7	മിശ്രവിളകൾ	951.16 ഹെ.	14%

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ ചരിവും കലർന്ന ചുവന്ന മണ്ണും പുഴയോരങ്ങളിൽ മണൽ കലർന്ന പശിമയുള്ള മണ്ണും, സമതലങ്ങളിൽ വെട്ടുകല്ല് മണ്ണും കണ്ടുവരുന്നു. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും അല്പാംശം കലർന്ന മണ്ണാണ്. കൃഷിഭവൻ രേഖകൾ പ്രകാരം മണ്ണിന്റെ ഗുണ നിലവാരം താഴെപ്പറയും പ്രകാരമാണ്.

പട്ടിക-5

നമ്പർ	മണ്ണ്	ജൈവാംശം % കിലോ ഹെക്ടർ	ഭാവഹം കിലോ ഹെക്ടർ	ക്ഷാര ഗുണ കിലോ/ ഹെ.
1	ലാറ്ററൈറ്റ്	0.45	15.3	39
2	വയൽ പ്രദേശം	1.10	34.68	135.5
3	കുന്നിൻ പ്രദേശം ചെരിഞ്ഞ പ്രദേശം	0.54	26.86	39.2

വർഷംതോറും വരുന്ന രാസവള പ്രയോഗം മൂലം മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിക്കുന്നതായിട്ടാണ് കാണുന്നത്.

ആകെ വിസ്തൃതിയുടെ ഭൂരിഭാഗപ്രദേശങ്ങളും റബ്ബർ കൈയ്യടക്കിയിരിക്കുകയാണ്. റബ്ബറിനും ഒട്ടും യോജിക്കാത്ത കാലാവസ്ഥയും, ഭൂപ്രകൃതിയും ഉള്ള വെള്ളൂന്നിയിലെ മലകളും പോലുള്ള പ്രദേശങ്ങളും പോലും റബ്ബർ കൃഷി ചെയ്തു വരുന്നു. മറ്റു പ്രധാന വിളയായ കശുമാവ് വേണ്ടത്ര പരിചരണം ലഭിക്കാത്തതുമൂലം ഉല്പാദനത്തിൽ പിന്നോക്കമാണ്.

1968 - 1978 കാലയളവിൽ 210 ഹെക്ടർ സ്ഥലത്തു് നെൽകൃഷി ഉണ്ടായിരുന്നതു് ഇന്നു് കേവലം 68 ഹെക്ടർ സ്ഥലമായി ചുരുങ്ങി. തൊഴിലാളികളെ ലഭിക്കാനുള്ള വിഷമതയും, ജലസേചനത്തിനുള്ള അസൗകര്യങ്ങളും ഇതിനൊരു കാരണമാണു്. കൂടാതെ വിലനിലവാരത്തിൽ വന്ന ഗണ്യമായ മാറ്റവും നെൽ കർഷകനെ മറ്റു് വിളകളിലേക്കു് തിരിയുവാൻ പ്രേരിപ്പിച്ചു.

മൂന്നാം സ്ഥാനത്തു് നിൽക്കുന്ന തെങ്ങിന്റെ ഉല്പാദനക്ഷമത 50—1 ആണു്. സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണു് ഇതു് കൂടുതൽ ജലസേചന സൗകര്യങ്ങളും ആധുനിക കൃഷിരീതികളും അനുവർത്തിച്ചാൽ സംസ്ഥാന ശരാശരിയുടെ ഇരട്ടിയോളം വർദ്ധിപ്പിക്കുവാൻ കഴിയും. ഇതിൽ തന്നെ തഴ്ന്ന പ്രദേശങ്ങളായ കേളകം, പെരുന്താനം, പൂവ്വത്തിൻചോല, അടയ്ക്കാത്തോടു് എന്നീ പ്രദേശങ്ങളിൽ ശരാശരി ഉല്പാദനക്ഷമത 100ൽ കൂടുതലാണു്.

വളം—കീടനാശിനി

സഹകരണ മേഖലയിൽ മൂന്നും, സ്വകാര്യ മേഖലയിൽ രണ്ടും വളം കീടനാശിനി വിതരണ സ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ടു്. ഇതിൽ ചെട്ടിയാംപറമ്പു് സഹകരണ ബേങ്കിനു് കീഴിലുള്ള വിതരണ കേന്ദ്രത്തിൽ വളം മാത്രമേ വിതരണം ചെയ്യുന്നുള്ളു. അതും കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വെക്കുന്നില്ല. 75% കർഷകരും സ്വകാര്യ മേഖലയെ ആശ്രയിച്ചാണു് കൃഷിചെയ്തു വരുന്നതു്. ശാസ്ത്രീയമായ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയമായ വള പ്രയോഗരീതിയിലല്ല 60% കർഷകരും അനുവർത്തിക്കുന്നതു്. തന്മൂലം കൃഷിചെലവു് അനാവശ്യമായി വർദ്ധിക്കുന്നു. ജൈവ വളങ്ങളും ലഭ്യമാണെങ്കിലും പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല. കഴിഞ്ഞ 3 വർഷത്തെ രാസവള കീടനാശിനിയുടെ ഉപയോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 6— വളത്തിന്റെ ഉപയോഗം

വർഷം	നൈട്രജൻ	ഫോസ്ഫറസ്	പൊട്ടാഷ്
93—94	1262 MT	634 MT	1206 MT
94—95	1426 MT	736 MT	1007 MT
95—96	1873 MT	1261 MT	1679 MT

ഇതിൽനിന്നും, രാസവളത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നതായി കാണാം. പുതിയ വില്പനകേന്ദ്രത്തിനു് സാദ്ധ്യതയും ഉണ്ടു്.

പട്ടിക 7— കീടനാശിനി

	93—94	94—95	95—96
ദ്രവം	4732 L.	5732 L.	5823 L.
ഖരം	6863 Kg.	6588 Kg.	5512 Kg.

മുൻകാലങ്ങളിൽ കീടനാശിനി അനിയന്ത്രിതമായി ഉപയോഗിച്ചു് കൊണ്ടിരുന്നു. കൂടുതൽ ബോധവൽക്കരണത്തിലൂടെ രാസ കീടനാശിനികളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞു വരുന്നതായി മേൽ പട്ടിക സൂചിപ്പിക്കുന്നു.

പാടശേഖരസമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ സംഘടിപ്പിച്ചു കൊണ്ടു് 6 പാടശേഖര സമിതികളും രൂപീകരിച്ചെങ്കിലും 3 സമിതികളും മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളൂ. പാടശേഖര സമിതികളുടെ വിശദാംശങ്ങളും വിള ക്രമങ്ങളും താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 8

പാടശേഖര സമിതിയുടെ വിവരങ്ങൾ

പാടശേഖരത്തിന്റെ പേരു്	വിസ്തൃതി (ഹെക്ടർ)	വിളക്രമം 1-ാംവിള	2-ാംവിള	3-ാംവിള
1 പൂവത്തുംചോല	15	നെല്ലു്	നെല്ലു്	പയർ
2 മഞ്ഞളാംപുറം	10	നെല്ലു്	നെല്ലു്	പയർ
3 പുളിക്കാംപൊയിൽ	5	നെല്ലു്	നെല്ലു്	പയർ/പച്ചക്കറി
4 മാണിക്കംചാൽ	5	നെല്ലു്	നെല്ലു്	എള്ളു്
5 ആനക്കുഴി	5	നെല്ലു്	നെല്ലു്	എള്ളു്
6 പൊയ്യമല (പ്രവർത്തനക്ഷമമല്ല)	15	നെല്ലു്	നെല്ലു്	—

കാർഷിക ഉപകരണങ്ങൾ

പാടശേഖര സമിതികൾക്കായി നല്കിയ ഒരു ട്രില്ലർ 4 പവ്വർ സെപ്രയറുകൾ, കുമുളക് സമിതി കൾക്കായി നൽകിയ 9 റോക്കർ സെപ്രയറുകൾ കേരസംരക്ഷണ സമിതികൾക്ക് നല്കിയ 9 തെങ്ങ് കയറ്റ യന്ത്രങ്ങൾ. കൂടാതെ പഞ്ചായത്തിലുള്ള കർഷകരുടെ കൈവശമുള്ള കാർഷിക ഉപകരണങ്ങൾ ഇവയുടെ വിശദമായ കണക്ക് ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക-9 കാർഷിക ഉപകരണങ്ങളുടെ വിവരങ്ങൾ

No	ഉപകരണത്തിന്റെ പേര്	എണ്ണം
1	ട്രാക്ടർ	4
2	ട്രില്ലർ	2
3	നാടൻ കലപ്പ	30
4	റോക്കർ സ്പ്രെയർ	313
5	നാപ്സാക്ക് സ്പ്രെയർ	68
6	പവ്വർ സ്പ്രെയർ	6
7	മെതിയന്ത്രം	1
8	തെങ്ങുകയറ്റ യന്ത്രം	50
9	പോർട്ടബിൾ കമ്പ്രസ്സർ	283

കൂലി നിരക്കുകൾ

കാർഷിക മേഖലയിൽ തൊഴിൽ ചെയ്യാൻ തയ്യാറുള്ള തൊഴിലാളികളുടെ ദൗർല്ലഭ്യകുറവ് മൂലവും വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റം മൂലവും തൊഴിലാളികളുടെ ലഭ്യതയിൽ കുറവ് വന്നുകൊണ്ടിരിക്കുന്നു. 3170 കർഷക കുടുംബങ്ങൾ ഉള്ളതിൽ 2694 കുടുംബങ്ങൾ മുഖ്യ ഉപജീവനമാർഗ്ഗമായി കൃഷിയെ ആശ്രയിക്കുന്നു ഏകദേശം 1000 ത്തിൽ താഴെ മാത്രം കർഷകതൊഴിലാളികളാണ് പഞ്ചായത്തിൽ ഉള്ളത്. ഇവരുടെ ശരാശരി ദൈനംദിന വേതനം പുരുഷന് 100രൂപയും സ്ത്രീ 80രൂപയും നിലവിലുണ്ട്.

കാർഷിക വായ്പ

മൂന്ന് സഹകരണ സ്ഥാപനങ്ങളും അടക്കം ഒമ്പത് ധനകാര്യ സ്ഥാപനങ്ങളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. കൃഷിക്കുവേണ്ടി കർഷകർ എടുക്കുന്ന വായ്പയുടെ 70%ഉം മാറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതായിട്ടാണ് പൊതുവേ അഭിപ്രായമുണ്ട്. വായ്പ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക-10 ബാങ്കുകളുടെ വായ്പാ വിതരണം

നമ്പർ	ബാങ്കിന്റെ പേര്	ലക്ഷത്തിൽ
1	സഹകരണ ബാങ്ക്, കേളകം	250.00
2	സഹകരണ ബാങ്ക്, ചെട്ട്യാംപറമ്പ്	919
3	കാർഷിക വികസന ബാങ്ക്	72.00
4	ഫെഡറൽ ബാങ്ക്, കേളകം	85.1
5	ഗ്രാമീൺ ബാങ്ക്, കേളകം	85.84

ജലസേചനം. പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന ഈ പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായിട്ടാണ് മഴ ലഭിക്കുന്നത്. മെയ് പകുതിമുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും, സെപ്തംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും. ശരാശരി വർഷത്തിൽ 347.08 സെ.മീറ്റർ മഴ ഇവിടെ ലഭിക്കുന്നു. പഞ്ചായത്തിലെ നീരൊഴുക്കുകൾ പ്രധാനമായും 22 തോടുകളായി ബന്ധപ്പെട്ടുകിടക്കുന്നു. തോടുകൾ ബാവലിപ്പുഴയിലും ചീങ്കണ്ണിപ്പുഴയിലും ചേരുന്നു. ഈ തോടുകളിൽ 7 പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ചിറപ്പുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ഉപയോഗം കൃഷിക്ക് ലഭ്യമായിട്ടില്ല. കാലാകാലങ്ങളിൽ ചെയ്യേണ്ടുന്ന അറ്റകുറ്റപണികൾ ചെയ്യാത്തതുമൂലവും, സംരക്ഷണത്തിലുള്ള അപാകതയുമാണ് ഇതിനു കാരണമെന്നു മനസ്സിലാക്കുന്നു.

കുളങ്ങൾ ഈ പഞ്ചായത്തിൽ 29 പൊതു ജലസേചനകിണറുകളും, 67 ജലസേചനകുളങ്ങളുമാണുള്ളത്. ഇതിൽ ചിലവയും തെങ്ങു കൃഷിയുടെ സേചന സൗകര്യങ്ങൾക്കായി ഉപയോഗിക്കുന്നു. ഈ കുളങ്ങളിൽ വേനൽക്കാലങ്ങളിലും ജലം ലഭ്യമായതിനാൽ ശുദ്ധജല മത്സ്യ കൃഷിക്ക് സാദ്ധ്യതയുണ്ട്.

പൊതു ജലസേചന പദ്ധതികളുടെ വിവരങ്ങൾ

പട്ടിക-11 (കൃഷിഭവൻ രേഖ)

	1993-94	ആയക്കെട്ട് പ്രദേശം
1	മേമല പൊതുജലസേചനപദ്ധതി	5.6
2	നാരങ്ങാത്തട്ട് ,,	6.0
3	കരിയംകാപ്പ് ,,	5.0
4	കാളികയം നോർത്ത് ,,	5.4
5	കാളികയം സൗത്ത് ,,	5.8
6	കുണ്ടേരി ,,	5.1
	1994-95	
7	പടത്തുപാറ വെസ്റ്റ് ,,	9.44
8	പടത്തുപാറ ഈസ്റ്റ് ,,	8.5
9	വാളുമുക്ക് ,,	7,12
10	അടക്കാത്തോട് ക്രോസ് ബാർ ,,	10.4
11	പള്ളിയറ ,,	6,33
12	പുളിക്കാംപൊയിൽ I ,,	
13	പുളിക്കാംപൊയിൽ II ,,	8.06
14	കുണ്ടേരി ,,	10.10
15	വളയംചാൽ ,,	7.0
16	തുള്ളൽ ,,	7.2
17	പൂവത്തിൻചോല I ,,	7.4
18	പൂവത്തിൻചോല II ,,	7.5
19	കേളകം ,,	6.36
20	കമ്പിപ്പാലം ,,	7.0
21	അടക്കാത്തോട് ,,	9.11
22	ചെട്ടിയാംപറമ്പ് ,,	8.0
23	കുണ്ടേരിവളയംചാൽ ,,	10.0
	1995-96	
24	പൊന്നാനം ,,	11.5
25	ഫൊലാൻറ് ,,	22.0
26	സെടൽ വെള്ളൂന്നി ,,	5.5

ജല സംരക്ഷണം

മുൻകാലങ്ങളിൽ കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്തിരുന്ന കാലഘട്ടത്തിൽ മണ്ണ്സംരക്ഷണത്തെക്കുറിച്ച് കർഷകർ ചിന്തിക്കാത്തതുമൂലം വൻതോതിൽ മണ്ണൊലിപ്പ് ഉണ്ടാകുകയും, തൻമൂലം കാർഷികവിളകാർഷിക വിളകൾക്ക് ഉല്പാദനക്ഷമത കുറയുകയും ചെയ്തു. തുടർന്ന് പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 15% വരുന്ന പ്രദേശങ്ങളിൽ വിവിധതരത്തിലുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ലക്ഷ്യബോധമില്ലാതെ വനനശീകരണത്തിൽ ഏർപ്പെട്ടതുമൂലം പഞ്ചായത്തിലെ ഏറെവും ഉയർന്ന പ്രദേശങ്ങളായ വെള്ളൂന്നിയും, ശാന്തിഗിരിയും ഇന്നു മലയിടിച്ചിലിന്റെ (ഉരുൾപൊട്ടലിന്റെ) ഭീഷണിയിലാണ്. 1993ൽ വെള്ളൂന്നിയിയിലെ മാങ്കുളം പ്രദേശത്ത് ഉരുൾപൊട്ടൽ അനുഭപ്പെട്ടു. വീണ്ടും അതേപ്രദേശത്തു തന്നെ 1996ലും ഉരുൾപൊട്ടലുണ്ടായി. 90 കാലഘട്ടത്തിൽ ശാന്തിഗിരി പ്രദേശത്തും ഉരുൾപൊട്ടലുണ്ടായി ഇതോടനുബന്ധിച്ച് ശാന്തിഗിരി പ്രദേശത്ത് ഉദ്ദേശം 100 ഹെക്ടർ സ്ഥലത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയതുമൂലം മുൻപ്, വേനൽക്കാലങ്ങളിൽ വറ്റിയിരുന്ന കിണറുകളിൽ ഇന്നും ജലം സുലഭമാണ്. അടുക്കാത്തോട് ശാന്തിഗിരിപ്രദേശത്ത് ഓപ്പെക്ക് രാഷ്ട്രങ്ങളുടെ സാമ്പത്തിക സഹായത്തോടുകൂടി നീർമറി വികസന പദ്ധതി നടപ്പിലാക്കുന്നുണ്ടെങ്കിലും മണ്ണ് ജലസംരക്ഷണകാര്യത്തിൽ പൂർണ്ണത കൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

നഴ്സറികൾ

1994-95 ഗവണ്മെന്റ് അംഗീകാരത്തോടുകൂടി ആരംഭിച്ച ഒരു നഴ്സറി കൂടാതെ 2 നഴ്സറികൾ കൂടി ഈ പഞ്ചായത്തിൽ നിലവിലുണ്ട്. എങ്കിലും റബ്ബർ തൈകൾ ഉല്പാദിപ്പിക്കുന്നതിൽ കൂടുതൽ ഊന്നൽ നൽകുന്നതുകൊണ്ട് മറ്റിനം നടീൽ വസ്തുക്കളുടെ ഉല്പാദനത്തിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. തന്മൂലം നടീൽ വസ്തുക്കളുടെ ദുർലഭ്യം അനുഭവപ്പെടുന്നു.

കൃഷിഭവൻ

1987 സപ്തംബർ 1-ാം തീയതി ഈ പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നു. തികച്ചും കാർഷിക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവൻ കർഷകരുടെ ആവശ്യങ്ങൾക്കൊത്തുയരാൻ കഴിഞ്ഞിട്ടില്ല. ഇതിന് മുഖ്യ ജില്ലയിലെ മറ്റിടങ്ങളിൽ കൃഷിഭവനുകളിൽ ഒന്നോ രണ്ടോ കൃഷി അസിസ്റ്റന്റുമാർ, ഒരു കൃഷി ആഫീസർ മാത്രമുള്ള കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പ്രതിവർഷം 24 ലക്ഷത്തോളം രൂപയുടെ കാർഷിക വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കൃഷിഭവനിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കപ്പെടേണ്ടതാണ്. കൃഷിഭവൻ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 12 (കൃഷിഭവൻ രേഖ) **കൃഷിഭവൻ നടപ്പിലാക്കിയ പദ്ധതികൾ**

No.	ഇനം	ഗുണഭോക്താക്കളുടെ എണ്ണം 94—95	സാമ്പത്തികം	ഗുണഭോക്താക്കളുടെ എണ്ണം 95—96	സാമ്പത്തികം
1	സുഗന്ധവിള വികസനപദ്ധതി				
a)	ഇഞ്ചി പ്രദർശനത്തോട്ടം	4	4800	10	12,000
b)	മഞ്ഞൾ പ്രദർശനത്തോട്ടം	2	1650	2	1650
c)	ഇഞ്ചി കൃഷി വ്യാപനം	5	5,000	22	25,000
d)	മഞ്ഞൾ വ്യാപന പദ്ധതി	12	12,000	14	12,000
e)	ഇഞ്ചി - കുരുമുളക് കീടനിയന്ത്രണം	24	10,000	23	6,000
f)	കുരുമുളക് തോട്ടത്തിലെ മണ്ണ്സംരക്ഷണം	25	15,000	20	15,000
g)	സസ്യ സംരക്ഷണ ഉപകരണം	15	11,250	15	11250
h)	വൃക്ഷ സുഗന്ധ വിള പ്രദർശനത്തോട്ടം	1	400	1	270
i)	കുരുമുളക് പ്രദർശനത്തോട്ടം	1	225	5	965
j)	കുരുമുളക് പുനരുദ്ധാരണം	746	2,69,417	761	2,74,500
k)	കുരുമുളക് വ്യാപന പദ്ധതി	32	42,000	72	67,000
l)	ദ്രുതവാട്ട രോഗ നിയന്ത്രണ പദ്ധതി	1832	10,26,000	1832	10,26,000
2	കമുക് കൃഷി വികസനം	54	13,800	47	95,000
3	കശുമാവ് വ്യാപന പദ്ധതി	272	29,700	291	32490
a)	വളകൂറ് വിതരണം	196	23,152	196	23152
b)	സംയോജിത കശുമാവ് വാക്സനം	163	60,000	283	90,000
c)	കീട നിയന്ത്രണം	352	16,500	350	67 500
d)	കശുമാവ് കൃഷി പുനരുദ്ധാരണം	—	—	25	14,000
e)	കീട നിയന്ത്രണം വേപ്പെണ്ണ	520	72,300	360	623,10
4	കാർഷികവികസനത്തിനു ബഹുജന പങ്കാളിത്തം	—	4,000	—	4,000
			16,47,194		18,20,997

(പട്ടിക 12 ന്റെ തുടർച്ച)

5	കിഴങ്ങുവർഗ്ഗവിള വികസനം	10	2200	2	1000
6	ജൈവവള വികസനപദ്ധതി	262	8550	250	4950
7	പച്ചക്കറി വികസനപദ്ധതി (സ്കൂൾകുട്ടികർഷകർ)	500	2000	500	2000
8	ഹരിജൻ കർഷകനു് പമ്പു് സെറ്റു്			1	10,000
9	നെൽകൃഷി ഉല്പാദന ബോണസു്				14120
10	സംയുക്തനാളികേര വികസനം				
a)	ജലസേചന കിണർ	60	150,000	50	125,000
b)	ജലസേചന പമ്പുസെറ്റു്	56	125,000	40	1,00000
c)	സസ്യസംരക്ഷണ ഉപകരണം	1	1000	2	2000
d)	തെങ്ങുകയറ്റ യന്ത്രം	11	500	9	4500
e)	പൊതുജലസേചന പദ്ധതി	17	24,55257	3	5,72050
f)	ഹരിജൻ കർഷകനു് കിണർ	1	9000	1	10,000
11	ചെറുകിട യന്ത്രവൽകൃത കൃഷിവികസനം		—	4	8,000
12	ഒപ്പേക്കു് (OPECE) നിർമാണ വികസനം	476	3,08130	342	2,75449
	ആകെ —		4708831		29,50,066

പ്രശ്നങ്ങൾ

1. മണ്ണൊലിപ്പു് പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ വെള്ളൂന്നി, ശാന്തിഗിരി, കോളിങ്ങട്ടു് പൊയ്യമല, പ്രദേശങ്ങളിൽ രൂക്ഷമായ തോതിൽ മണ്ണൊലിപ്പു് നിലവിലുണ്ടു്. ശാന്തിഗിരി, വെള്ളൂന്നി, പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ഭീഷണിയിലുമാണു്. ഈ പ്രദേശങ്ങളിൽ 15% ത്തോളം മാത്രമേ നിലവിൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുള്ളു.

2. ജലസേചനത്തിന്റെ അഭാവവും

പഞ്ചായത്തിലെ പൊയ്യമല, തുള്ളൽ, അടയ്ക്കാത്തോടു്, പൂവത്തിൻചോല, വെള്ളൂന്നി, കണ്ടേരി, വരിക്കോട്ടു്, മുട്ടുമേരി, മങ്കുളം, കിഴക്കേ വെള്ളൂന്നി എന്നിവിടങ്ങളിൽ ജലസേചനത്തിന്റെ ലഭ്യത്തിന്റെ മൂലം നാളികേരം അടയ്ക്കു, തുടങ്ങിയവയുടെ ഉല്പാദനത്തിൽ ഗണ്യമായ കുറവു് കാണപ്പെടുന്നു.

3. നെൽകൃഷി കുറയുന്നു

25 വർഷങ്ങൾക്കു് മുൻപു് 210 ഹെക്ടർ സ്ഥലത്തു് നെൽകൃഷി ഉണ്ടായിരുന്ന സ്ഥാനത്തു് ഇന്നു് കേവലം 68 ഹെക്ടർ സ്ഥലം മാത്രമായി ചുരുങ്ങി. മണികൃഷ്ണചാൽ, പൂവത്തിൻചോല, പെരുന്താനം പൊയ്യമല, പുളിക്കാംപൊയിൽ, മഞ്ഞളാംപുറം, ആനക്കഴി, എന്നീ പ്രദേശങ്ങളിൽ ജലം ലഭ്യതയുടെ കുറവും, കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവും മൂലവും കൃഷി ചിലവും മൂലം നെൽ വയലുകളുടെ വിസ്തൃതി മറ്റു വിളകൾക്കായി കൈയടക്കി.

4. കീടബാധയും, വന്യമൃഗങ്ങളുടെ ശല്യവും

പഞ്ചായത്തിന്റെ 24 കി.മീറ്റർ നീളത്തിൽ കിടക്കുന്ന അതിർത്തി പ്രദേശങ്ങളും ആറളം വന്യമൃഗ സംരക്ഷണകേന്ദ്രത്തോടും കണ്ണവം നിക്ഷിപ്ത വനപ്രദേശത്തോടും ചേർന്നു കിടക്കുന്നു. തൽമൂലം വന്യമൃഗങ്ങൾ കാർഷിക വിളകളും നശിപ്പിക്കുന്നു. കൂടുതലും കിഴങ്ങുവർഗ്ഗങ്ങളും, നാണ്യവിളകളുമാണു് ആനയും കാട്ടുപന്നികളും നശിപ്പിക്കുന്നതു്.

കുരുമുളകിനു് ദ്രുതവാട്ട രോഗവും കവുങ്ങിനു് മഞ്ഞളിപ്പു് രോഗവും, മാഹാളിയും, കശുമാവിനു് തേയിലകൊതുകും പുഴുബാധയും, റബ്ബറിനു് പട്ടമരപ്പു് രോഗവും കണ്ടുവരുന്നു.

5 നല്ലയിനം നടീൽ വസ്തുക്കളുടെ അഭാവം

കർഷകരുടെ ആവശ്യങ്ങൾക്കനുസൃതമായി നല്ല ഇനം വിത്തിനങ്ങളും, നടീൽ വസ്തുക്കളും പഞ്ചായത്തിൽ ലഭ്യമല്ല. കൃഷിഭവൻ വഴി വിതരണം ചെയ്യുന്നതു് നാമമാത്രമായ നടീൽ വസ്തുക്കളാണു്.

6 ഉല്പാദനക്ഷമത കുറയുന്നു

ആധുനിക കൃഷിരീതികളും, പുതിയ അറിവുകളും കർഷകർക്കിടയിൽ വ്യാപകമാകാത്തതും ശാസ്ത്രീയ മണ്ണുപരിശോധനയുടെ അഭാവവും അനുയോജ്യമായ രാസവളകീടനാശിനി പ്രയോഗവും അശാസ്ത്രീയമായ വിള പരിക്രമവും ജൈവ വളങ്ങളുടെ പ്രയോഗം

കുറച്ചതും ഉല്പാദനക്ഷമതയെ ഗണ്യമായി ബാധിച്ചു. വിദഗ്ധരായ തെഴിലാളികളെ കാർഷിക മേഖലയിൽ ലഭിക്കാതെവന്നതും പഴയകാലങ്ങളിൽ പറമ്പുകളിൽ നടത്തിവരാറുണ്ടായിരുന്ന, കർക്കിടക കൊയ്ത്ത്, തുലാകൊയ്ത്ത്, ഇവ പൂർണ്ണമായും നിലച്ചതും ഉല്പാദനക്ഷമത കുറയാൻ കാരണമായി.

7 ഉല്പന്നങ്ങളുടെ വിലക്കുറവ്

പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങൾ ഏതാണ്ട് മുഴുവൻ തന്നെയും സ്വകാര്യ വ്യക്തികൾ കേളകം അടക്കാത്തോട് എന്നീ കേന്ദ്രങ്ങളിൽ ശേഖരിച്ച് വില്പന ഏർപ്പാടാക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഇതുമൂലം കർഷകന് യഥാർത്ഥത്തിൽ ലഭിക്കേണ്ടുന്ന വില ലഭിക്കാതെ വരുന്നു. അടുത്ത കാലത്ത് റബ്ബർ സംഭരിക്കുന്നതിനും മാത്രം 2 സഹകരണ സ്ഥാപനങ്ങൾ നിലവിൽ വന്നിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനം തൃപ്തികരമല്ല.

8 നിലവിലുള്ള ജലസേചന പദ്ധതികൾ കാര്യക്ഷമമല്ല

പൊതു ജലസേചന പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ 26 പൊതു ജലസേചന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പദ്ധതികളും പൂർണ്ണമായും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. പൂവത്തുംചോലയിൽ ചെറുവാരത്തോട്ടിൽ നിർമ്മിച്ചിരിക്കുന്ന ചെക്ക് ഡാം പൂർണ്ണമായും കാലവർഷക്കെടുതിയിൽ തകർന്നുപോയി. വെള്ളൂന്നിയിൽകുണ്ടത്തോട്ടിൽ വെള്ളൂന്നി പള്ളിക്ക് സമീപം താല്ക്കാലികമായി നിർമ്മിച്ചിരുന്ന ചെക്ക് ഡാമും, മഞ്ഞളാമ്പുറം ചെറുവാര തോട്ടിൽ ഉണ്ടായിരുന്ന ചെക്കുഡാമും കാലവർഷത്തിൽ തകർന്നു,

9 കാർഷിക വായ്പ

യഥാസമയം കാർഷിക വിളകൾ ഇറക്കുന്നതിനു ധനസഹായം നല്കുന്നതിനായി പഞ്ചായത്തിൽ സഹകരണമേഖലയിൽ 2 കൊമേഴ്സൽബേങ്ക് ശാഖകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫെഡറൽ ബാങ്ക് ചെറുകിടകർഷകർക്ക് കാർഷിക വായ്പ നല്കാൻ വിമുഖത കാണിക്കുന്നു.

10 ഊർജ്ജ പ്രതിസന്ധി

പഞ്ചായത്തിൽ വൈദ്യുതി വളരെ പരിമിതമായി മാത്രമേ കടന്നുചെന്നിട്ടുള്ളൂ അതിൽ തന്നെ കാർഷികാവശ്യത്തിന്, ആവശ്യമായ രീതിയിൽ വൈദ്യുതി ലഭ്യമായിട്ടില്ല. കാളികയം 2 വളയംചാൽ, തുള്ളൽ പൂവത്തിൻചോല, കേളകം, പെരുന്താനം എന്നീ പൊതുജലസേചന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ലഭിക്കാത്തതിനാൽ പ്രവർത്തനക്ഷമമല്ല. പദ്ധതിയുടെ ഉദ്ദേശലക്ഷ്യം സാധ്യമായിട്ടില്ല

സാദ്ധ്യതകൾ

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളെയും നീർമറി അടിസ്ഥാനത്തിൽ പദ്ധതികളും ആവിഷ്കരിച്ച് കാർഷിക വികസന പ്രവർത്തനങ്ങളും നടപ്പിലാക്കാവുന്നതാണ്. പഞ്ചായത്തിലെ 85% ചെങ്കുത്തായ പ്രദേശങ്ങളിലേയും മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും ഗുണഭോക്തൃ പങ്കാളിത്തത്തോടെയും സർക്കാർ സഹായത്തോടെയും ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുക. ആവശ്യമായ ഘടകങ്ങളും പഞ്ചായത്തിൽ തന്നെ ലഭ്യമാണ്. തരിശ് വനപ്രദേശങ്ങളിൽ സാമൂഹ്യ വനവല്ക്കരണ പരിപാടിയുടെ ഭാഗമായി വൃക്ഷത്തൈകൾവെച്ച് പിടിപ്പിക്കുക. നീർചാലുകളുടെ തീരങ്ങളിൽ പുല്ല് വെച്ച് പിടിപ്പിക്കുകയും നിലവിലുള്ള ഒകെത, ഈറ, മുള എന്നിവ സംരക്ഷിക്കുകയും അതുവഴി മണ്ണ് സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുക. മുൻകാലങ്ങളിൽ പരിതസ്ഥിതിയെ സംരക്ഷിച്ചിരുന്ന തോടുകളുടെയും പുഴകളുടെയും സംരക്ഷണം കർഷക പങ്കാളിത്തത്തോടെ നടപ്പിലാക്കുക. തോടുകളിലെ ചീർപ്പുകളുടെ അറ്റകുറ്റ പണികൾ അടിയന്തിരമായും നടത്തി ജലസംരക്ഷണത്തിനും, ജല സേചനത്തിനും ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുക.

പഞ്ചായത്തിൽ നിലവിലുള്ള നീർച്ചാലുകളിൽ അടുപ്പാത്തോട് പ്രദേശത്ത് വാളമുക്ക്, ചാപ്പത്തോട്, (3) പരത്തനത്തോട് (1)കൈലാസന്തോട് ചെറുവാരത്തോട്, കുണ്ടുതോട് എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിച്ച് മണ്ണിന്റെ ജല സംഭരണശേഷി വർദ്ധിപ്പിച്ച് വേനൽ കാലത്തുണ്ടാകുന്ന രൂക്ഷമായ വരൾച്ചയെ ചെറുക്കാവുന്നതാണ്. ചീങ്കണ്ണിപ്പുഴയിൽ വാളമുക്ക്, മുട്ടുമാറി, പ്ലാക്കാട് തോടിനു സമീപം ബാവലിപ്പുഴയിൽ ഇരട്ടത്തോട്, മാണിക്യംചാൽ പെരുന്താനം കുണ്ടേരി എന്നീ പ്രദേശങ്ങളിൽ ചെക്ക് ഡാമുകൾ, നിർമ്മിച്ചാൽ 600 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം വർദ്ധിപ്പിക്കാം കൂടാതെ വെള്ളൂന്നിയിൽ ചന്ദനത്തോട്ടിൽ ചെക്ക് ഡാം നിർമ്മിച്ചു. മാങ്കുളം, കിഴക്കെ വെള്ളൂന്നി, പടിഞ്ഞാറെ വെള്ളൂന്നി എന്നിവിടങ്ങളിൽ ജലസേചനത്തിനായി ജലം എത്തിക്കാവുന്നതുമാണ്. പൂവത്തിൻചോലയിലുള്ള ചെറുവാര തോട്ടിൽ കാലവർഷ കെടുതിയിൽ തകർന്ന ചെക്ക്ഡാം റിപ്പയർ ചെയ്ത് 10 ഹെക്ടർസ്ഥലത്തെ നെൽകൃഷിക്ക് വെള്ളമെത്തിക്കുക. മഞ്ഞളാമ്പുറത്തെ ചെക്കുഡാമുകളുടെ അറ്റകുറ്റപണികൾ നടത്തിയാൽ ആ പ്രദേശത്തെ നെൽവയലുകളിൽ ജലസേചനത്തിനുള്ള വെള്ളമെത്തിക്കാവുന്നതാണ്. ചെറുവാരത്തോട്ടിൽ വെള്ളൂന്നിയിൽ പള്ളിക്ക് സമീപം ചെക്ക് ഡാം കെട്ടി ആ പ്രദേശത്തെ 25 ഹെക്ടർ സ്ഥലത്തെ നാണ്യവിളകൾക്ക് ജലസേചന സൗകര്യം ഏർപ്പെടുത്താം. പൂർത്തീകരിക്കാത്ത പൊതുജലസേചന പദ്ധതികൾ അടിയന്തരമായും പൂർത്തീകരിക്കുക. കുണ്ടേരി പെരുന്താനം, തുള്ളൽ, കൈലാസൻ തോട്, ബാവലിപ്പുഴയിൽ ചെങ്കുത്താൻകുണ്ട് എന്നിവിടങ്ങളിൽ ചെറുകിടലിഫ്റ്റ് ഇറിഗേഷൻ പദ്ധതിനടപ്പിലാക്കിയാൽ

600 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താം. പടിഞ്ഞാറെ വെള്ളൂന്നി, അടിയ്ക്കുത്തോട് ചിറക്കഴിയുടെ വീടിനു സമീപം ശാന്തിഗിരി എന്നിവിടങ്ങളിൽ കുളം കുഴിച്ചാൽ ജലസേചന നടത്താൻ കഴിയും.

മഞ്ഞളാംപുറം പാടശേഖരത്തിൽ മൂന്നാംവിള കൃഷിയെടുക്കുന്നതിലേക്കായി കുളം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് 5 ഹെക്ടർ സ്ഥലം 3-ാം വിള കൃഷി നടത്താം. പൂവത്തിൻചോല പാടശേഖരത്തിൽ 3-ാം വിളയായി പച്ചക്കറി കൃഷി വ്യാപിപ്പിക്കാം. പുളിക്കാം പൊയിൽ, മരണിക്യംചാൽ എന്നീ പാടശേഖരങ്ങളിലും 3-ാം വിളയായി പച്ചക്കറിയും, എള്ള്, പയറു വർഗങ്ങളും എന്നീ കൃഷികളും പ്രോത്സാഹിപ്പിക്കാവുന്നതാണ്. നിലവിലുള്ള കാർഷിക സമിതിയുടെ പ്രവർത്തനം പുനർജീവിപ്പിച്ച് പ്രാപ്തമാക്കണം നെൽകൃഷിക്ക് ഉല്പാദന ബോണസായി ഹെക്ടറിന് 1000രൂപ വീതമെങ്കിലും നൽകണം. ചെറുകിട യന്ത്രോപകരണങ്ങളും ലഭ്യമാക്കണം. സംഘാടനസ്ഥാനത്തിലുള്ള കൃഷിരീതി അനുവർത്തിക്കണം. പരസ്പര സഹകരണത്തോടെ കൃഷിപ്പണികളും ചെയ്യാൻ ഉതകുന്ന രീതിയിൽ കർഷക സമിതികളെ സജ്ജമാക്കണം.

പഞ്ചായത്തിലെ മുഴുവൻ വീടുകളിലും അടുക്കളത്തോട്ടം പദ്ധതി നടപ്പിലാക്കി അതതു കുടുംബത്തിനാവശ്യത്തിനുള്ള പച്ചക്കറി ഉല്പാദിപ്പിക്കണം. അതിന് കൃഷിഭവൻറെ മാർഗ്ഗനിർദ്ദേശങ്ങളും ഈ കാര്യത്തിൽ ഗുണകരമായി ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിൽ കണ്ടുവരുന്ന ഔഷധ സസ്യങ്ങളെ കണ്ടെത്തി സംരക്ഷിക്കുവാനും വ്യാപിപ്പിക്കുവാനുമുള്ള പദ്ധതികളും നടപ്പിലാക്കണം. കിഴങ്ങുവർഗ്ഗവിളകളുടെ വികസനം ഉറപ്പുവരുത്തുന്നതിനായി കൂടുതൽ പ്രദേശത്ത് ഇടവിളയായി കിഴങ്ങുവർഗ്ഗവിളകളും കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക.

ഉല്പാദനശേഷി കൂടിയ മേൽത്തരം നടീൽ വസ്തുക്കളും വിത്തുകളും ലഭ്യമാക്കുന്നതിന് ഗവ അംഗീകാരത്തോടുകൂടി സഹകാര്യ മേഖലയിൽ 2 നഴ്സറികൂടി ഗവ: സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുക. ഇതിനാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങളും കൃഷിഭവനിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ആറളം സെൻട്രൽ സ്റ്റോറ് ഫാമിൻറെ ഒരു വല്പന കേന്ദ്രം കേളകത്ത് ആരംഭിക്കുക. നിലവിലുള്ള ആറളം വിത്തുല്പാദന കേന്ദ്രം, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രമായി മാറ്റിയാൽ ഈ പ്രദേശത്തിന് യോജിച്ച രീതിയിലുള്ള ആധുനിക കാർഷിക സമ്പ്രദായം കണ്ടെത്താനും അതുവഴി ഉല്പാദനവർദ്ധനവിന് കർഷകരെ പ്രാപ്തരാക്കുവാനും കഴിയും. ശാസ്ത്രീയ മണ്ണ് പരിശോധന സംവിധാനം പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ലഭ്യമാകുന്ന രീതിയിൽ പഞ്ചായത്ത് തലത്തിൽ മണ്ണുപരിശോധന ക്യാമ്പുകളും സംഘടിപ്പിക്കുക.

ശാസ്ത്രീയ കീടനാശിനികളുടെ ഉപയോഗത്തെക്കുറിച്ച് കൃഷിക്കാർക്ക് ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുക. പരിസ്ഥിതി ഉലനപ്പെടാത്ത ജൈവ കീടനാശിനികളുടെ ഉപയോഗ സംസ്കാരം കർഷകരിൽ വളർത്തിയെടുക്കുക. ശാസ്ത്രീയ വിളപ്രയോഗത്തെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുക. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളും ഇവിടെതന്നെ സംസ്കരിക്കുന്നതിനും സംസ്കരണയൂണിറ്റ് ആരംഭിക്കുക.

രാസവളങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ കേളകത്തും അടയ്ക്കാത്തോട്ടിലും ഓരോ വിതരണ കേന്ദ്രങ്ങളും കൂടി ആരംഭിക്കുക. ജൈവ വളപ്രയോഗത്തിൻറെ ആവശ്യകതകളെ കുറിച്ച് കർഷകരെ ബോധവൽക്കരിക്കുക. ജൈവവളം ഉപയോഗിക്കുന്നവർക്ക് സർക്കാർ പ്രോത്സാഹനം നൽകുക. പറമ്പുകളുടെ അതിരുകളിലും പുറമ്പോക്കുഭൂമികളിലും തെങ്ങിൻതോപ്പിൽ ഇടവിളയായും പച്ചില വളച്ചെടികളും വളർത്തുക. മണ്ണിരകമ്പോസ്റ്റ് വ്യാപകമാക്കുന്നതിനു വേണ്ടി കർഷകരെ ബോധവൽക്കരിക്കുക. സർക്കാർ വേണ്ടുന്ന പ്രോത്സാഹനം നൽകുക. തരിശായി കിടക്കുന്ന തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായി സുഗന്ധവിളകളും കൃഷിചെയ്യുക. വിളവു കുറഞ്ഞുവരുന്ന കശുമാവിൻ തോട്ടത്തിൽ പൈനാപ്പിളും കൃഷി വ്യാപിക്കുക. പ്രായാധിക്യത്താൽ വിളവുകുറഞ്ഞ കശുമാവിൻ തോട്ടങ്ങളും പുതിയ ഇനങ്ങളും ഉപയോഗിച്ച് പുനരുദ്ധാരണം നടത്തുന്നതിനു സർക്കാർ സഹായധനം ഉറപ്പുവരുത്തുക. കമുകിൻ തോട്ടത്തിലും, തെങ്ങിൻ തോട്ടത്തിലും ഇടവിളയായി കൊക്കോകൃഷി വ്യാപിക്കുവാൻ നടപടിയുണ്ടാവണം.

വെള്ളൂന്നിയിലും ശാന്തിഗിരി കോളിത്തട്ട് പ്രദേശങ്ങളിലും ഉല്പാദനംകുറഞ്ഞ റബ്ബർ കൃഷിക്കുപകരം കുരുമുളകിനു അനുയോജ്യമായ കാലാവസ്ഥയുള്ളതിനാൽ കുരുമുളക് കൃഷിക്ക് പ്രോത്സാഹനം നല്കുക.

കൃഷിയെ രക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനുമായി മുഴുവൻ കാർഷിക വിളകൾക്കും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുക. വന്യമൃഗങ്ങളും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും രോഗകീടങ്ങളും മൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്കും ഇൻഷൂറൻസ് ആനുകൂല്യം നല്കുക. ജലസേചനത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക. മണ്ണെണ്ണ ഡീസൽ എന്നിവക്ക് 50% സാമ്പത്തിക സഹായം അനുവദിക്കുക.

കാർഷികമേഖലയിൽ തൊഴിൽ ചെയ്യുമ്പോൾ കർഷകർക്കും കർഷകതൊഴിലാളികൾക്കും ഉണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷൂറൻസ് പരിധിയിൽ കൊണ്ടുവന്ന് ആനുകൂല്യം നൽകുക. കർഷകരുടെ മക്കൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് 70% സബ്സിഡി കൂടി മാറ്റി വെക്കുക. 60 വയസ്സു കഴിഞ്ഞ മുഴുവൻ കർഷകർക്കും കർഷകപെൻഷൻ അനുവദിക്കുക. ഈ

ഘടകങ്ങളെല്ലാം നടപ്പിലാക്കുകവഴി കാഷ്ികവൃത്തി യെ മാന്യമായ തൊഴിലായി അംഗീകരിക്കുവാനുള്ള സാമൂഹ്യ മനസ്ഥിതി വളത്തിയെടുക്കുൻ സാധിക്കും.

കാർഷിക വായ്പാനയം ഉദാരമാക്കുകയും സമയാസമയങ്ങളിൽ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുക. കാർഷികവായ്പകൾക്ക് പലിശസബ്സിഡി നൽകുക. ദേശസാൽകൃത ബേങ്കിന്റെ കാർഷിക ശാഖ കേളകത്ത് ആരംഭിക്കുക. കൃഷിക്ക് വ്യാവസായിക പരിഗണന നൽകുകയും ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുക.

വിപണനമേഖല ശക്തിപ്പെടുത്തുവാൻ സഹകരണാടിസ്ഥാനത്തിൽ ആഴ്ച ചന്തകൾ നടപ്പിലാക്കുക. ഇത് ഗ്രാമപഞ്ചായത്ത് ചെയ്യേണ്ടതാണ്. കാഷ്യികോല്പന്നങ്ങളെ അടിസ്ഥാനമാക്കി സഹകാര്യമേഖലയിലെങ്കിലും വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. കൃഷി ഹൈസ്കൂൾ തലത്തിൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം പട്ടയം കിട്ടാത്ത കൃഷി ഭൂമികൾക്ക് പട്ടയം നൽകുവാനുള്ള നടപടികൾ ഉണ്ടാകണം

വർഷം തോറും പഞ്ചായത്തിൽ കാർഷികവിള മത്സരവും പ്രദർശനവും മേളയും പഞ്ചായത്ത് സംഘടിപ്പിക്കേണ്ടതാണ്. പഞ്ചായത്തിലെ മികച്ച കർഷകർക്ക് മാന്യമായ അവാർഡുകളും പാരിതോഷികങ്ങളും നൽകി ആദരിക്കേണ്ടതാണ്. ഇത് പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുവാൻ പ്രചോദനമാണ്.

ഇതിനെല്ലാം പുറമെ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പുരോഗതി പരിഗണിച്ച് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ജീവനക്കാരുടെ എണ്ണം കൂട്ടുകയും തസ്തിക നിർണ്ണയ കാലാവസ്ഥ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വേണം.

കേളകം ഗ്രാമപഞ്ചായത്തിന്റെ സമഗ്രകാഷ്ിക വികസനത്തിനുതകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. പുത്തൻ വികസന പ്രക്രിയ ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനും നാം പ്രതിജ്ഞാബദ്ധരാണ്.

"എല്ലാവരുടെയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടെയും
ദുരയെ തൃപ്തിപ്പെടുത്താൻ
വിഭവങ്ങളില്ലതാനും"

മഹാത്മാ ഗാന്ധി

ഓ
രോ
രുത്ത
രുംഅവ
രവരുടെ നെ
ററിവിയർക്കെ
പണിയെടുത്തു
ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ
മായി മാറു
മായിരു
ന്നു.

—ഗാന്ധിജി—

പ്രകൃതി
നിയമങ്ങളെ
ബോധപൂർവ്വമോ
അജ്ഞത കൊണ്ടോ
ലംഘിക്കുന്നതിൽ
നിന്നാണ് സുഖക്കേ
ടുകൾ ഉണ്ടാകുന്നത്

—ഗാന്ധിജി—



പൊതുജലസേചനപദ്ധതികൾ

(കൃഷിഭവൻ രേഖ)

5.2

മൃഗസംരക്ഷണവും മൽസ്യബന്ധനവും

മൃഗസംരക്ഷണം

കുടിയേറ്റത്തിന്റെ ആരംഭം മുതൽ തന്നെ കാലിവളർത്തലിനമുഖ്യമായ സ്ഥാനമാണ് കേളകം ഗ്രാമപഞ്ചായത്തിനുള്ളത്. പച്ചപിടിച്ച കുന്നിൻ പ്രദേശങ്ങളും അനുകൂലമായ കാലാവസ്ഥയും മൃഗസംരക്ഷണം വിജയപ്രദമാക്കുവാൻ സഹായമായിട്ടുണ്ട്. കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് കന്നുകാലി വളർത്തൽ പ്രധാന പങ്കുവഹിക്കുന്നു. എല്ലാ കാർഷിക വിളകൾക്കും ചാണകം ജൈവ വളമായി ഉപയോഗിക്കുന്നു. നെൽകൃഷി വ്യാപകമായിട്ടുണ്ടായിരുന്ന പ്രദേശമായിരുന്നു ഇത്. അതു കൊണ്ടുതന്നെ കാലികൾക്ക് തീറ്റയുടെ ക്ഷാമവും ഉണ്ടായിരുന്നില്ല. വയലുകൾ ഉഴുവാനും വണ്ടി വലിക്കാനും നാടൻ ചക്കുകൾ പ്രവർത്തിപ്പിക്കുവാനും കാളകളെ ഉപയോഗിച്ചിരുന്നു.

കാലിവളർത്തൽ ഒരു ഉപജീവനമാർഗ്ഗമായി കൃഷിക്കാർ കണക്കാക്കുന്നു. നാടൻ പശുക്കളെയും എരുമകളെയും കൃഷിക്കാർ ധാരാളമായി വളർത്തിയിരുന്നു. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും കാലിവളർത്തൽ ഭംഗിയായി നടത്തിവന്നു. ഇവയെക്കൂടാതെ പല വീട്ടുകളിലും ആട്, പന്നി, കോഴി, താറാവ്, മുയൽ എന്നിവയും വളർത്തിയിരുന്നു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും വളർത്തുമൃഗങ്ങളെ രക്ഷിക്കുകയെന്നത് വളരെ പ്രയാസമേറിയ കാര്യമാണ്. ഈ പഞ്ചായത്തിലെ അടയ്ക്കാത്തോട്, കരിയംകാപ്പ്, രാമച്ചി പ്രദേശങ്ങളിൽ ഈ ഭീഷണി ഇപ്പോഴും നിലനിൽക്കുന്നു.

കാലിപൂട്ടലിൽ മൽസരങ്ങളും നടത്തിയിരുന്ന ഈ പഞ്ചായത്തിൽ ആധുനിക കൃഷി ഉപകരണങ്ങളുടെ വരവോടുകൂടി കാളപൂട്ടൽ നാമമാത്രമായി. കാലിവളർത്തൽ വലിയ ഒരു പ്രതിസന്ധിയിലാണിന്ന്. കാലിത്തീറ്റയുടെ വിലവർദ്ധനവും തീറ്റപ്പുല്ലിന്റെ ക്ഷാമവും ഈ രംഗത്തുനിന്നും കൃഷിക്കാരെ പിന്തിരിപ്പിക്കുന്നു.

ക്ഷീര വ്യവസായ സഹകരണ സംഘങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനം

പട്ടിക 1

സംഘത്തിന്റെ പേര്	ഉല്പാദകരുടെഎണ്ണം	കന്നുകാലികൾ	സംഘത്തിൽ എത്തുന്ന പാൽ (പ്രതിദിനം)	സംഘം പിൽപന നടത്തുന്ന പാൽ പഞ്ചായത്തിനുള്ളിൽ	പഞ്ചായത്തിനു പുറത്ത്
കേളകം	60	650	240 ലി.	80	160
ചെട്ടിയാംപറമ്പ്	40	800	120 ലി.	20	100
അടയ്ക്കാത്തോട്	50	700	180 ലി.	50	130

അവലംബം:- സംഘങ്ങളിൽ നിന്ന് നേരിട്ട് ശേഖരിച്ചിട്ടുള്ളത്. (1995 – 96)

സംഘങ്ങളിലുള്ള കഴിഞ്ഞകാല കണക്കുകൾ പരിശോധിച്ചാൽ മുൻകാലങ്ങളിൽ കൂടേരി ചെട്ടിയാംപറമ്പ്, അടയ്ക്കാത്തോട്, ശാന്തിഗിരി, വെള്ളൂന്നി തുടങ്ങിയ സ്ഥലങ്ങളിൽ പാൽ ഉൽപാദനം കൂടുതലായി ഉണ്ടായിരുന്നു. മുൻകാലങ്ങളിൽ 400 ലി. അധികം പാൽ സംഭരിച്ചിരുന്ന അടയ്ക്കാത്തോട് ക്ഷീരോൽപാദന സഹകരണ സംഘം പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നു.

സങ്കരയിനം പശുക്കളുടെയും ആടുകളുടെയും ലഭ്യത ഇവിടെ വളരെകുറവാണ്. ഏതു സാഹചര്യത്തിലും ഇണങ്ങി ജീവിക്കുവാനുള്ള കഴിവും മിതമായ തീറ്റയും മതിയായതിനാൽ ആടുകൃഷി വളരെ ആദായകരമാണ്. കേളകം കേന്ദ്രമാക്കി ഒരു ആടുവളർത്തൽ കേന്ദ്രം ആരംഭിച്ചാൽ നല്ലയിനം ആടുകളെ ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കാൻ കഴിയും.

പട്ടിക 2

കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

വളർത്തുമൃഗം	ആകെ എണ്ണം	കൃത്രിമബീജ സങ്കലനംനടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികംതവണ ബീജസങ്കലനം നടത്തേണ്ടിവന്നവ
പശു	2107	713	308
കിടാരി	781	212	178
എരുമ	89	36	17

കൃത്രിമ ബീജസങ്കലനം നടത്തുവാനുള്ള ബുദ്ധിമുട്ടുകൾ ഈ പഞ്ചായത്തിൽ ഇപ്പോഴും നിലനിൽക്കുന്നു. കേളകം, പൊയ്യമല എന്നീ പ്രദേശങ്ങളിൽ നിലവിൽ രണ്ട് I. C. D. P. സബ് സെൻററും ഉണ്ട്. ആവശ്യത്തിന് ചികിൽസാ സംവിധാനങ്ങളും ജീവനക്കാരും ഇല്ലാത്തതിനാൽ ഈ സ്ഥാപനത്തിൻെറ പ്രവർത്തനവും തൃപ്തികരമല്ല. ഈ പഞ്ചായത്തിൽ അടയ്ക്കാത്തോട്ടിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടമോ സ്ഥിരമായി ഡോക്ടറോ ഇല്ലാത്തതുകൊണ്ടും മൃഗാശുപത്രിയുടെ പ്രവർത്തനവും തൃപ്തികരമല്ല.

പ്രതിദിനം 10 ലിറ്റർ പാൽ കിട്ടുന്ന ഒരു പശുവിന് ഇപ്പോൾ 10,000 മുതൽ 12,000 രൂപ വരെ വിലയുണ്ട്. സംരക്ഷണചിലവ് എത്രയെന്ന് മനസ്സിലാക്കുന്നതിനു പുറമെ ഓരോ പ്രായത്തിൽ കുടാവിനു നൽകേണ്ട പാലിൻെറ അളവ് കാലിത്തീറ്റയുടെ തൂക്കം, വിരയ്ക്കുള്ള മരുന്ന് കൊടുക്കേണ്ട കാലം, പ്രതിരോധ കുത്തിവയ്പ്പ് നടത്തേണ്ട സമയം ഇവയും താഴെ പട്ടിക നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്.

പട്ടിക 3

ഒരു പശുക്കുട്ടി പശുവാകുന്നതുവരെയുള്ള സംരക്ഷണ ചിലവ്

പ്രായം മാസങ്ങളിൽ	ദിവസങ്ങളുടെ എണ്ണം	പാൽ അളവ്	പാൽ നിരക്ക്	പാൽ തുക	കാലിത്തീറ്റ തൂക്കം kg.	കാലിത്തീറ്റ നിരക്ക്	കാലിത്തീറ്റ തുക Rs.	പച്ചപ്പുല്ല് തൂക്കം kg.	പച്ചപ്പുല്ല് നിരക്ക്	പച്ചപ്പുല്ല് തുക Rs.	വിരക്കുള്ള മരുന്ന്	കുളമ്പുരോഗ കുത്തിവെപ്പ്	ധാതുമിശ്രിതം	ആകെ
1–ാംമാസം	31	4.ലി	9രൂപ	1116	0.100	5. 60	17.35	1	1.00	00	7.00			1140 35
2–ാംമാസം	28	4.ലി	9,,	1008	0.250	,, ,,	39.20	2	,, ,,	28	7.00			1082.20
3–ാംമാസം	31	3.ലി	9,,	837	0.400	,, ,,	69.45	3	,, ,,	62	7.00			975.00
4–ാംമാസം	30				0.500	,, ,,	84.00	5	,, ,,	90	7.00			181.00
5–ാംമാസം	31				0.750	,, ,,	130.20	6	,, ,,	155	7.00	6.00		298.20
6–ാംമാസം	30				1.000	,, ,,	168.00	7	,, ,,	180	7.00			355.00
7–ാംമാസം	31				1.250	,, ,,	217.00	8	,, ,,	217				434.00
8–ാംമാസം	31				1.500	,, ,,	260 40	9	,, ,,	248				508.40
9–ാംമാസം	30				1.750	,, ,,	294.00	10	,, ,,	270	15.00			579.00
10–ാംമാസം	31				1.800	,, ,,	312.50	11	,, ,,	310				622.50
11–ാംമാസം	30				1.900	,, ,,	319 20	12	,, ,,	330		6.00		655.20
12–ാംമാസം	31				2.000	,, ,,	347.20	13	,, ,,	372	15.00			734.20
13–ാംമാസം	31				2.000	,, ,,	347.20	14	,, ,,	403				750.20
14–ാംമാസം	28				2.000	,, ,,	313.60	15	,, ,,	392				705.00
15–ാംമാസം	31				2.250	,, ,,	390.60	16	,, ,,	465				855.60
16–ാംമാസം	30				2.250	,, ,,	378.00	16	,, ,,	480	15.00		45.00	915.00
17–ാംമാസം	[illegible]				2.250	,, ,,	390.60	17	,, ,,	527		6.00	45.00	968.00
18–ാംമാസം	30				2.250	,, ,,	378.00	18	,, ,,	540			45.00	963.00
19–ാംമാസം	31				2.250	,, ,,	390.60	19	,, ,,	589			45.00	1024.00
20–ാംമാസം	31				2.500	,, ,,	434.00	20	,, ,,	620	15.00		45.00	1114.00
21–ാംമാസം	30				2.500	,, ,,	420.00	20	,, ,,	600			45.00	1065.00
22–ാംമാസം	31				3.000	,, ,,	520.80	22	,, ,,	682			45.00	1247 80
23–ാംമാസം	30				3.000	,, ,,	504.00	22	,, ,,	660			60.00	1224.00
24–ാംമാസം	31				3.500	,, ,,	607.60	25	,, ,,	775		6.00	60 00	1448 60
25–ാംമാസം	31				3.500	,, ,,	607.60	25	,, ,,	775	15.00		60.00	1457.60
26–ാംമാസം	28				3.500	,, ,,	548.80	25	,, ,,	700			60.00	1308.80
27–ാംമാസം	31				3.500	,, ,,	607.60	25	,, ,,	775			60.00	1442.60
		ആകെ—2961			9097 50			11245	117.00		24.	615		24059.50

ഇൻഷ്വറൻസ് തുക പ്രീമിയം (1000രൂപക്ക്) 630.

ആകെ 24689.50

നമ്മുടെ നാട്ടിൽ 35 മുതൽ 45 വരെ മാസം പ്രായമാകുമ്പോഴാണ് സങ്കരയിനം പശുക്കൾ ആദ്യമായി പ്രസവിക്കുന്നത്. എന്നാൽ 27 മാസം വരെയുള്ള സംരക്ഷണ ചിലവ് മാത്രമേ കണക്കു കൂട്ടുകയുള്ളു.

പട്ടിക 4

വളർത്തുമൃഗങ്ങളും പക്ഷികളും

എണ്ണം	— 1981	— 1987	— 1996
പശു	— 2811	— 2961	— 2107
എരുമ	— 447	— 460	— 29
കന്നുകുട്ടികൾ	— 818	— 916	— 781
കാള, പോത്ത്	— 98	— 112	— 54
ആട്	— 1673	— 1863	— 2348
പട്ടി	— 2298	— 2741	— 3012
പന്നി	— 462	— 370	— 215
കോഴി	— 9814	— 10418	— 11278
താറാവ്	— 53	— 88	— 92

അവലംബം 1981, 87, 96 കന്നുകാലി സെൻസസ്

ഈ പഞ്ചായത്തിലെ പ്രധാന വളർത്തു പക്ഷിയാണ് കോഴി. നല്ലയിനം കോഴികുഞ്ഞുങ്ങളെ വിതരണം നടത്തുകയാണെങ്കിൽ കോഴി വളർത്തൽ വളരെ ആദായകരമായി നടത്താവുന്നതാണ്. മറ്റു സ്ഥലങ്ങളിൽ നിന്നും ധാരാളം കോഴിമുട്ടകൾ ഈ പഞ്ചായത്തിൽ വിപണനം നടത്തുന്നുണ്ട്.

പന്നി വളർത്തൽ ഈ പഞ്ചായത്തിൽ വിജയകരമായി നടത്താവുന്നതാണ്. 8 മുതൽ 16 മാസത്തിനുള്ളിൽ ഇവയിൽ നിന്നും വരുമാനം പ്രതീക്ഷിക്കാം. മുൻ കാലങ്ങളിൽ മുയൽ വളർത്തൽ വ്യാപകമായി നടത്തിയിരുന്നു. വേണ്ടത്ര സംരക്ഷണമില്ലായ്മയും, ശ്രദ്ധക്കുറവും കൊണ്ട് ഇവയുടെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വളരെപ്പെട്ടെന്ന് ഇണങ്ങി നിൽക്കുകയും, കാഴ്ചയിൽ കൗതുകം ജനിപ്പിക്കുകയും ചെയ്യുന്നതിനാൽ ഇവയെ ആളുകൾ ഇഷ്ടപ്പെടുന്നു.

നിലവിലുള്ള പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും, പാലിന്റെ വിലക്കുറവും.
2. ഗുണനിലവാരം കുറഞ്ഞ കാലിത്തീറ്റകൾ.
3. അശാസ്ത്രീയമായ തൊഴുത്തു നിർമ്മാണം.
4. തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവും, മേച്ചിൽസ്ഥലങ്ങളുടെ പരിമിതിയും.
5. വിദഗ്ധ ചികിത്സയുടെ കുറവും, പരിപാലനത്തിലെ അശ്രദ്ധയും.
6. മൃഗാസ്പത്രിയിലെ ജീവനക്കാരുടെ അഭാവം
7. കുത്തിവയ്ക്കുന്ന ബീജം ഗുണനിലവാരം പുലർത്തുന്നില്ല.
8. ഉദാരവ്യവസ്ഥയിൽ വായ്പ ലഭ്യമാകുന്നില്ല.
9. മാരക രോഗങ്ങൾക്കുള്ള കുത്തിവയ്പ് യഥാസമയം നടക്കുന്നില്ല.
10. കേളകം. പൊയ്യമല തുടങ്ങിയ I. C. D. P. സബ് സെൻറുകളിൽ ആവശ്യത്തിന് ജീവനക്കാരില്ല.
11. ഗോബർ ഗ്യാസ് പ്ലാൻറ് നിർമ്മാണത്തിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നില്ല.
12. അത്യുല്പാദനശേഷിയുള്ള ആട്, കോഴി, മുയൽ, പന്നി എന്നിവയെ ലഭിക്കുന്നില്ല.
13. നായ്ക്കളെ വളർത്തുന്നവർ അവയെ ശരിയായി നിയന്ത്രിക്കുന്നില്ല.

നിർദ്ദേശങ്ങളും സാധ്യതകളും

1. പഞ്ചായത്തിൽ ഇന്ന് ലഭ്യമാകുന്ന തേങ്ങാപിണ്ണാക്ക്, കശുമാങ്ങ ഉണക്കിയത്, കപ്പത്തണ്ട്, ഇല, തവിട് എന്നിവ സംഭരിച്ച് സഹകരണ മേഖലയിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്.

2. കാലിത്തീറ്റയുടെ ഗുണ നിലവാരം പരിശോധിക്കാൻ സ്ക്വാഡുകളെ രൂപീകരിക്കേതാണ്.

3. ശാസ്ത്രീയ രീതിയിലുള്ള തൊഴുത്തുകൾ നിർമ്മിക്കുവാൻ സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കുകയും, നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

4. സബ്സിഡി നൽകി കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

5. നല്ലയിനം തീറ്റപ്പുൽവിത്തുകളും റ്റളങ്ങളും ക്ഷീരസംഘങ്ങൾ വഴി വിതരണം നടത്തുക.
6. വൈക്കോൽ സംഭരിച്ച് വിതരണം ചെയ്യാൻ ക്ഷീരസംഘങ്ങളെ ചുമതലപ്പെടുത്തുക.

7. പച്ചപ്പുൽ ഉള്ള സമയത്ത്, ക്ഷാമകാലങ്ങളിൽ കൊടുക്കുന്നതിനായി ഉണക്കിവെക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

8. മൃഗാസ്പത്രിക്ക് സ്വന്തമായ കെട്ടിടവും, ആവശ്യത്തിന് ജീവനക്കാരെയും ഉടൻ അനുവദിക്കുക.

9. ആസ്പത്രിയിൽ നല്ലയിനം ബീജവും മരുന്നും ലഭ്യമാക്കണം. ചെട്ട്യാംപറമ്പ്, വെള്ളൂന്നി, വളയംചാൽ, പെരുന്താനം, ശാന്തിഗിരി എന്നീ സ്ഥലങ്ങളിൽ പുതുതായി I.C.D.P. സബ്സെൻറുകൾ ആരംഭിക്കണം.

10. പഞ്ചായത്തിൽ മറൈറാരു മൃഗാസ്പത്രിക്കുള്ള സാദ്ധ്യതകൂടി പരിശോധിക്കണം.

11. ആസ്പത്രിയുടെയും, സബ്സെൻറുകളുടേയും പ്രവർത്തനത്തിന് വികസന സമിതികൾ കാര്യക്ഷമമാക്കണം.

12. മൃഗചികിത്സാ രംഗത്ത് പാരമ്പര്യ നാടൻ, ഹോമിയോ ചികിത്സാരീതികളും ഉപയോഗപ്പെടുത്തണം.

13. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിൽ പഞ്ചായത്തിലെ മുഴുവൻ കന്നുകുട്ടികളെയും ഉൾപ്പെടുത്തണം.

14. മുഴുവൻ വീടുകളിലും കയറിയിറങ്ങി, കാലികൾക്ക് കുളമ്പുരോഗത്തിനും, കാലിവസന്തക്കും മറ്റു മാരക രോഗങ്ങൾക്കുമുള്ള കുത്തിവെയ്പ് വ്യാപകമാക്കണം. ഇതിന് ക്ഷീര സംഘങ്ങളുടെ സഹായം തേടാവുന്നതാണ്.

15. നല്ലയിനം ആടുകളായ ആൽപൈൻ, ആംഗ്ലോ ആബിയൻ, റോഗൻബർഗ്, ബീറൽ, ബാർബാരി, മലബാറി, ജംനാപാരി എന്നീ മികച്ച ഇനം ആടുകളെ വിതരണം ചെയ്യണം. ഇതിനായി ബീജസങ്കലന കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കാം

16. സബ്സിഡി നിരക്കിൽ കാലിത്തീറ്റ ക്ഷീര സംഘങ്ങൾവഴി വിതരണം നടത്തണം.

17. ശാന്തിഗിരി, വെള്ളൂന്നി, പൂക്കുണ്ട് എന്നീ സ്ഥലങ്ങളിൽ പാൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള സാധ്യത പരിശോധിക്കണം.

18. പാൽവില വർദ്ധിപ്പിക്കണം.

19. വാർഡുകളിൽ സഹകരണാടിസ്ഥാനത്തിൽ കോഴിവളർത്തൽ യൂണിറ്റ് ആരംഭിക്കണം.

20. പാൽ ഉല്പന്ന വിപണന യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

21. കന്നുകാലികൾക്ക് സൗജന്യ നിരക്കിൽ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

22. വന്യമൃഗങ്ങളിൽ നിന്നും വളർത്തുമൃഗങ്ങളെ സംരക്ഷിക്കുവാനുള്ള നടപടി സ്വീകരിക്കണം.

23. കന്നുകാലി വളർത്തൽ വ്യാപിക്കുന്നതോടൊപ്പം ഗോബർഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണത്തെ പ്രോൽസാഹിപ്പിക്കണം.

24. ക്ഷീരകർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തണം.

25. മേൽത്തരം നല്ലയിനം കാലികളെ ലഭ്യമാക്കുന്നതിനായി ഒരു കാലി വളർത്തൽ യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കണം.

26. കാലിവളർത്തലിനെപ്പറ്റിബോധവൽക്കരണം ആവശ്യമായതിനാൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

27. ആപ്കോസ് സംഘങ്ങൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ക്ഷീര സഹകരണ സംഘങ്ങൾക്കും നൽകണം.

28. മൾട്ടിപർപ്പസ്(Multipurpose) സൊസൈറ്റികൾ രൂപീകരിച്ച് മുട്ടയും, ഇറച്ചിയും വിതരണം ചെയ്യുകയും ഇറച്ചിക്കോഴി യൂണിറ്റ് തുടങ്ങുകയും ചെയ്യാം.

29. പഞ്ചായത്തിൽ കോഴിമുട്ട വിരിയിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.

30. പന്നിവളർത്തലിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

31. പേവിഷ നിർമ്മാജ്ജന പരിപാടിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ മുഴുവൻ പട്ടികളേയും കുത്തിവെയ്പ് നടത്തി ലൈസൻസ് നൽകണം.

32. നല്ല ഗുണനിലവാരമുള്ളതും രോഗബാധ ഇല്ലാത്തതുമായ മാംസം വിൽക്കുവാൻ ശ്രദ്ധിക്കണം.

മൽസ്യബന്ധനം

കടലോരമോ, കായലോരമോ ഇല്ലാത്ത പഞ്ചായത്തായതിനാൽ ഇവിടെ മൽസ്യബന്ധനത്തിന് വലിയ സാദ്ധ്യതകളില്ല. ഇവിടത്തെ ഭൂരിപക്ഷം ആളുകളും, സ്വകാര്യ കച്ചവടക്കാർ മാർക്കറ്റിൽ വിൽപന നടത്തുന്ന കടൽ മൽസ്യമാണ് ഉപയോഗിക്കുന്നത്. ശുദ്ധജല ലഭ്യതയുള്ള പ്രകൃതിദത്ത ജലാശയങ്ങളിലും, പുഴകളിലും, തോടുകളിലും, മൽസ്യ നിർമ്മിത ജലാശയങ്ങളിലും മീൻ വളർത്തൽ ആരംഭിക്കാവുന്നതാണ്. നാടൻ വലകളുടെയും, നഞ്ച്, തോട്ട എന്നിവയുടെയും അമിതമായ ഉപയോഗംമൂലം മൽസ്യ സമ്പത്ത് നശിച്ചതായികാണാം. ആദിവാസികളും മുൻകാലങ്ങളിൽ മൽസ്യ ബന്ധനം മുഖ്യ തൊഴിലാക്കിയിരുന്നു

പഞ്ചായത്തിൽ സ്വകാര്യ കുളങ്ങളിൽ മൽസ്യ കൃഷി നടത്തുന്നവർക്ക് ആവശ്യമായ പ്രോൽസാഹനം നൽകിയാൽ നല്ലയിനം മീനുകളെ സംരക്ഷിക്കാനാവും. 5-ഓളം സ്വകാര്യ കുളങ്ങളും ഇത്തരത്തിൽ പഞ്ചായത്തിലുണ്ട്. കൂടാതെ 67 പൊതു ജലസേചന കുളങ്ങളും 22 ജലസ്രോതസ്സുകളും പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി സ്ഥിതിചെയ്യുന്നു. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ മീൻ വളർത്തൽ നടത്തിയാൽ മൽസ്യ ബന്ധനത്തിലൂടെ നല്ലൊരു ആദായം ലഭ്യമാകുന്നതാണ്. പുഴകളിലുള്ള മത്സ്യങ്ങൾക്ക് രോഗംബാധിച്ചതായി കണ്ടിട്ടുണ്ട്. കീടനാശിനികളുടെ അമിത പ്രയോഗമാണ് ഇതിന് കാരണം.

സഹകരണസംഘം രൂപീകരിച്ച്, നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം നടത്തി സ്വകാര്യ കുളങ്ങളിൽ മത്സ്യകൃഷി ആരംഭിക്കാം. സാമ്പത്തികവും, സാങ്കേതികപരിജ്ഞാനവും മത്സ്യ കൃഷി നടത്തുന്നവർക്ക് ലഭ്യമാക്കണം. വിപണനസൗകര്യം കണ്ടെത്തി മൽസ്യം വിൽപന നടത്തുവാൻ പ്രത്യേകം കേന്ദ്രങ്ങൾ ആരംഭിക്കണം.

ഇപ്പോൾ പുറമേ നിന്ന് കൊണ്ടുവന്ന് മാർക്കറ്റിൽ വിൽക്കുന്ന പഴകിയതും, കേടുപാടുകൾ സംഭവിച്ചതുമായ മൽസ്യങ്ങളെ വിൽക്കുന്നത് തടയണം. അതുപോലെഅമിതവില ഈടാക്കുന്നതും ശ്രദ്ധിക്കേണ്ടതാണ്. തോട്ട, ചൂരിശ് എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയേണ്ടതാണ്. ഇതിന് പഞ്ചായത്തിൽ വാർഡു തോറും ബോധവൽക്കരണം ആവശ്യമാണ്.

പ്രജനനകാലത്ത് വംശനാശം സംഭവിക്കാതിരിക്കാൻ തവള, മൽസ്യം എന്നിവയെ പിടിക്കുന്നത് നിരോധിക്കണം. കൂടുതൽ ആളുകളെ മൽസ്യ കൃഷി നടത്തുവാൻ ഫിഷറീസ് വകുപ്പ് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകണം. മത്സ്യ ഉപയോഗം ഗണ്യമായി വർദ്ധിക്കുന്നതിനനുസരിച്ച്, ചെറുകിട മൽസ്യ കൃഷിയെ പ്രോൽസാഹിപ്പിച്ചാൽ മത്സ്യക്ഷാമം ഈ പഞ്ചായത്തിൽ ഒഴിവാക്കാൻ സാധിക്കും.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ കേളകം ഗ്രാമ പഞ്ചായത്തിലെ റിസോഴ്സ് പേഴ്സൺമാർ

പ്രൊഫസർ ശ്രീ. കെ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ

(സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ഗവ: ആർട്സ് കോളജ് മൊകേരി)

ജില്ലാതല റിസോഴ്സ് പേഴ്സൺമാർ

1 ശ്രീ. പി. കെ. മോഹനൻ മാസ്റ്റർ

2 ,, കുര്യൻ വള്ളിപ്പറമ്പിൽ

3 ,, വർക്കി പൊക്കത്തായി

4 ,, വി പി. ബിജു

5 ,, വ്യാസൻ മാസ്റ്റർ

6 ,, ഭാസ്കരൻ മാസ്റ്റർ

7 ,, സി. ടി. അനീഷ്

8 ,, ജോസ് കൊല്ലിയിൽ

9 ,, ജോൺ പടിഞ്ഞാലിൽ

10 ,, കെ. ജി. ജെയിംസ്

ശ്രീ വർക്കി പൊക്കത്തായി

(ജനറൽ കൺവീനർ)

കൂടാതെ പഞ്ചായത്തുതലത്തിൽ 45 റിസോഴ്സ് പേഴ്സൺമാരും സേവനരംഗത്തുണ്ട്.

5 - 3

വ്യവസായം

ജില്ലാ ആസ്ഥാനമായ കണ്ണൂരിൽനിന്നും 65KM കിഴക്കായി കർണ്ണാടക സംസ്ഥാനത്തോട് ചേർന്നു കിടക്കുന്ന ഒരു മലയോര കുടിയേറ്റ പഞ്ചായത്താണ് കേളകം. വൈവിധ്യമാർന്ന ഭൂപ്രകൃതിയുള്ള ഈ പഞ്ചായത്തിൽ 3170 കുടുംബങ്ങളിലായി 15787 ആളുകളും വസിക്കുന്നു.

77.92 Sq Km. വിസ്തീർണ്ണമുള്ള കേളകം പഞ്ചായത്ത് വ്യാവസായിക രംഗത്ത് വളരെയേറെ പിന്നിലാണ്. നാമമാത്രമായ സ്വയം തൊഴിൽ സംരംഭങ്ങളൊഴിച്ചു നിർത്തിയാൽ വൻകിട വ്യവസായ യൂനിറ്റുകളും ഒന്നുംതന്നെ ഇല്ല. 3100ൽപരം അഭ്യസ്തവിദ്യരായ യുവതീ യുവാക്കളും തൊഴിൽ രഹിതരായി ഈ പഞ്ചായത്തിലുണ്ട്. ഇവർക്കു മുഴുവനായി തൊഴിൽ കണ്ടെത്താൻ സാധിക്കില്ലെങ്കിലും 50% തൊഴിൽ രഹിതർക്കെങ്കിലും തൊഴിൽ കണ്ടെത്തുവാനുള്ള വ്യാവസായിക സംരംഭങ്ങളാരംഭിക്കുവാൻ ഈ പഞ്ചായത്തിലെ വിഭവങ്ങളും പര്യാപ്തമാണ്.

കാർഷികവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സമ്പദ്ഘടനയാണ് കേളകം പഞ്ചായത്തിനേറ്റത്. അതുകൊണ്ടുതന്നെ കാർഷികനാണ്യവിളകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾക്കാണ് മുൻതൂക്കം കൊടുക്കേണ്ടത്. പഞ്ചായത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, നാളികേരം, കശുവണ്ടി മുതലായവയും കാർഷിക വിളകളായ മരച്ചീനി, ഏത്തക്കായ് തുടങ്ങിയവയുടേയും സംസ്ക്കരണവും വിപണനവും വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു വ്യവസായ സംരംഭത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്.

ക്രമ നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടറിൽ	ഉദ്പാദനം ഹെക്ടറിൽ
1	റബ്ബർ	1034.38	950 Kg
2	നാളികേരം	920	8620 Nos
3	കശുവണ്ടി	1290.1	1200 Kg.
4	വാഴ	124	20,000 Kg.
5	മരച്ചീനി	60	20,000 Kg.

(അവലംബം: കൃഷിഭവൻ – Secondary Data Collection)

47

ഇത്രയേറെ വിഭവങ്ങളും മാനവശേഷിയും ഉണ്ടായിട്ടും അതിനനുസൃതമായ രീതിയിൽ ഈ പഞ്ചായത്തിൽ വ്യവസായങ്ങൾ പുരോഗമിക്കാതിരിക്കുവാൻ താഴെപറയുന്ന കാരണങ്ങൾ കണ്ടെത്തിയിരിക്കുന്നു.

(i) 1982 ജനവരി 26നു് പഞ്ചായത്തിൽ കൂടിവൈദ്യുതി കടന്നുപോയെങ്കിലും 9 വാർഡുകളുള്ളതിൽ 3എണ്ണത്തിൽ മാത്രമേ ഭാഗികമായെങ്കിലും വൈദ്യുതി ലഭ്യമായിട്ടുള്ളൂ.

(ii) അഭ്യസ്തവിദ്യരിൽ വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള അവബോധമില്ലായ്മ.

(iii) സാമ്പത്തിക സ്ഥാപനങ്ങളുടെ അപര്യാപ്തതയും സഹകരണമില്ലായ്മയും

(iv) അഭ്യസ്തവിദ്യരുടെ ഇടയിലുള്ള സ്വയംതൊഴിൽ വിമുഖതയും സർക്കാർ ജോലിയോടുള്ള അമിതമായ അഭിവാഞ്ഛയും.

(v) വ്യവസായ സംരംഭകർക്കു് മതിയായ പ്രോത്സാഹനം കൊടുക്കാനുള്ള സാമൂഹ്യമനസ്ഥിതി ഇല്ലായ്മ.

(vi) ഉപഭോഗസംസ്ക്കാരത്തിലെ കാതലായ വ്യതിയാനത്തിന്റെ ഭാഗമായി പ്രാദേശിക ഉല്പന്നങ്ങളോടുള്ള താല്പര്യമില്ലായ്മയും വൻ കുത്തക സംരംഭങ്ങളുടെ ഉല്പന്നങ്ങളോടുള്ള ആഭിമുഖ്യവും.

(vii) വ്യവസായ സംരംഭകർക്കു് ഗവൺമെന്റ് ഗ്രീൻചാനൽ സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രായോഗിക തലത്തിൽ സംരംഭകനു് വളരെയേറെ സങ്കീർണ്ണതകളും അനുഭവപ്പെടുന്നു.

(viii) ആരോഗ്യപരമായ തൊഴിൽ-വ്യവസായ സംസ്ക്കാരം വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

(ix) ഭീമമായ സാമ്പത്തിക മുതൽമുടക്കോടെ വ്യവസായം ആരംഭിച്ചുകഴിഞ്ഞാൽ ഭാവിയിലുണ്ടായേക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ആശങ്ക.

(x) സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും അവ ആർജ്ജിക്കാനുള്ള സൗകര്യങ്ങളുടെ അപര്യാപ്തയും.

(xi) വ്യവസായ സംരംഭകക്കു് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ഏകീകരണമില്ലായ്മ.

പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ

ക്രമ നമ്പർ	വ്യവസായം	തൊഴിലാളികളുടെ എണ്ണം			യൂനിറ്റുകളുടെ എണ്ണം
		പുരുഷൻ	സ്ത്രീ	ആകെ	
1	നാളികേരം	8	—	8	5
2	തടിവ്യവസായം	25	—	25	7
3	എഞ്ചിനീയറിംഗ്	14	—	14	8
4	അച്ചടി	3	6	9	3
5	ഫാബ്രിക്കേഷൻ	3	—	3	3
6	റബ്ബർ	2	—	2	1
7	പരമ്പരാഗത കുടിൽവ്യവസായം	30	18	48	25
8	ചെങ്കൽ, കരിങ്കൽ	450	150	600	7
9	മറ്റുള്ളവ	7	—	7	15
	ആകെ	542	174	716	

ചെറുകിട വ്യവസായം					പരമ്പരാഗത കുടിൽ വ്യവസായം			
ക്രമ നമ്പർ	വ്യവസായം	യൂനിറ്റുകളുടെ എണ്ണം	പു	സ്ത്രീ	വ്യവസായം	യൂനിറ്റുകളും	പു	സ്ത്രീ
1	തടിവ്യവസായം	7	25	—	കളിമൺ	1	1	2
2	നാളികേരം	5	8	—	കമ്പിളി	1	2	4
3	എഞ്ചിനീയറിംഗ്	8	14	—	കൂട്ട, വട്ടി	3	8	15
4	റബ്ബർ	1	2	—	പപ്പടം	1	1	2
5	അച്ചടി	3	3	6	ബേക്കറി	5	5	—
6	ഫാബ്രിക്കേഷൻ	3	3	—	സോഡ	2	2	—
7	കശുവണ്ടി	1	—	10	കർപ്പൂരം	1	1	—
8	മറ്റുള്ളവ	8	4 89	151	ഇരുമ്പ്, സ്വർണ്ണം	17	17	—

(അവലംബം – Secondary Data Cellection)

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 പ്രമ്പാരാഗത കുടിൽ വ്യവസായങ്ങളും—കൂട്ടനെയ്ത്ത്, പായ്നെയ്ത്ത്
2 കശുമാങ്ങ – പൈനാപ്പിൾ സംസ്ക്കരണം
3 കശുവണ്ടി സംസ്ക്കരണം
4 പാൽ സംസ്ക്കരണം
5 കൊപ്ര, തൊണ്ട് സംസ്ക്കരണം
6 വനിതാസംരംഭങ്ങളും—ഏത്തക്കായ്, ചക്ക എന്നിവ ഉപയോഗിച്ചുള്ള മധുരപലഹാരങ്ങളും
7 മെഴുകുതിരി നിർമ്മാണം
8 റബ്ബർ അധിഷ്ഠിത വ്യവസായം
9 കാലിത്തീറ്റ സംസ്ക്കരണം
10 ചെങ്കൽ – കരിങ്കൽ മേഖലാവികസനം
11 ഹോളോബ്രിക്സ്
12 കേബിൾ ടി. വി. നെറ്റ്വർക്ക്
13 ഖാദി കൈത്തറി യൂനിറ്റ്
14 അടയ്ക്ക സംസ്ക്കരണ യൂനിറ്റ്
15 റബ്ബർത്തടി സംസ്ക്കരണം
16 ടൂറിസം
17 അലക്കുസോപ്പ്
18 കരകൗശല വസ്തു നിർമ്മാണം — ചിരട്ട, പാഴ്മരങ്ങൾ
19 റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
20 പന്നി — കോഴിവളർത്തൽ
21 തേനീച്ചവളർത്തൽ

22 ബേക്കറി
23 ബുക്ക് ബൈൻഡിംഗ്
24 ഓർക്കിഡ്
25 നഴ്സറികൾ
26 ഓട്ടോമൊബൈൽ
27 തീപ്പെട്ടിനിർമ്മാണം

പദ്ധതി നിർദ്ദേശങ്ങൾ:

I A റബ്ബറും റബ്ബർഉല്പന്നങ്ങളും

കേളകം പഞ്ചായത്തിലെ ഏറ്റവും പ്രധാന ഉല്പന്നമായ റബ്ബർപാൽ സംസ്കരിച്ചു തുടങ്ങാൻ കഴിയുന്ന വ്യവസായ യൂനിറ്റുകൾക്ക് വൻ സാദ്ധ്യതയുണ്ട്. ചങ്ങനാശ്ശേരിയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുള്ള 'Changanassery Rubber & Plastic Common Facilities Centre' മാതൃകയിലുള്ള ഒരുസ്ഥാപനം കേളകത്ത് ആരംഭിച്ചാൽ അത് വളരെയധികം തൊഴിൽ സാദ്ധ്യതകളുള്ള ഒരു മേഖലയാക്കി വളർത്തിയെടുക്കാൻ കഴിയും. നൂതന സാങ്കേതിക വിദ്യ കൈമുതലായുള്ള ഒരു Mother Unit ആയി ഇതിനു പ്രവർത്തിക്കാൻ കഴിയണം. താഴെപറയുന്ന കാര്യങ്ങൾ Mother Unit പരിധിയിൽ വരണം.

(a) അസംസ്കൃത വസ്തുക്കളുടെ സമാഹരണവും വിതരണവും,
(b) സാങ്കേതിക പരിശീലനം,
(c) വിപണനം,
(d) സമഗ്ര സംഘാടകത്വം.

വനിതാ പങ്കാളിത്തവും കൂടി ഉറപ്പുവരുത്താൻ കഴിയുന്ന റബർപാലുല്പന്നങ്ങളായ റബർബാൻറ്, ഫിംഗർക്യാപ്, ബലൂൺ ചവിട്ടി, സോൾ എന്നിവയുടെ നിർമ്മാണവും വിപണനവും മേൽപ്പറഞ്ഞ സംവിധാനത്തിൽ ഫലപ്രദമായി ചെയ്യാൻ കഴിയും.

B റബർത്തടി സംസ്കരണയൂനിറ്റ്

കെട്ടിടനിർമ്മാണ രംഗത്തും ഫർണ്ണിച്ചർ നിർമ്മാണ രംഗത്തും ഉള്ള ദ്രുതഗതിയിലുള്ള പുരോഗതി കണക്കിലെടുത്ത് റബർത്തടി സംസ്കരണം ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്. രാസപദാർത്ഥങ്ങളുപയോഗിച്ചുള്ള റബർത്തടി സംസ്കരണംകൊണ്ട് അവയുടെ ഈടും ഗുണമേന്മയും ഉറപ്പുവരുത്താൻ കഴിയും. ഇതിനാവശ്യമായ റബർത്തടി പഞ്ചായത്തിൽ സുലഭമാണ്.

II നാളികേരവും ഉപോല്പന്നങ്ങളും

പഞ്ചായത്തിലെ രണ്ടാമത്തെ പ്രധാന ഉൽപ്പന്നമായ നാളികേരം ഉപയോഗിച്ച് വിവിധ വ്യവസായ സംരംഭങ്ങൾക്ക് തുടക്കമിടാൻ കഴിയും.

A പഞ്ചായത്തു തലത്തിൽ ഒന്നോ രണ്ടോ Coconut Drier Unit തുടങ്ങുക. ഉൽപാദിപ്പിക്കപ്പെടുന്ന നാളികേരം സംസ്കരിക്കാനുള്ള ഒരു കേന്ദ്രീകൃത യൂനിറ്റായി പ്രവർത്തിക്കുകയും അതുവഴി നാളികേരത്തിന് ന്യായമായ വില നേടിയെടുക്കാനും കൂടുതൽ ആളുകൾക്ക് തൊഴിൽ പ്രധാനം ചെയ്യുവാനും ഇത് സഹായിക്കുന്നു. ഇത്തരം കേന്ദ്രീകൃത യൂനിറ്റുകളിൽനിന്നും പുറത്തുവരുന്ന കൊപ്ര ഉപയോഗിച്ച് വെളിച്ചെണ്ണ ഉല്പാദിപ്പിക്കാനാവശ്യമായ കൊപ്ര സംസ്കരണ യൂനിറ്റ് സ്ഥാപിക്കുക. ഇവയ്ക്ക് വിപണി കണ്ടെത്താൻ പ്രയാസമില്ല.

B തൊണ്ട് സംസ്കരണം

യന്ത്രവൽകൃത തൊണ്ട് സംസ്കരണ യൂനിറ്റുകൾ സ്ഥാപിക്കുക.

III കര കൗശല യൂനിറ്റ്

ചിരട്ട, പാഴ്ത്തടി, വാഴനാര് ഇവ ഉപയോഗിച്ചുള്ള ഒരു കരകൗശല നിർമ്മാണ യൂനിറ്റ് വനിതാ സംരംഭമായി ഉപയോഗിക്കാവുന്നതാണ്.

IV കാലിത്തീറ്റ യൂനിറ്റ്

കേളകം പഞ്ചായത്തിൽ സുലഭമായ മരച്ചീനി, ചക്ക, കശുമാങ്ങ, പിണ്ണാക്ക്, (വെളിച്ചെണ്ണയുടെ ഉപോല്പന്നം) തവിട് എന്നിവ ഉപയോഗിച്ചുള്ള ഒരു

കാലിത്തീറ്റ യൂനിറ്റ് ചെറുകിട വ്യവസായ സംരംഭമായി ആരംഭിക്കാവുന്നതാണ്.

V വനിതാ വ്യവസായ യൂനിറ്റുകൾ

ബേക്കറി സാധനങ്ങൾ, ചക്ക, മാങ്ങ എന്നിവ ഉപയോഗിച്ചുള്ള മധുരപലഹാരങ്ങൾ, പാനീയം എന്നിവയുടെ നിർമ്മാണവും വിപണനവും ഒരു വനിതാ സഹകരണ സംഘത്തിന്റെ കീഴിൽ കൊണ്ടുവരാൻ കഴിയും.

VI ചെങ്കല്ല് നിർമ്മാണം

ചെങ്കൽ ശ്രോതസ് ധാരാളമുള്ള ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി ധാരാളം തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവരുടെ സേവന വേതന വ്യവസ്ഥകൾ ഏകോപിപ്പിച്ച് ഒരു സഹകരണ മേഖലയിൽ കൊണ്ടുവരികയും ചെങ്കല്ലിന്റെ ഉല്പാദന ക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിക്കുകയും അതുവഴി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

VII കരിങ്കൽ യൂനിറ്റ്

കരിങ്കല്ല് മേഖലയിൽ പൊയ്യമല, അടയ്ക്കാത്തോട് എന്നിവിടങ്ങളിലായി 2 യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചെട്ടിയാംപറമ്പ്, പൂവത്തുംചോല, വെള്ളൂന്നി പ്രദേശങ്ങളിൽ കരിങ്കല്ല് സുലഭമായതുകൊണ്ട് വനിതകൾക്കുള്ള DWCRA യൂനിറ്റ് ആരംഭിക്കാവുന്നതാണ്.

VIII ചുടുകട്ട നിർമ്മാണം

കൃഷിക്കുപയുക്തമായ മേൽമണ്ണ് ഉപയോഗിക്കാതെതന്നെ ചുടുകട്ട നിർമ്മാണത്തിനാവശ്യമായ മണ്ണും വിറകും സുലഭമായതുകൊണ്ട് നാടൻ ചുടുകട്ട നിർമ്മാണം ലാഭകരമായ ഒരു വ്യവസായമായി ആരംഭിക്കാവുന്നതാണ്.

IX പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ചെറിയ തോതിൽ മൺപാത്ര നിർമ്മാണം നടന്നുവരുന്നുണ്ട്. എന്നാൽ വേണ്ടത്ര പ്രോൽസാഹനവും സാമ്പത്തിക സഹായകവും ലഭിക്കാത്തതുകൊണ്ട് വളർച്ച മന്ദീഭവിച്ച അവസ്ഥയിലാണ്. അതുപോലെതന്നെ ചൂരൽ, ഈറ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന കൂട്ട, വട്ടി, മുറം, കൂട എന്നിവയ്ക്ക് വിപുലമായ വിപണന സാദ്ധ്യത ഉണ്ടെങ്കിൽതന്നെയും ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തത വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഇവയെ പുനരുദ്ധരിക്കാൻ പരമ്പരാഗത കുടിൽ വ്യവസായങ്ങളെ സഹകരണ മേഖലയിൽ കൊണ്ടുവരികയും എല്ലാവിധ പ്രോൽസാഹനങ്ങളും നൽകുകയും ചെയ്യണം.

X കശുമാങ്ങാ സംസ്കരണം

ജാം, സ്ക്വാഷ് എന്നിവ ഉല്പാദിപ്പിക്കാൻ 1500 ഹെക്ടറിലെ കശുമാങ്ങ ഉപയോഗിക്കാവുന്നതാണ്.

XI ടൂറിസം

A പാലുകാച്ചിമല ടൂറിസ്റ്റ് സെൻറർ

കേളകം പഞ്ചായത്തിൽ 5-ാം വാർഡിൽ ശാന്തിഗിരിയോട് തൊട്ടുകിടക്കുന്ന പാലുകാച്ചിമലയിൽ ടൂറിസം വികസനത്തിന് അനന്തസാദ്ധ്യതകളുണ്ട്. ചരിത്രപ്രസിദ്ധമായ കൊട്ടിയൂർ ശിവക്ഷേത്രത്തിന്റെ ഐതിഹ്യമുറങ്ങിക്കിടക്കുന്ന പാലുകാച്ചിയിൽ വിദേശികളടക്കമുള്ള ടൂറിസ്റ്റുകളെയും വൈശാഖ മഹോൽസവത്തോടനുബന്ധിച്ച് എത്തുന്ന ലക്ഷക്കണക്കായ തീർത്ഥാടകരെയും ഹഠാദാകർഷിക്കാൻ പര്യാപ്തമായ രീതിയിൽ പ്രകൃതി രമണീയമാണ്. സമുദ്ര നിരപ്പിൽനിന്ന് ഏകദേശം 3000അടി ഉയരത്തിൽ പശ്ചിമഘട്ട മലനിരകളെ തൊട്ടുരുമ്മിക്കിടക്കുന്ന ഈ ഗിരി ശൃംഗങ്ങൾ വശ്യസുന്ദരമായ മനോഹാരിത പകരുന്നു. പ്രസ്തുത മേഖല ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതി

നാവശ്യമായ വിശദമായ പഠനവും പശ്ചാത്തല സൗകര്യങ്ങളേർപ്പെടുത്തുകയും ചെയ്യുകൊണ്ട് ഈ പദ്ധതിയെ വിജയത്തിലെത്തിക്കാവുന്നതാണ്.

B വെള്ളൂന്നിയിലെ സ്വപ്നഗിരി ടൂറിസ്റ്റ് റിസോർട്ട്

കേളകം പഞ്ചായത്തിൽ 9–ാം വാർഡിൽ കണിച്ചാർ പഞ്ചായത്തിൽ ഏലപ്പീടിക ഭാഗത്തോടുചേർന്നുകിടക്കുന്ന നിബിഡ വനങ്ങളും പുൽമേടുകളും നിറഞ്ഞപ്രദേശമാണ് സ്വപ്നഗിരി ടൂറിസ്റ്റ് റിസോർട്ട് സൗന്ദര്യാരാധകരെ ആകഷ്ടിക്കാൻ പര്യാപ്തമായ നയനമനോഹരമായ വിദൂരകാഴ്ചകളും ഈ പ്രദേശം സംഭാവന ചെയ്യുന്നു. കോടമഞ്ഞിന്റെ ആർദ്രതയും കാനനഭംഗിയും ഇളം കാറ്റിന്റെ തലോടലും തങ്ങിനിൽക്കുന്ന ഈ പ്രദേശം ടൂറിസ്റ്റുകൾക്ക് ഏറെ ഹരം പകരുന്നതാണ്. ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ മനോഹരമായ ഒരു ടൂറിസ്റ്റ് കേന്ദ്രം ഇവിടെ വികസിപ്പിച്ചെടുക്കാൻ കഴിയും.

XII വൈദ്യുതി സംരക്ഷണം

കേളകം പഞ്ചായത്തിന്റെ വ്യാവസായിക വികസനത്തിനാവശ്യമായ ഊർജ്ജ സ്രോതസ് കണ്ടെത്തുന്നതിനുവേണ്ടി നിലവിൽ നിർദ്ദേശം നൽകിയിട്ടുള്ള **'രാമച്ചി മിനി ജലവൈദ്യുത പദ്ധതി** യുടെ നിർമ്മാണ പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തേണ്ടതാണ്. കൂടാതെ സ്വപ്നഗിരിക്ക് സമീപസ്ഥലത്ത് കാറ്റിൽ നിന്ന് വൈദ്യുതി നിർമ്മിക്കുന്നതിനുള്ള സാധ്യതകളുണ്ട്. അവയെ ഫലപ്രദമായി വിനിയോഗിക്കാനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

Mini Industrial Focal Point:

വ്യവസായ സംരംഭത്തിനു സഹകാര്യ സഹകരണ മേഖലയിൽ ആവശ്യമായ പശ്ചാത്തല സൗകര്യത്തിന്റെ അപര്യാപ്തത ഈ പഞ്ചായത്തിലുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ കേന്ദ്രീകൃത ലഭ്യത ഉറപ്പാക്കുന്നതിനു വേണ്ടി കേളകം പഞ്ചായത്തിൽ 5 ഏക്കർ സ്ഥലം **Mini Industrial Focal Point** ആയി രൂപീകരിക്കണം.

പരിഹാര നിർദ്ദേശങ്ങൾ

1. കേളകം പഞ്ചായത്തിലെ 9 വാർഡുകളും വൈദ്യുതീകരിക്കാനാവശ്യമായ നടപടികളും സ്വീകരിക്കുക.
2. പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം സ്കൂളുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാമുഖ്യം കൊടുക്കേണ്ടതാണ്.
3. പഞ്ചായത്തുതലത്തിൽ വിദഗ്ദരടങ്ങിയ വ്യവസായ സമിതി രൂപീകരിക്കുക. ഈ സമിതിയുടെ നേതൃത്വത്തിൽ ബോധവൽക്കരണ സെമിനാറുകളും, ശില്പശാലകളും സംഘടിപ്പിക്കണം. അതുവഴി വ്യവസായ സംരംഭകരെ സൃഷ്ടിക്കാനും ആരോഗ്യപരമായ ഉപഭോഗസംസ്കാരം വളർത്തിയെടുക്കാനും കഴിയും.
4. വ്യവസായ സംരംഭകർക്ക് വായ്പ ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളും ലഘൂകരിക്കുക, കേളകം പഞ്ചായത്തിൽ ഒരു **Nationlised Commercial Bank** സ്ഥാപിക്കുക.
5. വ്യവസായ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ഏകീകരണം നടത്തുക.

ഉപസംഹാരം:—

വ്യാവസായികമായി അനന്ത സാദ്ധ്യതകളുള്ള കേളകം പഞ്ചായത്തിൽ കേവലം 1% ആളുകളും മാത്രമെ ഇപ്പോളും ഈ മേഖലയുമായി ബന്ധപ്പെട്ടുള്ളു. ഈ മേഖലയിൽ ലഭ്യമായ വിഭവങ്ങളെ ശാസ്ത്രീയമായി ചൂഷണം ചെയ്യുകൊണ്ട് മുകളിൽ പറഞ്ഞ നിർദ്ദേശങ്ങളും ദീർഘ വീക്ഷണത്തോടെ നടപ്പിലാക്കിയാൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനും സർവ്വോപരി സാമൂഹിക — സാംസ്ക്കാരിക — സാമ്പത്തിക ഉന്നമനത്തിനും ഉതകുന്നതാണ്. കൂടാതെ കാർഷിക ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനും അതുവഴി കാർഷിക മേഖലയെ പരിപോഷിപ്പിക്കാനും കഴിയും തൊഴിൽസംരംഭകർക്ക് ആവശ്യമായ സാമൂഹ്യ പശ്ചാത്തലം ഒരുക്കികൊടുക്കുകയും ചെയ്താൽ ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന വ്യാവസായിക പിന്നോക്കാവസ്ഥയും തൊഴിലില്ലായ്മയും സാമ്പത്തികപരാധീനതയും ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ★

5-4

വിദ്യാഭ്യാസം

വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിനും ആരോഗ്യകരമായ സാമൂഹ്യബന്ധം നിലനിർത്തുന്നതിനും സമഗ്രമായ വ്യക്തിത്വ വികാസത്തിനും ഉതകുന്നതാകണം വിദ്യാഭ്യാസം. സർവ്വോപരി സമൂഹത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും ആവശ്യമായ ഉൽപ്പാദനം നടത്തുന്നതിന് വ്യക്തിയെ പ്രാപ്തനാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിദ്യാഭ്യാസം എന്നത് വ്യക്തിയുടെ ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രക്രിയയാണ് അതുകൊണ്ടു തന്നെ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും സാമൂഹ്യ വ്യവസ്ഥിതിയിൽ ഉയർന്ന പരിഗണന അർഹിക്കുന്നു.

കേളകം പഞ്ചായത്തിൽ നാൽപ്പതുകളിൽ കുടിയേറ്റം ആരംഭിക്കുമ്പോൾ ഈ പ്രദേശം ആദിവാസികൾ മാത്രമുള്ള വനഭൂമിയായിരുന്നു. ഗോത്ര സംസ്കൃതി നിലനിന്നിരുന്ന ഈ പ്രദേശത്ത് ആധുനിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നതേയില്ല. ആ കാലഘട്ടത്തിൽ വിദ്യാവാമൊഴിയായി പകർന്നു നൽകിയിരുന്നതാണ്. സാക്ഷരരും നാമമാത്രമായെങ്കിലും വിദ്യാസമ്പന്നരുമായ കുടിയേറ്റ സമൂഹമാണ് ആധുനിക വിദ്യാഭ്യാസത്തിന്റെ വിത്ത് പാകിയത്. അവർ ആശാൻ കളരികൾ സ്ഥാപിക്കുകയും തുടർവിദ്യാഭ്യാസത്തിനുവേണ്ടി ദൂര സ്ഥലങ്ങളെ ആശ്രയിക്കുകയും ചെയ്തു.

1950 സെപ്തംബർ 1-ാം തിയ്യതി K.C ഗോപാലൻനായർ എന്ന അക്ഷരസ്നേഹി കേളകത്തിനടുത്ത് മഞ്ഞളാംപുറത്ത് പുല്ലുമേഞ്ഞ ഒരു ഷെഡ്ഡിൽ ആരംഭിച്ച, ഇപ്പോഴത്തെ മഞ്ഞളാംപുറം യു. പി. സ്കൂളാണ് ഈ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം. ഇന്ന് ഈ വിദ്യാലയം തലശ്ശേരി അതിരൂപതയുടെ കീഴിലാണ്.

1961ൽ ചെട്ടിയാംപറമ്പിൽ K. R. അയ്യപ്പൻകുഞ്ഞ് സംഭാവന ചെയ്ത സ്ഥലത്ത് ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്തിലെ ആദ്യ സർക്കാർ സ്കൂൾ സ്ഥാപിതമായി. അടുത്ത വർഷം അടയ്ക്കാത്തോട് എന്ന സ്ഥലത്ത് മറ്റൊരു സർക്കാർ സ്കൂൾ പ്രവർത്തനമാരംഭിച്ചു. 1964ൽ പെരുമ്പാവൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ ഉടമസ്ഥതയിലും റവ. ഫാദർ ഗീവർഗീസ് ആത്തുങ്കലിന്റെ നേതൃത്വത്തിലും പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ സ്ഥാപിതമായി. 1974ൽ കോളിത്തട്ട് എന്ന സ്ഥലത്ത് പള്ളിവാതുക്കൽ ജോസഫ് നൽകിയ സ്ഥലത്ത് ഒരു ഗവ. L. P. സ്കൂൾ കൂടി പ്രവർത്തനമാരംഭിച്ചു. 1979-ൽ മലങ്കര കത്തോലിക്കാ സഭയുടെ കീഴിൽ കേളകത്ത് ആരംഭിച്ച ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് സ്കൂളിന് 1992-ൽ സർക്കാർ അംഗീകാരം നൽകി. 1981-ൽ അടയ്ക്കാത്തോട്ടിൽ തലശ്ശേരി രൂപതയുടെ കീഴിൽ രണ്ടാമത്തെ ഹൈസ്ക്കൂൾ ആരംഭിച്ചു. 1982-ൽ വെള്ളൂന്നിയിൽ മാനന്തവാടി രൂപതയുടെ കീഴിൽ ഒരു L. P. സ്ക്കൂളും പ്രവർത്തനമാരംഭിച്ചു. കേളകം പഞ്ചായത്തിൽ ആകെയുള്ള രണ്ട് ഹൈസ്ക്കൂളുകളിലും നാല് യു.പി സ്ക്കൂളിലും രണ്ടു എൽ. പി സ്ക്കൂളിലും കൂടി 3679 വിദ്യാർത്ഥികൾ പഠിക്കുന്നു.

പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുസ്ഥിതി

സ്കൂളിന്റെ പേര്	H. S., U. P., L. P	സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം				സ്കൂളും സ്ഥലത്തിന്റെ വിസ്തീർണ്ണം	കളി സ്ഥലത്തിന്റെ വിസ്തീർണ്ണം	ഉപയോഗിക്കാൻ കഴിയുന്ന സ്ഥലം	മറ്റു കാര്യങ്ങൾ
		ഗവ:	എയ്ഡഡ്	ആണ്—എയ്ഡഡ്	അംഗീകാരം കിട്ടിയിരുന്നത്	ആൺ	പെൺ	ആകെ	ആൺ	പെൺ	ഒഴിവുകളുടെ എണ്ണം	ദീർഘകാല അവധിയിലുള്ളവർ			
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1 സെൻറ് ജോസഫ് ഹൈസ്കൂൾ, അടയ്ക്കാത്തോട്.	H. S.	—	✓	—	—	176	191	367	8	10	—	—	$3\frac{1}{2}$ ഏക്ര	40 സെൻറ്	—	ചുറ്റുമതിൽ ഇല്ല
2 സെൻറ് തോമസ് H. S. കേളകം	H. S.	—	✓	—	—	428	424	852	19	15	—	—	5 ഏക്ര	$2\frac{1}{2}$ ഏക്ര	1 ഏക്ര	ചുറ്റുമതിൽ ഇല്ല
3 ഗവ. യു. പി. സ്കൂൾ അടക്കാത്തോട്	U. P.	✓	—	—	—	272	268	540	8	6	2	—	2 ഏക്ര	$\frac{1}{2}$ ഏക്ര	1 ഏക്ര	ചുറ്റുമതിൽ ഇല്ല
4 എയ്ഡഡ് യു. പി. സ്കൂൾ മഞ്ഞളാം പുറം	U. P.	—	✓	—	—	430	453	883	6	22	—	—	$2\frac{1}{2}$ ഏക്ര	$\frac{1}{2}$ ഏക്ര	—	—
5 ഗവ. യു. പി. സ്കൂൾ ചെട്ടിയാം പറമ്പ്	U. P.	✓	—	—	—	196	198	394	8	6	3	—	$1\frac{1}{2}$ ഏക്ര	$\frac{1}{2}$ ഏക്ര	20 സെൻറ്	ചുറ്റുമതിൽ ഇല്ല
6 ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് സ്കൂൾ കേളകം	U. P.	—	—	✓	—	170	127	297	—	21	—		3 ഏക്ര	45 സെൻറ്	—	—
7 പ്രൊവിഡൻസ് എൽ. പി. സ്കൂൾ വെള്ളൂന്നി	L. P.	—	✓	—	—	120	122	242	3	4			$1\frac{1}{2}$ ഏക്ര	ഇല്ല	1 ഏക്ര	ചുറ്റുമതിൽ ഇല്ല
8 ഗവ. L. P. സ്കൂൾ കോളിത്തട്ട്	L. P.	✓	—	—	—	46	58	104	3	—	1	—	1 ഏക്ര	ഇല്ല	$\frac{3}{4}$ ഏക്ര	ചുറ്റുമതിൽ ഇല്ല

പ്രശ്നങ്ങൾ

1 ഭൗതിക സാഹചര്യങ്ങൾ

(1) പ്രൈമറി വിദ്യാലയങ്ങൾ:

പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളിൽ ലിറ്ററിൽ ഫ്ളവർ ഇംഗ്ലീഷ് സ്കൂളൊഴികെ മറ്റു സ്കൂളുകളുടെ കെട്ടിടങ്ങളും താൽക്കാലികങ്ങളൊ അർദ്ധസ്ഥിരങ്ങളോ ആണ്. ഭൂരിപക്ഷം സ്കൂളുകളിലും ക്ലാസ് മുറികളും വേർതിരിച്ചിട്ടില്ല. ഗവ. മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് സ്കൂളുകളിലും കുടിവെള്ളം ലഭ്യമല്ല. കോളിത്തട്ട് ഗവ. L. P. സ്കൂളിന് നാല് ഡിവിഷൻ മാത്രമാണുള്ളതെങ്കിലും ആവശ്യത്തിനുള്ള ക്ലാസ്മുറികളോ സ്റ്റാഫ്മുറിയോ അത്യാവശ്യ ഫർണിച്ചറോ ഇല്ല. മൂത്രപ്പുരയോ കക്കൂസോ ഇല്ലാത്ത ഏക വിദ്യാലയവും ഇതാണ്. മറ്റു സ്കൂളുകളിൽ മേൽപ്പറഞ്ഞ സൗകര്യങ്ങളും നാമമാത്രമാണ്. വൈദ്യുതീകരിച്ചിട്ടുള്ള പ്രാഥമിക വിദ്യാലയങ്ങളും മഞ്ഞളാംപുറം U. P. സ്കൂളും ലിറ്ററിൽ ഫ്ളവർ ഇംഗ്ലീഷ് സ്കൂളും മാത്രമാണ്.

കോളിത്തട്ട് ഗവ. L. P. സ്കൂളും 'അൺ ഇക്കണോമിക്' സ്കൂളായി പ്രഖ്യാപിച്ച് നിർത്തലാക്കാൻ നടപടികളും സ്വീകരിച്ചിരുന്നു. ഈ വിദ്യാലയം നിർത്തലാക്കിയാൽ ഏറ്റവും കുറഞ്ഞത് 10 K. M. കാൽനടയായി സഞ്ചരിച്ചുവേണം ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് അടുത്ത പ്രഥമിക വിദ്യാലയത്തിലെത്താൻ.

കായിക വിദ്യാഭ്യാസം പരമപ്രധാനമായ ഒന്നാണെങ്കിലും മതിയായ കളിസ്ഥലമോ മറ്റു സൗകര്യങ്ങളോ മിക്ക സ്കൂളുകളിലുമില്ല. ഗവൺമെൻറ് നടപ്പിലാക്കിയ ഉച്ചക്കഞ്ഞി വിതരണ പദ്ധതി സർക്കാർ–എയ്ഡഡ് സ്കൂളുകളിൽ രക്ഷാകർതൃ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടെങ്കിലും ആവശ്യമായ പാചക സൗകര്യങ്ങളും ലഭ്യമല്ല. കോളിത്തട്ട് ഗവ. L. P. സ്കൂളിൽ നിലവിൽ ഈ പദ്ധതി ഇല്ല, ചുറ്റുമതിൽ ഉള്ള രണ്ട് പ്രൈമറി സ്കൂളുകളും മാത്രമേ പഞ്ചായത്തിലുള്ളൂ.

(2) സെക്കൻറി വിദ്യാലയങ്ങൾ:

പഞ്ചായത്തിലെ ലീഡ് സ്കൂളായ സെൻറ് തോമസ് ഹൈസ്കൂളിൽ ചുറ്റുമതിലോ ശുദ്ധ ജല വിതരണ സംവിധാനമോ നല്ല രീതിയിലുള്ള കളിസ്ഥലമോ ഇല്ല. ഈ സ്കൂളിൽ ഭാഗികമായി മാത്രമേ ക്ലാസ്മുറികളും തിരിച്ചിട്ടുള്ളൂ. വെള്ള പൂശാത്ത ചുമരും പൊട്ടിപൊളിഞ്ഞ തറയുമാണ് പല ക്ലാസുകളുടേതും. കുട്ടികളുടെ പ്രാഥമികാവശ്യങ്ങളും നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളും അപര്യാപ്തമാണ്. അടയ്ക്കാത്തോട് സെൻറ് ജോസഫ് ഹൈസ്ക്കൂളിൻെറ കാര്യത്തിൽ ക്ലാസ് മുറികളും വിഭജിച്ചിട്ടുണ്ടെന്നുള്ളതൊഴികെ മറ്റു ഭൗതിക സാഹചര്യങ്ങളും ലീഡ് സ്ക്കൂളിൽ നിന്ന് വിഭിന്നമല്ല. മാത്രമല്ല കളിസ്ഥലം ഒട്ടും തന്നെയില്ല. വൈദ്യുതി ആ മേഖലയിൽ പോലും എത്തിയിട്ടില്ല.

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ–പട്ടിക II

സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം.	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇരിപ്പിടമുള്ള കുട്ടികളുടെ എണ്ണം.	കുടിവെള്ള സംവിധാനമുണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം.	മൂത്രപ്പുര ഒരേസമയം ഉപയോഗിക്കാവുന്ന കുട്ടികൾ	ഉപയോഗശൂന്യമായ മൂത്രപ്പുരകളുടെ എണ്ണം.	നിലവിലുള്ള കക്കൂസുകളുടെ എണ്ണം.	ഇനി ആവശ്യമായ കക്കൂസുകളുടെ എണ്ണം.	കുടിവെള്ള സംവിധാനം കുടിവെള്ളമുണ്ട്/ഇല്ല (പൈപ്പ്/കിണർ)	വൈദ്യുതി ഉണ്ട്/ഇല്ല	പാചകപുര ഉണ്ട്/ഇല്ല	സ്റ്റാഫ് റൂം	നിലവിലുള്ള ചുറ്റുമതിലിന് മതിയാകും/ഇല്ല	ഇനി ആവശ്യമുള്ളവയുടെ എണ്ണം				ഓഫീസ് ഫർണ്ണിച്ചർ
		സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം												ഡസ്ക്	ബഞ്ച്	കസേര	മേശ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
1 സെൻറ് ജോസഫ് ഹൈസ്ക്കൂൾ അടക്കാത്തോട്	10	3	—	—	15	—	—	5	ഉണ്ട്	2	25	—	3	5	ഉണ്ട് കിണർ പൈപ്പ്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	30	35	5	10	അലമാര 5 കസേര 5 മേശ 2 സ്റ്റാൻറ് 2
2 സെൻറ് തോമസ് HS കേളകം	20	3	2	—	26	—	—	—	ഉണ്ട	4	25	—	3	—	ഉണ്ട് കുഴൽ കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	20	20	4	4	.....
3 ഗവ: U P സ്കൂൾ അടക്കാത്തോട്	15	3	—	1	15	—	4	1	ഇല്ല	2	15	1	1	2	ഉണ്ട് കിണർ	ഇല്ല	താൽക്കാലികം	ഉണ്ട്	ഇല്ല	50	110	20	20	.....
4 എയ്ഡഡ് യു, പി. സ്കൂൾ മഞ്ഞളാംപുറം	23	5	—	—	12	—	—	15	ഇല്ല	7	13	—	1	1	ഉണ്ട് കിണർ പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	30	30	10	25	.....
5 ഗവ: U P സ്ക്കൂൾ ചെട്ടിയാംപറമ്പ്	13	2	1	1	6	1	—	9	ഉണ്ട്	2	20	—	2	2	ഉണ്ട് കിണർ	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	50	50	10	10	അലമാര 2 റാക്ക് 2 കസേര 5
6 ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് സ്കൂൾ കേളകം	9	3	1	—	12	—	—	2	ഉണ്ട്	2	8	—	2	—	ഉണ്ട് പൈപ്പ് കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	മതിയാകും	—	...	—	—	.....
7 പ്രൊവിഡൻസ് LP സ്ക്കൂൾ വെള്ളൂന്നി	8	1	1	—	1	2	1	2	ഉണ്ട്	2	15	...	2	2	ഉണ്ട് പൈപ്പ	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	—	66	10	8	അലമാര 3
8 ഗവ: LP സ്ക്കൂൾ കോളിത്തട്ട്	4	—	1	—	1	—	—	4	ഉണ്ട്	...	...	...	...	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	10	5	3	അലമാര 1 മേശ 2

II പാഠ്യാനുബന്ധ സൗകര്യങ്ങൾ:

പാഠ്യാനുബന്ധ സൗകര്യങ്ങളും ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ തികച്ചും പരിമിതമാണ്, പ്രത്യേകിച്ച് പ്രൈമറി വിദ്യാലയങ്ങളിൽ. ദൃശ്യശ്രാവ്യ ബോധന മാധ്യമങ്ങളും അപര്യാപ്തമാണ്. കോളിത്തട്ട് ഗവ. L. P. സ്കൂളിൽ പാഠ്യാനുബന്ധ സൗകര്യങ്ങളും നാമ മാത്രമായിപോലും ഇല്ല.

സ്കൂളിന്റെ പേര്	പാഠ്യാനുബന്ധ സൗകര്യങ്ങൾ																			
				ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ								ബ്ലെക്ക് ബോർഡ്							
	ലൈബ്രറി ഉണ്ട്/ഇല്ല	ലബോറട്ടറി സയൻസ് കോർണർ ഉണ്ട്/ഇല്ല	പാഠനോപകരണങ്ങൾ മാപ്പിക്കൽ, പാർട്ട്, ഗ്ലോബ് ഉണ്ട്/ഇല്ല	റേഡിയോ	T. V. സെറ്	VCR, VCP	ടേപ്പ് റെക്കോർഡർ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ് പ്രോജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളവ	നിലവിലുള്ളവ	സജീവം/നിർജീവം	PTA സജീവമാണ്/ഇല്ല				
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19		
1 സെൻറ് ജോസഫ് ഹൈ സ്കൂൾ അടക്കാത്തോട്	ഉണ്ട് ഭാഗികം	ഉണ്ട് ഭാഗികം	വേണ്ടത്ര ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	—	—	—	—	15	12	സജീവമാണ്	ഉണ്ട്					
2 സൻറ് തോമസ് HS കേളകം	ഉണ്ട് ഭാഗികം	ഉണ്ട് ഭാഗികം	വേണ്ടത്ര ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	20	20	സജീവമല്ല	ഇല്ല					
3 ഗവ U P സ്കൂൾ അടക്കാത്തോട്	ഉണ്ട് ഭാഗികം	ഇല്ല	വേണ്ടത്ര ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	15	14	സജീവമാണ്	ഉണ്ട്					
4 എയ്ഡഡ് യു. പി. സ്കൂൾ മഞ്ഞളാംപുറം	ഉണ്ട് ഭാഗികം	ഉണ്ട് ഭാഗികം	വേണ്ടത്ര ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	23	23	സജീവമാണ്	ഉണ്ട്					
5 ഗവ: U P സ്കൂൾ ചെട്ടിയാംപറമ്പ്	വേണ്ടത്ര ഇല്ല	വേണ്ടത്ര ഇല്ല	ഇല്ല	ഉണ്ട് പ്രവർത്തിക്കുന്നില്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	13	11	സജീവം	ഉണ്ട്					
6 ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് സ്കൂൾ കേളകം	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	9	9	സജീവം	ഉണ്ട്					
7 പ്രൊവിഡൻസ് LP സ്കൂൾ വെള്ളൂന്നി	ഉണ്ട് ഭാഗികം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	6	സജീവം	ഉണ്ട്					
8 ഗവ: LP സ്കൂൾ കോളിത്തട്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	സജീവം	ഉണ്ട്					

III പാഠ്യേതര പ്രവർത്തനങ്ങൾ

കലാകായിക രംഗങ്ങളിൽ സംസ്ഥാന തലത്തിലും ദേശീയതലത്തിലും മികവ് പ്രകടിപ്പിച്ചിട്ടുള്ള കുട്ടികളും ചുരുക്കമായെങ്കിലും ഉണ്ട്. സബ് ജില്ലാ—ജില്ലാ തലത്തിലുള്ള മത്സരങ്ങളിൽ കുട്ടികളുടെ കഴിവ് തെളിയിച്ചിട്ടുണ്ട് എങ്കിലും ഈ മേഖലയിൽ വേണ്ടത്ര പ്രോത്സാഹനവും പരിശീലനവും കിട്ടുന്നില്ല എന്നത് ഒരു വസ്തുതയാണ്. ഭൗതിക സഹചര്യങ്ങളുടെ അപര്യാപ്തതയും കായികോപകരണങ്ങളുടെ ദുർലഭ്യവും ഇതിന് കാരണമാണ്. ക്ലാസ് സാഹിത്യ സമാജങ്ങളും സ്കൂൾ സാഹിത്യ സമാജങ്ങളും നടത്താറുണ്ടെങ്കിലും അവയ്ക്ക് വേണ്ടത്ര ആർജ്ജവവും പങ്കാളിത്തവും ലഭിക്കാറില്ല.

IV പഠന നിലവാരം:

ഈ പഞ്ചായത്തിലെ പഠന നിലവാരം പൊതുവെ തൃപ്തികരമല്ല. അടിസ്ഥാന വിദ്യാഭ്യാസത്തിലെ അശാസ്ത്രീയമായ അദ്ധ്യാപന രീതി മൂലം കുട്ടികളിൽ അക്ഷര-അക്ക പരിജ്ഞാനം വേണ്ടത്ര ഇല്ലാതെ വരുന്നു. അതുപോലെ സമൂഹത്തിലെ അച്ചടക്ക രാഹിത്യം സ്കൂളുകളെയും ബാധിച്ചിട്ടുണ്ട്. കുട്ടികളുടെ യഥാർത്ഥ നിലവാരത്തെയും കഴിവുകളെയും ശരിയായ രീതിയിൽ അളക്കാൻ കഴിയുന്നതല്ല ഇന്നത്തെ പരീക്ഷാ സമ്പ്രദായം. സിലബസ് പരിഷ്കരണത്തിനനുസൃതമായി ബോധന രീതിയിൽ ശാസ്ത്രീയമായ മാറ്റങ്ങളും വരുത്തിയില്ല. പ്രൈമറി സെക്കൻറി തലങ്ങളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കാൻ ഭാഷ പ്രാവീണ്യം നേടിയവരുടെ അഭാവമുണ്ട്. ശാസ്ത്ര പഠനത്തിൽ പഠനോപകരണങ്ങളുടെ അഭാവം മറ്റൊരു കാരണമാണ് കുട്ടികളെ പഠന തല്പരരാക്കാൻ ഉതകുന്ന രീതിയിലുള്ള പാഠ്യ പദ്ധതിയല്ല നിലവിലുള്ളത്. അതുപോലെ അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം നിർണ്ണയിക്കുന്നതിൽ ശാസ്ത്രീയ മാനദണ്ഡം സ്വീകരിച്ചിട്ടില്ല. കുട്ടികളുടെ പഠന കാര്യത്തിൽ രക്ഷിതാക്കളുടെ ശ്രദ്ധയില്ലായ്മ മറ്റൊരു കാരണമാണ്.

കുട്ടികളുടെ പൊതുനിലവാരം

പഞ്ചായത്ത് ശരാശരി (95–96 വർഷത്തിൽ) ★ (കുട്ടികളുടെ പഠനനിലവാരം ശതമാനത്തിൽ)

ക്ലാസ്	30 %ത്തിൽ താഴെ മാർക്ക്	30%–40%	40%–50%	50%–60%	60%ത്തിൽ കൂടുതൽ
1	15	28	20	27	10
2	15	22	24	20	19
3	17	18	22	33	10
4	20	18	27	20	15
5	15	18	22	25	20
6	20	22	23	20	15
7	20	18	20	23	19
8	18	44	25	10	5
9	19	45	20	9	7
10	വിജയശതമാനം	39.8	—	—	—

Note: 5% വ്യതിയാനം പ്രതീക്ഷിക്കുന്നു.

V രക്ഷാകർതൃ സമിതി:

സ്കൂളുകളിലെ രക്ഷാകർതൃ സമിതി പൊതുയോഗങ്ങളിൽ പങ്കാളിത്തമുണ്ടെങ്കിലും തുടർന്നുള്ള പ്രവർത്തനങ്ങളിൽ വേണ്ടത്ര പങ്കാളിത്തം കാണുന്നില്ല. മദർ P. T. A., ക്ലാസ് P.T.A എന്നിവ സജീവമാണെങ്കിലും ക്രിയാത്മക പങ്കാളിത്തം കുറവാണ്. സ്കൂളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സമിതികൾ സന്നദ്ധത കാണിക്കുന്നുണ്ട്.

VI ഉന്നത വിദ്യാഭ്യാസം:

ഉന്നത വിദ്യാഭ്യാസ രംഗത്ത് എടുത്തു പറയത്തക്ക ഒരു സ്ഥാപനവും പഞ്ചായത്തിലില്ല. ഉപരി പഠനത്തിനുവേണ്ടി, അതുകൊണ്ട് തന്നെ, ഈ പ്രദേശത്തെ കുട്ടികൾക്ക് കുറഞ്ഞത് 40 K M സഞ്ചരിക്കേണ്ടി വരുന്നു. പഞ്ചായത്തിലെ സ്കൂളുകളിൽ നിന്ന് വിജയകരമായി പഠനം പൂർത്തിയാക്കി പുറത്തു വരുന്ന കുട്ടികൾ തലശ്ശേരി, കണ്ണൂർ, കൂത്തുപറമ്പ്, മട്ടന്നൂർ എന്നീ സ്ഥലങ്ങളിലെ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്നു. എന്നാൽ സാമ്പത്തിക പരാധീനതയും സാഹചര്യക്കുറവും നിമിത്തം ഭൂരിഭാഗവും പുറന്തള്ളപ്പെടുന്നു.

VII മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ:

1970-ൽ ശ്രീ സി. ആർ. വിജയൻ മാസ്റ്റർ ആരംഭിച്ച ട്യൂഷൻ സെൻറർ ആണ് പിന്നീട് ഈ മേഖലയിലെ ആദ്യത്തെ സമാന്തര കോളേജായി ഉയർന്നുവന്ന വി. റ്റി. കോളേജ്. കൂടാതെ 1984-ൽ ആരംഭിച്ച നിർമല കോളേജും 1994-ൽ പ്രവർത്തനമാരംഭിച്ച കെ. ഇ. എസ്. കോളേജും ആണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിടങ്ങളും മറ്റു ഭൗതിക സാഹചര്യങ്ങളും പരിമിതമായെങ്കിലും ഉണ്ട്. സമീപ പഞ്ചായത്തിലെ വാദ്യാർത്ഥികൾ പോലും ഈ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് എടുത്തുപറയത്തക്ക സാഹചര്യങ്ങൾ ഈ പഞ്ചായത്തിലില്ല. സഹകാര്യ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന D. Civil കോഴ്സ് നടത്തുന്ന ഒരു I T C യും കമ്പ്യൂട്ടർ പ്രാഥമിക പാഠങ്ങൾ പഠിപ്പിക്കുന്ന ഒരു കേന്ദ്രവും രണ്ട് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും പെൺകുട്ടികൾക്കുമാത്രം തയ്യൽ പരിശീലനം നടത്തുന്ന പതിനഞ്ച് സ്ഥാപനങ്ങളും ഭാരത് സേവക് സമാജത്തിൻറെ കീഴിലുള്ള, പ്രീ പ്രൈമറി അധ്യാപക പരിശീലന കേന്ദ്രവും ഇവിടെ പ്രവർത്തിക്കുന്നു. മൂന്ന് സമാന്തര കോളേജുകളിലായി പ്രീഡിഗ്രി, ഡിഗ്രി തലങ്ങളിൽ 1100-ഓളം കുട്ടികൾ പഠിക്കുന്നു.

പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഈ പഞ്ചായത്തിലില്ല.ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് സ്കൂളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന L. K. G U. K. G. ക്ലാസുകൾ മാത്രമാണ് ഈ രംഗത്തുള്ളത്. അതുകൊണ്ട് തന്നെ പ്രീ പ്രൈമറി വിദ്യാഭ്യാസം ലഭിക്കാതെയാണ് കുട്ടികൾ പ്രൈമറി ക്ലാസിലെത്തുന്നത്. മൂന്ന് വയസു മുതലുള്ള കുട്ടികൾ, പ്രൈമറി വിദ്യാലയങ്ങളിലെത്തുന്നതിനു മുമ്പായി പഞ്ചായത്തിൽ പരിമിത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന അംഗൻ വാടികളെയാണ് ആശ്രയിക്കുന്നത്.

VIII ആദിവാസിമേഖല:

ജനസംഖ്യയുടെ 9 % ആദിവാസികളുള്ള ഈ പഞ്ചായത്തിൽ വിദ്യാലയങ്ങളിലെത്തുന്ന കുട്ടികളുടെ എണ്ണം വളരെ തുച്ഛമാണ്. സ്കൂളിലെത്തുന്നവർ തന്നെ പ്രാഥമിക വിദ്യാഭ്യാസം പോലും പൂർത്തിയാകാതെ സ്കൂൾ വിട്ടു പോകുന്നു. അവരുടെ സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥയും വളരെ ചെറുപ്പത്തിലെ തന്നെ ഉപജീവന മാർഗ്ഗം തേടിപോകുന്നതുമാണ് ഇതിനു പ്രധാന കാരണം.

IX അനൗപചാരിക വിദ്യാഭ്യാസം:

സർക്കാർ ആസൂത്രണം ചെയ്ത സാക്ഷരതാ യജ്ഞം ആരംഭിക്കുന്നതിന് വളരെ മുമ്പു തന്നെ വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടന്നു വന്നിരുന്നു. തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അഭാവം മൂലം നേട്ടങ്ങൾ നിലനിർത്താൻ കഴിഞ്ഞില്ല. ആദിവാസി മേഖലകളിൽ ഈ പ്രവർത്തനം ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിന് സഹായിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. സാക്ഷരതായജ്ഞത്തോടെ നിരക്ഷരരിലെ 92% ആളുകളെ സാക്ഷരരാക്കാൻ കഴിഞ്ഞു.

X പരിഹാരനിർദ്ദേശങ്ങൾ:

1 എല്ലാ പ്രാഥമിക വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

2 വിനോദത്തിലൂടെ കുട്ടികളുടെ വിജ്ഞാന സമ്പാദനത്തിനുള്ള നൈസർഗിക സിദ്ധികളെ തൊട്ടുണർത്തുന്നതിനുള്ള ഒരു ഘട്ടമായി പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ കാണുക.

3 സ്കൂൾ തലത്തിൽ ഇന്നു കാണുന്ന ഗണ്യമായ നിരക്ഷരതയ്ക്കും പിന്നോക്കാവസ്ഥയ്ക്കും പരിഹാരം കാണാൻ അനുപൂരക വിദ്യാഭ്യാസരീതി അവലംബിക്കുകയും അതിനുവേണ്ടി അധ്യാപകരെ സജ്ജീകരിക്കുകയും അവരെ സഹായിക്കാൻ സന്നദ്ധ സേവകരുടെ സേവനം ഉപയോഗിക്കുകയും ചെയ്യുക.

4 വിദ്യാർത്ഥികളുടെ ഇടയിൽ കാണപ്പെടുന്ന പഠനത്തോടുള്ള വിരക്തി ഒഴിവാക്കാൻ കൂടുതൽ കൂടുതൽ രസകരമായ പഠനരീതികൾ അവലംബിക്കണം.

5 വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായി വരുന്ന മാറ്റങ്ങൾക്കനുസരിച്ച് പുനഃപരിശീലന പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക.

6 പഞ്ചായത്തു തലത്തിൽ അക്കാദമിക് കൗൺസിൽ ആരംഭിക്കുക.

റിട്ട. അധ്യാപകർ, വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭർ സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഈ സമിതിയിലുൾപ്പെടുത്താവുന്നതാണ്. തൊഴിലന്വേഷകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശം നല്കാനും ഈ സമിതിക്കു കഴിയും.

7 'ഗുരുകുലം' വിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമാക്കുക.

8 കുട്ടികളുടെയും രക്ഷിതാക്കളുടെയും ഇടയിലുള്ള അനാരോഗ്യകരമായ മത്സരം ഒഴിവാക്കാൻ റാങ്കിംഗ് സമ്പ്രദായം നിർത്തലാക്കുകയും ഗ്രേഡിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുകയും ചെയ്യുക.

9 ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് ഭാഷാ പ്രാവീണ്യം നേടിയവരെ നിയമിക്കുക.

10 പാഠ്യവിഷയങ്ങളിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സഹായം ഉറപ്പുവരുത്തുക.

11 സയൻസ് ക്ലബ്ബുകളും, സോഷ്യൽ സയൻസ് ക്ലബ്ബുകളും രൂപീകരിക്കുകയും ഇവയുടെ പഠനത്തിനായി പ്രത്യേകം മുറികളും സൗകര്യങ്ങളും ഉണ്ടാക്കുകയും ചെയ്യുക

12 മാസപ്പരീക്ഷകൾ നടത്തുകയും പ്രോത്സാഹനമായി പ്രോഗ്രസ് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുക.

13 സെക്കൻററി തലംമുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും കമ്പ്യൂട്ടർ പരിശീലനവും നടപ്പിലാക്കുക.

14 വിദ്യാർത്ഥികൾക്ക് കാർഷികവൃത്തിയോട് താല്പര്യം വർദ്ധിപ്പിക്കാൻ പച്ചക്കറിത്തോട്ടങ്ങളുടെ നിർമ്മാണവും പൂന്തോട്ട നിർമ്മാണവും നടത്തുക.

15 പാഠ്യാനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക കുട്ടികളുടെ വായനാശീലം വളർത്തുന്നതിനും വിജ്ഞാനപ്രദമായ ആനുകാലിക പ്രസിദ്ധീകരണങ്ങളും ബാലസാഹിത്യ – ശാസ്ത്ര കൃതികളടങ്ങുന്ന വായനശാല സ്ഥാപിക്കുകയും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

16 ശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾക്ക് താൽപര്യമുണർത്താൻ വിദ്യാലയങ്ങളിൽ പരീക്ഷണശാലകൾ സ്ഥാപിക്കുക.

17 പ്രതിവാര സാഹിത്യ സമാജങ്ങളും പഠനയാത്രകളും സംഘടിപ്പിക്കുകയും സ്കൂൾ വാർഷികങ്ങൾ നടത്തുകയും ചെയ്യുക.

18 പഞ്ചായത്തിലെ എല്ലാ സ്കൂളുകളും വൈദ്യുതീകരിക്കുക.

19 സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുക.

20 സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, PTA എന്നിവയുടെ സഹായത്തോടെ കെട്ടിടം, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുക.

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര്	ആകെ കുട്ടികൾ			SC/ST			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						ഉപരിപഠനത്തിന് പോയവർ ആകെ
							SC/ST			മറ്റുള്ളവർ			SC/ST			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1 സെൻറ് ജോസഫ് ഹൈ സ്ക്കൂൾ അടക്കാത്തോട്	176	191	367	3	3	6	—	—	—	11	6	17	—	—	—	4	1	5	5
2 സൻറ്തോമസ് HS കേളകം	428	424	852	27	26	53	4	5	9	78	31	109	—	—	—	34	12	46	46
3 ഗവ U P സ്കൂൾ അടക്കാത്തോട്	272	268	540	13	16	29	1	2	3	30	15	45	—	1	1	1	2	3	4
4 എയ്ഡഡ് യു. പി. സ്കൂൾ മഞ്ഞളാംപുറം	430	453	883	56	66	122	5	7	12	44	24	68	6	—	6	6	3	9	15
5 ഗവ: U P സ്ക്കൂൾ ചെട്ടിയാംപറമ്പ്	196	198	394	25	22	47	—	—	—	9	13	22	—	—	—		1	1	1
6 ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് സ്കൂൾ കേളകം	170	127	297	—	—	—	—	—	—	—	—	—	—	—	—	—	—	—	—
7 പ്രൊവിഡൻസ് LP സ്ക്കൂൾ വെള്ളൂന്നി	120	122	242	16	16	32	—	1	1	6	4	10	—	—	—	1	1	2	2
8 ഗവ: LP സ്ക്കൂൾ കോളിത്തട്ട്	46	58	104	2	5	7	—	—	—	4	2	6	—	—	—	1	2	3	3

21 കുടിവെള്ള ക്ഷാമം പരിഹരിക്കുക.

22 കളിസ്ഥല സൗകര്യങ്ങളും ഉണ്ടാക്കുക.

23 മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക. പെൺ കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾക്കു വേണ്ട സൗകര്യങ്ങളും ഉറപ്പു വരുത്തുക.

24 സ്കൂൾ വർഷാരംഭത്തിൽത്തന്നെ പാഠപുസ്തകങ്ങളും എത്തിക്കുകയും അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.

25 കോളിത്തട്ട് ഗവ. യു. പി. സ്കൂളിൽ ആവശ്യമായ അധ്യാപക–അധ്യാപകേതര ജീവനക്കാരെ നിയമിക്കുക.

26 ഉച്ചക്കഞ്ഞിക്കുള്ള വസ്തുക്കളും തൊട്ടടുത്തുള്ള പൊതുവിതരണ കേന്ദ്രത്തിൽ കൂടി വിതരണം നടത്തുക.

27 പഞ്ചായത്തിലെ 2 HS കളും പ്ലസ് റൂ സ്കൂളുകളാക്കി ഉയർത്തുകയും കോളിത്തട്ട് ഗവ. എൽ. പിയും വെള്ളുന്നി പ്രൊവിഡൻസ് എൽ. പി. യും യു. പി. സ്കൂളുകളായി അപ് ഗ്രേഡ് ചെയ്യുക.

28 കേളകം പഞ്ചായത്തിൽ ഒരു റഗുലർ കോളജ് ആരംഭിക്കുക.

29 പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങുക.

30 സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം നിർബന്ധമാക്കുക.

31 സാമൂഹ്യ പ്രവർത്തകരുടെ സഹായത്തോടെ ആദിവാസി വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുക.

32 സാക്ഷരതാ പ്രവർത്തനരംഗത്ത് തുടർ വിദ്യാഭ്യാസ പദ്ധതികളും ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

33 തൊഴിലന്വേഷകർക്ക് ആവശ്യമായ ആനുകാലിക പ്രസിദ്ധീകരണങ്ങളും (Employment News, തൊഴിൽ വാർത്തകളും etc)എന്നിവ പഞ്ചായത്ത് വായനശാലയിൽ ലഭ്യമാക്കുക.

ഉപസംഹാരം:

നമ്മുടെ സമൂഹത്തിന്റെ സമഗ്ര വികസനത്തിനുള്ള മൂന്നുപാധിയാണ് വിദ്യാഭ്യാസം. രാജ്യത്തെ 80% ജോലികളും ഔപചാരിക വിദ്യാഭ്യാസചട്ടക്കൂടിന് പുറത്താണ്. ഈ അവസ്ഥ മാറി ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സംസ്ക്കാരം വളർത്തിയെടുക്കണം. ഈ വസ്തുത മുന്നിൽ കണ്ടുകൊണ്ടാണ് ഈ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ഏതുതൊഴിലിനും അതിന്റെതായ മാന്യത ഉണ്ടെന്നുള്ള അവബോധം കുട്ടികളിൽ വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്. ഓരോ കുട്ടിയിലും ഒളിഞ്ഞുകിടക്കുന്ന അഭിരുചി കണ്ടെത്തി അതിനനുസൃതമായ തൊഴിൽ കണ്ടെത്താൻ അവനെ പ്രാപ്തനാക്കുകയുമാണ് വേണ്ടത്. എല്ലാറ്റിലുമുപരി നാനാതരം ജോലികളും ചെയ്യുന്നതിന് കുട്ടികളും സന്നദ്ധത കാണിക്കണമെങ്കിൽ പ്രൈമറി തലത്തിൽ അതിന് ബീജാവാപം നടത്തണം. നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തുള്ള പോരായ്മകളും പരിഹരിക്കുന്നതിനും ഈ രൂപരേഖയിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളും നടപ്പിൽ വരുത്താൻ വേണ്ട പദ്ധതികളും ജനകീയ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുകയും ഫലപ്രദമായി പ്രവൃത്തി പഥത്തിൽ എത്തിക്കുകയും ചെയ്യണം.

(പട്ടികകളുടെ അവലംബം
Secondary Data Collection)

5.5

കുടിവെള്ളവും പൊതുജന ആരോഗ്യവും

കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നതിൽ പ്രധാനഘടകമാണ് ശുദ്ധജലം. കേരളത്തിൽ ഏറ്റവുമധികം മഴലഭിക്കുന്ന പ്രദേശങ്ങളിലൊന്നായ കേളകം ഗ്രാമ പഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ ഏറ്റവും ജനസാന്ദ്രതകുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ്. (ജനസാന്ദ്രത 203 ഉം വിസ്തീർണ്ണം 77.92 ചതുരശ്ര കിലോമീറ്ററും ആകുന്നു.) ജലവിഭവത്തിന്റെ കാര്യത്തിൽ വളരെ സമ്പന്നമാണ് ഈ പഞ്ചായത്ത്. പുഴകളും, ഒരിക്കലും വറ്റാത്ത നീർച്ചാലുകളും ഈ പഞ്ചായത്തിന്റെ സവിശേഷതയാണ്. ഇങ്ങനെ ആളുകളുടെ എണ്ണം കുറവും, ജലസ്രോതസ്സുകളുടെ കാര്യത്തിൽ സമ്പന്നവുമാണെങ്കിലും പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അല്പം വൈദഗ്ദ്ധ്യവും, ആസൂത്രണവുമുണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. പഞ്ചായത്തിലെ 78% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. കിണറുകൾ കഴിഞ്ഞാൽ പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സായ നീർച്ചാലുകളെ പതിനാറ് ശതമാനം ജനങ്ങൾ ആശ്രയിക്കുന്നു. 6% ജനങ്ങൾ കുടിവെള്ളത്തിനായി പൊതുകിണറുകളെയും, പൊതു ടാപ്പുകളെയും ആശ്രയിക്കുന്നു.

പട്ടിക 1

പഞ്ചായത്തിലെ പ്രധാന ശുദ്ധജല സ്രോതസ്സുകൾ

കിണറുകൾ			കുഴൽകിണർ	പൈപ്പ് വെള്ളം	
പൊതുകിണർ	സ്വകാര്യ കിണർ	ആകെ		പൊതു ടാപ്പുകൾ	ഹൗസ് കണക്ഷനുകൾ
17	2786	2803	6	105	91

കേരള വാട്ടർ അതോറിറ്റിയുടെ രണ്ട് ശുദ്ധജല പദ്ധതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നാൽ പൈപ്പിന്റെയും, ടാങ്കിന്റെയും ചോർച്ചമൂലം കൂടുതൽ ജലവും പാഴായിപോകുകയാണ്. 105 പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും 37 എണ്ണം കേടായി കിടക്കുകയാണ്. 91 വീടുകളിലും പൈപ്പ് കണക്ഷൻഉണ്ട്. ഈ പദ്ധതികൾ കൊണ്ട് ജനങ്ങൾക്ക് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുന്നില്ല. നീർച്ചാലുകളിലെ ജലം ശുദ്ധീകരിക്കാതെ ഉപയോഗിക്കുന്നതുമൂലം ജലജന്യ രോഗങ്ങൾ വ്യാപകമായി പിടിപെടുന്ന അവസ്ഥയുണ്ട്. വേനൽക്കാലത്ത് കുടിവെള്ളം ശേഖരിക്കുന്നതിന് ചില സ്ഥലങ്ങളിൽ അരകിലോമീറ്റർ വരെ സഞ്ചരിക്കേണ്ടിവരുന്നുണ്ട്. വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നതായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശകലനത്തിനായി ചുവടെ ചേർക്കുന്നു.

പട്ടിക 2

കുടിവെള്ള ക്ഷാമ പ്രദേശങ്ങളും, പൊതു പരിഹാര നിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	പൊതുപരിഹാര മാർഗ്ഗങ്ങൾ
1	പെരുന്താനം മേഖല, കുണ്ടേരി, മേലെ കുണ്ടേരി, വളയംചാൽ മുസ്ലീം പള്ളി പ്രദേശം	നിർദ്ദിഷ്ട വളയംചാൽ പെരുന്താനംകോളനി ശുദ്ധജല പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടുക, വെള്ളം ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്യുക.
2	പാറത്തോട്, ചെട്ടിയാംപറമ്പ്, മേലെ തുള്ളൻ, നരിക്കടവ്, ലക്ഷംവീട് കോളനി	പാറത്തോട് ശുദ്ധജല പദ്ധതിയുടെ പൈപ്പ് ലൈൻ കേടുപാടുകൾ തീർത്ത് നീട്ടുക.
3	നാരങ്ങാതട്ട്, മുതുകാട്ടിൽ പ്രദേശം, ഈയ്യാലിൽഭാഗം	ഉയർന്ന സ്ഥലത്ത് കുളം കുഴിച്ച് പൈപ്പ് വഴി വിതരണം ചെയ്യുക. ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്യുക.
4	കരിയംകാപ്പ്, ശാന്തിഗിരി, ചാമച്ചി	ഉയർന്ന സ്ഥലത്ത് കുളം കുഴിച്ച് പൈപ്പ വഴി വിതരണം ചെയ്യുക.
5	മേലെഭാഗത്ത് മോസ്കോ കവലയ്ക്ക് മുകൾവശം	ഫോറസ്റ്റിലെ നീർച്ചാലിൽ തടയണ കെട്ടി പൈപ്പുവഴി വിതരണം ചെയ്യുക.
6	പൊയ്യമല, മീരകവല, കണ്ണംപള്ളി കുന്ന്	പുഴയിൽനിന്നും പമ്പ് ചെയ്ത് ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്യുക, കുഴൽകിണർ കുഴിക്കുക.
7	കേളകം ടൗൺ, മഞ്ഞളാംപുറം വഴിക്കടിമല, നാനാനിപൊയ്യിൽ കോളനി	കേളകത്തെ ജലസേജന പദ്ധതി വികസിപ്പിച്ച് പൈപ്പുലൈൻ നീട്ടുക, കുഴൽ കിണർ കുഴിക്കുക.
8	പുതിക്കാംപൊയിൽ കോളനി കൂവിച്ച്യ കോളനി, വെങ്ങലാട്ട് കോളനി	നീരൊഴുക്ക് തടഞ്ഞു നിർത്തി പൈപ്പു വഴി വിതരണം ചെയ്യുക.
9	സെട്രൽ വെള്ളൂന്നി, മേലെഭാഗം	ഉയർന്ന പ്രദേശങ്ങളിൽ കുളം കുഴിച്ച് പൈപ്പിടുക.

കുടിവെള്ള പ്രശ്നബാധിത പ്രദേശങ്ങളും വിശദമായ പരിഹാര മാർഗ്ഗങ്ങളും

1–ാം വാർഡ്: വളയംചാൽ മുസ്ലീംപള്ളിയുടെ ഭാഗത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ വളയംചാൽ കോളനിയിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിന് നിർമ്മാണത്തിലിരിക്കുന്ന പദ്ധതിയുടെ പൈപ്പ്ലൈൻ ഈ ഭാഗത്തേയ്ക്കുകൂടി നീട്ടി നിർമ്മാണം പൂർത്തിയാക്കുക. നെല്ലിമല മത്തായിയുടെ പറമ്പിനു സമീപം കുളം കുഴിച്ച് ടാങ്കിൽ ജലം സംഭരിച്ച് വിതരണം ചെയ്താൽ മേലേകുണ്ടേരിഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ബാവലിപുഴയോരത്ത് കുളം കുഴിച്ച് ടാങ്കിൽ ജലം സംഭരിച്ച് വിതരണം ചെയ്താൽ കുണ്ടേരിഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. കേളംപേരി കുഞ്ഞച്ചന്റെ നിലവിലുള്ള കുളത്തിൽ നിന്നും വെള്ളം ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്താൽ പെരുന്താനം ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

2–ാം വാർഡ്: കേരള വാട്ടർ അതോറിട്ടിയുടെ പാറത്തോട് ശുദ്ധജല പദ്ധതിയുടെ ചോരുന്ന പൈപ്പ്ലൈൻ മാറി പുതിയ ടാപ്പുകൾ സ്ഥാപിക്കുകയാണെങ്കിൽ പാറത്തോട് ചെട്ടിയാംപറമ്പ് എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. ഈ പദ്ധതിയുടെ പൈപ്പ് ലൈൻ മേലേതുള്ളൻ കുറിച്ച്യകോളനി നരിക്കടവ്, ലക്ഷം വീട് കോളനി എന്നിവിടങ്ങളിലേക്ക് നീട്ടുകയാണെങ്കിൽ ഈ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കാം.

3–ാം വാർഡ്: നാരങ്ങാത്തട്ട്, മുതുകാട്ടിൽ പ്രദേശം, ഈയ്യാലിൽഭാഗം എന്നിവിടങ്ങളിലായി ഈ വാർഡിലെ ഏകദേശം പകുതിയോളം വീടുകളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. മുരിക്കുംകരിഭാഗത്ത് കുളം കുഴിച്ച് പൈപ്പ് വഴി വിതരണം ചെയ്താൽ 100 വീട്ടുകാർക്ക് ശുദ്ധജലം എത്തിക്കാം. നാരങ്ങാതട്ട് താഴെഭാഗത്ത് ടാങ്കിൽ വെള്ളം സംഭരിച്ച് വിതരണം ചെയ്താൽ 95 വീട്ടുകാർക്ക് ശുദ്ധജലം എത്തിക്കാം. വാറുപുര കവല മുകൾഭാഗത്ത് കുളംകുഴിച്ച് പൈപ്പിട്ടാൽ 50 വീട്ടുകാർക്ക് ശുദ്ധജലം എത്തിക്കാം, അടയ്ക്കാത്തോട് ടൗണിൽ പൊതു കിണർ നിർമ്മിക്കുക.

4–ാം വാർഡ്: കരിയംകാപ്പ് മേഖലയിൽ 50 ഓളം വീട്ടുകാർക്ക് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ പള്ളിവാതുക്കൽ എസ്റ്റേറ്റിൽ ഒരു കുളം കുഴിച്ച് പൈപ്പുവഴി വിതരണം ചെയ്യുക. തവക്കൽ മെയ്തു എന്നയാളുടെ സ്ഥലത്തിനു സമീപം കുളം കുഴിച്ച് പൈപ്പിട്ടാൽ ചാമച്ചി പ്രദേശത്തെ 40 വീട്ടുകാർക്ക് ശുദ്ധജലമെത്തിക്കാം. ചാമച്ചി അംഗൻവാടി പരിസരം,ശാന്തിഗിരി എന്നിവിടങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക.

5–ാം വാർഡ്: അടക്കാത്തോട്ശാന്തിഗിരി റോഡിന്റെ സൈഡിൽ കൈലാസൻ പടിക്കലുള്ള ചതുപ്പിൽ കുളം കുഴിച്ച്ടാങ്കിൽ ജലം സംഭരിച്ച് വിതരണം ചെയ്തും കുരിശുമലയുടെ കിഴക്കെചെരുവിൽ ഫോറസ്റ്റിൽ ഉള്ള നീർച്ചാലിൽ നിന്ന് പൈപ്പുവഴിയും അഞ്ചാം വാർഡിൽ കുടി വെള്ളം വിതരണം ചെയ്യാം.

6–ാം വാർഡ്: വാർഡിലെ പൊയ്യമല, മീശക്കവല, കണ്ണംമ്പള്ളികുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കാൻ ബാവലിപുഴയോരത്ത് കുളം കുഴിച്ച് ഉയർന്ന സ്ഥലത്തെ ടാങ്കിൽ വെള്ളം സംഭരിച്ച് വിതരണം ചെയ്യാം. അതുപോലെ നിലവിലുള്ള ഉപയോഗ ശൂന്യമായ കിണറുകൾ നന്നാക്കുകയും കുഴൽകിണറുകൾ കുഴിക്കുകയുമാണെങ്കിൽ കുറെ വീട്ടുകാർക്ക് കുടിവെള്ളം നൽകാം. ഇതിനാവശ്യമായ സർവ്വേ നടത്തണം.

7–ാം വാർഡ്: 7–ാം വാർഡിൽ കേളകം ടൗൺ, മഞ്ഞളാംപുറം, വഴിക്കടിമല, നാനാനി പൊയിൽ കോളനി, പെരുന്താനം കുരിശിങ്കൽ, ഹൈസ്കൂൾ പരിസരം എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ടൗൺ വികസിച്ചു വരുന്നതിനാൽ പ്രശ്നം രൂക്ഷമാകാൻ ഇടയുണ്ട്. കേളകം വില്ലേജ് ഓഫീസിനടുത്ത് 90 ശതമാനം പണി പൂർത്തിയാക്കിയ ശുദ്ധജലവിതരണ പദ്ധതിയുടെ പണി ഉടൻ പൂർത്തിയാക്കി ഹൈസ്കൂൾ ഗ്രൗണ്ടിലുള്ള ഉപയോഗശൂന്യമായ ടാങ്ക് മാറ്റി സംഭരണശേഷി കൂടിയ ഓവർഹെഡ് ടാങ്ക് സ്ഥാപിച്ച് കൂടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ ചേർത്ത് ശാസ്ത്രീയവും, വിപുലവുമായ ശുദ്ധജല വിതരണ സംവിധാനം ഉണ്ടാക്കുക. ജലക്ഷാമം രൂക്ഷമായ വഴിക്കടിമലയിൽ ആവശ്യമായ സർവ്വേയുടെ അടിസ്ഥാനത്തിൽ കുഴൽ കിണർ കുഴിക്കുക.

8–ാം വാർഡിൽ പുളിക്കാംപൊയിൽ കോളനി പരിസരം, കുറിച്യ കോളനി, വെങ്ങലാട്ട് പണിയ കോളനി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. വാർഡിന്റെ ഉയർന്ന ഭാഗത്ത് ചെമ്പോലിക്കൽ വീടിന്റെ ഭാഗത്തായി നീരൊഴുക്ക് തടഞ്ഞുനിർത്തി പൈപ്പ്വഴി വെള്ളം വിതരണം ചെയ്താൽ ഈ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

9–ാം വാർഡ്: വാർഡിലെ മധ്യവെള്ളൂന്നി, മേമലഭാഗം, മാങ്കുളം എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. മാങ്കുളം ഭാഗത്ത്ധാരാളം വെള്ളമുള്ള സ്ഥലത്ത് കുളം കുഴിച്ച് പൈപ്പിട്ടാൽ കുറെ വീടുകൾക്ക് ജലം വിതരണം ചെയ്യാം. കിഴക്കെവെള്ളൂന്നി അംഗൻവാടിക്കുസമീപം കുളം കുഴിച്ച് പൈപ്പിട്ടാൽ കുറെ വീട്ടുകാരുടെ കുടിവെള്ളക്ഷാമം പരിഹരിക്കാം. പഴത്തോട്ടത്തിൽ ഇമ്മാനുവലിന്റെ സ്ഥലത്തിനു സമീപം കുളം കുഴിച്ച്പൈപ്പുവഴി ജലം വിതരണം ചെയ്യാം. സാമ്പത്തികശേഷി കുറഞ്ഞവർക്ക് പൈപ്പ് വാങ്ങാൻ ധനസഹായം നൽകുക.

പ്രധാന പരിഹാര നിർദ്ദേശങ്ങൾ

ഗ്രാമസഭാ നിർദ്ദേശങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ പരിഹാര നിർദ്ദേശങ്ങളെ പ്രധാനമായും നാലായി തിരിക്കാം. അവ

(1) സ്വാഭാവിക നീർച്ചാലുകളിൽ നിന്നും വിതരണം ചെയ്യുക. (2) K W A യുടെ നിലവിലുള്ള

ജല വിതരണ പദ്ധതികളും വികസിപ്പിക്കുക. (3) പുതിയ പദ്ധതികളും ആരംഭിക്കുക. (4) കിണറുകളും, കുഴൽ കിണറുകളും പണിയുക എന്നിവയാണ്.

1. സ്വാഭാവിക നീർച്ചാലുകളിൽ നിന്നും ശുദ്ധജല വിതരണം നടത്തുക

പഞ്ചായത്തിലെ 3, 4, 5, 8, 9 വാർഡുകളിലെ കുന്നിൻ പ്രദേശങ്ങളിൽ ഒരിക്കലും വറ്റാത്ത നീർച്ചോലകളും ധാരാളമുണ്ട്. ഇവിടെ നീർച്ചാലുകളിൽ തടയണ കെട്ടിയും, ചില സ്ഥലങ്ങളിൽ കുളം കുഴിച്ച് ജലം ശുദ്ധീകരണം നടത്തി പൈപ്പുവഴിയും വിതരണം ചെയ്താൽ കുറഞ്ഞ ചെലവിൽ പഞ്ചായത്തിലെ ഏതാണ്ട് പകുതി ഭാഗത്തെ ശുദ്ധജലക്ഷാമം പരിഹരിക്കാം. ഈ ജല സ്രോതസുകളുടെ സംരക്ഷണത്തിനും ജലവിതരണത്തിനുമായി ജനകീയ ശുദ്ധജല സംരക്ഷണ സമിതികളും രൂപീകരിക്കുക. ഈ രംഗത്തെ ആസൂത്രണത്തിനും വിദഗ്ദോപദേശത്തിനുമായി കേരളത്തിൽ ജലവിഭവങ്ങളുടെ വികസനത്തെയും ഉപയോഗത്തെയും സംബന്ധിച്ച് സ്തുത്യർഹമായ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ള കോഴിക്കോട്ടെ **C. W. R. D. M** ന്റെ സഹായം ആവശ്യപ്പെടാം. ഇങ്ങനെ ജനകീയ പങ്കാളിത്തത്തോടെ എല്ലാ വീട്ടിലും കുടിവെള്ളമെത്തിക്കാനുള്ള പഞ്ചായത്തുതല സമഗ്ര പദ്ധതി നടപ്പാക്കാം.

2. K. W. A. യുടെ നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കി വികസിപ്പിക്കുക. നിർമ്മാണത്തിലിരിക്കുന്നവ പൂർത്തിയാക്കുക.

K. W. A. യുടെ രണ്ട് ശുദ്ധജല വിതരണ പദ്ധതികളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. രണ്ടെണ്ണത്തിന്റെ പണി പൂർത്തിയായിവരുന്നു. നിലവിലുള്ളവയിൽ 7-ാം വാർഡിലുള്ള പദ്ധതി വൻ പരാജയമാണ്. കേളകം ഹൈസ്കൂൾ ഗ്രൗണ്ടിലുള്ള ടാങ്ക് ചോരുന്നതുമൂലം വെള്ളം അധികനേരം അതിൽ നിൽക്കുന്നില്ല. ഇതിനു പരിഹാരമായി ഇവിടെ സംഭരണശേഷി കൂടിയ ഒരു ഓവർഹെഡ് ടാങ്ക് പണിയണം. നിലവിലുള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിച്ച് ലൈൻ നീട്ടുകയാണെങ്കിൽ 7-ാംവാർഡിലെ കുടിവെള്ള ക്ഷാമം പൂർണ്ണമായും 8-ാം വാർഡിലെ കുടിവെള്ള ക്ഷാമം ഭാഗികമായും പരിഹരിക്കാം. K. W. A. യുടെ പാറത്തോട് ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പ്ലൈൻ ചോരുന്നതുകാരണം ശുദ്ധജലം പാഴാവുകയാണ്. ഈ തകരാറ് പരിഹരിച്ച് പൈപ്പ്ലൈൻ നീട്ടുകയും ആവശ്യാനുസരണം ടാപ്പുകളും പിടിപ്പിക്കുകയുമാണെങ്കിൽ 2-ാം വാർഡിലെ ശുദ്ധജല ക്ഷാമം പൂർണമായും 3-ാം വാർഡിലെ ഭാഗികമായും പരിഹരിക്കാം. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വളയംചാൽ, പെരുന്താനം കോളനികളിലെ ശുദ്ധജലവിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കുകയും പൈപ്പ് ലൈൻ നീട്ടുകയുമാണെങ്കിൽ 1-ാം വാർഡിലെ ശുദ്ധജലക്ഷാമം 90% പരിഹരിക്കാം.

3. പുതിയ ശുദ്ധജല പദ്ധതി ആരംഭിക്കുക.

നിലവിൽ ശുദ്ധജല വിതരണ പദ്ധതികളോ, നീർച്ചാലുകളോ ഇല്ലാത്ത 6-ാം വാർഡിൽ ഒരു ചെറുകിട ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. ഇതിനായി ബാവലി പുഴയോരത്ത് കളംകുഴിച്ച് ഉയർന്ന സ്ഥലത്തെ ടാങ്കിൽ ജലം സംഭരിച്ച് വിതരണം ചെയ്യാം.

4. പൊതു കിണറുകളും കുഴൽകിണറുകളും നിർമ്മിക്കുക.

മുകളിൽ പറഞ്ഞ മൂന്നു രീതികളിലും ശുദ്ധജലമെത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സർവ്വേ നടത്തി ആവശ്യമെങ്കിൽ കുഴൽ കിണറുകളും, കിണറുകളും നിർമ്മിക്കുക. നിലവിലുള്ള കിണറുകളുടെയും കുഴൽകിണറുകളുടെയും അറകുറ്റപ്പണികളും നടത്തുക.

മറ്റ് നിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ചും (ട്രഞ്ചിംഗ്), തോടുകളിൽ തടയണ കെട്ടിയും മഴവെള്ളം സംഭരിക്കുക.

കുന്നിൻ പ്രദേശമായതിനാൽ വളരെവേഗം ഒഴുകി നഷ്ടപ്പെടുന്ന മഴവെള്ളത്തെ സംഭരിക്കുന്നതിനും അതുവഴി നമ്മുടെ ജലസ്രോതസ്സുകളും വറ്റാതെ നിലനിർത്തുന്നതിനും കഴിയും.

2. ഇതിനായി ബോധവൽക്കരണം നടത്തുക.

ജലസംഭരണത്തിന്റെ ഗുണങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ നിരന്തരം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക. ഇത് മഹത്തായൊരു പ്രവർത്തനമാണെന്ന ധാരണ അവരിൽ ഉണ്ടാക്കുകയും അതുവഴി ഒരു ജലസംഭരണ സംസ്ക്കാരം വളർത്തുകയും ചെയ്യുക.

പരിസര ശുചിത്വം

പൊതുജനാരോഗ്യം കാത്തുസൂക്ഷിക്കുന്നതിന് കുടിവെള്ളം കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ടത് പരിസരശുചിത്വമാണ്. എന്നാൽ ഇക്കാര്യത്തിൽ കേളകം പഞ്ചായത്ത് വളരെ പിന്നിലാണ്. ആകെ വീടുകളുടെ 31 %ത്തിനുമാത്രമാണ് കക്കൂസ് ഉള്ളത്. സാമ്പത്തിക പരാധീനതയും ശുചിത്വമില്ലായ്മ മൂലമുള്ള പ്രശ്നങ്ങളെകുറിച്ചുള്ള ബോധമില്ലായ്മയുമാണ് കക്കൂസ് നിർമ്മിക്കുന്നതിന് തടസ്സമായിട്ടുള്ള പ്രധാന കാരണങ്ങൾ. മതിയായ കക്കൂസ് സൗകര്യം ഇല്ലാത്തത് കൊണ്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. പഞ്ചായത്തിൽ വയറിളക്ക രോഗങ്ങളും വിരശല്യവും വളരെ കൂടുതലായി കാണപ്പെടുന്നു. പ്രൈമറി ഹെൽത്ത് സെൻററിൽ നിന്നുള്ള കണക്കുകൾ പ്രകാരം 95-96ൽ റിപ്പോർട്ട് ചെയ്യപ്പെട്ട 548 പകർച്ചവ്യാധി രോഗികളിൽ 488 പേരും ജലജന്യരോഗം ബാധിച്ചവരാണ്.

(അവലംബം-ദ്വിതീയ വിവര ശേഖരണം-പകർച്ചവ്യാധി രജിസ്റ്റർ—P. H. C.).

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാര മാർഗങ്ങളും

നിർമ്മിക്കാതിരിക്കാനുള്ള കാരണങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
1. സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സഹായം നൽകുക.
2. ശുചിത്വമില്ലായ്മ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധമില്ലായ്മ	ആരോഗ്യ പ്രവർത്തകരേയും ഉദ്യോഗസ്ഥരെയും സന്നദ്ധ പ്രവർത്തകരെയും ബന്ധപ്പെടുത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
3. സ്ഥലപരിമിതി (കോളനികൾ)	പൊതു കക്കൂസ് നിർമ്മിക്കുക.

പണിയകോളനികളിൽ കക്കൂസ് നിർമ്മിച്ചു നൽകിയതുകൊണ്ടുമാത്രം പ്രശ്നം തീരില്ല. കക്കൂസിനോടനുബന്ധിച്ച് ജലവിതരണ ടാപ്പുകളും പിടിപ്പിക്കണം. അല്ലാത്തപക്ഷം അതുകൊണ്ട് ഗുണംകിട്ടില്ല. ഇതിനൊക്കെപ്പുറമെ അവർക്ക് നിരന്തരം ബോധവൽക്കരണ ക്ലാസുകളും നൽകുകയും ചെയ്യണം.

പരിസരമലിനീകരണവും പരിഹാര മാർഗങ്ങളും

ജനസംഖ്യ വളരെ കുറവായതിനാലും വ്യവസായ വൽക്കരണം വളരെ കുറഞ്ഞ പ്രദേശമായതിനാലും പരിസരമലിനീകരണം വളരെ കുറവാണ്. എങ്കിലും കേളകം അടക്കാത്തോട് ടൗണിലടക്കം മലിനീകരണ പ്രശ്നങ്ങൾ ഉണ്ട്. ഇത് ഭാവിയിൽ രൂക്ഷമാകാൻ സാധ്യതയുണ്ട്. അതുകൊണ്ട തന്നെ ഇത് പരിഹരിക്കാനുള്ള ശ്രമം ഇപ്പോഴേ തുടങ്ങേണ്ടതുണ്ട്.

ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും താഴെ പറയും വിധം സംഗ്രഹിക്കാം.

കേളകം ടൗണിൽ ഹോട്ടലുകളിൽ നിന്നും, പച്ചക്കറികടകളിൽ നിന്നും മൽസ്യ മാർക്കറ്റിൽ നിന്നും, പുറന്തള്ളുന്ന പാഴ്വസ്തുക്കളും കാരണം ദുർഗന്ധവും കൊതുകുശല്യവും ഉണ്ടാകുന്നുണ്ട്. ഇത് ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. ഹോട്ടലുകളിലേയും പച്ചക്കറിക്കടകളിലെയും മാലിന്യം ശേഖരിച്ച് നശിപ്പിച്ചുകളയാൻ അധികാരികൾ തന്നെ ആവശ്യപ്പെടണം. ടൗണിലെ മത്സ്യമാർക്കറ്റ് സൗകര്യപ്രദവും ശുചീകരണ സൗകര്യവുമുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം. ബസ്സ്റ്റാൻഡിലുള്ള പൊതുകക്കൂസിന്റെ സെപ്റ്റിക്ക് ടാങ്ക് പൊട്ടി ദുർഗന്ധത്തിനും കൊതുക് പെരുകാനും കാരണമായിരിക്കുകയാണ്.

കൊതുകുവഴി പലരോഗങ്ങളും പിടിപെടാൻ സാധ്യതയുള്ളതിനാൽ എത്രയും പെട്ടെന്ന് ഈ ടാങ്ക് മൂടി പുതിയത് നിർമ്മിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കണം. ടൗണിൽ ശുചീകരണ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണം.

അടക്കാത്തോട് ടൗണിൽ മത്സ്യം വിൽക്കുന്ന സ്ഥലത്തു നിന്നും പുറന്തള്ളുന്ന മലിന വസ്തുക്കളും നിമിത്തം ദുർഗന്ധവും മറ്റ് പ്രശ്നങ്ങളുമുണ്ട്. ഇത് ടൗണിൽ നിന്ന് ശുചീകരണ സൗകര്യമുള്ള സ്ഥലത്തേക്കുമാറ്റി സ്ഥാപിക്കണം. മലവിസർജ്ജനംമൂലം അടക്കാത്തോട് ടൗണിനടുത്തുള്ള തോട്ടിലെ ജലം മലിനപ്പെടുന്നുണ്ട്. നിരവധിയാളുകൾ കുടിക്കാനും, കുളിക്കാനും ഉപയോഗിക്കുന്ന ജലമാണ് ഇത്. ഇതിനെതിരെ ബോധവൽക്കരണം നടത്തുകയും പ്രശ്നം പരിഹരിക്കാൻ അടക്കാത്തോട് ടൗണിൽ പൊതുകക്കൂസും, മൂത്രപ്പുരയും സ്ഥാപിക്കുകയും ആവശ്യമായ ജലവിതരണ സംവിധാനം ഉണ്ടാക്കുകയും വേണം.

വേനൽകാലത്ത് പുഴകളിലും തോടുകളിലും നഞ്ച്, തുരിശ്, തോട്ടപ്പാൽ എന്നിവ ഉപയോഗിച്ച് മീൻ പിടിക്കുന്ന സ്ഥിതിയുണ്ട്. വെള്ളം ഏറ്റവും കുറഞ്ഞ സമയങ്ങളിലാണ് ഇത്തരം വിഷവസ്തുക്കൾ ഉപയോഗിക്കുന്നത്. ഇത് ഗുരുതരമായ ജല മലിനീകരണത്തിനും അതുവഴി ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതുണ്ട്.

ഒന്നാം വാർഡിൽ കുറെയേറെ ആദിവാസി കുടുംബങ്ങൾ തിങ്ങിപാർക്കുന്നുണ്ട്. അവർക്ക് ശവസംസ്ക്കാരം നടത്താൽ ആവശ്യമായ സ്ഥലമില്ലാത്ത പ്രശ്നമുണ്ട്. ഇതിന് പരിഹാരമായി 1-ാം വാർഡിൽ ഒരു പൊതുശ്മശാനം നിർമ്മിക്കണം.

6-ാം വാർഡിലെ സ്റ്റോൺ ക്രഷറിൽ നിന്നുള്ള പൊടിപടലം ഗുരുതരമായ അന്തരീക്ഷ മലിനീകരണ മുണ്ടാക്കുന്നുണ്ട്, ഇതിനടുത്തുള്ള ചിലർക്ക് സിലിക്കോസിസ്, ബ്രോങ്കൈറ്റിസ് എന്നിവ പിടിപെട്ടതായി റിപ്പോർട്ടുണ്ട്. ഈ മലിനീകരണം തടയാൻ ആവശ്യമായ നടപടികളും സ്വീകരിക്കണം.

പഞ്ചായത്തിലെ മിക്ക ഇറച്ചി വില്പന കേന്ദ്രങ്ങളും വൃത്തികേടുകളും നിറഞ്ഞ അന്തരീക്ഷത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ നിന്നും വാങ്ങുന്ന ഇറച്ചിയിൽ കൂടി പല രോഗങ്ങളും പിടിപെടാൻ സാധ്യതയുണ്ട്. മാത്രമല്ല അറവിനുകൊണ്ടുവരുന്ന കാലികളും പലതും മാരകമായ രോഗങ്ങളും ബാധിച്ച വയാണ്. ഇത്തരം പ്രശ്നങ്ങളും പരിഹരിക്കാൻ കശാപ്പുശാലകൾക്ക് നിശ്ചിത സ്ഥല സൗകര്യങ്ങളും നിശ്ചയിച്ച് ആവശ്യമായ പരിശോധനകൾശേഷം മാത്രം ലൈസൻസ് നൽകാൻ പഞ്ചായത്ത് തയ്യാറാകണം. ലൈസൻസില്ലാത്ത അറവുശാലകൾക്കെതിരെ നടപടിയെടുക്കണം. അറവിനു വേണ്ടി പുറത്തു നിന്ന് കൊണ്ടുവരുന്ന കാലികളെ ഡോക്ടറുടെ പരിശോധനക്കു ശേഷം മാത്രമേ പഞ്ചായത്തിലേക്ക് പ്രവേശിപ്പിക്കാൻ പാടുള്ളൂ.

മറ്റ് നിർദ്ദേശങ്ങൾ

1 ടൗണിൽ പുതിയ കെട്ടിടങ്ങളും പണിയുമ്പോൾ കക്കൂസ്, ആവശ്യത്തിനുള്ള ജല ലഭ്യത എന്നിവ ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ലൈസൻസുകളും നൽകാവൂ.

2 പഞ്ചായത്തിൽ മാലിന്യങ്ങൾ ശേഖരിച്ച് നശിപ്പിക്കാനാവശ്യമായ പ്രത്യേക സ്ഥലവും, മാലിന്യം കൊണ്ടുപോകാനുള്ള വാഹനവും ഏർപ്പെടുത്തണം

3 പഞ്ചായത്തിലെ മുഴുവൻ കിണറുകളിലും എല്ലാവർഷവും ക്ലോറിനേഷൻ നടത്തണം.

4 ചോർ കലങ്ങുന്ന കിണറുകളിലും, ദുർഗന്ധമുള്ള കിണറുകളിലും ചിരട്ടക്കരി ഇട്ട് സംരക്ഷിക്കുക, (ഉദ്ദേശം 20 ചിരട്ടയുടെ കരി എങ്കിലും ഒരു കിണറിൽ നിക്ഷേപിക്കണം.)

5 ഹോട്ടലുകളിലെ ഭക്ഷണം, വാട്ടർസപ്ലൈ എന്നിവ ഇടക്കിടെ പരിശോധനക്ക് വിധേയമാക്കണം. അവിടങ്ങളിൽ പണി എടുക്കുന്ന ജീവനക്കാരുടെ ശുചിത്വവും, ആരോഗ്യവും ഉറപ്പുവരുത്താനാവശ്യമായ നടപടികളും സ്വീകരിക്കുക. അവക്ക് ഹെൽത്ത് കാർഡ് ഏർപ്പെടുത്തുക.

6 ജനങ്ങളിൽ ശുചിത്വ ബോധം വളർത്തുന്നതിനായി ബോധവൽക്കരണ ക്ലാസുകളും ഇടക്കിടെ നടത്തുക.

7 റോഡിന്റെ വശങ്ങളിലുള്ള ഓടകളും മൂടുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും തടയുക.

8 കൊതുകുനശീകരണത്തിനായി ടൗണിലെ ഓടകളിലും വെള്ളം കെട്ടിക്കിടക്കുന്ന മറ്റ് സ്ഥലങ്ങളിലും ഇടക്കിടെ മരുന്ന് തളിക്കുക.

9 ഗ്രാമ ശുചീകരണ വാരങ്ങളും ആചരിക്കുക.

പൊതുജനാരോഗ്യം

1943 ൽ കുടിയേറ്റം നടക്കുന്നതുവരെ കേളകത്തെ ചികിൽസാവിധികൾ ആദിവാസികളുടെ ഒറ്റമൂലികളും കൂട്ടുകഷായങ്ങളുമായിരുന്നു. കുടിയേറ്റം തുടങ്ങിയതിനുശേഷം ആരോഗ്യരംഗം ചില പാരമ്പര്യ വൈദ്യന്മാരുടെ ചികിൽസക്ക് വഴിമാറി. 1943 ൽ നാരുവേലി പൈലി വൈദ്യർ ആയുർവേദ ചികിൽസ ആരംഭിച്ചു. പിന്നീട് ചുണ്ടക്കാട്ട് ഏലിയാസ് വൈദ്യർ,നരിക്കടവ് വൈദ്യർ(ചാത്തൻപാറ ജോസഫ്) കുടികളെ ചികിൽസിച്ചിരുന്ന വേലൻ വൈദ്യർ (നാരായണൻ) എന്നിവർ ചികിൽസ നടത്തിയിരുന്നു. 1958 ൽ ഗീവർഗീസ് അച്ചൻ തുടങ്ങിയ സെൻറ് ജോർജ് ഹോമിയോ ക്ലിനിക്ക് ആണ് ആധുനിക ചികിൽസാരംഗത്ത് കേളകത്ത് തുടങ്ങിയ ആദ്യ സ്ഥാപനം. 1967 ൽ ആണ് ആദ്യ സർക്കാർ സ്ഥാപനം പ്രൈമറി ഹെൽത്ത് സെൻറർ ആരംഭിച്ചത്. അന്നത്തെ ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്ന ബി. വെല്ലിംഗ്ടൺ ആണ് ഉൽഘാടനം നിർവ്വഹിച്ചത്, 1971 ൽ ഡോ. അജിത് കുമാർ തുടങ്ങിയ നിർമ്മല ഹോസ്പിറ്റൽ ആയിരുന്നു രോഗികളെ കിടത്തി ചികിത്സിച്ച കേളകത്തെ ആദ്യത്തെ ആശുപത്രി. ഇന്ന് ഒരു പ്രൈമറി ഹെൽത്ത് സെൻറർ, ഒരു ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറി, ഒരു ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി, മൂന്ന് അലോപ്പതി ആശുപത്രികളും, ഒരു അലോപ്പതി ക്ലിനിക്ക്, ഒരു ആയുർവേദ ക്ലിനിക്ക്, നാലു ഹോമിയോ ക്ലിനിക്ക് എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഇത്രയേറെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിനനുസരിച്ചുള്ള ഗുണനിലവാരം ആരോഗ്യ രംഗത്ത് ഇല്ല എന്ന പ്രശ്നം നലനിൽക്കുന്നു. പകർച്ചവ്യാധി രോഗങ്ങളും വർദ്ധിച്ചു വരുന്നു. പ്രത്യേകിച്ചു ജല ജന്യരോഗങ്ങളും.

പ്രൈമറി ഹെൽത്ത് സെൻറർ രേഖകൾ പ്രകാരം 1993–96 വർഷത്തിൽ പഞ്ചായത്തിൽ ഉണ്ടായ പകർച്ചവ്യാധി രോഗങ്ങളുടെ പട്ടിക താഴെക്കൊടുക്കുന്നു.

പ്രൈമറി ഹെൽത്ത് സെൻറർ രേഖകൾ പ്രകാരം 1993—96 വർഷത്തിൽ പഞ്ചായത്തിൽ ഉണ്ടായ പകർച്ചവ്യാധി രോഗങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു

പട്ടിക 1

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യരോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ
1993–94	302	44	ഇല്ല
1994–95	479	73	4
1995–96	488	58	2

പഞ്ചായത്തിൽ കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന 17 പേർ ഉണ്ട്. ക്ഷയരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന 134 പേർ ഉണ്ട്. പഞ്ചായത്തിൽ ജനന നിരക്ക് 20 ആണ്. (കേരളം 17) മരണ നിരക്ക് 3.2 (കേരളം 5.9) ശരാശരി കുടുംബ വലിപ്പം അഞ്ച് മാത്രമാണ്. പഞ്ചായത്തിൽ അംഗവൈകല്യമുള്ളവർ 86 പേരുണ്ട്. ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്താനും ഉള്ള അവസരം ഉണ്ടാക്കണം.

പ്രൈമറി ഹെൽത്ത് സെൻററിൻെറ വികലാംഗ സർവ്വേ അടിസ്ഥാനമാക്കിയുള്ള പട്ടിക ചുവടെ കൊടുക്കുന്നു

പട്ടിക 2

അന്ധർ	13
ബധിരർ	14
മൂകർ	7
ചലന വൈകല്യമുള്ളവർ	52
ആകെ	86

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കിടത്തി ചികിൽത്സിക്കാനാവശ്യമായ ഗവൺമെൻറ് ആശുപത്രി കേളകത്തില്ല. ഇപ്പോഴും ഇത്തരക്കാർക്ക് 23 കിലോമീറ്ററോളം യാത്ര ചെയ്ത് പേരാവൂർ ഗവൺമെൻറ് ആശുപത്രിയെ ആശ്രയിക്കേണ്ട ഗതികേടാണുള്ളത്. അതുപോലെ തന്നെ പ്രസവത്തിന് സൗകര്യമുള്ള ഗൈനക്കോളജിസ്റ്റിൻറെ സേവനമുള്ള ഒരാശുപത്രി കേളകത്തില്ല. ഇത് ഈ മേഖലയിലെ ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇപ്പോഴും കേളകത്തുള്ള ഭൂരിഭാഗം ആശുപത്രികളും ക്ലീനിക്കുകളും ഏഴാം വാർഡ് കേന്ദ്രീകരിച്ചാണ് ഉള്ളത്. ഫലത്തിൽ അടയ്ക്കാത്തോട് മേഖലയിലുള്ളവർ ഒറ്റപ്പെട്ട അവസ്ഥയിലാണ്. ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കാണേണ്ടതുണ്ട്.

ആരോഗ്യത്തെ സംബന്ധിച്ച് ഗ്രാമ സഭകളിൽനിന്ന് ഉയർന്നു വന്ന പ്രശ്നങ്ങളും നിർദേശങ്ങളും ചുവടെ കൊടുക്കുന്നു

പട്ടിക 3

വാർഡ്	ആരോഗ്യ സ്ഥാപനങ്ങൾ		കാണപ്പെടുന്നപ്രധാനരോഗങ്ങൾ	ആരോഗ്യ പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതുസ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
1	ആരോഗ്യ സ്ഥാപനങ്ങൾ ഒന്നും ഇല്ല	സ്വകാര്യ സ്ഥാപനങ്ങൾ ഇല്ല	ചൊറി, പനി, ചെങ്കണ്ണ്, അജ്ഞാത രോഗം (കോളനി)	ആരോഗ്യ പ്രവർത്തകർ ഇവിടെ എത്താറില്ല. ഈ രംഗവുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനവും നടക്കുന്നില്ല.	പണിയകോളനികളിൽ ഇടയ്ക്കിടെ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക. വളയഞ്ചാൽ പ്രദേശങ്ങളിൽ വരാനുള്ള ആരോഗ്യപ്രവർത്തകരുടെ വിമുഖത അവസാനിപ്പിക്കുക.
2	ഒരു ഗവൺമെൻറ് ആയുർവ്വേദ ഡിസ്പെൻസറി, ഒരു കുടുംബക്ഷേമ ഉപകേന്ദ്രം	സ്വകാര്യ സ്ഥാപനങ്ങൾ ഇല്ല	വയറിളക്കം, ചൊറി, ചെങ്കണ്ണ്	ആയുർവേദ ആശുപത്രിയിലെ ഡോക്ടർ എല്ലാദിവസവും ആശുപത്രിയിൽ വരാറില്ല. ആശുപത്രിയിൽ ഫാർമസിസ്റ്റ് ഇല്ല	സ്ഥിരം ഡോക്ടറെ ആയുർവ്വേദ ആശുപത്രിയിൽ നിയമിക്കുക. ഫാർമസിസ്റ്റിനെ നിയമിക്കുക. ഔഷധങ്ങളുടെ അലോട്ട്മെൻറ് വർദ്ധിപ്പിക്കുക. കുടുംബക്ഷേമ ഉപകേന്ദ്രത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കുക.
3	ഇല്ല	ഒരു ഹോമിയോ ക്ലിനിക്ക്	വയറിളക്കം ചൊറി ചെങ്കണ്ണ്, ചിക്കൻ പോക്സ്	ആരോഗ്യ പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല	അടക്കാത്തോട് രോഗികളെ കിടത്തി ചികിൽസിപ്പിക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
4	ഇല്ല	ഇല്ല	പനി, വയറിളക്കം, നേത്രരോഗം, ബാലടി.ബി	ആരോഗ്യ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല	ഏറ്റവും അടുത്ത കേന്ദ്രമായ അടക്കാത്തോട് ടൗണിൽ കിടത്തിചികിത്സിക്കത്തക്കരീതിയിൽ ആശുപത്രി സ്ഥാപിക്കുക. ആരോഗ്യ പ്രവർത്തകർ ഇടയ്ക്കിടെ വാർഡ് സന്ദർശനം നടത്തുക
5	ഇല്ല	ഇല്ല	പനി, വയറിളക്കം	ആരോഗ്യ പ്രവർത്തനങ്ങൾ നടക്കാറില്ല	വാർഡിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കുക. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
6	ഇല്ല	ഇല്ല	പനി വയറിളക്കം, സിലിക്കോസിസ് ബ്രോങ്കൈറ്റിസ്	ആരോഗ്യ പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല	പൊയ്യമല ഭാഗത്ത് കുടുംബക്ഷേമ കേന്ദ്രം സ്ഥാപിക്കുക, സ്റ്റോൺ ക്രഷർ മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കുക.

7	ഒരു പ്രൈമറിഹെൽത്ത് സെൻറർ ഒരു ഗവൺമെൻറ്ഹോമിയോ ഡിസ്പെൻസറി	മൂന്ന് അലോപ്പതി ആശുപത്രികളും ഒരു അലോപ്പതി ക്ലിനിക്ക് രണ്ട് ഹോമിയോ ക്ലിനിക്ക് ഒരു ആയുർവേദ ക്ലിനിക്ക്	ത്വക്ക്രോഗങ്ങളും, ചൊറി, പനി, ചെങ്കണ്ണ്	പ്രൈമറി ഹെൽത്ത് സെൻററിൽകിടത്തി ചികിത്സിക്കാനാവശ്യമായസൗകര്യമില്ല മുഴുവൻസമയ ഡോക്ടർഇല്ല. ഉപകരണങ്ങളും പ്രൈമറിഹെൽത്ത്സെൻറിലില്ല.	പ്രൈമറി ഹെൽത്ത്സെൻറർ അപ്ഗ്രേഡ്ചെയ്ത്ഗവൺമെൻറ് ആശുപത്രിയാക്കുക. പ്രൈമറി ഹെൽത്ത് സെൻററിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.
8	ഇല്ല	ഒരു ആയുർവേദ ക്ലിനിക്ക്	പനി, ചർദ്ദി, ടൈഫോയ്ഡ്	ആയുർവേദ ക്ലിനിക്കിൽ ഡോക്ടർ ഒരു ദിവസം മാത്രം സന്ദർശനം നടത്തുന്നു	പ്രൈമറിഹെൽത്ത് സെൻററിൽ രോഗികളെ കിടത്തിചികിൽസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. കോളനികളിൽ ഇടയ്ക്കിടെ ആരോഗ്യ ക്ലാസുകളും നടത്തുക.
9	ഒരുകുടുംബക്ഷേമ ഉപകേന്ദ്രം	ഇല്ല	മലമ്പനി, മഞ്ഞപ്പിത്തം, വയറുകടി	കുടുംബക്ഷേമ ഉപകേന്ദ്രത്തിൻെറ കെട്ടിടം ശോചനീയമായ സ്ഥിതിയിലാണ്, മാങ്കുളം ഭാഗങ്ങളിൽ ആരോഗ്യ പരിപാടികളും നടത്താറില്ല.	മാങ്കുളംഭാഗങ്ങളിൽആരോഗ്യപരിപാടികളും കാര്യക്ഷമമായി നടത്തുക. കുടുംബക്ഷേമ ഉപകേന്ദ്രത്തിൻെറ കെട്ടിടം നന്നാക്കുക. ആരോഗ്യപ്രവർത്തകർ കൃത്യമായി എത്താനുള്ള സംവിധാനം ഏർപ്പെടുത്തുക.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളും സേവനങ്ങളും

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ പത്തുശതമാനത്തിൽ താഴെ ആളുകളും മാത്രമാണ് സർക്കാർ ആശുപത്രികളുടെ സേവനം ഉപയോഗപ്പെടുത്തുന്നത്. പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ ഗുണ നിലവാരമില്ലായ്മയാണ് ഇതിൻെറ പ്രധാന കാരണം. ഇതുമെച്ചപ്പെടുത്തി ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാനുള്ള പ്രവർത്തനം നടപ്പിലാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 4

നമ്പർ	സ്ഥാപനം	വാർഡ്	ജീവനക്കാർ	സ്ഥാപിച്ച വർഷം	കെട്ടിടംസ്വന്തം/വാടക
1	പ്രൈമറി ഹെൽത്ത് സെൻറർ, കേളകം	7	26	1967	സ്വന്തം
2	ഗവ: ഹോമിയോ ഡിസ്പൻസറി	7	4	1982	സ്വന്തം
3	ഗവ: ആയുർവ്വേദ ഡിസ്പൻസറി	2	4	1991	സ്വന്തം
4	കുടുംബക്ഷേമകേന്ദ്രം കേളകം	9	1	1966	സ്വന്തം
5	കുടുംബക്ഷേമ കേന്ദ്രം ആനക്കുഴി	2	1	1982	വാടക
6	കുടുംബക്ഷേമ കേന്ദ്രം പൊയ്യമല	6	1	1985	ഇല്ല
7	കുടുംബക്ഷേമ കേന്ദ്രം കുണ്ടേരി	1	1	1985	ഇല്ല
8	കുടുംബക്ഷേമ കേന്ദ്രം അടക്കാത്തോട്	3	1	1970	ഇല്ല

പൊതുജനാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം പൂർണ്ണമായും ലഭിക്കുന്നില്ല. ചിലരുടെ സ്വകാര്യപ്രാക്ടീസിലെ താല്പര്യം സ്ഥിതി കൂടുതൽകൂടുതൽഗുരുതരമാക്കുന്നു.ഈഅവസ്ഥമാറ്റാൻ സത്വര നടപടികളും സ്വീകരിക്കേണ്ടതാണ്.

ആരോഗ്യസംരക്ഷണ കാര്യത്തിൽ ചികിൽസയേക്കാളും പ്രാധാന്യം ബോധവൽക്കരണത്തിനുണ്ട്. എന്നാൽ ഫീൽഡുവർക്കർമാർ ഈ കാര്യത്തിൽ വളരെയധികം വീഴ്ചവരുത്തുന്നുണ്ട്. ഇത് ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

ജനങ്ങളുടെ പ്രാഥമിക സൗകര്യങ്ങളെ സംബന്ധിച്ചും, രോഗങ്ങളെ സംബന്ധിച്ചും കൃത്യമായ വിവരം ശേഖരിക്കുന്നകാര്യത്തിൽപോലും ഇവർ പരാജയമാണ്. ഇവരുടെ ഇടയിലെ നിഷ്ക്രിയത്വം മാറ്റാൻ അടിയന്തര നടപടികളും സ്വീകരിക്കേണ്ടതാണ്.

ഗവ: ആയുർവ്വേദ ആശുപത്രിയിലെ ഡോക്ടർക്ക് മറ്റ് ആശുപത്രിയുടെ കൂടി ചുമതല ഉള്ളത് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ഇവിടെഫാർമസിസ്റ്റിനെ അടിയന്തിരമായിനിയമിക്കേണ്ടതും ഔഷധങ്ങളുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കേണ്ടതുമാണ്. ആശുപത്രി വൈദ്യുതീകരിക്കുന്നതിനും ശുദ്ധജല വിതരണം നടത്തുന്നതിനുമുള്ള നടപടികളും സ്വീകരിക്കണം. അടക്കാത്തോട് പൊയ്യമല, കുണ്ടേരി കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം സ്റ്റാഫിൽ മാത്രം ഒതുങ്ങുന്നു.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശങ്ങൾ

1. ഗവൺമെന്റ് ആശുപത്രി സ്ഥാപിക്കുക,

കേളകത്ത് പ്രവർത്തിക്കുന്ന **P. H. C.** അപ് ഗ്രേഡ് ചെയ്ത്, രോഗികളെ കിടത്തി ചികിൽസിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. ഇവിടെ പ്രസവത്തിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുകയും ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും ചെയ്യണം.

2. അടയ്ക്കാത്തോട്ടിൽ പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.

അടയ്ക്കാത്തോട് മേഖല ആരോഗ്യരംഗത്ത് ഒറ്റപ്പെട്ടകിടക്കുകയാണ്. അവർ ഇപ്പോഴും ചികിത്സയ്ക്കായി പത്തനേഴോളം കിലോമീറ്റർ യാത്ര ചെയ്തു കേളകത്തു വരേണ്ട അവസ്ഥയിലാണിപ്പോഴും. ഇതു പരിഹരിക്കാനായി അടയ്ക്കാത്തോട്ടിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.

3. പൊതുജനാരോഗ്യ കേന്ദ്രങ്ങളും ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള വിശ്വാസമില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുക. ആശുപത്രി സംരക്ഷണ സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

4. ആരോഗ്യരംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും നൽകുക.

5. പ്രായംചെന്നവർക്കായുള്ള വിവിധ പെൻഷൻ സ്കീമുകളുടെ കവറേജ് പൂർണ്ണമാക്കുക.

6. ചെറിയ അസുഖങ്ങളും വരുമ്പോഴേക്കുതന്നെ ഉണ്ടാകുന്ന അമിത ഉൽക്കണ്ഠ മാറ്റാനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക.

7. അടുത്ത സ്കൂൾ ആരംഭത്തിൽ തന്നെ പ്രത്യേക സ്കൂൾ ആരോഗ്യ പരിപാടി നടപ്പിലാക്കുക. കുട്ടികൾക്ക് മെഡിക്കൽ കാർഡുകളും ഏർപ്പെടുത്തുക.

8. അധ്യാപകർക്ക് പ്രഥമ ശുശ്രൂഷാപരിശീലനവും സ്കൂളുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സും സ്ഥാപിക്കുക.

9. കുഷ്ഠം, ക്ഷയം, ക്യാൻസർ, നേത്രരോഗങ്ങളും എന്നിവയുടെ പ്രത്യേക പരിശോധനാ ക്യാമ്പുകളും നടത്തുക. വിശദമായ ആരോഗ്യ പഠനം നടത്തുക.

10, പുകവലി, മദ്യപാനം, പാൻപരാഗ്പോലുള്ള ലഹരി വസ്തുക്കളും എന്നിവയ്ക്കെതിരെ ശക്തമായ പ്രചാരണ പ്രവർത്തനങ്ങളും ഏർപ്പെടുത്തുക.

11. മാനസിക സംഘർഷം വർദ്ധിച്ചുവരുന്ന ആധുനിക യുഗത്തിൽ മാനസികാരോഗ്യ ബോധവൽക്കരണം നടത്തുക.

കോർ ഗ്രൂപ്പ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുന്ന കേളകം പഞ്ചായത്തിൽ നടപ്പിലാക്കാവുന്ന ഒരു സമഗ്ര ആരോഗ്യ കുടുംബ ക്ഷേമ പദ്ധതി.

കേളകം ഗ്രാമ പഞ്ചായത്ത് സമഗ്ര ആരോഗ്യ കുടുംബ സന്ദർശന പരിപാടി.

ചൈനയിലെ നഗ്നപാദ ഡോക്ടർമാരുടെ മാതൃകയിൽ പഞ്ചായത്തിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാക്ക് വാർഡുകളുടെ ചാർജ്ജ് നിശ്ചയിച്ച് അവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെയും ആരോഗ്യപ്രവർത്തകരെയും സന്നദ്ധസേവകരെയും പങ്കെടുപ്പിച്ചുകൊണ്ട് വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും വിവിധ സമിതികളും രൂപീകരിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന പരിപാടിയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇതിന്റെ പൂർണ്ണരൂപം താഴെ കൊടുക്കുന്നു.

1. വാർഡുതല കുടുംബ സന്ദർശന സ്കാഡ്

പഞ്ചായത്തിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാക്ക് വാർഡുകളുടെ ചാർജ്ജ് നിശ്ചയിക്കണം. ഇവർ കൺവീനർമാരായി വാർഡ് മെമ്പർമാർ രക്ഷാധികാരികളായി ആരോഗ്യ പ്രവർത്തകരും ഉദ്യോഗസ്ഥരും സന്നദ്ധസേവകരും അടങ്ങുന്ന വാർഡുതല കുടുംബ സന്ദർശന സ്കാഡുകളും രൂപീകരിക്കുന്നു. ഈ സ്കാഡ് വാർഡിലെ മുഴുവൻ ഭവനങ്ങളിലും രണ്ടാഴ്ചയിലൊരിക്കൽ സന്ദർശനം നടത്തി ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് മാസാവസാനം വാർഡുതല റിപ്പോർട്ട് ഉണ്ടാക്കണം. ഈ റിപ്പോർട്ടിൽ എല്ലാ കുടുംബനാഥൻമാരുടെയും കൈയ്യൊപ്പ് വാങ്ങാനുള്ള രജിസ്റ്റർ കൂടി ഉൾപ്പെടുത്തണം. അവർ സന്ദർശനം നടത്തിയ വിവരം കുടുംബനാഥൻമാരുടെ പക്കലുള്ള ഫാമിലി ഹെൽത്ത് കാർഡിൽ രേഖപ്പെടുത്തുകയും വേണം.

2. കേളകം ഗ്രാമ പഞ്ചായത്ത് ജനകീയ ആരോഗ്യ പരിപാലന സമിതി

ഗ്രാമ പഞ്ചായത്തിലെ എല്ലാ വിഭാഗങ്ങളിലേയും ഡോക്ടർമാരും ജനപ്രതിനിധികളും ആരോഗ്യ പ്രവർത്തകരും, സന്നദ്ധസേവകരും, വാർഡുതല കുടുംബ സന്ദർശന സ്കാഡുകളിലെ അംഗങ്ങളും അടങ്ങുന്ന ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘമായിരിക്കും കേളകം ഗ്രാമ പഞ്ചായത്ത് ജനകീയ ആരോഗ്യ പരിപാലന സമിതി. ഇതിന്റെ ചെയർമാൻ ഒരു ഡോക്ടറും രക്ഷാധികാരി പഞ്ചായത്തു പ്രസിഡൻറുമായിരിക്കണം. ഈ സമിതി മാസത്തിൽ ഒരുപ്രാവശ്യം യോഗം ചേർന്ന് പഞ്ചായത്തിലെ ആരോഗ്യസ്ഥിതി അവലോകനം ചെയ്യുകയും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം. സമിതിയുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തികം ജനങ്ങളിൽനിന്നും സ്വീകരിക്കാവുന്നതാണ്.

3. ഫാമിലി ഹെൽത്ത് കാർഡ്

പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഒരു നിശ്ചിത തുക സ്വീകരിച്ച് ജനകീയാരോഗ്യ പരിപാലന സമിതി ഫാമിലി ഹെൽത്ത് കാർഡ് നൽകണം. കാർഡ് കുടുംബത്തിലെ അംഗങ്ങളുടെ പേര്, വയസ്, ജനനതീയതി, ജോലി, വരുമാനം, രക്തഗ്രൂപ്പ്, രോഗം, പ്രതിരോധകുത്തിവെപ്പ്, സ്ഥായിയായ രോഗങ്ങൾ, കുടുംബപരമായ രോഗങ്ങൾ, ചികിത്സകൾ, കുട്ടികളുടെ എണ്ണം, പ്രസവം, ശസ്ത്രക്രിയകൾ, സ്വീകരിച്ച കുടുംബാസൂത്രണ മാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കണം. ഇത് കുടുംബത്തിലെ അംഗങ്ങളെ സംബന്ധിച്ച ആധികാരിക രേഖയായിരിക്കും. കുടുംബസന്ദർശന സ്കാഡിലെ അംഗത്തിന് ഒപ്പിടാനുള്ള പ്രത്യേക കോളവും കാർഡിൽ ഉണ്ടായിരിക്കണം. കാർഡ് ഓരോ വർഷവും പുതുക്കേണ്ടതാണ്.

4. മാസാന്ത്യ റിപ്പോർട്ട്

വാർഡുതല കുടുംബ സന്ദർശന സ്കാഡിന്റെ കൺവീനർമാർ വാർഡിലെ ആരോഗ്യ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട് മാസാവസാനം ആരോഗ്യ പരിപാലന സമിതിക്കും ഗ്രാമപഞ്ചായത്തിനും കൊടുക്കണം. 80% ലധികം വീടുകളിൽ സന്ദർശനം നടത്തിയ വിസിറ്റർക്ക് ചെറിയ പ്രതിഫലം നൽകാവുന്നതാണ്.

5 രക്തദാന നേത്രദാന സേനകളുടെ രൂപീകരണം

പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും രക്തഗ്രൂപ്പ് നിർണ്ണയിച്ച് രക്തദാന സേന രൂപീകരിക്കണം. അതുപോലെതന്നെ നേത്രദാനം ചെയ്യുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തി സന്നദ്ധരായവരെ ചേർത്ത് ഒരു നേത്രദാനസേനയും രൂപീകരിക്കണം.

6. ഹെൽത്ത് ഡയറക്ടറി

രക്തദാനസേനയിലെയും, നേത്രദാന സേനയിലേയും മുഴുവൻ അംഗങ്ങളെയും ചേർത്ത് ഒരു ഹെൽത്ത് ഡയറക്ടറി ഉണ്ടാക്കണം. ഇതിന്റെ ഓരോ കോപ്പി ജനകീയാരോഗ്യ പരിപാലന സമിതിയുടെ ഓഫീസിലും ഗ്രാമ പഞ്ചായത്ത് ഓഫീസിലും സൂക്ഷിക്കണം,

7. പരാതി പരിഹാര സെൽ

ഫാമിലി ഹെൽത്ത് കാർഡ് പുതുക്കുന്നേ ഏതൊരാളും ഉന്നയിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചും, പരാതികൾ സംബന്ധിച്ചും പരിശോധിക്കുന്നതിനു ഒരു പരാതിപരിഹാരസെൽ ജനകീയ ആരോഗ്യപരിപാലന സമിതി രൂപീകരിക്കണം.

ഇങ്ങനെ ജനകീയ ഇടപെടലിലൂടെ പഞ്ചായത്തിലെ ആരോഗ്യരംഗം മെച്ചപ്പെടുത്താൻ സാധിക്കും. കുറച്ച് സന്നദ്ധതയും കുറച്ച് ആസൂത്രണവുമാണ് ഇതിനു വേണ്ടത്. മനുഷ്യ പ്രകൃതി വിഭവസമ്പന്നമായ നമ്മുടെ പഞ്ചായത്തിൽ ഇത് വിജയിക്കുന്നതിന്മറ്റ് കടമ്പകളൊന്നുമില്ല. രണ്ടായിരമാണ്ടിൽ എല്ലാവർക്കും 50 മീറ്ററിനുള്ളിൽ കുടിവെള്ളം, എല്ലാവർക്കും കക്കൂസ്, എല്ലാവർക്കും ആരോഗ്യം അതാകട്ടെ നമ്മുടെ ലക്ഷ്യം. അത് നേടുന്നതിനുള്ള ദൃഢതയാർന്ന തീരുമാനം ഇപ്പോൾതന്നെ നമുക്ക് മനസ്സിൽ കുറിക്കാം.

അധികാരം ജനങ്ങളിലേക്ക്

നാടിൻ വികസനം ലക്ഷ്യമാക്കി
ജനകീയാസൂത്രിത പദ്ധതികൾ.
ഗ്രാമപുരോഗതി കൈവരുത്താൻ
ഗ്രാമസ്വരാജിതാ നാട്ടിലെത്തി.

നാടിൻ വികസനം താഴെനിന്നാകുവാൻ
ജനകീയ പദ്ധതി ഉടലെടുത്തു.
അധികാരമെല്ലാമീ നാട്ടുകാർക്കേകുന്ന
ജനകീയ സഭയിതു ഗ്രാമസഭ

അറിയാതെ പോയുള്ളോരധികാരമെല്ലാമീ
പുതുപുത്തൻ പദ്ധതിയിങ്കലൂടെ
നാടിൻ വികസനം ലക്ഷ്യമാക്കി,
ജനകീയമാക്കുന്ന സജ്ജനങ്ങൾ.

അധികാരമെല്ലാമീ നാട്ടുകാർക്ക്
അവകാശമെല്ലാമീ നാട്ടുകാർക്ക്
ഒരുമയോടൊരുമയോടേവർക്കുമായ്
വികസന രേഖകളെത്തീടുന്നു.

കുടിവെള്ളംവേണം പാർപ്പിടവും
ആസ്പത്രിയും, പിന്നെ കളിസ്ഥലവും
നേടിയെടുക്കാനായി നാട്ടാർ
വീറോടെ ചർച്ച നടത്തീടുന്നു.

ക്രോഡീകരിച്ച ഡിമാൻറുകളെല്ലാമേ
വികസന സെമിനാറിലെത്തീടുന്നു.
ചർച്ചകൾ, ചർച്ചകൾ പലവട്ട ചർച്ചകൾ
വികസന പദ്ധതി ഉരുത്തിരിയും.

അഴിമതി ധൂർത്തിവയില്ലാതാക്കീടും.
നാട്ടിൻ മുഖച്ഛായ മാറുമീ പദ്ധതി
സഹകാരിതയോടെ നടപ്പാക്കും പദ്ധതി
ജനകീയമീ പുത്തൻ അഞ്ചാണ്ടു പദ്ധതി.

രാഷ്ട്രത്തിനാകവേ മാതൃകയായ്
ജനകീയ പദ്ധതി മാറീടുന്നു.
നാട്ടാരിലാവേശം പകരുമീപ്പദ്ധതി
ക്കായിരമായിരം നന്മകൾ നേരുന്നു.

76

ഇ. എം. കുര്യൻ
വൈസ് പ്രസിഡണ്ട്,
കേളകം ഗ്രാമ പഞ്ചായത്ത്.

5-6

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

ജീവിത വ്യഗ്രതയുടെ ആവേശത്തിൽ നിത്യ വൃത്തിയുടെ അന്നം തേടിയുള്ള യാത്രയായിരുന്ന കടിയേറ്റത്തിന്റെ പ്രാഥമിക ഘട്ടമെങ്കിലും, സംഘം ചേരലിന്റെ ദ്വിതീയ ഘട്ടമായി ഗതാഗത പ്രശ്നം ഉടലെടുത്തു. ഉല്പന്നങ്ങളും, ഉപഭോഗവസ്തുക്കളും ശിരസ്സിലോറി കമ്പോളം തേടി കാതങ്ങളോളമുള്ള യാത്രയിൽ ഈ പ്രശ്നപരിഹാരത്തിന്റെ ആവശ്യകത അക്ഷരാർത്ഥത്തിൽ ഈ 'ഹരിതപ്രദേശത്തെ' മനുഷ്യ മനസ്സുകളിൽ അങ്കുരിച്ചു.

സംഘശക്തിയുടെ ഉദാത്ത സംരംഭമായ കേളകം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള റോഡുകളെ വിശേഷിപ്പിക്കാവുന്നതാണ്. പേരാവൂർ – കൊട്ടിയൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനം പതിറ്റാണ്ടുകൾക്കുമുമ്പ് 7000 ആളുകൾ ഒറ്റ ദിവസം കൊണ്ട് 20 കി. മീറ്റർ ദൂരം പണിതത് ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ ആദ്യകാല മാതൃകയാണ്. കാടിനോടും, കാട്ടുമൃഗങ്ങളോടും, മലകളോടും, കാട്ടാറിനോടും പോരാടി ആദ്യകാല കുടിയേറ്റക്കാർ നമുക്കായി പകർന്നുതന്ന ഇച്ഛാശക്തിക്കുമുമ്പിൽ ഈ തലമുറയുടെ പ്രണാമമായി ഈ ജനകീയാസൂത്രണ പ്രസ്ഥാനത്തെ നമുക്ക് സമീപിക്കാം.

പഞ്ചായത്തിന്റെ വിവിധ ഗ്രാമസഭകളിൽനിന്നായി 203 പേർ ഈ ഗ്രൂപ്പിൽ പങ്കെടുത്ത് സമഗ്രമായ ചച്ചയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഈ സംരംഭത്തിന്റെ ഭാവിപ്രവർത്തനങ്ങളെ കൂടുതൽ സമൃദ്ധമാക്കുമെന്ന് പ്രത്യാശിക്കുന്നു.

കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ ഈ പഞ്ചായത്തിന്റെ അക്കരെഭാഗത്തുള്ള ജനങ്ങൾ വർഷക്കാലത്ത് ബാവലിപ്പുഴ കടന്ന് പുറംലോകവുമായി ബന്ധപ്പെടുന്നതിന് കടത്തുതോണിയേയും ചങ്ങാടത്തെയും ആശ്രയിച്ചിരുന്നതായി കാണപ്പെടുന്നു. അതിനുശേഷം കേളകം, കണ്ടേരി എന്നീ ഭാഗങ്ങളിൽ ജനങ്ങൾ നിർമ്മിച്ച രണ്ട് തൂക്കുപാലങ്ങളാണ് ഈ രംഗത്ത് ആശ്രയമായത്.

1972-ൽ കേളകം പഞ്ചായത്ത് രൂപീകൃതമാവുമ്പോൾ പേരാവൂർ–കൊട്ടിയൂർ റൂട്ടിൽ കണിച്ചാർ രണ്ടാം പാലം മുതൽ കണ്ട് തോട് വരെയുള്ള 5 കി. മീ. മൺറോഡ് മാത്രമായിരുന്ന P W D ഉടമസ്ഥതയിലുണ്ടായിരുന്നത്. കേളകം - അടക്കാത്തോട്. കേളകം–പൂവത്തിൻചോല, വെള്ളൂന്നി–കല്ലിക്കണ്ടം, കണ്ടേരി–ആനക്കുഴി, ചെട്ട്യാംപറമ്പ്–പൂക്കുണ്ട്, ചെട്ട്യാംപറമ്പ്–നരിക്കടവ്, മുട്ടുമാറി–അടക്കാത്തോട്, ഇരട്ടത്തോട് – അടക്കാത്തോട്, കമ്പിപ്പാലം–പൊയ്യമല, അടക്കാത്തോട്–മേമല–കോളിത്തട്ട്, അടക്കാത്തോട് –കരിയൻകാപ്പ്, കോടഞ്ചാട്ട്–കോളിത്തട്ട് എന്നിവയാണ് അന്നുണ്ടായിരുന്ന മറ്റ് മൺറോഡുകൾ. 1974-ൽ കണിച്ചാർ പള്ളി ഇടവക വികാരിയായിരുന്ന ഫാദർ അഗസ്റ്റ്യൻ കിഴക്കരെക്കാട്ടിന്റെ ശ്രമഫലമായി കണിച്ചാർ, കണ്ടേരി ആനക്കുഴി, അടക്കാത്തോട് എന്നീ സ്ഥലങ്ങളെ ബന്ധപ്പെടുത്തി പ്രൈവറ്റ് ബസ് സർവ്വീസ് നടത്തിയിരുന്നു.

ഈ പഞ്ചായത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും ഉൾപ്പെടുന്നത് ബാവലിപ്പുഴയുടെ അക്കരെയാണ്. ഈ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിന്റെ സിംഹഭാഗവും വിനിയോഗിക്കപ്പെട്ടിരിക്കുന്നത് റോഡുകളുടെയും. കലുങ്കുകളുടെയും നിർമ്മാണ പ്രവർത്തനത്തിനാണ്. കേളകം ഗ്രാമപഞ്ചായത്തിന്റെ കേന്ദ്രമായ കേളകം ടൗൺ കണ്ടാൽ ഇത് ഒരു വികസിത പഞ്ചായത്താണെന്ന് തോന്നിപ്പോകും. സമീപകാലത്തായി കെട്ടിടങ്ങളുടെയും വ്യാപാരസ്ഥാപനങ്ങളുടെയും എണ്ണത്തിലും വലിപ്പത്തിലും ഒരു കുതിച്ചുചാട്ടംതന്നെ ഉണ്ടായിട്ടുണ്ട്. അസന്തുലിതമായ ഈ വികസന പ്രവണത ടൗൺമാത്രം കേന്ദ്രീകരിക്കപ്പെടുകയും ഗ്രാമാന്തരങ്ങളിൽ വികസനത്തിന്റെ വെളിച്ചം ഇനിയും എത്തിപ്പെടാതെ അവഗണനയുടെ കയ്പുനീർ ആവോളം കുടിക്കാൻ വിധിക്കപ്പെട്ടവരുടെ ദൈന്യചിത്രവും നമുക്ക് കാണാം.

ഈ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി 109 റോഡുകളും 148.710 കി. മീറ്റർ ദൈർഘ്യത്തിൽ വ്യാപിച്ച് കിടക്കുന്നു. നാല് PWD റോഡുകളും 16 കി. മീറ്റർ ദൈർഘ്യത്തിലുണ്ട്. PWD റോഡുകളും ഉൾപ്പെടെ 16ടാർ റോഡുകളും. ഇതിന് 24.500 കി. മീറ്റർ ദൈർഘ്യവുമുണ്ട്. പഞ്ചായത്ത് ഏറ്റെടുത്ത മൺറോഡുകളുടെ എണ്ണം 61ഉം, നീളം 86.410 കി. മീറ്ററും. ഏറ്റെടുക്കാത്ത റോഡുകളുടെ എണ്ണം 28ഉം ദൈർഘ്യം 28.600 കി. മീറ്ററും, മെറ്റൽ റോഡുകളും 4ഉം ദൈർഘ്യം 9 . 200 കി. മീറ്ററും വരുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളും, വാർഡിലെ മെമ്പർമാർ, പ്രധാന പ്രവർത്തകർ, പഞ്ചായത്ത് രജിസ്റ്റാർ എന്നിവരിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ റോഡുകളുടെ ഇനം തിരിച്ചുള്ള പട്ടിക ചുവടെ കൊടുക്കുന്നു.

ടാർ റോഡുകൾ

നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	നീളം കി.	നീളം മീ.	വീതി മീ.		ഗതാഗത സൗകര്യം
1	പേരാവൂർ–കൊട്ടിയൂർ (രണ്ടാംപാലം കുണ്ട്തോട്)	PWD	5	000	8	000	ഉണ്ട്
2	കേളകം–അടക്കാത്തോട്	,,	8	000	8	,,	,,
3	മഞ്ഞളാംപുറം–വാരപ്പീടിക	,,	0	550	8	,,	,,
4	ഇരട്ടത്തോട്–അടക്കാത്തോട്	,,	1	500	8	,,	,,
5	അടക്കാത്തോട്–മേമല–കോളിത്തട്ട്	പഞ്ചായത്ത്	0	500	8	,,	,,
6	അടക്കാത്തോട്–വാളുമുക്ക് കോളനി	,,	0	700	8	,,	,,
7	കോടങ്ങാട്–പടത്തുപ്പാറ–കരിയംകാപ്	,,	0	700	8	,,	,,
8	കരിഞ്ചോലമൂട്–കമ്പിപ്പാലം–വെണ്ടേക്കുംചാൽ	,,	0	300	8	,,	,,
9	പരത്തനാകവല–കാടായംകവല	,,	0	500	8	,,	,,
10	നാനാനിപൊയ്ക–പെരുന്താനം	,,	2	000	8	,,	,,
11	കേളകം–മൂച്ചിലക്കാവ്	,,	0	500	8	,,	,,
12	കേളകം–ഹൈസ്കൂൾ	,,	0	400	8	,,	,,
13	മാടത്തിൻകാവ്–ഗിരിജൻകോളനി (ITC റോഡ്)	,,	1	500	8	,,	,,
14	കേളകം ബസ്സ്റ്റാൻറ്–കൊല്ലറേത്ത്	,,	0	300	8	,,	,,
15	പൂവത്തിൻചോല–മലയാംപടി	,,	0	480	8	,,	,,
16	കേളകം–പൂവത്തിൻചോല–വെള്ളൂന്നി	,,	2	000	8	,,	,,

നിലവിലുള്ള മെറ്റൽ റോഡുകൾ

നമ്പർ	വാർഡ്	റോഡിന്റെ പേര്	ഉടമസ്ഥത	നീളം കി.	നീളം മീ.	വീതി മീ.		യാത്രാ സൗകര്യം
1	I	കുണ്ടേരി–തുള്ളൽ–ആനക്കുഴി	പഞ്ചായത്ത്	3	000	6	000	ഉണ്ട്
2	,,	കുണ്ടേരി–ആനക്കുഴി	,,	2	000	6	000	,,
3	VI	കമ്പിപ്പാലം–വെണ്ടേക്കുംചാൽ	,,	2	700	8	000	,,
4	,,	ഇരട്ടത്തോട്–അടക്കാത്തോട്	PWD	1	500	8	000	,,

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മൺറോഡുകൾ

നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം കി.	നീളം മീ.	വീതി മീ.	വീതി സെ.മീ	സൗകര്യം
1	I	കണിച്ചാർ വളയംചാൽ കുണ്ടേരി (കാളികയം)	2	000	8	00	ഉണ്ട്
2	,,	കുണ്ടേരി—പാലക്കടവ് (പെരുന്താനം കോളനിറോഡ്)	1	700	8	00	,,
3	,,	ആനക്കഴി—കുണ്ടേരി (വായനശാല റോഡ്)	1	200	3	50	ഇല്ല
4	,,	മേച്ചേരികവല—കുരിശുംമൂട്	0	800	4	00	,,
5	,,	പെരുന്താനം ആദിവാസി കോളനി—ആനക്കഴി	1	000	4	00	,,
6	II	നരിക്കടവ്—ചെട്ട്യാംപറമ്പ്	2	000	4	00	ഉണ്ട്
7	,,	അടക്കാത്തോട്—മുട്ടമാറി—ചെട്ട്യാംപറമ്പ്	5	000	6	00	ഇല്ല
8	,,	ഇല്ലിമുക്ക്—പൊയ്യമല	0	900	6	00	,,
9	,,	കമ്പിപാലം—കുറിച്ച്യക്കോളനിറോഡ്	1	230	8	,,	ഉണ്ട്
10	,,	അടക്കാത്തോട് H S—പമ്പ് ഹൗസ്	1	400	8	,,	,,
11	,,	ചെട്ട്യാംപറമ്പ് കുസ്ത്യൻപള്ളി (R C)—പൂക്കുണ്ട് കോളനി	3	500	8	,,	,,
12	,,	ചെട്ട്യാംപറമ്പ്—കുസ്ത്യൻപള്ളി (R C)	0	300	8	,,	,,
13	,,	ചെട്ട്യാംപറമ്പ്—തുള്ളൽകവല	0	960	8	,,	
14	,,	തുള്ളൽ—വളയച്ചാൽ	1	000	8	,,	
15	,,	തുള്ളൽ—പൂക്കുണ്ട് കോളനി	0	20	4	,,	ഇല്ല
16	III	കോടങ്ങാട്ട്—കോളിത്തട്ട്	0	400	8	,,	ഉണ്ട്
17	,,	അടക്കാത്തോട്—മേമല	0	400	8	,,	ഉണ്ട്
18	IV	കോടങ്ങാട്ട്—പടത്തുപ്പാറ	0	300	8	,,	,,
19	,,	കരിയംകാപ്പ്—നച്ചിക്കോട് റോഡ്	1	200	8	,,	,,
20	,,	കരിയംകാപ്പ്—അറുമുഖൻപടി	0	400	8	,,	,,
21	,,	പടത്തുപ്പാറ—താഴെ കരിയൻകാപ്പ്	1	300	5	,,	,,
22	,,	പെരുമാട്ടിപ്പടി—ഹരിജൻകോളനി—രാമച്ചി	1	100	4	,,	,,
23	,,	ശാന്തിഗിരി—കോളിത്തട്ട്	0	200	3	,,	ഇല്ല
24	,,	കോളിത്തട്ട്—അംഗൻവാടി	0	800	8	,,	,,
25	,,	രാമച്ചി അംഗൻവാടി—ശാന്തിഗിരി	2	000	8	,,	,,
26	V	വെണ്ടേക്കുംചാൽ—ശാന്തിഗിരി	5	300	8	,,	ഉണ്ട്
27	,,	അടക്കാത്തോട്—കോളിത്തട്ട് (മേമലവഴി)	4	100	8	,,	,,
28	,,	കെ. വി. പടി—നബീസാ ഉമ്മാംപടി	1	200	6	,,	,,
29	VI	പനക്കപ്പതാലിൽ പടി—പാറത്തോട്	1	000	8	,,	,,
30	,,	കോലാഞ്ചി—പൊയ്യമല	1	000	8	,,	,,
31	,,	കുടിപ്പാറ—കൃഷ്ണർറോഡ്	0	500	6	,,	,,
32	,,	ഫോർട്ടിപടി—വേളപുഴപടി		500	4	,,	,,
33	,,	കോടിയാടൻ—മീശകവല	1	000	4	,,	,,
34	VII	കണിച്ചാർ രണ്ടാം പാലം—കുണ്ടേരി	1	000	6	,,	,,
35	,,	കുണ്ടേരി—പെരുന്താനം	1	000	6	,,	,,
36	,,	പൊന്നിരിക്കുംപാല—കാവുഞ്ചിപ്പടി	1	270	6	,,	,,
37	,,	പൊന്നിരിക്കുംപാല—സ്റ്റേഷൻകവല	2	000	5	80	,,
38	,,	നാനാനിപ്പൊയ്യ—തിച്ചുള്ള	0	750	3	00	,,
39	,,	കുണ്ടേരിപ്പാലം—സി, കെ. മുക്ക്	0	600	6	,,	ഇല്ല
40	,,	കേളകം പി. എച്ച്. സി. റോഡ്	0	550	6	,,	ഉണ്ട്

നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം കി.	നീളം മീ.	വീതി മീ.	വീതി സെ.മീ	ഗതാഗത സൗകര്യം
41	VIII	മാടത്തുംകാവ്—കിഴക്കേവെള്ളൂന്നി (കല്ലിക്കണ്ടംറോഡ്)	2	000	6	,,	ഉണ്ട്
42	,,	വെള്ളൂന്നി–മാടത്തുംകാവ്	2	000	8	,,	ഇല്ല
43	,,	വെള്ളൂന്നി—കുറിച്ച്യക്കോളനി	2	000	7	00	ഇല്ല
44	,,	മാടത്തുംകാവ്—തൊട്ടിയിൽകവല	2	500	4	00	ഇല്ല
45	,,	ചാമക്കാലപടി—വായാട്ടിക്കവല	2	000	4	00	ഉണ്ട്
46	,,	തൊണ്ടിയിൽപടി—ചാമക്കാലമുക്ക്	1	200	8	,,	,,
47	,,	തൊണ്ടിയിൽപടി—പനച്ചിക്കൽമുക്ക്	1	000	5	,,	ഇല്ല
48	IX	പൂവത്തിൻചോല—മലയാംപടി	2	000	8	,,	ഉണ്ട്
49	,,	പൂവത്തിൻചോല—വെള്ളൂന്നി	0	760	8	,,	,,
50	,,	പൂവത്തിൻചോല—ചെങ്ങോം	0	400	6	,,	,,
51	,,	പൂവത്തിൻചോല—കണ്ടംതോട്	2	500	8	,,	ഇല്ല
52	,,	കടപ്പൂർകവല–മാധവൻതോട്	0	750	4	50	,,
53	,,	വെള്ളൂന്നി–കണ്ടംതോട് (ക്ലബ്ബ് റോഡ്)	2	500	6	00	,,
54	,,	സി. ടി. മുക്ക്–കരിപ്പനാട്ട്കവല	0	600	4	00	,,
55	,,	കണ്ടംതോട്–മലയാംപടി	0	750	4	00	,,
56	,,	എള്ളിൽകവല–ക്ലാനംവിളകവല	1	000	4	00	,,
57	,,	കൊല്ലംമാവടികവല–മാളിയേക്കൽതോട്	0	700	4	00	ഉണ്ട്
58	,,	ഇളംപാലിൽ കൃഷ്ണ കോളനി റോഡ്	0	800	5	00	ഇല്ല
59	,,	കിഴക്കേവെള്ളൂന്നി–തൊട്ടിയിൽകവല	1	500	8	00	ഉണ്ട്
60	,,	തൊട്ടിയിൽ കവല–മാങ്കുളംകവല	2	500	5	00	ഇല്ല
61	,,	വെളിയാംപാറകവലയിൽനിന്നും കേളകം പൂവത്തിൻചോലയിലേക്കുള്ള ലിങ്ക് റോഡ്	1	000	5	00	ഉണ്ട്

നിലവിലുള്ളതും പഞ്ചായത്ത് ഏറെറടുക്കാത്തതുമായ മൺറോഡുകൾ

1	I	കണ്ടേരി മുസ്ലീംപള്ളി–കുറിശ്ശുപള്ളി	0	500	4	00	ഇല്ല
2	,,	കണ്ടേരി മുസ്ലീംപള്ളി–കാളികയം അംഗൻവാടി	1	200	4	50	ഉണ്ട്
3	,,	കാളികയം അംഗൻവാടി— കാളികയം കോളനി	1	300	4	50	,,
4	,,	കണിച്ചാർ വള്ളിക്കടവ്പാലം–കാളികയം അംഗൻവാടി വളയംചാൽ കോളനി	1	200	4	00	ഇല്ല
5	,,	വളയംചാൽകോളനി–വെട്ടുനിരവിൽപടി	0	500	4	00	,,
6	II	ആനക്കുഴി–തുള്ളൽ (ഇരുവാഞ്ഞൽ പടിവഴി)	2	000	4	00	,,
7	,,	ആനക്കുഴി–തുള്ളൽ (പഴയ പോസ്റ്റാഫീസ് വഴി)	2	000	4	00	,,
8	,,	പാറത്തോട്–നരിക്കടവ്	1	000	4	00	,,
9	,,	പാറത്തോട്—ഇല്ലിമുക്ക്	1	500	4	00	,,
10	,,	വാക്കപ്പാലം—കമ്പിപ്പാലംറോഡ്	0	800	4	00	,,
11	,,	നരിക്കടവ്—പൂക്കുണ്ട് കോളനി	2	000	4	00	ഉണ്ട്
12	III	അടക്കാത്തോട്. ബണ്ടുകുത്ത് റോഡ്	0	500	4	00	,,
13	,,	വാളമുക്ക്–തകടിയേരം (തെക്കേക്കര പടി വഴി)	0	500	4	00	,,
14	,,	നാരങ്ങാത്തട്ട്—മോസ്കോ റോഡ്	1	500	4	00	ഇല്ല
15	IV	ശാന്തിഗിരി—പന്നിയാംമലറോഡ്	1	800	4	00	,,
16	,,	അറുമുഖൻപടി പെരുമാട്ടിപടി	1	500	4	00	,,

നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം കി.	നീളം മീ.	വീതി മീ.	വീതി സെ.മീ	ഗതാഗത സൗകര്യം
17	V	മോസ്കോ കവല—മാളിയേക്കൽതോട്	1	400	4	00	,,
18	,,	കൈലാസൻപടി–വെണ്ടേക്കുംചാൽ	1	000	4	00	ഉണ്ട്
19	,,	ശാന്തിഗിരി സെന്റ്തോമസ് റോഡ്	1	000	4	00	ഇല്ല
20	VI	മീശകവല—കടിപാറ	0	500	5	00	ഉണ്ട്
21	VII	വടക്കേപള്ളി—വ്യാത്യാട്ട്പടി റോഡ്	0	600	4	00	,,
22	,,	പഴയപോസ്റ്റാഫീസ്—കേളകം H S റോഡ്	1	000	3	00	ഇല്ല
23	,,	വഴിക്കടവ് കവല—പഴയ സ്റ്റേഷൻ	0	200	4	00	ഉണ്ട്
24	VIII	കരിഞ്ചുകൽ കവല–കാവാട്ട് റോഡ്	1	000	4	00	ഇല്ല
25	IX	വലിയ പുത്തൻപുരപ്പാലം–കുറിച്ച്യക്കോളനി	1	000	5	00	ഉണ്ട്
26	,,	വെള്ളൂന്നി പള്ളി–കുന്നപ്പള്ളി കവല	0	500	5	00	,,
27	,,	പൂവത്തിൻചോല–ബണ്ട്റോഡ്	0	200	5	00	,,

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ, അവലംബം ഗ്രാമസഭാ റിപ്പോർട്ട്, കോർ ഗ്രൂപ്പ് പഠന റിപ്പോർട്ട്

നമ്പർ	വാർഡ്	റോഡിന്റെ പേര്	ഉദ്ദേശിക്കുന്ന ദൂരം കി.	ഉദ്ദേശിക്കുന്ന ദൂരം മീ.
1	I	കുണ്ടേരി മുസ്ലീംപള്ളി കണിച്ചാർ പള്ളിക്കടവ്	0	800
2	,,	മുണ്ടപാലത്തിങ്കൽ പടി–കുണ്ടേരിപള്ളിപ്പാട്ട് പടി	1	200
3	II	ചെട്ട്യാംപറമ്പ്–ഇല്ലിമുക്ക് അംഗൻവാടി	2	000
4	,,	കമ്പിപ്പാലം–കുറിച്ച്യക്കോളനി–വെണ്ടേക്കുംചാൽ	1	500
5	,,	തുള്ളൽ–നരിക്കടവ് പമ്പ്ഹൗസ്	1	500
6	III	നാരങ്ങാത്തട്ട്—കോടങ്ങാട്ട്—താന്നിവേലിപ്പടി	0	700
7	,,	മേമല റോഡിൽനിന്നും—ശാന്തിഗിരി വെണ്ടേക്കുംചാൽ	2	000
8	IV	നാരങ്ങാത്തട്ടിൽനിന്നും–കട്ടക്കൽപടി	1	000
9	,,	യച്ചിക്കോട്ട—ശാന്തിഗിരി	1	200
10	,,	ശാന്തിഗിരി—രാജമല–കരിയൻകാപ്പ്	2	000
11	V	വെണ്ടേക്കുംചാൽ—ശാന്തിഗിരി (ടൂറിസ്റ്റ്)	1	500
12	,,	നബീസാ ഉമ്മാംപടി—മുളങ്ങാശേരി	1	750
13	VII	കാഞ്ചന ടാക്കീസ്—കേളകംകൊട്ടിയൂർ റോഡിലേക്കുള്ള ലിങ്ക്റോഡ്	0	750
14	VIII	പൂളിക്കാപൊയിൽകോളനി—ഐ. ടി. സി. റോഡിലേക്ക്	0	800
15	,,	കൊല്ലറേത്ത് ജംഗ്ഷനിൽനിന്നും ഐ. ടി. സി റോഡിലേക്ക്	0	800
16	,,	ഐ ടി. സി. റോഡിൽനിന്ന്–മണാളികവല—തൊണ്ടിയിൽ കവല യിലേക്ക്	1	000

അടിയന്തരമായും ടാറിംഗ് പണികൾ പൂർത്തിയാക്കേണ്ട റോഡുകൾ
(അവലംബം—ഗ്രാമസഭാ റിപ്പോർട്ട്)

1 കാളികയം–വളയംചാൽ–ചെട്ട്യാപറമ്പ് റോഡ്
2 കണിച്ചാർ—കുണ്ടേരി—ആനക്കുഴി റോഡ്
3 വളയുംചാൽ കോളനിയിൽനിന്ന് കുണ്ടേരിവഴിയുള്ള കേളകം വാർക്കപ്പാലം റോഡ്
4 അടക്കാത്തോട് H S – നരിക്കടവ് പമ്പ് ഹൗസ് റോഡ്

5 അടക്കാത്തോട്–കോടങ്ങാട്–കോളിത്തട്ട് റോഡ്
6 അടക്കാത്തോട്—മേമല—കോളിത്തട്ട് റോഡ്
7 ശാന്തിഗിരി—വെണ്ടേക്കുംചാൽ—ഇരട്ടത്തോട് റോഡ്
8 അടക്കാത്തോട്–ചാമിച്ചി–കരിയംകാപ്പ്–ശാന്തിഗിരി റോഡ്
9 പൂവത്തിൻചോല—വെള്ളൂന്നി–മാങ്കുളം റോഡ്
10 പൂവത്തിൻചോല–കുണ്ടൻതോട് റോഡ്
11 ഐ. ടി. സി. റോഡ്–കുറിച്ച്യക്കോളനി–കിഴക്കേ വെള്ളൂന്നി റോഡ്
12 കല്ലിക്കണ്ടം–വെള്ളൂന്നി റോഡ്
13 ബസ് സ്റ്റാൻഡ്—കൊല്ലറേത്ത്—വെളിയൻപാറ വെള്ളൂന്നി റോഡ്
14 പൂവത്തിൻചോല—മലയാമ്പടി റോഡ്

റോഡുകളുടെ പ്രശ്നങ്ങൾ

(അവലംബം: ഗ്രാമസഭാ റിപ്പോർട്ട്, കോർഗ്രൂപ്പ്, പഠന റിപ്പോർട്ട്)

1 ഈ മേഖലയിലെ റോഡുകളുടെ ഗുണനിലവാരം സമീപ പഞ്ചായത്തുകളിലെ റോഡുകളെക്കാൾ മോശമാണ്.

2 നിലവിലുള്ള റോഡുകൾ ഭാഗികമായി മാത്രമാണ് ഗതാഗത യോഗ്യമായിട്ടുള്ളത്.

3 റോഡുകളുടെ വീതി കുറവ് വലിയ പ്രശ്നമാണ് ഗ്രാമപഞ്ചായത്ത് രജിസ്റ്റർ പ്രകാരം ഏറെറടുത്ത റോഡുകളുടെ വീതി 8മീററർ എന്നാണെങ്കിലും 75% റോഡുകളുടെയും വീതി 6 മീററിൽ താഴെയാണ്.

4 എസ്റ്റിമേററിൽ വരുന്ന വ്യത്യിയാനങ്ങളും എഞ്ചിനീയറിഗ് പൈദഗ്ധ്യത്തിലെ അപാകതയും ഘട്ടം ഘട്ടമായി നിർമ്മിക്കേണ്ട റോഡ് നിർമ്മാണം (മൺപണി, മെററലിംഗ്, സോളിംഗ്, ടാറിംഗ്) ഒരുമിച്ച് ചെയ്തീർക്കുന്നതും റോഡിന്റെ ഗുണനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

5 ഓടകളും, കലുങ്കുകളും, സൈഡ് കെട്ടുകളും ആവശ്യത്തിനില്ലാത്തത് റോഡ് തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

6 വർഷങ്ങളായി മെററലിംഗ് കഴിഞ്ഞിട്ടും യഥാസമയം ടാറിംഗ് നടത്താത്തത്, അത്തരം റോഡുകളുടെ തകർച്ചക്ക് കാരണമായിട്ടുണ്ട്.
(ഉദാ: കുണ്ടേരി–ആനക്കുഴി, കുണ്ടേരി–തുള്ളൽ, കുമ്പിപ്പാലം–വെണ്ടേക്കുംചാൽ റോഡുകൾ)

7 ഓടകളിൽ, ചപ്പ് ചവറുകൾ, തടി, കല്ലുകൾ എന്നിവകൊണ്ട് നിറയ്ക്കുന്നതും സ്വകാര്യ ആവശ്യത്തിനായി ഓടകൾ നികത്തുന്നതും, റോഡുകളുടെ സംരക്ഷണത്തെ സാരമായി ബാധിച്ചിട്ടുണ്ട്,

8 കാലാകാലങ്ങളിൽ അറകുറ പണികൾ നടത്താത്തതും റോഡ് തകർച്ചക്ക് കാരണമായിട്ടുണ്ട്.

9 പ്രതികൂല കാലാവസ്ഥകളിലെ റോഡ് നിർമ്മാണപ്രവർത്തനങ്ങൾ റോഡുകളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്,

10 പേരാവൂർ–കൊട്ടിയൂർ റോഡിന്റെ റീ-ടാറിംഗ് കൊട്ടിയൂർ ഉത്സവത്തോടനുബന്ധിച്ചാണ് നടത്തുന്നത്. ഉത്സവ സീസണിൽ ഉണ്ടാകുന്ന വാഹനബാഹുല്യം റോഡിന്റെ ക്ഷമതയേക്കാൾ കൂടുതലാണ്. ഇതുകൊണ്ട് റോഡുകൾ വളരെ പെട്ടെന്നുതന്നെ തകർച്ചയെ നേരിടുന്നു.

11 റോഡുകളുടെ അറകുറപണികൾ പല റീച്ചുകളായി ടെണ്ടർ ചെയ്യപ്പെടുന്നതുകൊണ്ട് പല ഭാഗങ്ങളിലെയും പണികൾ പൂർത്തിയാകാതെ കിടക്കുന്ന അവസ്ഥ നിലവിലുണ്ട്.

12 റോഡിലും, ഓടയിലും സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ റോഡുകളുടെയും വാഹന ഗതാഗതത്തിന്റെയും സുരക്ഷിതത്വത്തെയും, വികസനത്തെയും സാരമായി ബാധിച്ചിട്ടുണ്ട്,

13 റോഡുകളുടെ ഉടമസ്ഥത പഞ്ചായത്ത് ഏറെറടുത്തതോടെ തങ്ങളുടെ ബാധ്യതകൾ അവസാനിച്ചുവെന്നുള്ള ജനങ്ങളുടെ മിഥ്യാധാരണയും

റോഡുകളുടെ അറ്റകുറ്റ പണികളിൽ ബഹുജനങ്ങളുടെ പങ്കാളിത്തമില്ലായ്മയും, റോഡുകളുടെ ഗുണനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

14 കുന്നിൻ പ്രദേശമായതിനാൽ കുത്തിയൊലിച്ചു വരുന്ന മലവെള്ളത്തെ നിലവിലുള്ള ഓടകൾക്ക് ഉൾക്കൊള്ളാൻ കഴിയാതെ വരുന്നതും റോഡുകളുടെ സംരക്ഷണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും

1 കേളകം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന്റെ ഗണ്യമായ പങ്കും റോഡുകളുടെയും കലുങ്കുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിരിക്കുന്നത്. കഴിഞ്ഞ കാലത്തെ കണക്കുകൾ ഇത് വ്യക്തമാക്കുന്നു.

ശ്രമദാനത്തിലൂടെ പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. റോഡിന്റെ വീതികൂട്ടൽ, കയറ്റം കുറയ്ക്കൽ, കൊടും-കുഴി നികത്തൽ എന്നീ പ്രവർത്തനങ്ങളും അതാത് പ്രദേശത്തെ ജനങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. ഫണ്ടിന്റെ ആവശ്യകതയും, ആദ്യ കാലങ്ങളിലുണ്ടായിരുന്നതുപോലുള്ള സുലഭമായ ആംബലവും ഒരുമിച്ച് പരിഗണിച്ചാൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കഴിയും.

2 റോഡുകളുടെ സംരക്ഷണത്തിന് വാർഡുതലത്തിൽ മെമ്പർമാരുടെ നേതൃത്വത്തിൽ റോഡ് വികസന സംരക്ഷണ സമിതികൾ രൂപീകരിക്കുകയും സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ രൂപീകൃതമാകുന്ന പ്രാദേശിക കമ്മറ്റികൾക്ക് അതാത് പ്രദേശത്തെ മുഴുവൻ റോഡുകളുടെയും ഓടകൾ വർഷക്കാലാരംഭത്തിന് മുമ്പേ വൃത്തിയാക്കാൻ കഴിഞ്ഞിരിക്കണം.

3 എല്ലാ നിർമ്മാണപ്രവർത്തനങ്ങളിലും എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഈ കമ്മറ്റികൾക്ക് കഴിയേണ്ടതാണ്.

4 നിലവിലുള്ള എല്ലാ റോഡുകളും ഗതാഗതയോഗ്യമാക്കേണ്ടതാണ്.

5 പഞ്ചായത്ത് രജിസ്റ്ററിൽ 8 മീറ്റർ വീതിയിലുള്ള മുഴുവൻ റോഡുകളുടെയും വീതി പ്രസ്തുത അളവ് ഉണ്ടോയെന്ന് പരിശോധിക്കുകയും ഇല്ലാത്തത് വർദ്ധിപ്പിക്കുകയും ചെയ്യുക.

6 ഭൂപ്രകൃതിക്കനുയോജ്യമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും എൻജിനീയറിംഗിലെ അപാകതകൾ പരിഹരിക്കുകയും ചെയ്യുക.

7 നിലവിലുള്ള റോഡുകൾക്കാവശ്യമായ ഓടകളും കലുങ്കുകളും നിർമ്മിക്കുകയും ഓടകൾ നികത്തുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്യുക. അതിനായി നിയമനിർമ്മാണം നടത്തുക.

8 മെറ്റലിംഗ് നടത്തിയ റോഡുകൾ കാലതാമസം കൂടാതെ ടാറിംഗ് നടത്തുക.

9 പ്രതികൂല കാലാവസ്ഥകളിലുള്ള റോഡ് നിർമ്മാണം (പ്രത്യേകിച്ച് ടാറിംഗ്) നിർത്തിവെക്കുകയും, അനുയോജ്യമായ കാലാവസ്ഥയിൽ പുനരാരംഭിക്കുകയും വേണം. കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുക.

10 നിലവിലുള്ള പേരാവൂർ – കൊട്ടിയൂർ റോഡ് വീതികൂട്ടുകയും, ഈ പഞ്ചായത്തിലെ 1, 2, 6 വാർഡുകളെ ബന്ധപ്പെടുത്തി കൊട്ടിയൂരിലേക്ക് ഒരു സമാന്തര റോഡ് നിർമ്മിക്കുകയും ചെയ്യുക.

11 ഭാഗങ്ങളിലായി ടെണ്ടർ ചെയ്യപ്പെട്ടുന്ന P W D റോഡുകളിലെ അറ്റകുറ്റപണികൾ അതാത് പഞ്ചായത്തുകൾക്ക് നല്കുകയും അതിന് ഫണ്ട് അനുവദിക്കുകയും ചെയ്യുക.

12 നിർമ്മാണ പ്രവർത്തനങ്ങൾക്ക് സമയബന്ധിതം കൃത്യമാക്കുകയും ചെയ്യുക.

13 ഈ പഞ്ചായത്തിലെ മിനിജല വൈദ്യുതി പദ്ധതിയുടെ വിജയത്തിന് ഗതാഗത സൗകര്യം അനിവാര്യമാണ്. അതിനായി അടക്കാത്തോട്-രാമച്ചി–ശാന്തിഗിരി റോഡ് യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കേണ്ടതാണ്.

14 വെള്ളൂന്നി കേന്ദ്രമാക്കി കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് വേണ്ടിയും ഈ പ്രദേശത്തെ ടൂറിസ്റ്റ് വികസന സാധ്യതകളും

പരിഗണിച്ചും നിലവിലുള്ള 29–ാം മൈൽ–ഏലപ്പീടിക–മാങ്കുളം–കുനംപള്ളി കോളനി വഴി പേരിയ-മാനന്തവാടി റോഡുമായി ബന്ധപ്പെടുത്തി ഒരു റോഡ് നിർമ്മിക്കുക.

മുകളിൽ പറഞ്ഞ രണ്ട് റോഡുകളുടെയും പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ജനകീയ കമ്മറ്റികൾ വിളിച്ച് ചേർത്ത് ചെയ്യാവുന്നതാണ്.

15 ആദ്യകാലത്ത് ബസ് സർവ്വീസ് ഉണ്ടായിരുന്നതും രണ്ട് പഞ്ചായത്തുകൾ തമ്മിൽ ബന്ധപ്പെടുത്തുന്നതും രണ്ട് പൊതുമരാമത്ത് റോഡുകളെ ബന്ധിപ്പിക്കുന്നതും ഇപ്പോൾ ഗതാഗത സൗകര്യം തീരെയില്ലാത്തതുമായ കണിച്ചാർ - കണ്ടേരി-ആനക്കുഴി റോഡ് ഗതാഗത യോഗ്യമാക്കുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുക.

എ) ബാവലിപ്പുഴയ്ക്ക് കാളികയത്ത് പാലം പണിയുക. ബി) നിലവിലുള്ള റോഡ് വീതിക്കൂട്ടി ടാർ ചെയ്യുക.

16 താഴെ പറയുന്ന റൂട്ടുകളിൽ KSRTC ബസ് അനുവദിക്കേണ്ടതാണ്.

എ) കേളകം–പൂവത്തിൻചോല-വെള്ളൂന്നി-മാങ്കുളം

ബി) കണിച്ചാർ—വളയംചാൽ—തുള്ളൽ—അടക്കാത്തോട്

സി) കേളകം—വെണ്ടേക്കുംചാൽ-ശാന്തിഗിരി

17 നിലവിലുള്ള കൊട്ടിയൂർ—ബോയ്സ്ടൗൺ റോഡിന്റെ പണി പൂർത്തീകരിക്കേണ്ടത് കേളകം കൊട്ടിയൂർ പഞ്ചായത്തുകളുടെ സർവ്വോന്മുഖമായ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

പ്രസ്തുത റോഡിന്റെ നിർമ്മാണം അപ്രായോഗികമാണെന്നു വന്നാൽ 1970ലെ സർവ്വേ പ്രകാരം നിലവിലുള്ളതും, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് പാട്ടം കൊടുത്തുവരുന്നതുമായ അമ്പായത്തോട്ടിൽനിന്ന് 44—ാം മൈലിലേക്കുള്ള റോഡിന്റെ പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണ്.

18 നിലവിലുള്ള വാരപ്പീടിക—മഞ്ഞളാമ്പുറം റോഡിന് ആവശ്യമായ പാലങ്ങൾ തീർത്ത് ഗതാഗതയോഗ്യമാക്കുക.

19 നെടുംപൊയിൽ—കൊട്ടിയൂർ റോഡ് സ്റ്റോറ് ഹൈവേ അക്കുക.

20 നാനാനിപ്പൊയിൽ— പെരുന്താനം— അടക്കാത്തോട് റോഡിന്റെ അറകുറപണികൾ എത്രയും വേഗം പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കുക.

21 ഈ പ്രദേശത്തെ ഓട്ടോറിക്ഷ, ഗുഡ്സ് വെഹിക്കിൾ, ടാക്സി എന്നിവയുടെ അന്യായമായ ചാർജ് ഈടാക്കൽ അവസാനിപ്പിക്കുവാൻ നടപടി എടുക്കേണ്ടതാണ്.

വാഹനസർവ്വീസും പ്രശ്നങ്ങളും

ഈ ഗ്രാമപഞ്ചായത്തിൽ 50ൽപരം ബസ്സുകളും 40ഓളം ഓട്ടോറിക്ഷകളും, 50 ൽപ്പരം ജീപ്പുകളും, 20ഓളം മിനിലോറികളും, 10ൽപരം ലോറികളും 10ൽതാഴെ കാറുകളും സ്ഥിരസർവ്വീസ് നടത്തുന്നു.

ബസ് സ്റ്റാൻറിലെ വാഹനബാഹുല്യവും തിരക്കും ഒഴിവാക്കാൻ ഇപ്പോൾ സ്റ്റാൻറിൽ പാർക്ക് ചെയ്യുന്ന ചരക്കുവണ്ടികളും, ടാക്സികളും, ഓട്ടോറിക്ഷകളും, എന്നിവയ്ക്ക് പാർക്കിംഗ് സൗകര്യം പുതിയതായി കണ്ടെത്തുവാൻ നടപടിസ്വീകരിക്കേണ്ടതാണ്. ബസ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള ട്രാഫിക്ക് സംവിധാനം കർശനമായി നടപ്പിൽ വരുത്തുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്. സ്റ്റാൻറിന്റെ വിപുലീകരണത്തിനുവേണ്ടി ഒരേക്കർ സ്ഥലംകൂടി പഞ്ചായത്ത് കണ്ടെത്തേണ്ടതാണ്.

പാലങ്ങളും കലുങ്കുകളും

ഈ ഗ്രാമപഞ്ചായത്തിൽ 3 പാലങ്ങളും 61 കലുങ്കുകളും നിലവിലുണ്ട്. ഇതിൽ പാലങ്ങൾ മൂന്നും PWD ഉടമസ്ഥതയിലുള്ളതാണ്. 25 കലുങ്കുകൾ PWD ഉടമസ്ഥതയിലുള്ളതും ശേഷിക്കുന്നവ ഗ്രാമബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതാണ്.

പാലങ്ങൾ

നമ്പർ	പാലത്തിന്റെ പേര്	നീളം മീ.	വീതി മീ.	ഉടമസ്ഥത
1	രണ്ടാംപാലം	12.00	8.00	PWD
2	കേളകം–അടക്കാത്തോട്	35.00	8.00	,,
3	അടക്കാത്തോട്	12.00	8.00	,,

നിലവിലുള്ള കലുങ്കുകൾ

നമ്പർ	കലുങ്കിന്റെ പേര്	നീളം	വീതി	ഉടമസ്ഥത
1	നാനാനിപ്പൊയ്ക കോളനി	2	7	PWD
2	വേലായുധൻ പടി	2	7	,,
3	കുന്നമ്മൽ പടി	2	7	,,
4	നെടുങ്കല്ലേൽപടി	2	7	,,
5	പൊന്നരിക്കുംപാല പടി	2	7	,,
6	മഞ്ഞളാമ്പുറം	1	7	,,
7	മഞ്ഞളാമ്പുറം യു. പി. എസ്.	2	7	,,
8	ചെമ്പരത്തിക്കൽപടി	2	7	,,
9	സർവ്വീസ് ബാങ്ക്	2	7	,,
10	വില്ലേജ് ആഫീസ്	4	7	,,
11	കണ്ടത്തോട്	4	7	,,
12	കിഴക്കേക്കര പടി	2	7	,,
13	ഇച്ചിക്കൽ തോട്	2	7	,,
14	മനയപറമ്പിൽ പടി	2	7	,,
15	ഇല്ലിമുക്ക്	2	7	,,
16	ചെട്ടിയാംപറമ്പ്	2	7	,,
17	നെയ്യാറിൻ കരപടി	2	7	,,
18	പാറത്തോട്	2	7	,,
19	കുന്നത്ത് തോട്	2	7	,,
20	കൊളുങ്ങരപടി	2	7	,,
21	പൊട്ടയിൽ പടി	2	7	,,
22	അടക്കാത്തോട് സ്ലൂം	2	7	,,
23	പൂവത്തുങ്കൽപടി	2	7	,,
24	മൊതലപ്പ പടി	2	7	,,
25	ആലുങ്കൽപടി	2	7	,,

ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ഉടമസ്ഥതയിലുള്ള കലുങ്കുകൾ

നമ്പർ	വാർഡ്	കലുങ്കിന്റെ പേര്
1	I	കാളികയം കോളനിപടി
2	,,	കാരാമയിൽതോട്
3	,,	കണ്ടേരി തോട്
4	,,	വള്ളിപറമ്പിൽതോട് (പൈപ്പ്)
5	,,	കണ്ടേരി മദ്രസ പടി
6	,,	പുതുപള്ളിപടി
7	II	നരിക്കടവ് പമ്പ്ഹൗസ് പടി
8	,,	കടത്തനാമറ്റം പടി
9	,,	ആശാൻപടി
10	,,	പനക്കപതാലിൽ പടി

നമ്പർ	വാർഡ്	കലുങ്കിന്റെ പേര്
11	III	അടക്കാത്തോട് മുസ്ലീംപള്ളിപടി
12	IV	പ്ലാക്കാട് തോട്
13	,,	പൊട്ടനാനി പടി
14	V	പള്ളിവാതുക്കൽ പടി
15		താന്നിവേലിൽ പടി
16	VI	ചന്ദ്രേടം പടി
17	,,	ഇരുപ്പകാടൻ പടി
18	,,	കഞ്ഞിക്കുഴി തോട്
19	,,	കാടായം പടി (പൈപ്പ്)
20	,,	വെള്ളച്ചാലിൽ മുക്ക് (പൈപ്പ്)
21	,,	മീശക്കവല (പൈപ്പ്)
22	VII	റാന്നാനിപൊയ്ക കോളനി
23	,,	സി. കെ. മുക്ക്
24	,,	ചാമ്പതാലിൽ പടി
25	,,	കാവഞ്ചി പടി
26	,,	വാളവെട്ടിക്കൽ പടി
27	,,	പള്ളിപറമ്പിൽ തോട്
28	,,	പെരുഞ്ഞാനം മില്ല്
29	,,	മാന്തിയിൽ പടി
30	VIII	കൊല്ലറേത്ത് പടി
31	IX	പൂവത്തിൻചോല
32	,,	ചിറപുറത്ത് പടി
33	,,	താഴെപൂവത്തിൻചോല പടി
34	,,	താഴെപൂവത്തിൻചോല വാളവെട്ടിക്കൽ പടി
35	,,	ഇടക്കല്ലൂർ പടി
36	,,	പാലോലിക്കൽ പടി
37	,,	പാണ്ടനേഞ്ചേരി പടി
38		മൂശപ്പള്ളി പടി

പുതുതായി നിർമ്മിക്കേണ്ട കലുങ്കുകളും, ആവശ്യമായ അളവുകളും ചുവടെ ചേർക്കുന്നു.

അവലംബം – ഗ്രാമസഭാ റിപ്പോർട്ട്, വാർഡ് മെമ്പർമാരിൽ നിന്ന് കോർ ഗ്രൂപ്പ് കൂടി തയ്യാറാക്കിയ റിപ്പോർട്ട്.

നമ്പർ	വാർഡ്	കലുങ്കിന്റെ പേര്	നീളം	മീ.	വീതി	മീ.
1	I	പെരുന്താനം കോളനിക്ക് സമീപം	1	50	7	
2	,,	പാറപ്പായി കവല	1	50	7	
3	,,	വള്ളിപറമ്പിൽ മുക്ക്	1	50	7	
4	,,	കണ്ടേരി വായനശാല കവല	1	50	7	
5	,,	വളയംചാൽ ആദിവാസി കോളനി കവല	1	50	7	
6	,,	പടിഞ്ഞാറേൽ പൗലോസ് പടി	2	00	7	
7	,,	പാണാംകുഴി പടി	2	00	7	
8	,,	പേഴുത്തുങ്കൽ പടി	2	00	7	

നമ്പർ	വാർഡ്	കലുങ്കിന്റെ പേര്	നീളം	മീ.	വീതി	മീ.
9	,,	വിലങ്ങുപാറ പടി	1	50	7	
10	,,	തെക്കിനി പടി	1	50	7	
11	,,	കിഴക്കേപ്പുര പടി	1	50	7	
12	,,	മേലേമുറി പടി	2	00	7	
13	,,	തറപ്പേൽ പടി	1	50	7	
14	,,	ഞാവള്ളി തോട്	1	50	7	
15	II	കഞ്ഞിക്കഴി തോട്	3	00	7	
16	,,	മേച്ചേരി തോട്	3	00	7	
17	,,	ഇഞ്ചിക്കാല തോട്	3	00	7	
18	,,	പുത്തൻപുരതോട്	4	00	7	
19	,,	ആട്ടപാറത്തോട്	2	00	7	
20	III	മുതലപ്രതോട്	1	50	7	
21	,,	വെള്ളാറയിൽ ഉസ്മാൻപടി	1	50	7	
22	,,	പുതക്കഴി തോട്	1	50	7	
23	,,	കന്നത്പടി	1	50	7	
24	,,	മുരിക്കുംകരപടി	1	50	6	
25	,,	പടത്തുപാറ പടി	1	50	7	
26	,,	കണ്ടംകളങ്ങരപടി	1	50	7	
27	,,	താമരമന്നംപടി	1	50	7	
28	,,	നാരിവേലിൽപടി	4	00	7	
28 എ	,,	പള്ളിവാതുക്കൽ എസ്റ്റേറ്റ്	2		7	
29		നബീസുമ്മാരം പടി	3	00	7	
30	IV	ആലുങ്കൽതോട്	1	500	7	
31	,,	ചീരംവേലിതോട്	4	00	7	
32	,,	കരിയംകാപ്പ്തോട്	4	00	7	
33	,,	പള്ളിവാതുക്കൽതോട്	4	00	7	
34	,,	മൂക്കിലിക്കാടൻതോട്	2	00	7	
25	,,	നമ്പ്യാലിൽ തോട്	2	00	7	
36	,,	കോളിത്തട്ട്തോട്	2	00	7	
37	,,	മുരിക്കുംകരി തോട്	4	00	7	
38	V	മാളിയേക്കുംപടി	3	00	7	
39	,,	കരിമാം കഴി	2	00	7	
40	,,	പുളിക്കാൻപടി	2	00	7	
41	,,	മണ്ണാർകുളംപടി	4	00	7	
42	,,	കുപ്പക്കാടൻ പടി	2	00	7	
43	,,	പള്ളിവാതുക്കൽ II	4	00	7	
44	,,	കൈലാസൻ പടി	4	00	7	
45	,,	വയലിൽപുളിയാനിപടി	1	50	7	
46	,,	മുണ്ടപ്പാക്കൽപടി	2	00	7	
47	VI	കനകക്കുന്ന്	3	00	7	
48	VII	കാപ്പുഞ്ചിപടി പൊന്നരിക്കുപാല	2	00	6	
59	,,	എഴിൽങ്ങോട്ടിൽ പടി	1	50	7	

87

ബർ	വാർഡ്	കലുങ്കിന്റെ പേര്	നീളം	മീ.	വീതി	മീ.
60	,,	കുന്നംപുറം-കളത്തിപടി	1	50	7	
61		കുളത്തിൽ ജോൺ മുടി	1	50	7	
62		സി. കെ. മുക്ക്	1	50	7	
63		പഴയ സ്റ്റേഷൻ പടി	2	00	7	
64		മഞ്ഞളാംപുറം യു. പി. എസിനു പിൻവശം	2	00	7	
65		കെ. പി. ബാലൻ മാസ്റ്റർ പടി	2	00	7	
66		എം. വിജയൻ മാഷ് പടി	1	50	7	
67		ചൊളവേലി പടി	2	500	6	
68	VIII	കിഴക്കേ വെള്ളൂന്നി	2	00	7	
69	,,	ചെമ്പോലിക്കൽ പടി	2	00	7	
70	,,	വെളിയംപാറ കവല	1	500	7	
71	,,	തെങ്ങുംപള്ളിപടി	3	00	7	
72	,,	കൊല്ലന്റേത് (ഇവിടെ രണ്ട് കലുങ്കുകളും വേണം)	2	00	7	
73	,,	പതിക്കൽ ജോയി	2	00	7	
74	,,	കാവാടൻ പടി	4	00	7	
75	IX	പൂവത്തിൻചോല-മലയാംപടി	6	00	8	
76	,,	വെള്ളൂന്നി-കുണ്ടംതോട്	2	00	7	
77	,,	കുണ്ടംതോട്	3	00	7	
78	,,	തൊട്ടിക്കവല	2	00	7	
79	,,	കുണ്ടൻതോട്-മലയാംപടി	2	00	7	
80	,,	വെള്ളൂന്നി പഞ്ചായത്ത് കിണർ പടി	1	500	7	
81	,,	തൊട്ടിക്കവലക്കും അംഗൻവാടിക്കും സമീപം	1	500	7	
82	,,	പ്രൊവിഡൻസ് റോഡ്	5	00	7	
83	,,	മാങ്കുളം മാധവൻ തോടിന് (3 കലുങ്കുകളും)				
84	,,	നിരപ്പത്ത് പടി	2	00	7	
85	,,	ഏരിശ്ശുംമൂട്	2	00	7	
87	,,	മാധവൻ തോട്	2	00	7	
86	,,	വലിയപുത്തൻ പുര കുറിച്ച്യക്കോളനി തോട്	3	00	7	
87	,,	പാറടിയിൽ പടി	4	00	7	
88	,,	തൊട്ടിക്കവല-മാടത്തുംകാവ്	2	00	7	
89	,,	കൊല്ലമാവടി-മാളിയേക്കൽ തോട്	2	00	7	

കലുങ്ക് നിർമ്മാണത്തിലെ അപാകതകളും പരിഹാര മാർഗങ്ങളും

ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ സ്ഥിതി വച്ച് നിരവധി തോടുകളും, കൈത്തോടുകളും ഉണ്ട്. റോഡുകളുടെ സംരക്ഷണത്തെ ഇത് സാരമായി ബാധിക്കുന്നു. പല തോടുകൾക്കും അത്യാവശ്യം വേണ്ട കലുങ്കുകളോ, പാലങ്ങളോ നിർമ്മിക്കാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. നിർമ്മിച്ചവ തന്നെ ആസൂത്രണത്തിന്റെ പാളിച്ചകൾ കൊണ്ട് ഉപയോഗ യോഗ്യമല്ലാതായി തീർന്നിരിക്കുന്നു.

നിർമ്മിച്ച പല കലുങ്കുകൾക്കും ആവശ്യമായ ഉയരമോ, വീതിയോ ഇല്ല. എഞ്ചിനീയറിംഗിലെ ഈ അപാകതകൾ പരിഹരിക്കാൻ നിർമ്മാണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു സമഗ്രമായ നിർമ്മാണ പ്രവർത്തന രജിസ്റ്റർ തയ്യാറാക്കുകയും അതിൽ താഴെ പറയുന്ന വിശദാംശങ്ങൾ ഉൾക്കൊള്ളിക്കുകയും വാർ

ഡുത്തല ജനകീയ കമ്മറിറികൾക്ക് മോനിറിറിംഗിനു വിധേയമാക്കുകയും വേണം.

1 നിർമ്മാണ പ്രവർത്തനങ്ങളുടെ ഉടമസ്ഥത
2 നിർമ്മാണ പ്രവർത്തനങ്ങളുടെ അളവും വ്യാപ്തിയും
3 ഉൾപ്പെടുന്ന വാർഡുമെമ്പർ
4 ചെലവായ തുകയും, അതിൽ ജനവിഹിതവും
5 നിർമ്മാണ കാലയളവ്
6 ടെണ്ടർ എഞ്ചിനീയറിംഗ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ
7 തുക ചെലവഴിക്കുന്ന ഏജൻസിയും, വിഹിതവും

NB: ഒരു ഗ്രാമത്തിൽ നടക്കുന്ന അറുകുറുപണികളുടക്കം എല്ലാവിധ നിർമ്മാണ പണികളുടെയും വിശദാംശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്

ഊർജ്ജം

കുടിയേറ്റ മേഖലയായ കേളകം ഗ്രാമ വാസികളെ അണുവിമുക്തമാക്കുകയും ഒപ്പം ആഹ്ലാദിപ്പിക്കുകയും ചെയ്തുകൊണ്ട് 1982 ജനുവരി 26ന് VII, VIII വാർഡുകളിലെ നാമമാത്രമായ ഭവനങ്ങളിലും, വ്യാപാര സ്ഥാപനങ്ങളിലും ബൾബുകൾ പ്രകാശിച്ചു തുടങ്ങി. 1990 ആയപ്പോഴേയ്ക്കും 680-ൽപരം കണക്ഷനുകളായി ഇത് വർദ്ധിച്ചു. എന്നാൽ ഈ പഞ്ചായത്തിന്റെ 75% മേഖലകളിലും വൈദ്യുതി ഒരു മരീചികയായി തുടരുന്നു. ഈ ഗ്രാമപഞ്ചായത്തിൽ 40 കി. മീറ്റർ ദൈർഘ്യത്തിൽ വൈദ്യുതി ലൈനുകളുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ 3419 കുടുംബങ്ങളാണുള്ളത്. പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം 243 വീടുകളാണ് വൈദ്യുതീകരിച്ചിരിക്കുന്നത്. ഇപ്പോൾ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന മിനിമം ഗ്യാരണ്ടി പദ്ധതിപ്രകാരം 1469 ഭവനങ്ങളിൽ കൂടി ഏതാനും വർഷങ്ങൾക്കുള്ളിൽ വൈദ്യുതി എത്തുമെന്ന് കരുതാം. ശേഷിക്കുന്ന 1707 വീടുകളിൽ വൈദ്യുതി എത്തിക്കേണ്ടതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

സാധ്യതകൾ

ഈ പഞ്ചായത്തിലെ വെള്ളൂന്നി, കോളിത്തട്ട്, രാമച്ചി എന്നീ കുന്നിൻ പ്രദേശങ്ങളിൽ ഏകദേശം 50ൽപരം വറ്റാത്ത തോടുകളുണ്ട്. മൈക്രോ ഇലക്ട്രിക് പദ്ധതിപ്രകാരം ഇതിനെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ മേൽപറഞ്ഞ പ്രദേശങ്ങളിൽ ആവശ്യമായ വൈദ്യുതി ലഭിക്കും. ഇപ്രകാരം കോളിത്തട്ടിൽ മണിയപ്പൻ മനയപറമ്പിൽ എന്ന ആൾ തന്റെ കുടുംബത്തിന് ആവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

ഇപ്പോൾ സംസ്ഥാനസർക്കാരിന്റെ പരിഗണനയിലുള്ള രാമച്ചി മിനി ജലവൈദ്യുത പദ്ധതിപ്രകാരം 66 മെഗാവാട്ട് വൈദ്യുതി പ്രതിദിനം ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രാഥമിക കണക്കുകൾ വ്യക്തമാക്കുന്നു. ഈ പദ്ധതി പൂർത്തിയായാൽ സമീപത്തെ 2 പഞ്ചായത്ത് മേഖലകളും പൂർണ്ണമായും വൈദ്യുതീകരിക്കാൻ കഴിയുന്നതാണ്.

കേളകം ഗ്രാമപഞ്ചായത്തിൽ ലഭിച്ച കണക്ഷനുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ഗാർഹികം	386
വ്യവസായികം	20
കാർഷികം	49
വ്യാപാരം	246

പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന 5 ട്രാൻസ്ഫോർമറുകളാണുള്ളത്. ഇവയുടെ പ്രസരണ ദൈർഘ്യം 18 . 200 കി. മീ. ആണ്. വളയംചാൽ ആദിവാസി കോളനിക്ക് സമീപം, പെരുന്താനം, നാനാനിപ്പായിൽ, മഞ്ഞളാമ്പുറം, കേളകം എന്നീ സ്ഥലങ്ങളിലാണ് അവ സ്ഥാപിച്ചിരിക്കുന്നത്.

ഈ പഞ്ചായത്തിലെ 19 ആദിവാസി കോളനികളിൽ പെരുന്താനം, വളയംചാൽ എന്നീ കോളനികളിൽ മാത്രമാണ് വൈദ്യുതി എത്തിയിട്ടുള്ളത്.

മിനിമം ഗ്യാരൻറി സ്കീമിൽ ഉൾപെടുത്തി നടന്നുകൊണ്ടിരിക്കുന്ന വൈദ്യുതീകരണ പ്രവർത്തനങ്ങളെ ക്കുറിച്ച് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നമ്പർ	ട്രാൻസ്ഫോർമറുടെ കപ്പാസിറ്റി	ട്രാൻസ്ഫോർമർ സ്ഥാപിച്ചിരിക്കുന്ന സ്ഥലം	പ്രസരണ ശേഷി	ദൂരം കി. മീ.	ഉപഭോക്താക്കളുടെ എണ്ണം	ടെണ്ടർ	ജനവിഹിതം
1	60 K V	കുണ്ടേരി കവല	11 K V & 3 Phase	4 850	151	435000	80000
2	60 K V	വെള്ളൂന്നി-മലയാംപടി ജംഗ്ഷൻ	11 K V & 3 Phase	8 650	251	455000	100000
3	60 K V	പനച്ചിക്കൽ മുക്ക് കല്ലികണ്ടം	11 K V & 3 Phase	3 500	100	600000	100000
4	63 K V	കാടായം കവല	11 K V & 3 Phase	30 000	700	6000000	182000
5	63 K V	വെണ്ടേക്കുംചാൽ					
6	63 K V	അടക്കാത്തോട്					
7	63 K V	കരിയൻ കാപ്പ്					
I	100 K V	കാളികയം കോളനി	11 K V	6 000	118	700000	100000

ശേഷിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതീകരണത്തിനായുള്ള പ്രവർത്തനങ്ങളും നടത്തേണ്ടതാണ്. മേൽപറഞ്ഞ പ്രദേശങ്ങളിൽ തന്നെ വൈദ്യുതീകരണത്തിൽനിന്ന് ഒഴിഞ്ഞുപോയിട്ടുണ്ട്. അത്തരം ഉപഭോക്താക്കളെ കൂടി ഉൾപ്പെടുത്താനാവശ്യമായ നടപടികളും കൈക്കൊള്ളേണ്ടതാണ്.

ഈ പഞ്ചായത്തിൽ 6 സോഡിയം വേപ്പർ ലാബുകളുടക്കം 16 തെരുവ്വിളക്കുകളാണുള്ളത്. ഏകദേശം 60 തെരുവ് വിളക്കുകൾകൂടി ആവശ്യമാണ്. ലഭ്യമായ കണക്കനുസരിച്ച് ഈ ഇനത്തിൽ K S E B യിലേക്ക് '95-96 വർഷത്തിൽ 3648 രൂപ ഗ്രാമപഞ്ചായത്തിൽനിന്നും അടച്ചിട്ടുണ്ട്

ഗ്രാമപഞ്ചായത്തിൽ 198 ഡീസൽ പമ്പ് സെറ്റുകളും, 36 മണ്ണെണ്ണ പമ്പ്സെറ്റുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ കേന്ദ്രങ്ങളിലെ കണക്കുകൾ പ്രകാരം 3219 കാർഡ് ഉടമകൾക്ക് 3,78,154 ലിറ്റർ മണ്ണെണ്ണ പ്രതിവർഷം വിതരണം ചെയ്യുന്നുണ്ട്. ഇതിൽ പെർമിറ്റ് വഴി വിതരണം ചെയ്യുന്നത് പ്രതിവർഷം 19538 ലിറ്ററാണ് സൗരോർജ്ജവിളക്കുകൾ 14 വീടുകളിലുണ്ട്. പക്ഷെ ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നതല്ല.

വൈദ്യുതമേഖലയിലെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1 കേളകം ടൗണിൻെറ 500മീറ്റർ ചുറ്റളവിൽ പോലും വൈദ്യുതി എത്തിയിട്ടില്ല. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെയും മറ്റും പ്രസരണ–വിതരണ ശേഷി വർദ്ധിപ്പിച്ച് ഇത് പരിഹരിക്കാവുന്നതാണ്.

2 വോൾട്ടേജ്ക്ഷാമം ഈ പ്രദേശത്ത് ഒരു മുഖ്യ പ്രശ്നമാണ്.

3 ഈ പഞ്ചായത്തിൽ K S E B യുടെ ഒരോഫീസു പോലുമില്ല. ഇത് ഉടൻ പരിഹരിക്കേണ്ടതാണ്.

കേളകം ടൗണിൽ മാത്രമാണ് നിലവിൽ തെരുവ് വിളക്കുകൾ ഉള്ളത്. കൂടുതൽ തെരുവ് വിളക്കുകൾ അനുവദിച്ചുകൊണ്ട് ഇത് പരിഹരിക്കേണ്ടതാണ്. പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പുകൾ കണ്ടേത്തേണ്ടതാണ്.

5 പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിൽ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

6 ഈ പ്രദേശത്ത് സാധ്യമായ മൈക്രോജല വൈദ്യുത പദ്ധതി വ്യാപിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക–സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണ്.

7 നിട്ടിഷ്ട രാമച്ചി മിനി ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

ഇന്ധനവും ഉപയോഗങ്ങളും

പ്രാഥമിക ഇന്ധനമായ വിറകിനെയാണ് ഗാർഹിക ആവശ്യങ്ങൾക്കായി 95% ആൾക്കാരും ആശ്രയിക്കുന്നത്. പ്രാദേശിക ഉപയോഗം കഴിഞ്ഞ് മിച്ചം വരുന്ന ഏകദേശം 3500–ഓളം ടൺ വിറക് പ്രതിവർഷം മറ്റു പ്രദേശങ്ങളിലേക്ക് ഇവിടെനിന്ന് കയറ്റി അയക്കുന്നുണ്ട്.

ക്ഷേത്ര കൂടിയ അടുപ്പുകളുടെ വ്യാപനം താരതമ്യേന കുറവാണ് ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ജൈവവാതക പ്ലാന്റിൽനിന്ന്		97
പരിഷത്ത് അടുപ്പുകൾ		572
അനാർട്ടിന്റെ അടുപ്പുകൾ		38
കുക്കിംഗ് ഗ്യാസ് (L P G):		
സർക്കാർ ഏജൻസി	92	239
സ്വകാര്യ ഏജൻസി	147	

സാധ്യതകൾ

ബയോഗ്യാസ് അടുപ്പുകളുടെ പ്രവർത്തനങ്ങൾ ഇന്ന് നിലച്ച മട്ടായിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ ഘർഷണ രഹിത ഫുട്ട്വാൽവുകൾ, സോളാർ വിളക്കുകൾ, കോമ്പാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ ട്യൂബ്ലൈറ്റിന്റെ ഇലക്ട്രോണിക് ചോക്കുകൾ എന്നിവയുടെ വ്യാപനം ത്വരിതപ്പെടുത്തേണ്ടതാണ്. ഇവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും സർക്കാർ സഹായങ്ങളെക്കുറിച്ചും ഗ്രാമീണരായ ഈ പ്രദേശത്തുകാർക്ക് അറിവില്ല എന്നതും ശ്രദ്ധേയമാണ്. ഇതിനാവശ്യമായ ബോധവൽക്കരണം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടതാണ്. പരിഷത്ത് അടുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാണ്.

മാർക്കറ്റ്

കേളകം, കണിച്ചാർ, കൊട്ടിയൂർ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന കൊട്ടിയൂർ കുടിയേറ്റ മേഖലയുടെ വാണിജ്യസിരാകേന്ദ്രമാണ് കേളകം. റബ്ബർ, കുരുമുളക്, കശുവണ്ടി, അടയ്ക്ക, ഇഞ്ചി, മലക്കറികൾ, നാളികേരം എന്നിവയാണ് ഇവിടെ എത്തിച്ചേരുന്ന പ്രധാന വാണിജ്യവിളകൾ.

ഈ ഗ്രാമപഞ്ചായത്തിൽ ചെറുതും വലുതുമായ 394-ഓളം വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് മുൻപ് പച്ചക്കറി-മത്സ്യമാർക്കറ്റ് ഉണ്ടായിരുന്നു.

ഗ്രാമപ്രദേശങ്ങളിൽ നിന്നും എത്തിച്ചേരുന്ന നേന്ത്രക്കായ സംഭരിച്ച് വിപണനം നടത്തിയിരുന്ന ഒരു പ്രധാന കേന്ദ്രമായിരുന്നു കേളകം. ഇന്ന് ഇതിനാവശ്യമായ സംവിധാനമില്ലാത്തതിനാൽ കർഷകർക്ക് സമീപ ഗ്രാമപഞ്ചായത്തുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു സഹകരണ സംരംഭമായി ഇതിനെ പുനഃസ്ഥാപിക്കണമെന്ന് ഗ്രാമസഭാ റിപ്പോർട്ടിൽ പറയുന്നു.

ഒരു നിയന്ത്രണവുമില്ലാതെ ചിലസ്വകാര്യ വ്യക്തികൾ മത്സ്യം, മാംസം എന്നിവയുടെ സംസ്കരണവും, വിപണനവും ടൗണിൽ തുറസായി വെച്ച് നടത്തുന്നതിനാൽ ടൗണിന്റെ ശുചിത്വപ്രശ്നം ഇന്ന് ഭീഷണിയിലാണ്. ഇതിന് ശാസ്ത്രീയമായ ഒരു പരിഹാരം ബന്ധപ്പെട്ടവർ കണ്ടെത്തേണ്ടതുണ്ട്. ശുദ്ധജലക്ഷാമം വർഷകാലങ്ങളിൽ പോലും ഈ ടൗണിന്റെ ദൈനംദിന പ്രശ്നമാണ്. ഇതിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തേണ്ടതുണ്ട്. മത്സ്യ–മാംസ മാർക്കറ്റുകൾക്ക് ആവശ്യമായ മറ്റൊരു സ്ഥലം പഞ്ചായത്ത് അടിയന്തരമായി കണ്ടെത്തേണ്ടതാണ്. അടക്കാത്തോട്, കേളകം എന്നീ സ്ഥലങ്ങളിൽ ആഴ്ചച്ചന്തകൾ ആരംഭിക്കേണ്ടതാണ്.

ഒരു പ്രദേശത്തിന്റെ സമഗ്രവികസനത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകങ്ങളാണ് ഗതാഗതവും, ഊർജ്ജവും, അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭൗതീകാവശ്യങ്ങൾ നിറവേറ്റാൻ ഇവ അത്യന്താപേക്ഷിതമാണ്. ഏറ്റവും കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുന്നതും ഈ മേഖലകളിലാണ്. ഈ രേഖയിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളെ മുൻഗണനാ ക്രമത്തിൽ ആർജവത്തോടെ നടപ്പിൽ വരുത്തിയാൽ നമ്മുടെ പഞ്ചായത്തിന്റെ ഈ മേഖലയിലുള്ള വികസനം ഘട്ടംഘട്ടമായി നടപ്പിൽ വരുത്തുവാൻ കഴിയും.

★

5-7

പാർപ്പിടവും, സാമൂഹ്യക്ഷേമവും

പാർപ്പിടം

മാനവ സംസ്ക്കാരത്തിന് നാമ്പു മുളച്ച പ്പോഴും, അവനിൽ അടിസ്ഥാന ആവശ്യങ്ങളെക്കു റിച്ചുള്ള അവബോധം രൂപം കൊണ്ടതുമുതൽ പാർപ്പിടം അവനെ സംബന്ധിച്ചിടത്തോളം ഒരു രക്ഷാകവചവും അനിവാര്യ ഘടകവുമായിരുന്നു. എതൊരു മനുഷ്യന്റെയും ആത്യന്തികമായ ഒരഭി ലാഷവുമാണല്ലൊ സ്വന്തമായി ഒരുവീട് എന്നത്. നമ്മുടെ സംസ്ക്കാരത്തിന്റെ ബാലപാഠങ്ങൾക്ക് മുളപൊട്ടിയ ആദ്യ സാമൂഹ്യ സ്ഥാപനം അല്ലെങ്കിൽ യൂണിറ്റാണ് ഓരോ വീടും. ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പരമ പ്രധാനമായ ഒരു സ്ഥാനം പാർപ്പിടങ്ങൾക്കുണ്ട്. നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടി രിക്കുന്ന തൊഴിലാളികളിൽ സിംഹഭാഗവും ഈ മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ഒരു തികഞ്ഞ ഗ്രാമീണമേഖലയായ കേളകം പഞ്ചായത്തും ഇക്കാര്യത്തിൽ ഏറെ അപര്യാപ്തത കളുടെ നടുക്കയത്തിലാണ്. ഇടത്തരക്കാർ നിവ സിക്കുന്ന ഈ മേഖലയിൽ അടിസ്ഥാന ആവശ്യ ങ്ങളിലൊന്നായ പാർപ്പിടപ്രശ്നം നമ്മെ അലോ സരപ്പെടുത്തുന്നു. ഈ പഞ്ചായത്തിൽ ഇന്നും 'സ്വന്തമായി ഒരു കൂര' എന്ന സ്വപ്നം പൂവണി യാൻ കാത്തു നില്ക്കുന്നവർ ധാരാളമുണ്ട്. ഈ പഞ്ചായത്തിൽ മൊത്തം നാലായിരത്തി മുന്നൂററി മുപ്പതു വീടുകളുണ്ട്. എങ്കിൽ തന്നെയും അടി സ്ഥാനസൗകര്യങ്ങളും ഇല്ലായ്മ ഒരു പോരായ്മ യായിത്തന്നെ നില്ക്കുന്നു. മേൽപ്രസ്താവിച്ച നമ്മുടെ വീടുകളിൽ രണ്ടായിരത്തി തൊള്ളായി രത്തി ഇരുപത് വീടുകളും ഭേദപ്പെട്ടവയും ബാക്കി ആയിരത്തി നാനൂററിപത്ത് വീടുകളും ഓല മേഞ്ഞതോ കുടിലുകളോ ആയ വിഭാഗങ്ങളിൽ പെടുന്നവയുമാണ്. ഭേദപ്പെട്ടവയിൽത്തന്നെ 286 (ഇരുന്നൂററി എൺപത്തിയാറ്) വീടുകളും കോൺ ക്രീറ്റ് വീടുകളും രണ്ടായിരത്തി അറുനൂററി മുപ്പത്തിനാല് വീടുകളും ഓടുമേഞ്ഞവയുമാണ്.

പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച തരം തിരിച്ച കണക്ക്.

വാർഡ്	ഓട്	ടെറസ്	ഓല	ആല ഷെഡ്	ആകെ
1	280	12	152	39	483
2	534	19	320	47	920
3	220	9	117	16	362
4	132	5	158	7	302
5	211	8	140	18	377
6	244	5	96	47	392
7	548	131	107	16	802
8	173	57	107	122	459
9	292	40	213	31	576
	2634	286	1410	343	4673

ആകെ വീട് 4330

ഒൻപതു വാർഡുകളിലായി ഈ പഞ്ചായത്ത് പരന്നു കിടക്കുന്നു. ഇതിൽ ഏഴുപത്തഞ്ച് ശതമാനം പ്രദേശവും കുന്നുകളോ, ചരിവുള്ള പ്രദേശങ്ങളോ ആണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാധന സാമഗ്രികൾ എത്തിക്കുന്നതിൽ വരുന്ന ഭാരിച്ച ചിലവ് ഈ മേഖലയുടെ തളർച്ചയ്ക്ക് ഒരു സുപ്രധാന കാരണമാണ്. പ്രധാന റോഡുകളുടെ സമീപത്തു മാത്രമേ താരതമ്യേന നിലവാരം പുലർത്തുന്ന വീടുകൾ കാണാൻ കഴിയുന്നുള്ളു. നമ്മുടെ പരിതസ്ഥിതികൾക്ക് ഒരിക്കലും ഇണങ്ങാത്ത കോൺക്രീറ്റു ഭവനങ്ങൾക്ക് വേണ്ടി ലക്ഷങ്ങൾ മുടക്കുമ്പോഴും ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വീടുകൾ ഏതാണ്ട് മുപ്പത്തിരണ്ടര(32.5%) ശതമാനത്തോളമേ വരുന്നുള്ളു.

ഭവനനിർമ്മാണ രംഗത്ത് വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത, എല്ലാവർക്കും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഭവനം എന്ന ലക്ഷ്യം ദൂരികരിച്ചുകൊണ്ടിരിക്കുകയാണ് ഭവന വായ്പാപദ്ധതികൾ വേണ്ട വിധത്തിൽ നടപ്പിലാക്കാൻ കഴിയാത്തതും ഈ മേഖലയിലെ അപചയത്തിന് കാരണമാകുന്നു. ഈ മേഖലയിലെ വായ്പാ സൗകര്യങ്ങൾ കേളകത്തു പ്രവർത്തിക്കുന്ന ഫെഡറൽ ബാങ്കിന്റെ ശാഖയും ഹൗസിംഗ് ബോർഡും, ഹൗസിംഗ് സൊസൈറ്റിയും ചെറിയ രീതിയിൽ കേളകം, ചെട്ട്യാംപറമ്പ് സഹകരണ ബാങ്കുകളും നൽകിവരുന്നു.

പരമ്പരാഗത വാസ്തുനിർമ്മാണ രീതിയിൽ നിന്നും വ്യത്യസ്തമായ നിർമ്മാണ രീതിയാണ് ഇന്നിവിടെ നിലനിൽക്കുന്നത്. തിരുവിതാംകൂർ ശൈലിയിലുള്ള വാസ്തുശില്പ മാതൃകയിൽ തുടങ്ങി ആധുനിക കോൺക്രീറ്റ് ഭവനനിർമ്മാണം വരെയെത്തി നിൽക്കുന്നു നമ്മുടെ ഈ രംഗം.

ദുർബല വിഭാഗങ്ങൾക്ക് സർക്കാർതലത്തിൽ നൽകിപ്പോരുന്ന ഭവന നിർമ്മാണ വായ്പകൾ കാര്യക്ഷമമാക്കുകയും ഉദാരവല്ക്കരിക്കുകയും ചെയ്യേണ്ടതുണ്ട്. അതിന് പഞ്ചായത്ത് തലത്തിലുള്ള ഇടപെടലുകളും ആവശ്യമാണ്. വീടു വയ്ക്കാനുള്ള സ്ഥലം ഈടായി സ്വീകരിച്ച് കൊണ്ട് തവണ വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുവാൻ സർക്കാർ തലത്തിൽ തന്നെ ഒരു നീക്കം ഉണ്ടാവുകയും ചെയ്യേണ്ടതുണ്ട്.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപട്ടിക താഴെ കൊടുക്കുന്നു

	ഭവനനിർമ്മാണ ലഭ്യതാ പട്ടിക അടക്കാത്തോട്, സർക്കിൾ							ഭവന നിർമ്മാണ ലഭ്യതാ പട്ടിക കേളകം സർക്കിൾ						
വർഷം	RLEGP	NREP	IAY	JRY	MWS	Total		വർഷം	RLGEP	NREP	IAY	JRY	MS	Total
85-86	15	...	...	...	...	15		85-86	...	5	...	...	...	5
86-87	...	...	...	...	...	...		86-87	...	...	...	...	...	...
87-88	...	...	...	...	...	...		87-88	...	...	...	...	...	...
88-89	...	...	...	5	...	5		88-89	...	...	...	...	...	...
								89-90	...	...	...	5	...	5
89-90	...	...	...	...	...	...		90-91	...	...	1	...	4	5
90-91	...	...	1	...	7	8		91-92	...	...	...	...	...	...
91-92	...	...	...	...	3	3		92-93	...	...	2	...	...	2
92-93	...	...	...	2	...	2		93-94	...	...	...	...	...	...
93-94	...	...	...	...	24	24		94-95	...	...	...	...	14	14
94-95	...	...	...	...	...	...								
95-96	...	...	8	...	...	8		95-96	...	...	23	...	...	23

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 1984–85 കാലയളവ് മുതൽ 95–96 വരെ ഒൻപതു വാർഡുകളിൽ 119 വീടുകളാണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഭവന നിർമ്മാണ ബോർഡ് വഴി ദുർബ്ബല വിഭാഗങ്ങൾക്ക് നല്കുന്ന സഹായങ്ങളും വായ്പയും അവയുടെ അളവും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

I. R. D. P. പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി 92 വീടുകൾക്കും ദുർബ്ബല വിഭാഗങ്ങൾക്കായി 27 വീടുകൾക്കും വായ്പ അനുവദിക്കുകയും പണിപൂർത്തീകരിക്കുകയും ചെയ്യുകയുണ്ടായി. ഇനിയും നാല്പത്തിരണ്ട് വീടുകൾക്ക് വായ്പ അനുവദിക്കാൻ അർഹരായവർ ഉള്ളതായി കാണുന്നു.

ഭവന നിർമ്മാണ സാമഗ്രികളുടെ കുതിച്ചുയരുന്നവിലയും അമിതമായ കൂലിവ്യവസ്ഥയും ഈ നിർമ്മാണ പ്രവർത്തനങ്ങളുടെ സുഗമമായ ഒഴുക്കിനു വിഘാതമായി നില്ക്കുന്നു. ചെലവ് ചുരുങ്ങിയ ഭവന നിർമ്മാണത്തിനു നിർമ്മിതി കേന്ദ്രങ്ങളിൽ നിന്നുള്ള വിദഗ്ധ സഹായമോ നിർദ്ദേശങ്ങളോ ഇവിടെ കാര്യമായി ലഭിക്കുന്നില്ല. ആർഭാടത്തിനുവേണ്ടി നമ്മുടെ വരുമാനത്തിന്റെ ഏറിയ പങ്കും ഇന്നും ഉദ്പാദനപരമല്ലാത്ത ഈ മേഖലയ്ക്കുവേണ്ടിനാം ചെലവഴിക്കുന്നു എന്നുള്ളത് ഇതിന്റെ ഭീതിദമായ മറെറാരു മുഖമാണ്. അനാവശ്യമായ രീതിയിൽ വീടുകളുടെ വലിപ്പം വർദ്ധിപ്പിച്ചും മതിലുകൾ ഉയർത്തികെട്ടിയും തീർത്തും ആശാസ്യമല്ലാത്ത ഒരു പ്രവണതയും ചെറുതായെങ്കിലും ഈ പ്രദേശത്തുണ്ട്. (കൃഷിയ്ക്കുപയുക്തമായ രീതിയിൽ ജൈവ വേലികൾ നിർമ്മിക്കുന്നതിനെ പ്രോത്സാഹിക്കുന്ന വിഷയത്തെപ്പററി ഈയവസരത്തിൽ ചിന്തിക്കാവുന്നതാണ്.)

വിദഗ്ധ തൊഴിലാളികളും അവിദഗ്ധ തൊഴിലാളികളുമായി ഏകദേശം 395 ആളുകൾ ഈ പ്രദേശത്തുണ്ട്. ഇവരുടെ വേതനവ്യവസ്ഥയിലും പ്രകടമായ വ്യത്യാസം കാണാവുന്നതാണ്. 1972–73 കാലഘട്ടങ്ങളിൽ വിദഗ്ധ തൊഴിലാളികൾക്ക് 10–12 രൂപ വരെ കൂലിയും അവിദഗ്ധർക്ക് 8–10 രൂപ വരെ കൂലിയും ആയിരുന്നു. 92—93 വർഷങ്ങളിൽ ആദ്യവിഭാഗത്തിന് 60—80രൂപവരെയും രണ്ടാമത്തെ വിഭാഗത്തിൽ 40—50 രൂപവരെയും ആയിരുന്നു വേതന നിരക്ക്. എന്നാൽ സമീപ വർഷങ്ങളിൽ ഈ മേഖലയിൽ വന്ന വളർച്ചാ നിരക്ക് ആശ്ചര്യജനകമാണ്. 95–96 കാലയളവിൽ വിദഗ്ധ തൊഴിലാളികൾക്ക് 125 രൂപയും അവിദഗ്ധ തൊഴിലാളികൾക്ക് 80–90 രൂപവരെയും കൂലിയുണ്ട്. ഈ മേഖലയിൽ തന്നെ സ്ത്രീ തൊഴിലാളികൾക്ക് പുരുഷ തൊഴിലാളിയുടെ കൂലിയുടെ 60–65% വരെ മാത്രമേ കൂലി വ്യവസ്ഥയുള്ളു. തുല്യ ജോലിക്ക് തുല്യവേതനം എന്ന സ്വപ്നം ഈ മേഖലയിൽ സാക്ഷാത്കരിക്കാൻ ഇനിയും നാം കാത്തിരിക്കേണ്ടി വരും.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിൽ വന്ന മാററം ഭീതിദമാണ് എന്ന് പ്രത്യേകം സൂചിപ്പിക്കട്ടെ.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയെ സംബന്ധിച്ച പട്ടിക

വർഷം	ഇനം	അളവ്	വില	വർദ്ധനവിന്റെ ശതമാനം	
1987-88	സിമന്റ്	1 ചാക്ക്	70		
89	,,	,,	100	43 %	
92	,,	,,	150	50 %	
95-96	,,	,,	200	25 %	
87-88	കമ്പി	1 കിലോ	13		
96	,,	,,	18	28 %	
87-88	വെട്ടുകല്ല്	100 എണ്ണം	300		
96	,,	,,	600	100 %	

ഈ പട്ടികയിലെ കണക്കിൽ നിന്ന് വില വർദ്ധനവിലെ മാറ്റങ്ങളും മാത്രമേ വ്യക്തമാകുന്നുള്ളു. വെട്ടുകല്ല് പോലുള്ള സാമഗ്രികളുടെ ഗുണനിലവാരത്തിൽ വന്ന ഇടിച്ചിൽ ശ്രദ്ധിക്കേണ്ട വിഷയം തന്നെയാണ്.

നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും കൂലിയിലെ വർദ്ധനവും കാരണം ബ്ലോക്കുകളും വഴിലഭിക്കുന്ന N. R. E. P, R. L. E. G. P., J. R. Y., I. A. Y., M. W. S. തുടങ്ങിയ പദ്ധതിയുടെയും രാജീവ് ദശലക്ഷപദ്ധതിയുടെയും വായ്പാപരിധി എത്രയും വേഗം വർദ്ധിപ്പിക്കേണ്ടതാണ്. വായ്പയ്ക്കുവേണ്ടി നാം ഇന്നനുഭവിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകളും അപരിഹാര്യമായി നിലനില്ക്കുന്നത് കണ്ടില്ലെന്ന് നടിക്കാൻ നമുക്കെത്രനാൾകഴിയും.

ഒരു തികഞ്ഞ മലയോര കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ വർഷാവർഷങ്ങളിൽ ഉണ്ടായികൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭത്തിൽ വീടു നഷ്ടപ്പെടുന്നവർക്ക് വീടുവയ്ക്കാനും അവരെ വേണ്ടവിധത്തിൽ പുനരധിവസിപ്പിക്കാനും സമയോചിതമായി സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കാണുന്നില്ല. അവർക്കു ലഭിക്കുന്ന ദുരിതാശ്വാസങ്ങളും തന്നെ എത്രയോ കാലവിളംബം നേരിട്ടതിനുശേഷമാണ് ലഭ്യമാകുന്നത്. അതതു കാലങ്ങളിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി പ്രഖ്യാപിക്കുന്ന അടിയന്തിരാശ്വാസം എന്ന ശുഷ്കമായ തുക യാതൊന്നിനും തികയില്ല എന്നതും ശ്രദ്ധേയമാണ്.

ആദിവാസി കോളനികളിൽ എങ്കിലും പഴയ സാമൂഹിക വിപത്തായ കൂട്ടുകുടുംബ വ്യവസ്ഥ പ്രതികൂല സാഹചര്യങ്ങളും കൊണ്ട് ഇന്നും നിലനില്ക്കുന്നു. ഇത്തരക്കാർക്ക് പ്രത്യേകം റേഷൻ കാർഡുകളില്ലാത്തതുകൊണ്ട് സർക്കാരും സർക്കാരേതര ഏജൻസികളും നൽകുന്ന വായ്പകളും വേണ്ട അനുപാതത്തിൽ കിട്ടുന്നില്ല.

സർക്കാർ ഭാഗത്തുനിന്നും ലഭിക്കുന്ന സഹായങ്ങളെ മാത്രം ആശ്രയിച്ച് നമ്മുടെ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം മുഴുവനായി പരിഹരിക്കാം എന്നവ്യാമോഹം ആരും പുലർത്തിപ്പോരുന്നില്ല. എങ്കിലും ഈ പ്രശ്നത്തിന്റെ ഗൗരവാവസ്ഥ കണക്കിലെടുത്ത് പഞ്ചായത്ത്-വാർഡുതലത്തിൽ ഭവന നിർമ്മാണ സഹായസമിതികളും രൂപീകരിച്ച് ധനവും മനുഷ്യാധ്വാനവും ആവുന്നത്ര സംഭരിച്ച് പാവപ്പെട്ടവർക്ക് വീടു നിർമ്മിക്കുവാനുള്ള ഒരു കർമ്മപദ്ധതിക്ക് രൂപം കൊടുക്കാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കണം.

ഈ രംഗത്ത് ഇന്നു നിലനില്ക്കുന്ന സങ്കീർണ്ണവും സാങ്കേതികവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കുറച്ചു നിർദ്ദേശങ്ങളും ഞങ്ങളും മുന്നോട്ടു വയ്ക്കുന്നു.

1 സർക്കാർ നല്കിവരുന്ന വായ്പാപദ്ധതിയ്ക്കുള്ള കാലതാമസവും സാങ്കേതിക സാമ്പത്തിക ബുദ്ധിമുട്ടുകളും ഇല്ലാതാക്കുക.

2 പഞ്ചായത്ത് പരിധിയിൽത്തന്നെ ഭവന നിർമ്മാണ ബോർഡുകളും സർക്കാർ തലത്തിലും സഹകരണ മേഖലയിലും സ്ഥാപിക്കുക.

3 അർഹരായവർക്ക് മറ്റു പരിഗണനകളും കൂടാതെതന്നെ (രാഷ്ട്രീയം, ജാതി) വായ്പ അനുവദിക്കുക.

4 ഇവയ്ക്കുള്ള അപേക്ഷാഫോറം അതതു പ്രദേശത്തുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും സൗജന്യമായി വിതരണം ചെയ്യുക.

5 ഭവന നിർമ്മാണ സഹകരണ സംഘങ്ങളും പഞ്ചായത്ത് തലത്തിലെങ്കിലും സ്ഥാപിക്കുക. അവ വഴി ന്യായമായ വിലയ്ക്ക് നിർമ്മാണ സാമഗ്രികളും വിതരണം ചെയ്യുക.

6 ഭവന നിർമ്മാണ ചെലവിന്റെ പരിധി പഞ്ചായത്തു തലത്തിൽ നിശ്ചയിക്കുക. ഈ പരിധി ലംഘിക്കുന്നവരുടെമേൽ കടുത്ത നടപടികളും എർപ്പെടുത്തുക.

7 ചെലവു കുറഞ്ഞ വീടുകൾക്കു വേണ്ട പ്രചാരണം നടത്തുക. (നിർമ്മിതി കേന്ദ്രങ്ങളുടെ സഹായം തേടുക.)

8 മൊത്തത്തിൽ വന്ന വിലക്കയറ്റം കണക്കിലെടുത്ത് സർക്കാർ നല്കി വരുന്ന ഭവന നിർമ്മാണ വായ്പാതുക വർദ്ധിപ്പിക്കുക.

9 രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ വായ്പാതുക 26400 രൂപയിൽ നിന്ന് 50000 ആക്കി ഉയർത്തുക.

10 പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതിയിലെ 15000 രൂപ 25000 രൂപയാക്കി ഉയർത്തുക.

11 നാലു സെൻറിൽ താഴെ ഭൂമിയുള്ള ഭവന നിർമ്മാതാക്കളെ കെട്ടിട നിർമ്മാണ നിയമത്തിൻെറ പരിധിയിൽ നിന്നും ഒഴിവാക്കുക.

12 നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സഹകരണ മേഖലയിൽ പഞ്ചായത്തടിസ്ഥാനത്തിൽ സിമൻറുകട്ട നിർമ്മാണം, ചുടുകട്ടന ിർമ്മാണം, കരിങ്കൽ ജില്ലിനിർമ്മാണം എന്നിവയ്ക്കു പ്രത്യേക യൂണിറുകളും യന്ത്രവൽകൃത ചെങ്കൽകാറ യൂണിറും അനുവദിക്കുക.

ഇത്രയൊക്കെ പറഞ്ഞെങ്കിലും ഭൂരഹിതരായ വരുടെ പാർപ്പിടപ്രശ്നം ഇപ്പോഴും പരിഹരിക്കാതെ കിടക്കുകയാണ്. ഇത്തരക്കാർക്ക് ആദ്യമായി അഞ്ചുസെൻറു സ്ഥലമെങ്കിലും പതിച്ചു നല്കുക. ഇതിനായി പഞ്ചായത്തിലുള്ള മിച്ച ഭൂമി, പുറമ്പോക്കുഭൂമി, ലീസുഭൂമി എന്നിവകും പതിച്ചുനല്കാൻ വേണ്ട നടപടികും പഞ്ചായത്തു തലത്തിൽ സ്വീകരിക്കുക. അതിനു റവന്യൂവകുപ്പിൻെറ സഹായം തേടേണ്ടതാണ്. ഭൂമി വിതരണംചെയ്യുന്ന കാര്യത്തിൽപഞ്ചായത്തു സമിതിക്കു അധികാരം കൈ മാറണം. യഥാർത്ഥ ഗുണഭോക്താക്കൾക്കു അതിൻെറ പ്രയോജനം ലഭ്യമാകുന്നുണ്ടോ എന്നുറപ്പുവരുത്തുക. ഭവനനിർമ്മാണ ബോർഡും മറു ധനകാര്യ സ്ഥാപനങ്ങളും ഇവർക്കു ഭവന നിർമ്മാണ വായ്പ കുറഞ്ഞ പലിശനിരക്കിൽ നല്കുക, അത്തരം വീടുകളുടെ നിർമ്മാണത്തിന് ഗുണഭോക്താക്കളുടേയും ജനസേവകരുടേയും മനുഷ്യശേഷി പരമാവധി സംഭരിക്കുക. പ്രാദേശിക വിഭവങ്ങും പരമാവധി ഉപയോഗിക്കുന്നുണ്ടന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. തിങ്ങിപ്പാർക്കുന്ന അവരുടെ ആ രീതി പല ആരോഗ്യസാംസ്കാരിക പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ടെന്ന കാര്യം കണക്കിലെടുത്ത് ഇത്തരം 'കോളനി അംഗീകരിക്കൽ' എന്ന സർക്കാർ സമീപനത്തിൽ മാറ്റം വരുത്തുക.

മേൽപ്രസ്താവിച്ച നിർദ്ദേശങ്ങളും സാദ്ധ്യതകളും സഗൗരവം പരിഗണിച്ച് ഈ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം വരുന്ന അഞ്ചുവർഷത്തിനുള്ളിൽ പരിഹരിക്കുകയാകട്ടെ നമ്മുടെ മുഖ്യലക്ഷ്യം. അതിന് ഈ റിപ്പോർട്ട് ഒരു സഹായമായി വർത്തിക്കുമെന്ന് വിശ്വസിക്കട്ടെ.

സാമൂഹ്യ ക്ഷേമം

മനുഷ്യൻ ഒരു സമൂഹ്യജീവിയാണ്. അലഞ്ഞുതിരിഞ്ഞ് ഭേശേസഞ്ചാരികളായി നടന്നിരുന്ന മനുഷ്യൻ ഒരു സമൂഹമായി ജീവിക്കുവാൻ തുടങ്ങിയകാലം മുതൽ അവൻ ഉൽക്കൊള്ളുന്ന സമൂഹത്തിന്റെ ക്ഷേമം ഒരു പ്രധാന പ്രശ്നമായിരുന്നു. വ്യക്തികൾക്കോ കുടുംബങ്ങൾക്കോ സമൂഹത്തെ ഒഴിവാക്കിക്കൊണ്ടൊരു നിലനിൽപ്പില്ല. മനുഷ്യവികാസ പരിണാമചരിത്രം സാമൂഹികവികാസത്തിന്റെ ചരിത്രമാണ്.

സാമൂഹ്യക്ഷേമം ഒരു സമൂഹത്തിന്റെ സംസ്ക്കാരത്തിന്റെയും സഹവർത്തിത്വത്തിന്റെയും മുഖത്തിനുനേരേ പിടിച്ച കണ്ണാടിയാണ്. നാളിതുവരെയുള്ള മനുഷ്യസമൂഹത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളുടെയും അന്തിമലക്ഷ്യം സമൂഹത്തിന്റെ സമഗ്രപുരോഗതിയാണ്,

കേരളം ഇന്ന് മാറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനങ്ങളുടെ ജീവിത നിലവാരത്തിലും ആരോഗ്യ വിദ്യാഭ്യാസ വളർച്ചയിലും മുൻപന്തിയിലാണ്. കുറഞ്ഞ മരണനിരക്കിലും കൂടിയ ആയുർദൈഘ്യത്തിലും നാം ഇന്ന് ഇന്ത്യയിലെ വൻനഗരങ്ങളെപ്പോലും പിന്നിലാക്കുന്നു. കൂടാതെ വികസിത രാജ്യമായ അമേരിക്ക, കാനഡ പോലുള്ള രാജ്യങ്ങളോട് കിടപിടിക്കത്തക്ക അത്ഭുതാവഹമായ ഒരുവളർച്ച ഈ രംഗത്ത് നാം നേടിയിട്ടുണ്ട്. പരിമിതമായ ഭൗതിക സാഹചര്യങ്ങളിൽ കാലൂന്നി നിന്നുകൊണ്ടാണ് കേരളം ഇന്നീകാണുന്ന വളർച്ചകൾ കൈവരിച്ചത്. സാമൂഹിക ബന്ധങ്ങളെ കേരളത്തിൽ ഇന്നുകാണുന്നതരത്തിൽ ആക്കിത്തീർത്തത് കേരളത്തിൽ നടപ്പിൽവരുത്തിയ ഭൂപരിഷ്കരണമാണ്, സംഘടിത തൊഴിലാളികളുടെ അഭാവമാണ് മറ്റ് സംസ്ഥാനങ്ങൾ സാമൂഹ്യക്ഷേമരംഗത്ത് നേരിടുന്ന പിന്നോക്കാവസ്ഥയ്ക്കുള്ള പ്രധാന കാരണം.

സാമൂഹ്യക്ഷേമരംഗത്ത് കേളകം പഞ്ചായത്തിൽ ഒരു വമ്പിച്ച കുതിച്ചുകയറ്റം നടന്നുകൊണ്ടിരിക്കുന്ന കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഹ്രസ്വകാല വിളവുകളിൽനിന്നും ദീർഘകാല നാണ്യവിളകളിലേയ്ക്കുള്ള വ്യതിയാനമാണ് പരോക്ഷമായെങ്കിലും ക്ഷേമരംഗത്ത് ഇത്തരത്തിലൊരു മാറ്റം വരുത്തുവാൻ പ്രേരകഘടകമായി വർത്തിച്ചത്.

ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾ പ്രധാനമായും രണ്ടു വിഭാഗങ്ങളായാണ്.

a കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ മുൻകൈയെടുത്തു നടത്തുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി.

b തൊഴിലാളി തൊഴിലുടമമാരുടെ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന ക്ഷേമപദ്ധതി.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായ പട്ടികജാതി–പട്ടിക വർഗ്ഗ കോർപ്പറേഷനും പരിമിതമായെങ്കിലും പ്രവർത്തിച്ചുവരുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കുറെയൊക്കെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തിവരുന്നു.

ക്ഷേമകാര്യങ്ങളെക്കുറിച്ച് ജനത്തിനുള്ള അറിവില്ലായ്മയാണ് ഇക്കാര്യത്തിൽ നേരിടേണ്ടിവരുന്ന പ്രധാന പ്രശ്നം. ഈ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിന് നേരിടുന്ന കാലതാമസം, ഉദ്യോഗസ്ഥൻമാർക്ക് ഈ വിഷയത്തോടുള്ള താത്പര്യമില്ലായ്മ എന്നിവ ബോധവൽക്കരണത്തിലൂടെ മാത്രമേ പരിഹൃതമാകൂ.

സംഘടിതരല്ലാത്ത ഒട്ടനവധി തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. അവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കാതെ പോകുന്നു എന്നതാണ് യാഥാർത്ഥ്യം. കർഷകത്തൊളിലാളികൾ, കരിങ്കൽ തൊഴിലാളികൾ, ചെങ്കൽ തൊഴിലാളികൾ, നിർമ്മാണ പ്രവർത്തനതൊഴിലാളികൾ

പരമ്പരാഗത തൊഴിലാളികൾ, വിവിധ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾ തുടങ്ങി നിരവധി പേർക്ക് ഇത്തരം ക്ഷേമനിധികളുടെ പ്രയോജനം ലഭിക്കുന്നില്ല എന്നതാണ് ഒരു മുഖ്യപ്രശ്നം.

സാമൂഹ്യ ക്ഷേമ രംഗത്ത് എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുന്നത് പേരാവൂർ ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന രണ്ട് വില്ലേജ് സർക്കിളുകളാണ്. (കേളകം, അടയ്ക്കാത്തോട്) ഈ അവസരം വേണ്ട വിധത്തിൽ എല്ലാവരും പ്രയോജനപ്പെടുത്തുന്നു എന്ന് കരുതുന്നില്ല. കാര്യക്ഷമമായ പ്രവർത്തനത്തിന് അടയ്ക്കാത്തോട് സർക്കിളിൽ ഒരു വി. ഇ. ഒ. ഇല്ല എന്നത് ഒരു പോരായ്മ തന്നെയാണ്.

പട്ടിക I

I R D P സർവ്വെ സഹായ ലഭ്യതാ കണക്ക് കേളകം സർക്കിൾ

വർഷം	എണ്ണം	വായ്പ തുക	സബ്സിഡി
1992—93	30	163975	89275
93—94	24	127894	67757
94—95	20	178147	82950
95—96	15	169326	64564
ആകെ	89	639342	304546

ഈ സർക്കിളിനു കീഴിൽ 1992—96 വർഷത്തിൽ 89 ലോണുകളിലായി 639342 രൂപ വായ്പയും സബ്സിഡിയായി 304546രൂപയും നൽകുകയുണ്ടായി.

പട്ടിക ii

I R D P സർവ്വെ സഹായ ലഭ്യതാ കണക്ക് അടയ്ക്കാത്തോട് സർക്കിൾ

വർഷം	എണ്ണം	വായ്പ തുക	സബ്സിഡി
1992—93	47	166050	114050
93—94	35	131525	101658
94—95	18	163475	69925
95—96	15	80550	50650
ആകെ	115	541600	336283

ഈ സർക്കിളിനു കീഴിൽ 1992–96 വർഷങ്ങളിൽ 204 ലോണുകളിലായി 1180942 രൂപ വായ്പയായും 640829 രൂപ സബ്സിഡി ആയും നൽകുകയുണ്ടായി.

സർക്കാരിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ തികഞ്ഞ ഉദാസീനതയാണ് കാണുന്നത്. ദാരിദ്ര്യ രേഖയുടെ മാനദണ്ഡം കാലാനുസൃതമായി ഉയർത്തേണ്ടതും ചുരുങ്ങിയത് രണ്ടു വർഷം കൂടുമ്പോഴെ അത്തരം ഡർവ്വെകളും സംഘടിപ്പിക്കേണ്ടതുമാണ്. ഇന്നു നിലവിലുള്ള 11000 രൂപയുടെ പരിധി 25000 രൂപയാക്കി ഉയർത്തുകയും വേണം.

ദേശസാൽകൃത ബേങ്കുകളും ഈ മേഖലയിൽ ഇല്ലാത്തതിനാൽ അവർ നൽകാറുള്ള സഹായ പദ്ധതികളുടെ ഗുണം ഈ പ്രദേശത്ത് നിഷേധിക്കപ്പെടുന്നു. അതുകൊണ്ട് കേളകത്തും ചെട്ട്യാംപറമ്പിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളും കേളകത്തെ നോർത്ത് മലബാർ ഗ്രാമീൺ ബേങ്കും ഫെഡറൽ ബേങ്കും അർഹരായവർക്ക് വായ്പാ സൗകര്യം ഉദാരമാക്കുവാൻ സർക്കാർ സമ്മർദ്ദംചെലുത്തേണ്ടിയിരിക്കുന്നു.

D W C R A സഹായ ലഭ്യത

ഗ്രാമീണ മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു തൊഴിൽ സംരംഭമാണ് D W C R A

പട്ടിക iii

D W C R A സഹായലഭ്യതാ കണക്ക് കേളകം സർക്കിളം

വർഷം	എണ്ണം	വായ്പ തുക	സബ്സിഡി
1990 – 91	11	20284	10142
91 – 92	—	—	...
92 – 93	—	—	...
93 – 94	10	18525	9975
94 – 95	—	—	...
95 ... 96	—	...	—
ആകെ	21	38809	20117

കേളകം സർക്കിളിനുകീഴിൽ 1995–96 കാലഘട്ടംവരെ 21 യൂണിറ്റുകളിലായി 38809 രൂപ വായ്പാ തുകയായും 20117 രൂപ സബ്സിഡിയായും സ്ത്രീകൾക്കായി വിതരണം ചെയ്തു.

D W C R A സഹായ ലഭ്യതാകണക്ക് അടയ്ക്കാത്തോട് സർക്കിളം

വർഷം	എണ്ണം	വായ്പ തുക	സബ്സിഡി
1992—93	11	20900	10450
93—94	35	131525	101658
94—95	10	45375	22000
95—96	...	...	...
ആകെ	56	197800	134108

അടയ്ക്കാത്തോട് സർക്കിളിൽ 1995—96 കാലഘട്ടംവരെ 56 യൂണിറ്റുകളിലായി 197800 രൂപ വായ്പയായും 134108 രൂപ സബ്സിഡിയായും സ്ത്രീകളംക്കായി വിതരണം ചെയ്തു.

ട്രൈസം

18 വയസുമുതൽ 35 വയസുവരെയുള്ള യുവതീയുവാക്കളംക്ക് സ്വയം തൊഴിൽ നൽകുന്നതിനുള്ള പദ്ധതിയാണ് ട്രൈസം.

ട്രൈസം പരിശീലനലഭ്യതാ പട്ടിക കേളകം സർക്കിളം

വർഷം	എണ്ണം	ഇനം
1992—93	1	ആശാരിപ്പണി
93—94	—	—
94—95	1	കൊല്ലപ്പണി
95—96	—	...

ട്രൈസം പരിശീലന ലഭ്യതാപട്ടിക അടയ്ക്കാത്തോട് സർക്കിളം

വർഷം	എണ്ണം	ഇനം
1992—93	—	—
93—94	—	—
94—95	10	കുടിൽ വ്യവസായം
95—96	—	...

1995_96 കാലഘട്ടംവരെ കേളകം സർക്കിളിൽ രണ്ടുപേർക്കും അടയ്ക്കാത്തോട് സർക്കിളിൽ പത്തുപേർക്കും പരിശീലനം നൽകുകയുണ്ടായി. ഈ പഞ്ചായത്തിലെ 12 പേർക്ക്മാത്രമേ ഈ കാലയളവിൽ പരിശീലനം നേടാൻ കഴിഞ്ഞുള്ളു എന്നുള്ളത് ഒരു പോരായ്മയാണ്. ഈ പരിശീലനത്തിലേക്ക് അഭ്യസ്ഥവിദ്യരായ യുവതീയുവാക്കളെ ആകർഷിക്കുവാൻ വേണ്ട ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു. ഇന്ന് ഇവർക്ക് നൽകിവരുന്ന സ്റ്റൈപന്റ് തുക വർദ്ധിപ്പിക്കേണ്ടതിലേക്കും അധികാരികളുടെ ശ്രദ്ധ പതിയണം. ഇത്തരം പദ്ധതികളൊക്കെ നമ്മുടെ സമൂഹത്തിൽ നടക്കുന്നതായി പലർക്കും അറിയില്ല. ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് പകരേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ്.

1992–96 കാലഘട്ടത്തിൽ ഈ പഞ്ചായത്തിലെ രണ്ട് വി. ഇ. ഒ. സർക്കിളുകളിലായി 15 പേർക്ക് 40000 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. യഥാർത്ഥത്തിൽ കിട്ടേണ്ടവർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നില്ല എന്ന പരാതി കുറെ വർഷങ്ങളിലായി നിലനിൽക്കുന്നുണ്ട്. അതിനു പുറമെ ഇങ്ങനെയൊരു പദ്ധതിയെക്കുറിച്ച് ഇത്തരം മേഖലയിലെ തൊഴിലാളികൾ അറിയാറുമില്ല; ആരും അറിയിക്കാറുമില്ല.

ടൂൾ കിറ്റ് കൊടുത്തത്

കേളകം സർക്കിൾ

വർഷം	എണ്ണം	തുക
92...93	1	2000
93...94	3	6000
94...95	4	18000
95...96	2	വിതരണം ചെയ്തിട്ടില്ല
ആകെ	8	26000

അടയ്ക്കാത്തോട് സർക്കിൾ

വർഷം	എണ്ണം	തുക
92...93	3	6000
93—94	—	...
94...95	4	8000
95—96	—	...
ആകെ	7	14000

CRSP

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C R S P.

1992 മുതൽ 1996 വരെ ഈ പദ്ധതിയിൻ കീഴിൽ രണ്ട് സർക്കിളുകളിലുമായി ഈ പഞ്ചായത്തിൽ 33 കക്കൂസുകൾ നിർമ്മിക്കുകയുണ്ടായി. ഈ പദ്ധതിയിലേക്കായി മൊത്തം 65500 രൂപയാണ് ചെലവഴിച്ചത്.

C R S P കക്കൂസുകൾ

കേളകം സർക്കിൾ

വർഷം	എണ്ണം	തുക
1992—93	6	12000
93—94	—	—
94—95	6	11500
95—96	—	—
ആകെ	12	23500

അടയ്ക്കാത്തോട് സർക്കിൾ

വർഷം	എണ്ണം	തുക
1992—93	13	26000
93—94	—	—
94—95	8	16000
95—96	—	—
ആകെ	21	42000

വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികൾ

ക്ഷേമപ്രവർത്തനത്തിൽ വില്ലേജ് ഓഫീസുകളും കാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. പ്രധാനമായും പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായങ്ങളുമാണ്. ഇത്തരം പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ വേണ്ടവിധത്തിൽ ലഭിക്കുന്നില്ല. ഗുണഭോക്താക്കൾ ഇല്ലാത്തതുകൊണ്ടോണ ഇങ്ങിനെ സംഭവിക്കുന്നത് എന്ന് തോന്നുന്നില്ല. ഇതിനെക്കുറിച്ചുള്ള അജ്ഞതയും കാലതാമസവും ഇതു ലഭിക്കുന്നതിന് വിഘാതമായിനിൽക്കുന്നു.

പെൻഷൻ ഗുണഭോക്താക്കളുടെ വരവരം, കേളകം വില്ലേജ്

വർഷം	വാർദ്ധിക്യകാല പെൻഷൻ	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	അവശകലാകാരൻമാർക്കും സാഹിത്യകാരൻമാർക്കുമുള്ള പെൻഷൻ	അവശ കായിക താരങ്ങൾക്കുള്ള പെൻഷൻ	ക്ഷയരോഗ പെൻഷൻ	കാൻസർ രോഗ പെൻഷൻ
1992	15	18	2	...	...	...	—	—
93	12	16	9	...	...	...	1	...
94	12	15	6	...	...	...	2	—
95	10	13	8	...	...	...	2	—
96	...	—	—	..	...	...	—	...

ഈ പദ്ധതിയിൽ ഈ വില്ലേജിനുകീഴിൽ തീരെ കുറഞ്ഞ ശതമാനം ആളുകൾക്കുമാത്രമേ പെൻഷനുകൾ ലഭിക്കുന്നുള്ളൂ. വിധവാ പെൻഷനായി 18 പേർക്കും അഗതി പെൻഷനായി 13 പേർക്കും വാർദ്ധക്യ കാല പെൻഷനായി 10 പേർക്കും, ക്ഷയരോഗ പെൻഷനായി രണ്ടുപേർക്കും മാത്രമേ പെൻഷൻലഭിക്കുന്നുള്ളൂ. ഈ പഞ്ചായത്തിൽ അർഹരായ ധാരാളം ആളുകൾ ഉണ്ടെങ്കിലും കാലതാമസവും ഓഫീസ് കാര്യങ്ങൾക്കുള്ള താമസവും ഇതിന്റെ സുതാര്യത നശിപ്പിക്കുന്നു.

തൊഴിലില്ലായ്മ വേതനം കുറെപ്പേർക്ക് ലഭിക്കുന്നുണ്ടെങ്കിലും അർഹരായ ധാരാളം ആളുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം കിട്ടേണ്ടതുണ്ട്. അനർഹരായവരുടെ കടന്നുകയറ്റം ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതുമാണ്.

അങ്കൺവാടികൾ

കേളകം പഞ്ചായത്ത് പരിധിക്കുള്ളിൽ 9 വാർഡുകളിലായി 19 അങ്കൺവാടികൾ പ്രവർത്തിക്കുന്നു. സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് പരിമിതികൾക്കുള്ളിൽ നിന്ന് ഈ അങ്കൺവാടികൾ ആശാസ്യമായ വിധത്തിൽ പ്രവർത്തിക്കുന്നു. 1000 പേർക്ക് ഒരു അങ്കൺവാടി എന്ന ICDS ന്റെ ലക്ഷ്യം ഏതാണ്ട് നിറവേറ്റിയ ഒരു പഞ്ചായത്താണിത് എങ്കിലും ഈ പഞ്ചായത്തിലെ 3-ാം വാർഡിൽ ഇന്നും ഒരങ്കൺവാടിയില്ല. നിലവിലുള്ള അങ്കൺവാടികളിൽ 608 കുട്ടികൾ പോകുന്നുണ്ട്.

അങ്കൺവാടികളുടെ മൊത്തത്തിലുള്ള സ്ഥിതി ദയനീയംതന്നെയാണ്. അടിസ്ഥാന സൗകര്യങ്ങൾ പലതിലുമില്ല. അതുകൊണ്ടുതന്നെ രക്ഷിതാക്കളെ ആകർഷിക്കാൻ കഴിയാതെ പോകുന്നു. താരതമ്യേന മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് ഈ മേഖല അൽപ്പം മുന്നിലാണ്. 19 ൽ 17 എണ്ണത്തിനും സ്വന്തമായി കെട്ടിടമുണ്ട്

ഈ രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പുനർനിർണ്ണയം ചെയ്യേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. അവരുടെ ജോലിസമയവും ജോലിഭാരവും കണക്കിലെടുത്ത് അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അവർക്ക് പെൻഷൻ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

അങ്കൺവാടികളുടെ വിവരം

ക്രമനമ്പർ	വാർഡ്	അങ്കൺവാടികളുടെ എണ്ണം	അങ്കൺവാടികളുടെ നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കളിസ്ഥലം ഉള്ളത്	കളിസ്ഥലം ഇല്ലാത്തത്	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്
1	1	2	23 / 17	34	2	—	2	—	...	2	0
2	2	5	31/18/27/32/123	159	4	1	5	....	...	5	1
3	3	—	—	...	....	...	....	...	...	....	...
4	4	2	21/22	64	2	0	2	...	—	2	0

ക്രമനമ്പർ	വാർഡ്	അങ്കൺവാടികളുടെ എണ്ണം	അങ്കൺവാടികളുടെ നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കളിപ്പാട്ടം ഉള്ളത്	കളിപ്പാട്ടം ഇല്ലാത്തത്	ടോയ്ലറ്റ് ഉള്ളത്
5	5	2	25 / 30	58	1	0	1	—	...	2	0
6	6	1	28	29	1	0	1	....	...	1	0
7	7	3	119/29/26	109	2	1	3	...	...	3	1
8	8	2	19/122	72	1	1	2	...	—	2	1
9	9	2	20/24	83	2	0	2	..	...	2	0
ആകെ	9	19		608							

നിർദ്ദേശങ്ങൾ

1 ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ JRY ഫണ്ട് ഉപയോഗിച്ചോ അങ്കൺവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുക.

2 പൊതുജന സഹകരണത്തോടെ കുടിവെള്ളം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

3 പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4 റിക്കാർഡുകളും മെഡിസിൻകിറ്റുകളും സംരക്ഷിക്കുന്നതിന് ഇരുമ്പലമാര അനുവദിക്കുക.

5 ഈ പഞ്ചായത്തിൽ അങ്കൺവാടികൾ ഇല്ലാത്ത ഭാഗങ്ങളിലെല്ലാം അങ്കൺവാടികൾ അനുവദിക്കിക.

6 DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

7 അങ്കൺവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

8 അനൌപചാരിക വിദ്യാഭ്യാസം അങ്കൺവാടികളിൽ വ്യാപകമാക്കുക.

9 അങ്കൺവാടി വർക്കർമാരെയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

10 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

11 അങ്കൺവാടി വർക്കർക്ക് അങ്കൺവാടി ടീച്ചർ എന്നും ഹെൽപ്പർക്ക് വർക്കർ എന്നും നാമകരണം ചെയ്യുകയും അവരെ പൊതു പ്രവർത്തനത്തിൽ സജീവമാക്കാൻ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

ക്ഷേമനിധികളെ സംബന്ധിച്ച്

തൊഴിലാളി മേഖലയിൽ ധാരാളം തൊഴിൽ ക്ഷേമ പദ്ധതികൾ ഇന്ന് നിലവിലുണ്ട്.

ഈ പഞ്ചായത്തിന് കീഴിൽ വളരെ കുറച്ചുപേർ മാത്രമേ ഇതിന്റെ ഗുണഭോക്താക്കളായുള്ളു. പ്രധാനമായും കർഷകതൊഴിലാളി ക്ഷേമനിധി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ചെത്തുതൊഴിലാളി ക്ഷേമനിധി, മദ്യവ്യവസായ തൊഴിലാളി ക്ഷേമനിധി തുടങ്ങിയ ക്ഷേമനിധികളുടെ പ്രയോജനമേ ഈ പഞ്ചായത്തിലെ തൊഴിലാളികൾക്ക് ലഭിക്കുന്നുള്ളു. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ 928 പേരും കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ 36 പേരും ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ 5 പേരും മദ്യവ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ 4 പേരും അംഗത്വം നേടിയവരായി നിലവിലുണ്ട്.

ഇത്തരം ക്ഷേമ പദ്ധതികളും പഞ്ചായത്തിലെ മുഴുവൻ മേഖലയിലും വ്യാപിപ്പിക്കുന്നതിനും അർഹരായ എല്ലാവർക്കും ക്ഷേമനിധിയിൽ അംഗത്വം ഉറപ്പുവരുത്തുന്നതിനും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേകസമിതി രൂപീകരിക്കുകയും പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുകയും വേണം.

പൊതുവിതരണം

നമ്മുടെ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി റേഷൻകടകളും പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈയിസ് കോർപ്പറേഷന്റെ മാവേലിസ്റ്റോറുകളും ഒന്നുംതന്നെ ഈ പ്രദേശത്തില്ല. പൊതുവിതരണ രംഗത്തെ സജീവമാക്കാൻ കേളകം കേന്ദ്രമാക്കി ഒരു മാവേലിസ്റ്റോറും ആഘോഷകാലങ്ങളിലെങ്കിലും ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറും ആത്യാവശ്യമാണ്. കുതിച്ചുയരുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് ഇത് ഒരു പരിധിവരെ സഹായിക്കും.

റേഷൻ ഷാപ്പ് (പൊതുവിതരണ കേന്ദ്രം)

സാധാരണ ജനങ്ങൾക്ക് എന്നും ഒരത്താണി ആകാറുള്ള 'റേഷൻ കട'യുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ഗുണനിലവാരമുള്ള സാധനങ്ങളും (അത്യാവശ്യ നിത്യോപയോഗ സാധനങ്ങളടക്കം) കാലതാമസം ഇല്ലാതെ വിതരണം ചെയ്യേണ്ടതാണ്. താലൂക്ക് സപ്ലൈഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇത്തരം 'ന്യായവില ഷാപ്പുകളും' ഇനിയെങ്കിലും പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്. പുതിയ റേഷൻകാർഡുകളും അനുവദിക്കുന്നതിനും ഇപ്പോളും നേരിടേണ്ടിവരുന്ന കാലതാമസത്തിനും മറ്റും ഇതൊരു പരിഹാരമായിരിക്കും.

ഈ പഞ്ചായത്തിൽ വെള്ളൂന്നി പള്ളിക്ക് സമീപം ഒരു റേഷൻകട അനുവദിക്കണം.

പൊതുജനക്ഷേമം കണക്കിലെടുത്ത് ഉപഭോക്തൃസംരക്ഷണം ഉറപ്പുവരുത്തുന്നതിനും നിത്യോപയോഗസാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്തിൽ ഒരു ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കേണ്ടതാണ്.

അങ്കൺവാടികളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിനായി വെൽഫയർ കമ്മിറ്റികൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തണം.

സർക്കാർ സർക്കാരേതര സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം ലഭിക്കത്തക്കവിധത്തിൽ ഒരു എൻക്വയറി കൗണ്ടർ പഞ്ചായത്താഫീസിനോടനുബന്ധിച്ച് ഏർപ്പെടുത്തണം

സമൂഹ്യക്ഷേമ രംഗത്ത് ഒരു പുത്തനുണർവ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകുന്നതിന് ഈ റിപ്പോർട്ട് സഹായകരമാകും എന്നു കരുതുന്നു.

★

5-8

സംസ്കാരികം

മാനവ വികാസ പരിണാമ ദശകളിൽ വന്ന ഗതി വിഗതികൾക്കനുസൃതമായി നാം ആർജ്ജിച്ച ചൈതന്യമാണ് സാംസ്കാരിക നവോത്ഥാനങ്ങൾക്കു തുടക്കം കുറിച്ചത്. ഈ പൈതൃക സമ്പത്തിന്റെ സുദൃഢമായ അടിത്തറയിൽ നിന്നാണ് നാം ഇന്നു നേടിയ നേട്ടങ്ങളുടെ നെടുംകോട്ടകൾ ഉയർന്നുപരിശോഭിക്കുന്നത്. കാലാനുസൃതമായ തേച്ചുമിനുക്കലുകളും അനുഭവങ്ങൾ സമ്മാനിച്ച പാഠങ്ങളും ഒരു പുത്തൻ ജീവിതരീതിക്ക് വഴിയൊരുക്കി. ഇതിനെല്ലാം പുറമെ കഴിഞ്ഞ നൂറാണ്ടുകളിൽ ശാസ്ത്രസാങ്കേതികരംഗത്തുവന്ന വിപ്ലവകരമായ മുന്നേറ്റം നമ്മുടെ സമ്പ്രദായങ്ങളുടെ വേഗവും കണിശതയും വർദ്ധിപ്പിച്ചു. നാം ഇനിയും ഒരുപാട് മുന്നോട്ടുതന്നെ ഉണ്ട്. 'അറിഞ്ഞതിൽ നിന്ന് അറിയാത്തതിലേക്ക്' (Known to unknown) എന്ന അടിസ്ഥാനതത്ത്വം ഇതിന് ഉപോൽബലകമാകാതിരിക്കില്ല.

സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യത്തിന്റെ കലവറയാണ് നമ്മുടെ ഗ്രാമം. കാപട്യങ്ങളില്ലാത്ത മാത്സര്യങ്ങളില്ലാത്ത ഒരു ജനത–അതാണു നമ്മുടെ സമ്പത്തും. ചരിത്രാതീത കാലഘട്ടം മുതൽ ഇവിടെ ജീവന്റെ തുടിപ്പുകൾ ഉള്ളതായി ചരിത്രകാരന്മാർ പാനങ്ങൾ വെച്ചുസമർത്ഥിക്കുന്നു. എങ്കിലും 40 കളുടെ ആരംഭം മുതലാണ് (കുടിയേറ്റ കാലം) ഈ പ്രദേശം ശ്രദ്ധിക്കാൻ തുടങ്ങിയത്. ആദിവാസികളുടെ മാത്രം വാസസ്ഥലമായിരുന്ന ഇവിടം തിരുവിതാംകൂറുകാരായ കുടിയേറ്റക്കാരുടെ സംസ്കാരത്തിന് വഴിമാറിക്കൊടുക്കുകയായിരുന്നു. ഈ കുറഞ്ഞ കാലഘട്ടംകൊണ്ട് നാംകൈവരിച്ച നേട്ടങ്ങൾ ആശാവഹം തന്നെ. ഈ നേട്ടങ്ങളുടെ പിന്നിൽ നാം ഒഴുക്കിയ വിയർപ്പും സംഘബലവും മതസൈഥര്യവും സ്മരണീയം തന്നെ.

വിവിധ സംസ്കാരങ്ങളുടെ ഒരു മിശ്രണമാണിന്ന് നമ്മുടേത്. ക്രിസ്തീയ, ഹൈന്ദവ, മുസ്ലീം മത വിഭാഗങ്ങൾ അധിവസിക്കുന്ന ഈ പ്രദേശം മത സൗഹാർദ്ദത്തിന് ഒരുദാത്ത മാതൃകയാണ് വിവിധ മത വിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങളിൽ ജാതി മതഭേദമെന്യേ സഹവർത്തിത്വം പുലർത്തിപ്പോരുന്നു. ഈ പഞ്ചായത്തിൽ വിവിധ മതസ്ഥരുടെ ആരാധനാലയങ്ങൾ ധാരാളമുണ്ട്. 15-ഓളം ക്രിസ്തീയാരാധനാലയങ്ങളും 4-ഓളം ഹൈന്ദവ ആരാധനാലയങ്ങളും 3 മുസ്ലീം ദേവാലയങ്ങളും, ഇവയ്ക്കുപുറമെ കാലാകാലങ്ങളിലെ ആഘോഷങ്ങൾക്കായി താത്കാലിക ആരാധനാ കേന്ദ്രങ്ങളും നമ്മുടെ സാംസ്കാരിക മേഖലയുമായി നിരന്തരം ബന്ധപ്പെട്ടിരിക്കുന്നു.

പ്രബുദ്ധകേരളത്തിന്റെ തീരാശാപമായി മാറിക്കൊണ്ടിരിക്കുന്ന വർണ്ണ വർഗ്ഗ മതവൈര്യവും ശിഥിലമായ സാമൂഹിക-രാഷ്ട്രീയ ബന്ധങ്ങളും ഇവിടെ അരങ്ങേറിയിട്ടില്ല. കുടിയേറ്റ കാലഘട്ടത്തിലെ ഒത്തൊരുമയിലും സഹവർത്തിത്വത്തിലും സുദൃഢമായ ഈ സാംസ്കാരിക സാമൂഹിക പശ്ചാത്തലം അനിതരസാധാരണംതന്നെ. ഇത് ഈ പഞ്ചായത്തിന്റെ തനതായ നേട്ടമാണ് എന്ന് അവകാശപ്പെടുന്നില്ല. 'സാഹചര്യങ്ങളുടെ സൃഷ്ടിയാണ് മനുഷ്യ സംസ്കാരം'–എന്നതിന്റെ പ്രത്യക്ഷമായ തെളിവും ഈ ഗ്രാമത്തിലുണ്ട്. ഒട്ടേറെ ഇല്ലായ്മകൾക്കും വല്ലായ്മകൾക്കും നടുവിൽ നാം ഞെരിഞ്ഞമരുമ്പോഴും നമ്മെ കാത്തുസൂക്ഷിക്കുന്ന ഇത്തരം ചില പൈതൃകസമ്പത്തുകൾക്ക് കൂവുപിടിയ്ക്കാതിരിക്കാൻ നാം നിരന്തരം ശ്രദ്ധിച്ചുപോരുന്നു.

ദേശീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട പ്രത്തിച്ച ഒരു പാരമ്പര്യം നാം അവകാശപ്പെടുന്നില്ലെങ്കിലും, കുടിയിറക്കെന്ന ഭീക്ഷണിയെ ചെറുത്തു തോല്പിക്കുവാൻ ഒരു സംഘടിത മുന്നേറ്റം അനിവാര്യമായ ഘട്ടത്തിൽ അതിന്റെ മുൻനിരക്കാരും പിൻനിരക്കാരും ആയി അണിനിരന്നവർ ധാരാളമുണ്ടിവിടെ സർക്കാർ തലത്തിൽ കൂട്ടുകൃഷി സമ്പ്രദായങ്ങളുടെ ആവിർഭാവത്തിനെത്രയോ മുമ്പുതന്നെ ഇത്തരം പ്രവണതകൾ ഇവിടെ മുളപൊട്ടിയിരുന്നു എന്നത് സ്മരണീയമാണ്.

തനതായ ആചാരാനുഷ്ഠാനങ്ങൾ എന്ന നിലയിൽ ഈ പഞ്ചായത്തിനവകാശപ്പെടാൻ കാര്യമായൊന്നുമില്ല. മതാധിഷ്ഠിതമായ അനുഷ്ഠാനങ്ങൾക്കു തന്നെയാണ് ഇന്നും ഇവിടെ പ്രാമുഖ്യം. അതതുകാലങ്ങളിൽ നടക്കുന്ന പെരുന്നാളുകളും ഉത്സവങ്ങളും ഒരു സാമൂഹിക ഒത്തുചേരലിന്റെ അവസരങ്ങൾകൂടിനൽകുന്നു. കൂടാതെ ഈ അവസരങ്ങളിലെങ്കിലും നമ്മുടെ ക്ഷയിച്ചുകൊണ്ടിരിക്കുന്ന പല കലാരൂപങ്ങളും അരങ്ങ് കാണുന്നത് ഈ അവസരങ്ങളിൽ മാത്രമാണ്. നമ്മുടെ ആസ്വാദന അഭിരുചിയിൽ വന്ന പ്രകടമായ മാറ്റം ഇത്തരം കലാരൂപങ്ങൾക്ക് ക്ഷയം സംഭവിക്കാൻ ഇടയുക്കിയ കാരണങ്ങളിലൊന്നാണ്.

കലാ സാംസ്കാരിക സ്ഥാപനങ്ങൾ

കാലഘട്ടങ്ങളിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് സാംസ്കാരിക രംഗങ്ങളെ ത്വരിതപ്പെടുത്തുന്നതിന് ഈ മേഖലയിലെ കലാ സാംസ്കാരിക സ്ഥാപനങ്ങൾ ചെയ്യുന്ന സേവനം ചെറുതൊന്നുമല്ല. വിശ്വ മാനവസംസ്കാരം ഉരുവപ്പെടുത്തുന്നതിനു് ഇത്തരം സ്ഥാപനങ്ങൾക്കുള്ള പങ്ക് എത്രമാത്രം മഹത്തരമാണെന്ന് പറയേണ്ടതില്ലല്ലോ. നമ്മുടെ പഞ്ചായത്തിൽ വിവിധ കലാസാംസ്കാരിക സംഘടനകൾ ഏറിയും കുറഞ്ഞും തങ്ങളുടെ പ്രവർത്തനം ചെയ്തു വരുന്നു ഇടയ്ക്കാവിർഭവിക്കുകയും വളരെ കുറഞ്ഞകാലത്തെ പ്രവർത്തനത്തിനുശേഷം അപ്രത്യക്ഷമാവുകയും ചെയ്യുന്ന സംഘടനകളാണ് നമുക്കധികവും

പഞ്ചായത്തിലെ കലാ സാംസ്കാരിക കേന്ദ്രങ്ങളും സംഘടനകളും

വാർഡ്		പേരു്	മേഖല				സഹായം ലഭിക്കുന്നതോ അല്ലാത്തതോ
			വായനശാല	ഗ്രന്ഥാലയം	കല	കായികം	
1	1	കുണ്ടേരി കർഷക വായനശാല	*				ഉണ്ട്
	2	തപസ്യ ക്ലബ്ബ് വളയംചാൽ			*		ഇല്ല
	3	ജവഹർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്			*	*	ഉണ്ട്
2	1	ചെട്ട്യാംപറമ്പ് ജനശിക്ഷണനിലയം & ലൈബ്രറി	*	*			,,
	2	പാറത്തോട് ഗ്രാമീണ വായനശാല	*	*	*		,,
	3	ഇല്ലിമുക്ക് ജനവിദ്യാകേന്ദ്രം	*				,,
	4	ചെട്ട്യാംപറമ്പ് വായനശാല	*				,,
4	1	ജനവിദ്യാ കേന്ദ്രം—കരിയൻകാപ്പ്	*	*			,,
	2	ചാമച്ചി വായനശാല	*				,,
	3	ശാന്തിഗിരി വായനശാല	*				,,
6	1	സാസ് പൊയ്യമല	*		*	*	,,
7	1	അനുപമ റിക്രിയേഷൻ സെൻറർ			*	*	ഇല്ല
	2	ഫാൽക്കൺ ക്ലബ്ബ്				*	,,
	3	പഞ്ചായത്ത് യൂത്ത്ക്ലബ്ബ്			*		,,
	4	കാവ്യ ഫൈനാർട്ട്സ് സൊസൈറ്റി			*		,,
	5	സ്വാതി ഓർക്കസ്ട്ര			*		,,
	6	മാർഗ്രിഗോറിയോസ് യൂത്ത് ക്ലബ്ബ്			*	*	,,
8	1	പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം	*	*			ഉണ്ട്
	2	സെൻറ് തോമസ് ഓർത്തഡോക്സ് യൂത്ത്മൂവ്മെൻറ്			*		ഇല്ല
9	1	ഗാന്ധിശതാബ്ദി മെമ്മോറിയൽ വായനശാല പൂവത്തിൻചോല	*	*	*	*	ഉണ്ട്
	2	വെള്ളൂന്നി ജനവിദ്യാകേന്ദ്രം	*	*	*	*	,,
	3	മാങ്കുളം ഉദയവായനശാല	*		*	*	,,
	4	ചലഞ്ച് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പൂവത്തിൻചോല			*	*	ഇല്ല

നമ്മുടെ പഞ്ചായത്തിൽ ഇത്രയധികം സംഘടനകളും ഉണ്ട് എന്നുള്ളത് ചരിത്രാതീതജനകം തന്നെ ഒരു വാർഡിൽ ശരാശരി 2 എന്ന കണക്കിൽ സാംസ്കാരിക കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നതായാണ് ഔദ്യോഗിക കണക്ക്. പരമാർത്ഥത്തിൽ സൃഷ്ടിയിൽ ആണ്ടിരിക്കുന്ന സംഘടനകളാണിതിൽ ഭൂരിഭാഗവും. ഉണർന്ന് ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന സംഘടനകളും തുലോം കുറവാണ്.

കലാ സാംസ്കാരിക രംഗത്തെ അപചയം ഒരു പ്രാദേശിക പ്രശ്നമല്ലെന്നിരിക്കിലും ഏതൊക്കെ കാരണങ്ങളാലാണ് ഈ മാന്ദ്യം സംഭവിച്ചത് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രവർത്തനങ്ങളിലെ ഈ പിൻവലർച്ചയ്ക്ക് കാരണമായി പൊതുവെ പറയുന്നത് സാമ്പത്തിക ഞെരുക്കം ആണ്. എന്നാൽ ലക്ഷകണക്കിന് രൂപയുള്ള ആസ്തിയും ബാങ്കുബാലൻസും ഉള്ള സംഘടനകളും വരെ ഇന്നിരുട്ടിൽ തപ്പുകയാണ്. സന്നദ്ധസംഘടനകളുടെ ഒരു ക്രോഡീകരണം ഈ പരിതസ്ഥിതിയിൽ ആവശ്യമായി വരുന്നു യുവജനങ്ങളിൽ അത്തരത്തിലുള്ള ബോധവത്ക്കരണം നടത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. കേരളം ടൗണിനെ കേന്ദ്രീകരിച്ചുമാത്രം 10-ഓളം കലാസാംസ്കാരിക സംഘടനകളും പ്രവർത്തിക്കുന്നു. കല, കായികം, സാംസ്കാരികം, സാമൂഹികം തുടങ്ങിയ മേഖലകളിലാണ് അവയുടെ പ്രവർത്തനവും. പ്രവർത്തനം കാര്യമായി നടക്കാത്ത ഈ സംഘടനകളിൽ വർഷംതോറും അംഗങ്ങളും കുറഞ്ഞുവരുന്നതായും പഠനങ്ങൾ തെളിയിക്കുന്നു. നിരന്തരം നഗരവത്ക്കരണത്തിലേക്കുതിച്ചുകൊണ്ടിരിക്കുന്ന ഈ പ്രദേശം ഈ തിരക്കിൽ ഇത്തരം മൂല്യങ്ങളെ കണ്ടില്ലെന്നു നടിക്കുന്നു. പരിമിതികളും ധാരാളം ഉണ്ടെങ്കിലും ആവുന്നത്ര അവസരങ്ങളും വിനിയോഗിക്കുന്നതിൽ ബോധവത്ക്കരണത്തിന്റെ ആവശ്യം ചെറുതല്ല

ഈ രംഗത്ത് നമ്മുടെ വിദ്യാലയങ്ങൾ നിർവ്വഹിക്കേണ്ട പങ്ക് വളരെ വലുതാണ്. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഹരിശ്രീ കുറിക്കുന്നത് മിക്കവാറും ഈ കാലഘട്ടത്തിലാണ്. സ്കൂൾതലത്തിലും ക്ലാസ്സ് തലത്തിലും സാഹിത്യ സമാജങ്ങൾ സംഘടിപ്പിക്കുന്നതിലും മുടങ്ങാതെ വാർഷിക ആഘോഷങ്ങൾ ഒരുക്കുന്നതിലും മുൻകൈയെടുക്കുന്നതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. കേരളം പ്രദേശത്തു പ്രവർത്തിച്ചു വരുന്ന പാരലൽ കോളേജുകളും ഈ രംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ മുൻകാലങ്ങളിൽ ചെയ്തിട്ടുണ്ട്. എങ്കിലും സമീപകാലത്ത് കലാസാംസ്കാരിക പരിപാടികളും, കേവലം ചടങ്ങുകൾ മാത്രമായി മാറുന്നതായാണ് കണ്ടുവരുന്നത്.

കേരളംകണ്ട ഏറ്റവും മഹത്തായ ജനകീയ പ്രസ്ഥാനമായിരുന്ന സമ്പൂർണ്ണ സാക്ഷരതാ യജ്ഞം. ദൂരവ്യാപകമായ ഫലങ്ങൾ പ്രധാനം ചെയ്യാൻ ഉതകുന്ന ഒരു ചരിത്ര ദൗത്യ നിർവ്വഹണം എന്നനിലയ്ക്ക് നമ്മുടെ പഞ്ചായത്ത് ജനപങ്കാളിത്തത്തോടെ നടത്തിയ സേവനം ശ്ലാഘനീയമാണ്. പൊതുജനസേവകരുടേയും സന്നദ്ധ സംഘടന പ്രവർത്തകരുടേയും യുവജനങ്ങളുടേയും സേവനം ആവുന്നത്ര പ്രയോജനപ്പെടുത്തുവാൻ നമുക്കുകഴിഞ്ഞു. ആദിവാസി മേഖലയായിരുന്നിട്ടുപോലും നമ്മുടെ പഞ്ചായത്തിൽ 92 ശതമാനം സാക്ഷരത കൈവരിക്കുവാൻ നമുക്കുകഴിഞ്ഞു. തുടർ വിദ്യാഭ്യാസ പരിപാടികളും താളംതെറ്റിയതുകൊണ്ട് ഈ നേട്ടം നിലനിർത്തുവാൻ നമുക്കു കഴിഞ്ഞെന്നുവരില്ല. നമ്മുടെ പഞ്ചായത്തിൽ ഒരു സമഗ്ര സർവ്വെനടത്തി നിജസ്ഥിതി, മനസ്സിലാക്കുവാനും, തുടർ സാക്ഷരതാ പരിപാടിക്ക് ജനപങ്കാളിത്തത്തോടെ തുടക്കം കുറിക്കുവാനും സർക്കാർ മുൻകൈ എടുക്കണം.

കലാസാംസ്കാരിക സംഘടനകളും, വിദ്യാലയങ്ങളും പാരലൽ കോളേജുകളും കലാസാംസ്കാരിക രംഗത്ത് ഇനിയെങ്കിലും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ നമുക്ക് ആരോഗ്യകരമായ ഒരു സംസ്കാരം വളർത്തിയെടുക്കാൻകഴിയൂ.

കായികരംഗം

കൂടുതൽ വേഗത്തിൽ കൂടുതൽ ഉയരത്തിൽ വിശ്വകായിക രംഗം ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക് കുതിക്കുമ്പോഴും എന്നും പിൻനിരയിൽ മാത്രം നിൽക്കാൻ വിധിയ്ക്കപ്പെട്ട ഒരു സമൂഹത്തിലാണെനാം ജീവിക്കുന്നത്. ഇന്ത്യയുടെ പ്രശസ്തരായ ഒട്ടുമിക്ക കായികതാരങ്ങളെയും സംഭാവനചെയ്യാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട് എന്ന കാര്യം പ്രശംസനീയം തന്നെ. നമ്മുടെ ദേശീയ വരുമാനത്തിന്റെ നല്ല ഒരു വിഹിതം ഈ മേഖലയ്ക്കുവേണ്ടി ചെലവഴിക്കുന്നുണ്ടെങ്കിലും നമ്മുടെ പ്രശസ്തി അനുദിനം മങ്ങിവരികയാണ്.

കേളകം പഞ്ചായത്ത്, ദേശീയ, സംസ്ഥാന കായിക ഭൂപടത്തിൽ സ്ഥാനം നേടിയത് ഇത്തരുണത്തിൽ അഭിമാനപൂർവ്വം നാം സ്മരിക്കുന്നു. ഒട്ടനവധി കായിക താരങ്ങൾ നമ്മുടെ നാടിന്റെ അഭിമാന താ

രങ്ങളായി നിലകൊള്ളുന്നു. സമ്പന്നമായ ഒരു കായിക സംസ്കാരം നമുക്കുണ്ട്. വളരെയേറെ പരാധീനതകൾക്കു നടുവിലും ഈ രംഗത്ത് നാം നേടിയെടുത്തതു ചെറുതല്ല.

കായികരംഗത്തെ നമ്മുടെ കുട്ടികൾ ആർജ്ജിച്ചെടുത്ത യശസ്സ് നമ്മിൽ പലരും അറിയുന്നുപോലുമില്ല. ഇന്ത്യൻ അത്ലറ്റിക്സിൽ ഒരുകാലത്ത് മിന്നിമറഞ്ഞ കേളകം സ്വദേശിയും റെയിൽവെ ജീവനക്കാരിയുമായിരുന്ന കെ. പി. മേരി കാണിയാട്ട്. 1985 നവംബറിൽ നമ്മോടു വിടപറഞ്ഞു. ആ നഷ്ടം നികത്താൻ ഇനി ഒരിക്കലും ആവും എന്നും കരുതുന്നില്ല. കൂടാതെ കേരളത്തിൽ തന്നെ അപൂർവ്വബഹുമതിക്കർഹയായ ഡോ. മങ്ക, സ്പോർട്സിൽ (വിഷയം--കായിക പരിശീലനം) ഡോക്ടറേറ്റു നേടി കായിക ചരിത്രത്തിൽ സ്ഥാനംനേടി. ദേശീയ ഫെൻസിംഗ് ചാമ്പ്യൻ (1994) എൻ. എ. മാത്യു (പഞ്ചാബ് പോലീസ്) 1990-ൽ S A I സെലക്ഷൻ കിട്ടിയിരുന്നു. അദ്ദേഹത്തിന്റെ അനുജൻ ജോർജ്ജുകുട്ടി എൻ. എ. 1995-ൽ ദേശീയ ജൂനിയർ ഫെൻസിംഗിൽ സമ്മാനാർഹനായി. അദ്ദേഹത്തിനും 92-ൽ S A I സെലക്ഷൻ കിട്ടിയിരുന്നു ഇന്ത്യൻ ജൂനിയർ വോളിബോൾ ക്യാമ്പിൽ പങ്കെടുത്ത വിത്സൻ മാത്യു T. D. മാത്യു, ബിജു പി കെ. എന്നിവരും ഇൻറർയൂണിവേഴ്സിറ്റി മീറ്റിൽ പങ്കെടുത്ത ജിജോ ചെമ്പരത്തി റൂറൽ നാഷണൽ മീറ്റിൽ (1995) പങ്കെടുത്ത ഷൈൻ ജോസഫ് മുട്ടമന എന്നിവർ ഈ രംഗത്തെ നമ്മുടെ ഭാവി വാഗ്ദാനങ്ങളുമാണ്. ഇതിനു പുറമെ സംസ്ഥാന ജില്ലാ കായിക മേളകളിലും സംസ്ഥാന ഗ്രാമീണ കായികമേളകളിലും വിജയം വരിച്ചവർ ധാരാളം ഉണ്ട്.

പേരാവൂർ മേഖലയിൽ, പേരാവൂർ കഴിഞ്ഞാൽ വോളിബോളിൽ ഇത്രയേറെ പ്രചാരം ഉണ്ടായിരുന്ന മറ്റുസ്ഥലങ്ങളില്ല. ഒരു കാലത്ത് നിരവധി പ്രശസ്തരായ ടീമുകൾ ഇവിടുണ്ടായിരുന്നു. പ്രോത്സാഹനമില്ലായ്മയും കളി സ്ഥലങ്ങളുടെ പരിമിതിയും മിക്കവാറും താരങ്ങളെ കളിക്കളം വിടാൻ പ്രേരിപ്പിച്ചു.

വളരെയധികം താരങ്ങളെ സംഭാവന ചെയ്യാൻ സാദ്ധ്യതയുള്ള ഈ പ്രദേശത്ത് യാതൊരു സൗകര്യവും ഇല്ലാത്ത രണ്ടു മിനി സ്റ്റേഡിയങ്ങൾ ആണ് (മഞ്ഞളാംപുറം, പാറത്തോട്) നമുക്കുള്ളത്. ഫുട്ബോളിന് ഇവിടുത്തുകാർക്ക് ഏകാശ്രയമായ കേളകം സെൻറ് തോമസ് ഗ്രൗണ്ടിന് പരിമിതികൾ ധാരാളം ഉള്ളതുകൊണ്ട് താരങ്ങളെ ആകർഷിക്കാൻ കഴിയുന്നില്ല. പ്രാദേശികമായി മിക്കവാർഡുകളിലും വോളിബോൾ കോർട്ടുകൾ അതതുപ്രദേശത്തുകാർ നിർമ്മിക്കുന്നുണ്ടെങ്കിലും അതിനുവേണ്ട കായികസാമഗ്രികൾ വിതരണം ചെയ്യാൻ പഞ്ചായത്തുതലത്തിൽ ശ്രമങ്ങൾ നടക്കുന്നില്ല.

കാലാകാലങ്ങളിൽ നടന്നുവരുന്ന പഞ്ചായത്തു കായിക മേളകൾ ഗ്രാമീണ ജനതയ്ക്ക് വേണ്ടവിധത്തിൽ പ്രയോജനപ്പെടുന്നില്ല.

ഇത്രയും ഒക്കെ സാഹചര്യങ്ങളും സാദ്ധ്യതകളും ഉള്ള ഈ മേഖലയിൽ ഉന്നത നിലവാരം പുലർത്തുന്ന ഒരു കായിക സംസ്കാരം വളർത്താൻ വേണ്ട സഹായ സഹകരണങ്ങളും പ്രോത്സാഹനങ്ങളും ഇനിയെങ്കിലും ചെയ്യുമെന്ന് പ്രത്യാശിക്കാം

പത്രമാസികകളുടെ പ്രചാരം പ്രവണതകൾ

പത്രവും മറ്റാനുകാലികങ്ങളും ഇല്ലാത്ത ഒരുകാലഘട്ടത്തെക്കുറിച്ച് നമുക്കിന്ന് ചിന്തിക്കാൻ പോലും കഴിയില്ല. അവയുടെ പ്രസക്തി അത്രമാത്രം ശ്രേഷ്ഠമാണ്. ലോകത്തിന്റെ നാനാ തുറകളിലും നടക്കുന്ന ഓരോ ചെറിയ ചലനവും നമ്മുടെ മുറികളിൽ വായനശാലകളിലെത്തിക്കിട്ടുമ്പോൾ നാം അറിവിന്റെ ലോകത്തിന്റെ നിറുകയിലേക്ക് കയറുകയാണ്. ഇത്രയും മഹത്തരമായ ഒരു ദൗത്യമാണ് ഈ മാധ്യമങ്ങൾ നിർവ്വഹിക്കുന്നത്.

കുടിയേറ്റ കാലത്തിനും വർഷങ്ങൾക്കുശേഷം മാത്രമാണ് (50-കളിൽ) പത്രമാസികകൾ ഇവിടെ പ്രചരിച്ചു തുടങ്ങിയത്. ആദ്യകാലഘട്ടങ്ങളിൽ തപാൽ വഴിയാണ് പരിമിതമായെങ്കിലും ഇവ എത്തിക്കൊണ്ടിരുന്നതും. പത്രങ്ങൾ പലപ്പോഴും ദിവസങ്ങൾ വൈകിയാണ് എത്തിക്കൊണ്ടിരുന്നത്. 60 കളുടെ അവസാനത്തോടെ ഈ മാധ്യമങ്ങൾക്ക് പ്രചുരപ്രചാരം നേടാൻ കഴിഞ്ഞു. ഇതിനൊരു പ്രധാനകാരണം തിരുവിതാംകൂർ വാർത്തകൾ അറിയാനുള്ള കുടിയേറ്റക്കാരുടെ ആകാംക്ഷയാണ്.

വിദ്യാഭ്യാസ, സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിൽ നാം നേടിയ അസൂയാവഹമായ പുരോഗതി വാർത്താമാധ്യമങ്ങളുടെ പ്രചാരത്തെ ധൃതഗതിയിലാക്കി. വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണം വർദ്ധിക്കുകയും, വാഹനസൗകര്യങ്ങൾ വരികയും, പൊതുവായനശാലകൾ സ്ഥാപിക്കപ്പെടുകയും ചെയ്തതോടെ ഈ രംഗം സജീവമായി. എന്നിരിക്കിലും വളരെയധികം ആളുകൾഇത്തരം മാധ്യമങ്ങളുടെ ഗുണഭോക്താക്കൾ അല്ല എന്നതും ഒരു സത്യമാണ് 5500 പേർ പത്രം വരുത്തി വായിക്കുന്നവരും 7000-ൽ പരം ആളുകൾ പത്രവായനക്കാരുമാണ്. ഈ സംഖ്യ മൊത്തം ജനസംഖ്യയുടെ 50-55 ശതമാനം മാത്രമാണ്.

പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പത്രങ്ങളുടെ സ്ഥിതിവിവര കണക്ക്

ക്രമ നമ്പർ	പേര്	എണ്ണം
1	മലയാള മനോരമ	625
2	മാതൃഭൂമി	275
3	ദീപിക	100
4	ദേശാഭിമാനി	100
5	മംഗളം	50
6	കേരള കൗമുദി	45
7	ജന്മഭൂമി	35
8	ഇന്ത്യൻ എക്സ്പ്രസ്	30
9	രാഷ്ട്രദീപിക (സായാഹ്ന പത്രം)	50
	ആകെ	1310

പഞ്ചായത്തിൽ വിതരണം ചെയ്യുന്ന വാരികകളുടെയും മാസികകളുടെയും സ്ഥിതിവിവര കണക്ക്

ക്രമ നമ്പർ	പേര്	എണ്ണം	വാരിക	ദ്വൈവാരിക	മാസിക
1	മലയാള മനോരമ	1140	*		
2	മംഗളം	600	*		
3	മാതൃഭൂമി	75	*		
4	കേരളശബ്ദം	35	*		
5	വനിത	225		*	
6	നാന	30	*		
7	കലാകൗമുദി	10	*		
8	ഗൃഹലക്ഷ്മി	25		*	
9	ചിത്രഭൂമി	20		*	
10	തൊഴിൽ വാർത്ത	50		*	
11	സ്പോർട്സ്	15		*	
12	ദി വീക്ക്	15		*	
13	ബാലമംഗളം	100		*	
14	പൂമ്പാറ്റ	100		*	
15	ബാലരമ	225		*	
16	ഭാഷാപോഷിണി	15		*	
17	കർഷകശ്രീ	30		*	
18	ടോംസ് കോമിക്സ്	20		*	
19	മുത്തുച്ചിപ്പി	25		*	
20	കളിക്കൂട്ടുകാ	150		*	
21	മുത്തശ്ശി	50		*	
22	ഇന്ത്യാ ടുഡേ	25		*	
	ആകെ	2971			

ഈ പട്ടികകളിൽ നിന്നും ഒരു കാര്യം വ്യക്തമാണ് നമ്മുടെ ജനത പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും ഒരു വാർത്താ മാധ്യമം എങ്കിലും വായിക്കുന്നവരാണ്. ചെറിയ ഒരു ശതമാനമാളുകൾക്ക് മാത്രമാണ് ഇതിന്റെ ഗുണം ലഭിക്കാതെ പോകുന്നത്. ചുരുങ്ങിയ തോതിലെങ്കിലും 8 പേർക്ക് പൂർണ്ണമായും 10 പേർക്ക് ഭാഗികമായും ഈരംഗം ഒരുപജീവന മാർഗ്ഗമായി വർത്തിക്കുന്നു.

സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത് നിലവാരം കുറഞ്ഞ വാരികകളാണ് ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നത്. ആരോഗ്യകരമായ ഒരു പുരോഗതി അല്ല ഇതെങ്കിലും വായനാശീലം നിലനിർത്താൻ ഇതുതകുന്നുണ്ട്. നിലവാരമുള്ള പത്രമാസികകൾക്ക് പ്രചാരം കൂട്ടുവാൻ വാർഡുകൾ തോറും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ആരോഗ്യകരമായ വായനാശീലം കുട്ടികളിൽ വളർത്തിയെടുക്കുക എന്നതാണ് ഇതിന് ഏറ്റവും നല്ല പോംവഴി. നമ്മുടെ ജില്ലയിൽ നടന്നുവരുന്ന 'ഗ്രന്ഥകുലം' പദ്ധതിയിൽ സ്കൂളിലും ക്ലാസ്സ് മുറിയിലും പത്രവും പുസ്തകവും വിതരണം ചെയ്യണമെന്ന നിർദ്ദേശം പ്രോത്സാഹിപ്പിക്കേണ്ടതാണ്. അത്തരം വായനാ സംസ്കാരം സ്കൂളുകളിൽ നിന്നുതന്നെയാണ് തുടങ്ങേണ്ടത് എന്നകാര്യം നിസ്തർക്കമാണ്. നമ്മുടെ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും വായനശാലയും ലൈബ്രറികളും ഉണ്ടെങ്കിലും വേണ്ടരീതിയിൽ അവ വിതരണം ചെയ്യുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

പഞ്ചായത്തിന്റെ മൊത്തം വരുമാന (ഓൺഫണ്ട്) മായ 23,47,935-60 രൂപയിൽ കേവലം 21434-10രൂപമാത്രമെ പത്രമാസികകൾക്കുവേണ്ടി ചെലവഴിക്കുന്നുള്ളൂ. ഇത് ഏതാണ്ട് 0.91% മാത്രമാണ്.

നമ്മുടെ പ്രദേശത്ത് ഈ മാധ്യമങ്ങൾ പരമാവധി ഉപയോഗിക്കുവാൻ വേണ്ട പരിശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വിദ്യാഭ്യാസ സമിതികളുമായി ബന്ധപ്പെട്ട് ത്വരിതപ്പെടുത്തേണ്ടതാണ്

ഇലക്ട്രോണിക്സ് മാധ്യമം

ആഗോളവ്യാപകമായി ഇലക്ട്രോണിക് മാധ്യമരംഗത്ത് സ്പോടനാത്മകമായ ഒരു പരിവർത്തനം ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ച മാധ്യമത്തെ സാധാരണ വത്ക്കരിക്കാൻ കാരണമായിത്തീർന്നു. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഇരുണ്ട കാലഘട്ടത്തിൽനിന്ന് മനുഷ്യനെ മുന്നോട്ട് നയിക്കുവാനും സംസ്കാരസമ്പന്നനാക്കുവാനും ഈ മാധ്യമത്തിന് ഒരുപരിധിവരെക്കഴിഞ്ഞിട്ടുണ്ട്. ദേശങ്ങളും രാജ്യങ്ങളും തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാക്കുന്നതിനും ഒരു വിശ്വമാനവികത വളർത്തിയെടുക്കുന്നതിനും സംസ്കാരങ്ങളെ അടുത്തറിയുവാനും ഈ മാധ്യമം നമ്മെസഹായിച്ചു.

ഒരുപാട് നേട്ടങ്ങളുടെ പട്ടികനിരത്തുന്നതിനോടൊപ്പം കോട്ടങ്ങളുടെപട്ടികയും നാം കാണേണ്ടിയിരിക്കുന്നു വ്യക്തിത്വ വികാസത്തിലും സാമൂഹിക ബന്ധങ്ങളിലും വന്ന പ്രകടമായ മാറ്റങ്ങൾ നാം ഗൗരവബുദ്ധ്യാ വീക്ഷിക്കേണ്ടിയിരിക്കുന്നു. സമയത്തെ മാത്രകളും നിമിഷങ്ങളുമായി വിഭജിച്ച് അവയെ പണത്തിന്റെ അളവുകോൽവെച്ച് അളന്ന് തങ്ങളുടെ സ്വകാര്യതകളിലേക്ക് മാത്രമൊതുങ്ങി തന്റേതുമാത്രമായ ഒരു ലോകത്തിൽ ജീവിക്കുവാൻ നിർബന്ധിതമാക്കുന്ന ഒരു സംസ്കാരം വളർത്തിയെടുക്കുന്നതിലും ഈ മാധ്യമം ഒട്ടും പിന്നിലല്ല.

കേന്ദ്രീകൃത മാധ്യമങ്ങളായ റേഡിയോ, ടി. വി (ദൂരദർശൻ) തുടങ്ങിയ മാധ്യമങ്ങളും ഗവൺമെന്റ് തലത്തിൽ മാത്രം പ്രക്ഷേപണം നടത്തുകയും ജനം അതുസ്വീകരിക്കുവാൻ അടിപ്പെടുകയും ചെയ്യുന്നു. പൗരന്മാരുമായുള്ള പരസ്പര സംവാദത്തിനുള്ള അവസരങ്ങളും നിഷേധിക്കപ്പെടുകയുമാണ് ഈ ദശകത്തിലെ കേബിളും T. Vയുടെകടന്നുകയറ്റവും ആഗോളകച്ചവടവത്കരണത്തിന്റെ മേച്ചിൽപുറങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഈ മാധ്യമ വിഭാഗത്തിൽ റേഡിയോയ്ക്കു മാത്രമേ പ്രചുരപ്രചാരം ഉള്ളൂ. T. Vയുടെ പ്രചാരം കൂടുതലും, വൈദ്യുതിഭാഗികമായെങ്കിലും എത്തിയ 3 വാർഡുകളിൽ നാമമാത്രമായെങ്കിലും നിലവിലുണ്ട്. ഇന്നു മിക്കവാറും വീടുകളിൽ റേഡിയോയുണ്ട്. പൊതുജനങ്ങൾക്കുവേണ്ടി കേളകം പഞ്ചായത്ത് ഓഫീസിനോടു ചേർന്ന വായനശാലയിൽ ഒരു T. V. സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇത് മിക്കവാറും പ്രവർത്തന ക്ഷമമല്ല. കാലാകാലങ്ങളിൽ വരുന്ന ഈ സെറ്റിന്റെ തകരാറുകൾ നീക്കി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിക്കണം. നമ്മുടെ സാംസ്കാരിക നിലയത്തിലും. ജനവിദ്യാകേന്ദ്രങ്ങളിലും, വായനശാലകളിലും T. V. സ്ഥാപിക്കേണ്ടതത്യാവശ്യമാണ്.

സ്ത്രീ തലത്തിൽ പഠനബോധന ഉപാധിയായി ഇവയെ ഉപയോഗപ്പെടുത്തുന്നതിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇവയുടെ പ്രയോജനത്തെക്കുറിച്ചുള്ള ബോധം ഉൾക്കൊള്ളുകയും അതിനുള്ള സൗജന്യ കിറ്റുകളും നൽകേണ്ടതുമാണ്.

രാഷ്ട്രപുനർനിർമ്മാണത്തിനും വികസനത്തിനും ജനപങ്കാളിത്തം വളർത്തിക്കൊണ്ടുവരുന്നതിൽ ഇലക്ട്രോണിക് മാധ്യമങ്ങളെ ഉപയോഗപ്പെടുത്തണമെങ്കിൽ ഇന്നത്തെ സംവിധാനം മുഴുവൻ ഉടച്ചുവാർക്കേണ്ടിവരും.

കലാസാംസ്കാരികരംഗത്ത് ഈ പഞ്ചായത്തിൽ നിലനിൽക്കുന്ന സാദ്ധ്യതകളും താഴെ ചേർക്കുന്നു.

സാദ്ധ്യതകൾ

1. നിലവിലുള്ള സാംസ്കാരിക നിലയവും കേളകത്തെ വായനശാലയും ഗ്രന്ഥാലയവും മുഴുവൻ സമയ ലൈബ്രേറിയൻമാരെ നിയമിച്ച് സുഗമമായി പ്രവർത്തിപ്പിക്കാവുന്നതാണ്.

2. നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായനശാലകളെയും ക്ലബ്ബുകളെയും ജനപങ്കാളിത്തത്തോടുകൂടി വിപുലീകരിച്ച് അവയുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കാവുന്നതാണ്.

3. തുടർസാക്ഷരതാ പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ കലാ-സാംസ്കാരികരംഗത്ത് ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കുവാൻ സാധിക്കും.

4. കായികരംഗം പരിപോഷിപ്പിക്കുന്നതിന് നിലവിലുള്ള മിനിസ്റ്റേഡിയ (മഞ്ഞളാംപുറം, പാറത്തോട്) ങ്ങളും നവീകരിച്ച് കായികതാരങ്ങളെ വളർത്തിയെടുക്കാവുന്നതാണ്.

5. ഒന്നാം വാർഡിലെ വളയഞ്ചാലിൽ ഉള്ള പുഴത്തീരത്തെ പുറംപോക്കുസ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുകയാണെങ്കിൽ അവിടെ ഒരു മിനിസ്റ്റേഡിയം നിർമ്മിച്ച് ഈ രംഗത്ത് നേട്ടം കൈവരിക്കാവുന്നതാണ്.

6. വളയഞ്ചാലിൽ ഒരു സാംസ്കാരികനിലയം സ്ഥാപിക്കാൻ പഞ്ചായത്ത് സന്നദ്ധമാണെങ്കിൽ അതിനുള്ള പ്രാഥമികസൗകര്യങ്ങളും ചെയ്തു തരാമെന്ന് സ്ഥലവാസികളും വാഗ്ദാനം ചെയ്യുന്നു

7. പള്ളിയറയംഗനവാടിക്ക് സമീപത്ത് ഒരു സാംസ്കാരികനിലയത്തിനുള്ള ഒരു അഞ്ചുസെൻറ് സ്ഥലം തദ്ദേശവാസികളും വാഗ്ദാനം ചെയ്തിട്ടുണ്ട്.

8 പഞ്ചായത്തിൽ നിലവിലുള്ള വായനശാലകളിൽ പുസ്തകങ്ങളും സംഭാവന ചെയ്യുവാൻ സന്നദ്ധരായവർ ധാരാളം പഞ്ചായത്തിലുണ്ട്. പഞ്ചായത്ത് അതിന്റെ നേതൃത്വം ഏറ്റെടുത്ത് പ്രവർത്തനത്തിന് തുടക്കം കുറിക്കാവുന്നതാണ്

നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്തുകളിൽ നിന്നും വന്ന നിർദ്ദേശങ്ങളുടെ ഒരു ക്രോഡീകരിച്ച രൂപം താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ മുഴുവൻ വായനശാലകൾക്കും ക്ലബ്ബുകൾക്കും വേണ്ട അടിയന്തിരസഹായങ്ങൾ (പത്രപംക്തികൾ, പുസ്തകങ്ങൾ, കലാകായിക സാമഗ്രികൾ. T. V. തുടങ്ങിയവ) പഞ്ചായത്തിൽനിന്നും നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക

2 കലാ-സാംസ്കാരിക പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്ന രീതി (വെറും പ്രഹസനമാകാതെ) വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും ജനപങ്കാളിത്തത്തോടുകൂടി മത്സരങ്ങൾ സംഘടിപ്പിക്കുകയും കഴിവുള്ള വ്യക്തികളെ കണ്ടെത്തി പ്രോത്സാഹനം നൽകേണ്ടതുമാകുന്നു. അതിനാവശ്യമായ ഒരു പഞ്ചായത്ത് സ്പെഷൽ കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്.

3. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ കേളകം കേന്ദ്രമാക്കി ഒരു റഫറൻസ് ലൈബ്രറി സ്ഥാപിക്കുക.

4. പഞ്ചായത്തിൽ ഇന്നുള്ള ഇത്തരം സ്ഥാപനങ്ങളിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട്, സമൂഹത്തിൽ ഇത്തരം സംഘടനകൾക്കുള്ള പങ്കിനെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിനുവേണ്ടി സെമിനാറുകളും ശില്പശാലകളും ജനപങ്കാളിത്തത്തോടെ നടത്തേണ്ടതാണ്.

5. നിലവിലുള്ള മിനിസ്റ്റേഡിയങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും,

സ്ഥലം ലഭ്യമാകുന്ന വാർഡുകളിൽ സ്റ്റേഡിയങ്ങളും സ്ഥാപിക്കുകയും ചെയ്യുക.

6. ഈ പഞ്ചായത്തിന്റെ കേന്ദ്രബിന്ദുവായ കേളകത്ത് ഒരു ടൗൺ ഹാൾ അടിയന്തിരമായി നിർമ്മിക്കുക അതിന് റൂറൽ ഡെവലപ്മെന്റ് ബോർഡിന്റെ സഹായം തേടുക.

7 നാടൻപാട്ട്, ഐതിഹ്യം, ആചാരരീതികൾ എന്നിവ രേഖപ്പെടുത്തി ശേഖരിച്ച് വരുംതലമുറയ്ക്ക് ഉതകുംവിധം അവ അവതരിപ്പിക്കുവാനുള്ള വേദിയൊരുക്കുകയും ചെയ്യുക.

8. മദ്യത്തിനും മയക്കുമരുന്നിനും സ്ത്രീപീഡനത്തിനും എതിരെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതും, പഞ്ചായത്തുതല കമ്മറ്റികൾ രൂപീകരിക്കേണ്ടതുമാണ്.

9. ഏതെങ്കിലും വാർഡുകളിൽ സാംസ്കാരിക നിലയം സ്ഥാപിക്കുവാനുള്ള അടിസ്ഥാന സൗകര്യം ജനപങ്കാളിത്തത്തോടുകൂടി ചെയ്യുവാൻ തരികയാണെങ്കിൽ അവിടെ സാംസ്കാരികനിലയങ്ങൾ സ്ഥാപിക്കേണ്ടതാണ്.

10. ഈ മേഖലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രമാനവശേഷി വികസന വകുപ്പിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുവേണ്ട ശ്രമം നടത്തേണ്ടതാണ്.

11. വൈദ്യുതി എത്താത്ത മേഖലകളിൽ വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും അലയൊലികൾ എത്തിക്കുന്നതിനുവേണ്ടി T. V. അനുവദിക്കുന്നതിനോടൊപ്പം അനർട്ടിന്റെ സഹായത്തോടുകൂടി സോളാർസെല്ല് വിതരണംചെയ്യുക

12. ഈ മേഖലയ്ക്ക് പഞ്ചായത്തു മുടക്കുന്ന തുക മൊത്തം വരുമാനത്തിന്റെ 10% വരെയാക്കിയെങ്കിലും ഉയർത്തുക.

13. കേളകം സെന്റ് തോമസ് ഹൈസ്കൂളിൽ നിലവിലുള്ള ഗ്രൗണ്ട് വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിവിഹിതത്തിൽ നിന്ന് സഹായം ലഭിക്കുന്നതിനുവേണ്ട ശുപാർശകൾ ചെയ്യുക.

മേൽ പ്രസ്താവിച്ച സാധ്യതകളും നിർദ്ദേശങ്ങളും വരുംകാലങ്ങളിൽ, നമ്മുടെ മേഖലയിലെ കലാകായികസാംസ്കാരികപ്രവർത്തനങ്ങളെ വികസ്വരമാക്കുവാനുള്ള മാർഗ്ഗരേഖയായി മാറും എന്നു വിശ്വസിക്കട്ടെ.

5-9

വനിതാക്ഷേമം

മലയോര മേഖലയിലെ പ്രമുഖ കുടിയേറ്റ കേന്ദ്രമാണ് കേളകം. 1940 കളിൽ തിരുവിതാംകൂർ കൊച്ചി ഭാഗങ്ങളിൽ നിന്ന് കന്നി മണ്ണ് അന്വേഷിച്ചെത്തിയ കർഷകർ, വർഷങ്ങളുടെ കഠിനാദ്ധ്വാനത്തിലൂടെ കൃഷി ഭൂമിയും ഭവനങ്ങളും സ്വായത്തമാക്കുകയായിരുന്നു. കാട്ടുമൃഗങ്ങളോടും പ്രകൃതി ക്ഷോഭങ്ങളോടും ഏറ്റുമുട്ടി മുന്നേറ്റത്തിന്റെ വഴി തെളിയ്ക്കുന്നതിൽ ഗൃഹനാഥന്റെ അമ്മയും ഭാര്യയും സഹോദരിമാരും കനത്ത കായിക സഹകരണം പ്രദാനം ചെയ്തിട്ടുണ്ട്. കുടുംബത്തിന്റെ ഭൗതിക അടിത്തറ കെട്ടിപ്പടുക്കുന്നതിൽ വനിതകളുടെ പ്രാതിനിധ്യം അതീവ പ്രസക്തമാണ്.

1962-ലെ കുടിയിറക്കു വിരുദ്ധ സമരം അക്ഷരാർത്ഥത്തിൽ വനിതകളാണ് നയിച്ചത്. കുടിയേറ്റ കർഷകരുടെ നേതൃത്വം ഏറ്റെടുത്തു സമരം നയിച്ച ബി. വെല്ലിംങ്ങ്ടനെ അറസ്റ്റ് ചെയ്യാനെത്തിയ പോലീസ് സംഘത്തെ ഉപരോധിച്ചത് ജീവൽപ്രശ്നത്തിൽ രോഷാകുലരായ നൂറ് കണക്കിന് വനിതകളായിരുന്നു. 1969-ൽ നടന്ന ഐതിഹാസികമായ മണത്തണ കൊട്ടിയൂർ റോഡ് നിർമ്മാണത്തിൽ വനിതകളുടെ പങ്ക് നിസ്തുലമായിരുന്നു. ദിവസം മുഴുവൻ നീണ്ടു നിന്ന വിഖ്യാതമായ ശ്രമദാനയജ്ഞം അധ്വാന ശേഷിയുടെ കാര്യത്തിലും സാമൂഹ്യ പുരോഗതിയ്ക്ക് അത് വിനിയോഗിക്കുന്നതിലും പുരുഷന്മാരോടൊപ്പം തന്നെ സ്ത്രീകൾക്കും കഴിയുമെന്ന് തെളിയിച്ചു.

1996-ൽ ശേഖരിച്ച സ്ഥിതിവിവര കണക്കുകൾ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 15,787 ആണ്, ഇതിൽ സ്ത്രീകൾ 7795, പുരുഷൻമാർ 7992 ജനസംഖ്യയുടെ 50% സ്ത്രീകൾ ആണ്.

സ്ത്രീ പുരുഷ അനുപാതം (ആയിരം പുരുഷന്മാർക്ക്)

	പുരുഷൻ	സ്ത്രീ
ഇന്ത്യ	1000	929
കേരളം	,,	1036
കണ്ണൂർ	,,	1101
കേളകം	,,	975

പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 92 % ആണ്. സ്ത്രീകളുടെ കാര്യത്തിൽ ഇത് 91.15 % മാത്രമേ ഉള്ളൂ.

എല്ലാ വിദ്യാലയങ്ങളിലും തുല്യ ശതമാനമോ കൂടുതലോ പെൺകുട്ടികൾ പഠിക്കുന്നുണ്ട് പല സ്കൂളുകളിലും എണ്ണത്തിലെന്നപോലെ പഠന നിലവാരത്തിലും പുരുഷന്മാരോടൊപ്പം ആണ്. ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യം ഈ പഞ്ചായത്തിൽ ഇല്ല. നിലവിലുള്ള മൂന്ന് പാരലൽ കോളേജുകളിലായിട്ട് 500 ലധികം പെൺകുട്ടികൾ വിദ്യാഭ്യാസം നടത്തുന്നു. ഉന്നതവിദ്യാഭ്യാസത്തിന് ദൂരസ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്കൊണ്ട് നിർദ്ധനരായ കുട്ടികൾക്ക് പഠിക്കുവാൻ സാധിക്കാതെ വരുന്നുണ്ട്. ഇതേകാരണത്താൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വനിതകളുടെ പ്രതിനിധ്യം വളരെ കുറവാണ്.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം താരതമ്യേന കുറവാണ്. വിവിധരംഗങ്ങളിൽ പ്രവർത്തിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ സ്ത്രീകളാണ് മുന്നിൽ. കെട്ടിടനിർമ്മാണ മേഖലയിലും, കാർഷിക തൊഴിൽ രംഗത്തും പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ കുടുംബങ്ങളിൽ വരുമാനമുണ്ടാക്കുന്നു. സമീപസ്ഥമായ ആറളം കൃഷിഫാമിൽ സ്ഥിരം ശമ്പളത്തിലുള്ള 160 സ്ത്രീകൾ ഒന്നും രണ്ടും വാർഡുകളിൽ നിന്ന് തന്നെ പണിയെടുക്കുന്നു.

	പ്രധാന തൊഴിൽ മേഖലകൾ	പുരുഷൻ	സ്ത്രീ
1	കൃഷിക്കാർ	1348	83
2	കർഷക തൊഴിലാളികൾ	1221	455
3	മൃഗസംരക്ഷണം	596	136
4	ചെങ്കല്ല്, കരിങ്കല്ല് തൊഴിലാളികൾ	450	150
5	കൂലിപ്പണിക്കാർ	272	379
6	ട്രേഡ് & കൊമേഴ്സ്	281	16
7	മറ്റു ജോലിക്കാർ	265	132
8	ടാപ്പിംഗ് തൊഴിലാളികൾ	274	30
9	തൊഴിൽ രഹിതർ	3577	6490

വിദ്യാഭ്യാസരംഗത്തെ ജീവനക്കാരിൽ നേരിയ മുൻതൂക്കം വനിതകൾക്കാണ് പഞ്ചായത്തിലെ വനിതകളിൽ 16% മാത്രമേ തൊഴിൽ ചെയ്തു കുടുംബ വരുമാനം നേടുന്നുള്ളു. ഈ സാമ്പത്തിക ഭദ്രതയില്ലായ്മ സ്ത്രീകൾ പൊതു രംഗത്തേക്ക് വരാതിരിക്കാൻ ഒരു കാരണമാണ് വനിതകൾ മാത്രമായി നടത്തുന്ന സ്ഥാപനങ്ങൾ

	വനിതാസംരംഭങ്ങൾ	യൂനിറ്റ്
1	വനിതാസഹകരണ സംഘം	1
2	ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട്	2
3	ബ്യൂട്ടിപാർലർ	4
4	തയ്യൽപരിശീലനകേന്ദ്രം	12
5	ക്ഷീരോല്പന്ന നിർമ്മാണ വിപണനയൂനിറ്റ്	1
6	റെഡിമെയ്ഡ് കമ്പിളിവസ്ത്ര നിർമ്മാണ യൂനിറ്റ്	1

I. R. D. P. പദ്ധതി പ്രകാരം 300 ഓളം വനിതകൾ തയ്യൽ മിഷ്യൻ സ്വന്തമാക്കിയിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിൽ കുറഞ്ഞ എണ്ണം സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കായി മാത്രം മറ്റു വനിതാ സംരംഭങ്ങളൊന്നും പഞ്ചായത്തിൽ ഇല്ല. സ്ത്രീയുടെ വരുമാനം കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റു ഗാർഹിക ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കപ്പെടുന്നു.

സാമൂഹ്യരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം നന്നെ കുറവാണ്. സാമ്പത്തിക ഭദ്രതയില്ലായ്മ ഈ പിന്നോക്കാവസ്ഥയ്ക്ക് ഒരു കാരണമാണ്. പഞ്ചായത്തിലെ 19 അംഗൻവാടികളോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ നിലവിൽ ഉണ്ട്. ഇതിൽ പകുതിയോളം മാത്രമേ സജീവമായി പ്രവർത്തിക്കുന്നുള്ളു. മതസ്ഥാപനങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മറ്റു 14 മഹിളാ സമാജങ്ങൾ വിവിധ തുറകളിൽ സാമൂഹ്യ സേവനം നടത്തുന്നുണ്ട്. അംഗൻവാടികളിൽ കുട്ടികളുടെ മാനസീകവും ശാരീരികവുമായ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. പല അംഗൻവാടിയ്ക്കും സ്വന്തമായി കെട്ടിടം പോലും ഇല്ല. മഹിളാസമാജങ്ങളുടെ പ്രവർത്തന ക്ഷമതയില്ലായ്മക്ക് മുഖ്യ കാരണം അംഗൻവാടികളുടെ ഈ ശോചനീയാവസ്ഥയാണ് തൊഴിൽ പരിശീലനങ്ങളും കലാകായിക പരിശീലനങ്ങളും പഞ്ചായത്തു തലത്തിൽ സംഘടിപ്പിച്ച് മഹിളാ സമാജങ്ങളെ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. ഇതുവഴി സാമൂഹ്യ രംഗത്ത് സ്ത്രീകൾക്ക് കടന്നു വരാൻ കഴിയും.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് എത്തുന്നവരിൽ അധികപങ്കും സ്ത്രീകളാണ്. കുടുംബത്തിലെ ഭാരിച്ച ഉത്തരവാദിത്വം കൊണ്ടുള്ള സമയക്കുറവ്, സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ കാരണങ്ങളാൽ പലരും രോഗബാധിതരാണെങ്കിലും ചികിത്സയ്ക്ക് എത്താതെ ഇരിക്കുന്നുണ്ട്. കുടുംബനാഥന്മാരുടെ മദ്യപാനം മൂലം മാനസിക സമ്മർദ്ദം അനുഭവപ്പെടുന്ന സ്ത്രീകൾ ധാരാളം ഉണ്ട്. കുടുംബങ്ങളിൽ സാമൂഹ്യ പദവി ഏറെ കുറെ തൃപ്തികരമാണ്. സ്ത്രീധന സമ്പ്രദായം ക്രിസ്ത്യൻ സമുദായത്തിൽ നിലവിൽ ഉണ്ട്. ഇത് മറ്റു സമുദായങ്ങളിലേക്കും വ്യാപിച്ചിട്ടുണ്ട്. ചുരുക്കമായി ഇത് സ്ത്രീ പീഡനങ്ങൾക്ക് കാരണമാകുന്നുണ്ട്.

പഞ്ചായത്തിലെ ആദിവാസി ജനസംഖ്യ 1300 ആണ് ഇതിൽ നേർപകുതിയും സ്ത്രീകളാണ്. കുറിച്യ വിഭാഗത്തെ സംബന്ധിച്ച് സ്ത്രീകളുടെ സാമൂഹ്യ പദവി താരതമ്യേന മെച്ചമാണ്. എന്നാൽ എണ്ണത്തിൽ കൂടുതലായി വരുന്ന പണിയ വിഭാഗത്തിൽ സ്ത്രീകളുടെ നില അതീവ ദയനീയമാണ്. പണിയരുടെ 13 കോളനികളും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ഉള്ളതിൽ പലതിലും അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. ഉള്ളവതന്നെയും വേണ്ടരീതിയിൽ പ്രയോജനപ്പെടുന്നില്ല. ഈ വിഭാഗത്തിൽ സാക്ഷരതാനിരക്ക് 85% ആണ്. സാമൂഹ്യക്ഷേമ പദ്ധതികൾ പലതും ഉപഭോക്താക്കളുടെ അറിവില്ലായ്മകാരണം പാളിപോയിരിക്കുന്നു. പണിയ സ്ത്രീകളുടെ ജീവിതനിലവാരം വളരെ പരിതാപകരമാണ്. ഇവരുടെഅദ്ധ്വാനശേഷി വൻതോതിൽ ചൂഷണം ചെയ്യപ്പെടുന്നു. ദാരിദ്ര്യവും പട്ടിണിയും ഇവരുടെ ഇടയിൽ വ്യാപകമാണ്. സ്ത്രീകളുടെ ഇടയിൽ തന്നെ മദ്യപാനാസക്തി ഉള്ളവർ ധാരാളം ഉണ്ട്. ക്രിയാത്മകമായ ക്ഷേമ പ്രവർത്തനങ്ങളിലൂടെ ഇവരുടെ ഉദ്ധാരണത്തിനും ബോധവൽക്കരണത്തിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1 തൊഴിലില്ലായ്മ രൂക്ഷമായതുകൊണ്ട് സാമ്പത്തിക ഭദ്രതകുറവ്.

2 കുടുംബത്തിന്റെ ഉത്തരവാദിത്വം സ്ത്രീകളിൽ ആയതുകൊണ്ട് പൊതു രംഗത്ത് പ്രവർത്തിക്കുവാൻ കഴിയുന്നില്ല.

3 സാമൂഹ്യപ്രവർത്തനത്തിന് ഇറങ്ങുന്ന സ്ത്രീകളെ മോശമായരീതിയിൽ നോക്കികാണുന്ന പ്രവണതയുണ്ട്.

4 തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് കൂലി കുറവാണ്

5 സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ മുന്നോട്ട് വരുന്നില്ല.

6 തൊഴിൽ പരിശീലന കേന്ദ്രങ്ങളോ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളോ ഇല്ല.

7 സ്ത്രീകൾക്കായുള്ള പദ്ധതികൾ അറിയപ്പെടാതെ വരുന്നു.

8 മദ്യം സുലഭമായതുമൂലം സ്ത്രീകൾ കഷ്ടപ്പെടുന്നു.

9 അംഗൻവാടികളിൽ അത്യാവശ്യ സൗകര്യങ്ങളില്ല.

10 സ്ത്രീകളുടെ ഇടയിൽ ശാസ്ത്രാവബോധം കുറവാണ്.

11 പല വിദ്യാലയങ്ങളിലും പെൺകുട്ടികൾക്കായി മൂത്രപുര, കക്കൂസ് സൗകര്യങ്ങൾ അപര്യാപ്തമാണ്.

12 വായനശാലകളും ഗ്രന്ഥാലയങ്ങളും കുറവാണ്. ഉള്ളവ സ്ത്രീകൾ പ്രയോജനപ്പെടുത്തുന്നില്ല.

13 ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങളും സ്ത്രീകളുടെ സമയം നഷ്ടപ്പെടുത്തുന്നു.

14 തൊഴിലവസരങ്ങൾ കുറവാണ്

15 മഹിളാ സമാജങ്ങൾ പ്രവർത്തനക്ഷമമല്ല.

16 ശാന്തിഗിരി, വെള്ളൂന്നി പ്രദേശങ്ങളിൽ യു. പി. സ്കൂൾ കുറവാണ്.

സാദ്ധ്യതകൾ

1 മൃഗസംരക്ഷണ രംഗത്ത് മതിയായ സാമ്പത്തികസഹായം ലഭ്യമാക്കണം.

2 പച്ചക്കറികൃഷി ,നെൽകൃഷി, അടുക്കളത്തോട്ടം എന്നിവയ്ക്ക് സഹായധനം

ലഭ്യമാക്കണം.

3 വനിതാ സഹകരണ സംഘം സ്ഥാപിക്കണം

4 സഹകരണ മേഖലയിൽ കശുവണ്ടി, കശുമാങ്ങസംസ്കരണ കേന്ദ്രം സ്ഥാപിക്കുക.

5 കൂടുതൽ തയ്യൽ പരിശീലന കേന്ദ്രങ്ങളും സ്ഥാപിച്ച് തയ്യൽ മെഷീൻവാങ്ങുന്നതിന് സാമ്പത്തിക സഹായം നല്കുക.

6 ചെരിപ്പ്, സോപ്പ് നിർമ്മാണ യൂനിറ്റുകളും തുടങ്ങുക.

7 ക്ഷീരോല്പന്ന നിർമ്മാണ വിപണന യൂനിറ്റുകളും ഓരോ വാർഡിലും തുടങ്ങുക.

8 പാൽ സൊസൈറ്റികളും രൂപീകരിക്കുക.

9 പാൽ സംസ്കരണ യൂനിറ്റ് സ്ഥാപിക്കുക.

10 ജില്ലി യൂനിറ്റ് സ്ഥാപിക്കുക.

11 ഹെൽത്ത് സെൻറുകളും സ്ഥാപിച്ച് സ്ത്രീകൾക്ക് പ്രത്യേക ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തുക.

12 ശിശു സദനം (ക്രെഷ്), വൃദ്ധ സദനം എന്നിവ സ്ഥാപിക്കുക.

13 ചാരായനിരോധനം ഫലപ്രദമായി നടപ്പിലാക്കുക.

14 ശാന്തിഗിരി L. P. സ്കൂളിലെ അദ്ധ്യയന പ്രശ്നം പരിഹരിക്കുകയും യു. പി. സ്കൂളും അനുവദിക്കുകയും ചെയ്യുക.

15 നിലവിലുള്ള റെഡിമെയ്ഡ് കമ്പിളി വസ്ത്ര നിർമ്മാണ സ്ഥാപനം വിപുലീകരിച്ച് സഹകരണ സംഘം ആക്കുക.

16 നിലവിലുള്ള അംഗൻവാടികൾക്ക് കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കുക.

17 മാങ്കുളത്ത് അംഗൻവാടി തുടങ്ങുക.

18 അംഗൻവാടികളോടനുബന്ധിച്ചുള്ള മഹിളാ സമാജങ്ങളും പ്രവർത്തന ക്ഷമമാക്കുക.

19 മഹിളാ സമാജങ്ങളോടനുബന്ധിച്ച് വായനശാലകളും, ഗ്രന്ഥാലയങ്ങളും തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളും സ്ഥാപിക്കുക.

20 സഹകരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50% തൊഴിലവസരം ഉറപ്പ് വരുത്തുക.

21 ഹൈസ്കൂൾ ക്ലാസ്കളിൽ തൊഴിൽ പരിശീലനം ഏർപ്പെടുത്തുക.

22 സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നിർദ്ദേശ പരിശീലനങ്ങളും നടത്തണം.

23 കലാകായിക രംഗങ്ങളിൽ സ്ത്രീകൾക്ക് പരിശീലനം നല്കണം.

24 ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ അറിവും പരിശീലനവും നല്കി സ്ത്രീകളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കണം.

25 ആദിവാസി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തണം.

26 ആദിവാസികളുടെ ജീവിത ശൈലിയിൽ ആരോഗ്യകരമായ മാറ്റം വരുത്തുന്നതിന് പഞ്ചായത്തുതലത്തിൽ കർമ്മസമിതി പ്രവർത്തിക്കണം.

"നിങ്ങൾ ഒരു പുരുഷനെ പഠിപ്പിക്കുമ്പോൾ ഒരു വ്യക്തിയെയാണ് പഠിപ്പിക്കുന്നത് ഒരു സ്ത്രീയെ പഠിപ്പിക്കുമ്പോൾ നിങ്ങൾ ഒരു കുടുംബത്തെ പഠിപ്പിക്കുന്നു." ഈ ആപ്ത വാക്യമാണ് വനിതാക്ഷേമത്തിന്റെ അന്തസത്ത ഒരു സമൂഹത്തിന്റെ സാംസ്കാരികവും ധാർമികവുമായ ഉന്നമനത്തിന് വനിതാ ക്ഷേമ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. വനിതയുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലൂടെ കുടുംബത്തിന്റെ തദ്വാർ സമൂഹത്തിന്റെ കെട്ടുറപ്പ് ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ വനിതാ ക്ഷേമപദ്ധതികളിൽ വിദ്യാഭ്യാസം, മാനസികാരോഗ്യം, സാമ്പത്തിക സ്വാതന്ത്ര്യം, സമത്വം എന്നിവാദി കാര്യങ്ങളും വളരെ പ്രസക്തമാണ്.

മേൽവിവരിച്ചിട്ടുള്ള പദ്ധതി നിർദ്ദേശങ്ങളും മുൻഗണനാക്രമത്തിൽ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തിയാൽ ഈ പഞ്ചായത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള വനിതകളുടെ ക്ഷേമം ഉറപ്പു വരുത്തുവാൻ കഴിയും.

5.10
സഹകരണം

കൊട്ടിയൂർ കുടിയേറ്റ മേഖലയുടെ സിരാകേന്ദ്രമായ കേളകം ഗ്രാമം കേന്ദ്രീകരിച്ച് നടന്നു വന്നിരുന്ന ഹുണ്ടിക വ്യാപാരികളുടെ കൊള്ളപ്പലിശയാൽ പൊറുതിമുട്ടിയ കർഷകരെ സഹായിക്കുന്നതിനുവേണ്ടി, ആദ്യകാല കുടിയേറ്റ കർഷർ സംഘടിച്ച് റവ: ഫാദർ ഗീവർഗ്ഗീസ് ജോർജ്കുട്ടി മുക്കാടൻ, മത്തായി കുന്നേക്കാട്ട്, കെ. ആർ. അയ്യപ്പൻകുഞ്ഞ്, പി. എം. ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ 1965ൽ കേളകം പഞ്ചായത്ത് അതിർത്തിയിൽ കേളകം പരസ്പര സഹായ സഹകരണ സംഘം, ചെട്ടിയാംപറമ്പ് പരസ്പര സഹായ സഹകരണ സംഘം എന്നിങ്ങനെ രണ്ട് വായ്പാ സംഘങ്ങൾ രൂപീകരിച്ചു.

1965-ൽ രൂപീകരിച്ച് 1966 ഫെബ്രുവരി 15 ന് C 305 കേളകം പരസ്പര സഹായ സഹകരണ സംഘവും 1966 ഫെബ്രുവരി 16ന് C 306 ചെട്ടിയാംപറമ്പ് പരസ്പര സഹായ സഹകരണ സംഘവും പ്രവർത്തനം ആരംഭിച്ചു. 1972ൽ ഈ രണ്ട് സഹകരണ സംഘങ്ങളും സർവ്വീസ് സഹകരണ ബേങ്കുകളായി ഉയർന്നു.

കാർഷികമേഖല

90 ശതമാനത്തിലധികവും കർഷകർ അധിവസിക്കുന്ന മേഖലയാണ് കേളകം ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ ഏതാണ്ട് 3500 ഓളം കർഷക കുടുംബങ്ങൾ അധിവസിക്കുന്നു. ഇവർ തങ്ങളുടെ കാർഷികാവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രധാനമായും ആശ്രയിക്കുന്നത് കേളകം സർവ്വീസ് സഹകരണബേങ്ക്, ചെട്ടിയാംപറമ്പ് സർവ്വീസ് സഹകരണബേങ്ക് എന്നിവയെയാണ്. ഈ സ്ഥാപനങ്ങൾക്ക് കർഷകരുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റി കൊടുക്കാൻ കഴിയുന്നില്ല എന്നത് സുവ്യക്തമാണ്.

വായ്പാമേഖല

ഈ പഞ്ചായത്തിന്റെ കാർഷിക വായ്പാ മേഖലയ്ക്ക് വേണ്ടത്ര സംഭാവനകൾ നൽകുന്നത് കേളകം കേന്ദ്രമായി പ്രവർത്തിക്കുന്ന കേളകം സർവ്വീസ് സഹകരണ ബേങ്ക്, ചെട്ടിയാംപറമ്പ് സർവ്വീസ് സഹകരണ ബേങ്ക്, പേരാവൂർ ബ്ലോക്ക് വനിതാ സഹകരണ സംഘം എന്നിവയും തലശ്ശേരി സഹകരണ കാർഷിക വികസന ബേങ്കിന്റെ പേരാവൂർ ശാഖയും കണ്ണൂർ ജില്ലാ കോപ്പറേറ്റീവ് ബാങ്കിന്റെ കേളകം ശാഖയുമാണ്.

സഹകരണബേങ്കുകൾ

a. കേളകം സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ് C. 305.

കേളകം പഞ്ചായത്തിലെ കേളകം, എരട്ടത്തോട്, പൊട്ടംതോട്, പുളിക്കാംപൊയിൽ, മാടത്തിൻകാവ്, കിഴക്കേ വെള്ളൂന്നി, പൂവത്തിൻചോല, മഞ്ഞളാംപുറം, പെരുന്താനം, കണിച്ചാർ ടൗൺ, നെല്ലിക്കുന്ന് പ്രദേശം എന്നീ ഭാഗങ്ങളാണ് ഇതിന്റെ പ്രവർത്തനപരിധി. പ്രസ്തുത ബേങ്കിന്റെ ശാഖ കണിച്ചാർ ടൗണിൽ പ്രവർത്തിക്കുന്നു. ഏതാണ്ട് 2000 ഓളം കുടുംബങ്ങൾ ഈ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ ഉണ്ട്. കാർഷികാവശ്യങ്ങൾക്ക് ഹ്രസ്വകാല വായ്പ, വളം, കീടനാശിനികൾ, ദീർഘകാല വിളകൾക്കാവശ്യമായ വായ്പ, ജലസേചനം, പെട്ടിക്കടകൾ, ഐ ആർ ഡി പി, വ്യാവസായികാവശ്യങ്ങൾക്കുള്ള വായ്പ, സ്വർണ്ണപ്പണയവായ്പ, ഉൽപ്പന്ന വായ്പ. നബാഡ് അനുവദിക്കുന്ന വായ്പകൾ എന്നിവ ഈ സ്ഥാപനങ്ങൾ നൽകി വരുന്നു. ഇപ്രകാരമുള്ള സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും മതിയായ ഫണ്ട് ലഭിക്കാത്തതിനാൽ കൃഷിക്കാരുടെ ആവശ്യങ്ങൾ പൂർണ്ണമായി സഫലീകരിക്കാൻ ഈ സംഘത്തിന് കഴിയുന്നില്ല.

b ചെട്ടിയാംപറമ്പ് സർവ്വീസ് സഹകരണ ബേങ്ക് C. 306

കേളകം പഞ്ചായത്തിലെ കുണ്ടേരി, ചെട്ടിയാംപറമ്പ്, നാരങ്ങാത്തട്ട്, ശാന്തിഗിരി, അടക്കാത്തോട്, പൊയ്യമല എന്നീ വാർഡുകൾ പൂർണ്ണമായി ഈ ബേങ്കിന്റെ പരിധിയിൽപ്പെടുന്നു. ഈ ബേങ്കിന്റെ ശാഖ അടയ്ക്കാത്തോട് ടൗണിൽ പ്രവർത്തിക്കുന്നു. രണ്ടായിരത്തോളം കുടുംബങ്ങളുടെ കാർഷിക വികസന പ്രവർത്തനങ്ങളുടെ ആശാ കേന്ദ്രമാണ് ചെട്ടിയാംപറമ്പ് സർവ്വീസ് സഹകരണ ബേങ്ക്. കാർഷികാവശ്യങ്ങൾക്കായി

ഹ്രസ്വകാല, ദീർഘകാല വായ്പകളും വളം, കീടനാശിനികളും, ജലസേചനം, പെട്ടിക്കട, ഐ. ആർ. ഡി. പി., സ്വർണ്ണപ്പണയം, വ്യാവസായി കാവശ്യങ്ങൾക്കുള്ള വായ്പ, നബാഡ് അനുവദി ക്കുന്ന മറ്റു വായ്പകളും എന്നിവ ഈ സ്ഥാപന ങ്ങൾ വഴി നൽകുന്നു. എങ്കിലും മതിയായ ഫണ്ട് ലഭിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമാക്കാൻ കഴിയു ന്നില്ല എന്നത് നഗ്നസത്യമാണ്.

c. പേരാവൂർ ബ്ലോക്ക് വനിതാ സഹകരണ സംഘം

1992ൽ രജിസ്ട്രർ ചെയ്തു പ്രവർത്തന മാരംഭിച്ചതാണീസ്ഥാപനം കാർഷികേതര വായ് പകളാണ് പ്രസ്തുതസ്ഥാപനം നൽകി വരു ന്നത്. പ്രധാനമായും സ്ത്രീകൾക്ക് സ്വയം തൊ ഴിൽ കണ്ടെത്തുന്നതിന് പ്രയോജനപ്പെടുമാറുള്ള വായ്പകളാണ് . നൽകിവരുന്നത്. പേരാവൂർ ബ്ലോക്കാണ് ഈ സംഘത്തിന്റെ പ്രവർത്തന പരിധി.

സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	ആരംഭിച്ച വർഷം	ആകെ അംഗങ്ങൾ	ഒരു ഓഹരിയുടെ വില	അംഗീകൃത ഓഹരി മൂലധനം	പിരിഞ്ഞുകിട്ടിയ മൂലധനം	സർക്കാർ ഓഹരി ഉണ്ടോ	ഉണ്ടെങ്കിൽ ലഭിച്ച തുക	പരമാവധി കടം എടുക്കാവുന്ന തുക	പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച നിക്ഷേപം		വായ്പകൾ			ആകെ	
										സ്ഥിരം	ഹ്രസ്വകാലം	ഹ്രസ്വകാലം	മധ്യകാലം	മറ്റു വായ്പകൾ		
കേളകം സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ് No. C 305	കേളകം പഞ്ചായത്തിലെ VII, VIII, IX വാർഡുകളും കൊട്ടിയൂർ പഞ്ചായത്തിലെ IV, കണിച്ചാർ പഞ്ചായത്തിലെ III വാർഡുകളും	15-2-1996	5881	10	40 ലക്ഷം	17,03000	ഉണ്ട്	110,000	5 കോടി 96 ലക്ഷം	1 കോടി 10 ലക്ഷം	75 ലക്ഷം	2 കോടി	50 ലക്ഷം	50 ലക്ഷം	3 കോടി	
ചെട്ടിയാംപാമ്പ് സർവ്വീസ് സഹകരണ ബേങ്ക് No. C. 306	കേളകം പഞ്ചായത്തിലെ I, II, III, IV, V, VI വാർഡുകളും	16-2-1996	5496	10	1,200,000	10,20,585	ഉണ്ട്	100,000	3 63,84,971	2988,379	2032,300	50 ലക്ഷം	4491270	8958450	181,56,445	
പേരാവൂർ വനിത സഹകരണ സംഘം C. No. 306	പേരാവൂർ ബ്ലോക്ക്	5-9-1992	574	100	5,50,000	1,13,400	ഉണ്ട്	25000	14,90,893	97,241	5,79,866	4 16 388	1,56,165	572553		

d. തലശ്ശേരി സഹകരണ കാർഷിക വികസന ബേങ്ക്

തലശ്ശേരി സഹകരണ കാർഷിക വികസന ബേങ്കിന്റെ പേരാവൂർ ശാഖയിൽ നിന്നും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വിവിധ തരം വായ്പകൾ ലഭ്യമാക്കുന്നുണ്ട്. ദീർഘകാല വായ്പകൾ, കാർഷിക വായ്പകൾ, ഭവനനിർമ്മാണ വായ്പകൾ, സ്വയംതൊഴിൽ വായ്പകൾ, വ്യവസായ വായ്പകൾ, വാഹന വായ്പകൾ എന്നിവ ഇക്കൂട്ടത്തിൽപ്പെടുന്നു.

പേരാവൂർ കോ-ഓപ്പറേറീവ് അർബൻ ബേങ്കും ഈ മേഖലയിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

വായ്പകളുടെ ഇനം	ആളുകളുടെ എണ്ണം	നൽകിയ തുക. രൂപ.
കാർഷിക വായ്പ	810	7205649
ഭവന നിർമ്മാണം	60	1767868
സ്വയം തൊഴിൽ വായ്പ	10	91010
വ്യവസായ വായ്പ	1	340000
വാഹന വായ്പ	2	304583
മറ്റ് ഇനം		
ആകെ	883	9709110

വായ്പേതര മേഖല

വായ്പേതര മേഖലയിൽ 12 സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ രജിസ്ട്രർ ചെയ്തിട്ടുണ്ട്.

കാഷ്യൂറോൾപാദക സഹകരണ സംഘങ്ങൾ 1അടയ്ക്കാത്തോട് കാഷ്യൂറോൾപ്പാദകസഹകരണ സംഘം, 2. ചെട്ടിയാംപറമ്പ് കാഷ്യൂറോൾപ്പാദക സഹകരണസംഘം, 3. കേളകം കാഷ്യൂറോൾപ്പാദക സഹകരണ സംഘം, 4. കേളകം കാഷ്യൂര വ്യവസായ സഹകരണ സംഘം. ഇതിൽ ഈ പഞ്ചായത്തിൽ ഈ രംഗത്ത് ആദ്യമായി പ്രവർത്തനം ആരംഭിച്ചത് 1976 ഡിസംബറിൽ സ്ഥാപിതമായ കേളകം കാഷ്യൂര വ്യവസായ സഹകരണ

സംഘമാണ്. ചാണ്ടി ചരിവുപുരയിടം ആദ്യ പ്രസിഡൻറും ഇ. എം. കുര്യൻ സെക്രട്ടറിയുമായിരുന്നു. ചെട്ടിയാംപറമ്പ്, അടയ്ക്കാത്തോട് എന്നിവിടങ്ങളിലായി ഇതിൻെറ രണ്ടു ബ്രാഞ്ചുകളും പ്രവർത്തിച്ചിരുന്നു. എന്നാൽ 1988 ആയപ്പോഴേയ്ക്കും ഈ സംഘങ്ങളുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചുപോയി.

വിപണനമേഖല

1 കേളകം കോ-ഓപ്പറേറീവ് റബ്ബർ അഗ്രിക്കൾച്ചറൽ മാർക്കറിംഗ് സൊസൈറ്റി. C. 1197

കേളകം കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സൊസൈറ്റിയുടെ പ്രവർത്തന പരിധി പേരാവൂർ ബ്ലോക്ക് മുഴുവനുമാണ്. പ്രധാനമായും റബ്ബർ ഉൽപ്പന്നങ്ങൾ കർഷകരിൽ നിന്നും ശേഖരിക്കുകയും റബ്ബർ കർഷകർക്കാവശ്യമായ ഉപകരണങ്ങൾ നൽകുകയുമാണ് ഈ സ്ഥാപനത്തിൻെറ പ്രവർത്തനം.

2. തലശ്ശേരി താലൂക്ക് റബ്ബർ മാർക്കറിങ്ങ് സൊസൈറ്റി

തലശ്ശേരി താലൂക്ക് റബ്ബർ മാർക്കറിങ്ങ് സൊസൈറ്റി ഇരിട്ടി ആസ്ഥാനമായി പ്രവർത്തിക്കുന്നു. താലൂക്ക് മുഴുവനുമാണ് ഇതിൻെറ പ്രവർത്തന മേഖല. ഇതിൻെ ഒരു ശാഖ കേളകത്ത് പ്രവർത്തിക്കുന്നു റബ്ബർ കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങുകയും അവർക്കാവശ്യമായ വസ്തുക്കൾ വിതരണം ചെയ്യുകയുമാണ് ഇതിൻെറ പ്രവർത്തനം.

3. കേളകം കോ-ഓപ്പറേറീവ് ഹോസ്പിറ്റൽ

1986-ൽ ആണ് കേളകം കോ-ഓപ്പറേറീവ് ഹോസ്പിറ്റൽ പ്രവർത്തനം ആരംഭിച്ചത്. 650 മെമ്പർമാർ സ്ഥാപനത്തിനുണ്ട്. കേളകം പോലുള്ള ഗ്രാമീണ മേഖലയിൽ ഡോക്ടർമാരെ സ്ഥിരമായി കിട്ടാത്തതും, ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടമില്ലാത്തതുമാണ് ഈ സ്ഥാപനത്തിൻെറ പ്രവർത്തന ന്യൂനതകളിൽ പ്രധാനമായും കണ്ടുവരുന്നത്. ഇത്തരം ബുദ്ധിമുട്ടുക ഒഴിവാക്കിയാൽ ഈ സ്ഥാപനത്തിന് കൂടുതൽ സേവനം നൽകാൻ കഴിയും.

കേളകം കോ-ഓപ്പറേറീവ് ഹോസ്പിറ്റൽ

ആരംഭിച്ച വർഷം	1986
ആകെ അംഗങ്ങൾ	650
ഒരു ഓഹരിയുടെ വില	100
ഓഹരി മൂലധനം	100,000
പ്രവർത്തന മൂലധനം	100,000
സ്ഥിരം ജീവനക്കാർ	12
താല്ക്കാലിക ജീവനക്കാർ	1
മറ്റു സ്ഥാപനങ്ങളിൽ നിന്നും എടുത്ത ലോൺ	600,000
പ്രവർത്തന പരിധി	പേരാവൂർ, കണിച്ചാർ, കേളകം, കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത്

പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിങ്ങ് സൊസൈറ്റി

ഈ പഞ്ചായത്തിൽ ഭവന നിർമ്മാണത്തിനു് പരിമിതമായ തോതിൽ സഹായം എത്തിക്കുന്നതിനു് പേരാവൂർ ആസ്ഥാനമായി ഹൗസ് ബിൽഡിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം ഏറെ പ്രയോജനകരമായി അനുഭവപ്പെടുന്നു.

കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് കേളകംശാഖ

കണ്ണൂർ ജില്ലാസഹകരണ ബേങ്ക് കേളകം ശാഖ സ്ഥാപിതമായതു് 1996-ൽ ആണു്. വ്യക്തിഗത, കാർഷികേതര വായ്പകളാണു് ഈ സ്ഥാപനം കൂടുതലായി നൽകുന്നതു്. ജില്ലാ സഹകരണ ബേങ്കിന്റെ ഈ ശാഖ ഈ പ്രദേശത്തെ ജില്ലാ ബേങ്കിന്റെ ഉപഭോക്താക്കൾക്കു് ഒരു അനുഗ്രഹം തന്നെയാകും എന്ന കാര്യത്തിൽ സംശയമില്ല.

സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

സഹകരണ മേഖലയിൽ നൂതന പ്രവണതകളും വളർത്തിയെടുക്കേണ്ട സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിർഭാഗ്യവശാൽ പുസ്തക ശേഖരണവും വിതരണവും മാത്രമായി ഒതുങ്ങുന്നു.

കാർഷികോൽപ്പാദക സഹകരണ സംഘങ്ങൾ

കേളകം പഞ്ചായത്തിൽ നിലവിൽ മൂന്നു് കാർഷികോൽപ്പാദക സഹകരണ സംഘങ്ങളാണു് ഉള്ളതു്. (1) ചെട്ടിയാംപറമ്പു് കാർഷികോൽപ്പാദക സഹകരണ സംഘം (2) അടക്കാത്തോടു് കാർഷികോൽപ്പാദക സഹകരണ സംഘം (3) കേളകം കാർഷികോൽപ്പാദക സഹകരണ സംഘം. ഈ സഹകരണ സംഘങ്ങളും എല്ലാംതന്നെ നല്ലവണ്ണം പ്രവർത്തിക്കുന്നുണ്ടു്. എന്നാലും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൂടുതൽ കാർഷികോൽപ്പാദക സഹകരണ സംഘങ്ങളും ഉണ്ടാവേണ്ടതുണ്ടു്

പാൽ ഉൽപാദനം ഇനിയും വളരെയേറെ വളർച്ച പ്രാപിക്കേണ്ടിയിരിക്കുന്നു. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം, കാലിതീറ്റയുടെ വില വർധനവു് ഇവ പാൽ ഉൽപ്പാദകരെ പ്രതികൂലമായി ബാധിക്കുന്നും ഇതേ സമയം പാലിന്റെ വില ഉൽപ്പാദന ചിലവുമായി ബന്ധപ്പെടുത്തി വർദ്ധിക്കുന്നില്ല. എന്നതു് ഇവിടെ ചിന്തനീയമാണു്. ഇവിടെ പാൽ ഉൽപ്പാദന രംഗത്തേക്കു് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനു് അത്യുൽപ്പാദന ശേഷിയുള്ള കന്നുകാലികളെ കർഷകർക്കു് സഹകരണ സംഘങ്ങളും വഴി ലഭ്യമാക്കാൻ കഴിയണം. അതുപോലെ തീറ്റപുൽ കൃഷി വിപുലമാക്കാനാവശ്യമായ സഹായങ്ങളും നൽകണം. ഇപ്രകാരം സഹകരണ മേഖലയിലെ കാർഷികോൽപ്പാദനം ഊർജ്ജിതമാക്കണം.

സംഘത്തിന്റെ പേരു്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങളും	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന ധനം	വ്യാപാര ഇടപാടുകളും	ലാഭമോ നഷ്ടമോ		ജീവനക്കാർ		പാൽ		
									ലാഭം തുക	നഷ്ടം തുക	സ്ഥിരം	മറ്റുള്ളവ	ശേഖരിക്കുന്ന പാൽ	വിൽക്കുന്ന പാൽ	കയറ്റുമതി ചെയ്യുന്ന പാൽ
അടക്കത്തോടു് കാർഷികോൽപ്പാദക സഹകരണ സംഘം ക്ലിപ്തം No.C 180	1980	III,IV,V വാർഡുകളും	3000	10000	5000		10000			5000	1	2	150 ലിറ്റർ	50 ലിറ്റർ	100 ലിറ്റർ
ചെട്ടിയാംപറമ്പു് കാർഷികോൽപ്പാദക സഹകരണ സംഘം ക്ലിപ്തം No. C	1982	II വാർഡുകളും	350		3800	1600					1	1	150 ലിറ്റർ	50 ലിറ്റർ	100 ലിറ്റർ
കേളകം കാർഷികോൽപ്പാദക സഹകരണ സംഘം ക്ലിപ്തം No. C	1996	VII,VIII,IX വാർഡുകളും	27	990			990			2810	1	1	240 ലിറ്റർ	80 ലിറ്റർ	160 ലിറ്റർ

സഹകരണ രംഗം നേരിടുന്ന പ്രശ്നങ്ങൾ

ജീവിതത്തിന്റെ സമസ്ത തലങ്ങളിലും വ്യാപിച്ചു കിടക്കുന്ന മഹത്തായ പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. എല്ലാ രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യ വ്യവസ്ഥകളും സാമൂഹ്യ പുരോഗതിയുടെ അടിസ്ഥാന ഘടകമായി സഹകരണമേഖലയെ നോക്കിക്കാണാറുണ്ട്. എന്നാൽ ഈ രംഗം ഇന്ന് വളരെയധികം പ്രശ്നങ്ങളും പരാധീനതകളും നേരിടുന്നു.

1. സഹകരണ തത്വങ്ങളുടെ ലംഘനം

രാഷ്ട്രീയം, സാമ്പത്തികസ്ഥിതി, വർണ്ണം ജാതി, ലിംഗം തുടങ്ങിയ ഭേദങ്ങൾ പരിഗണിക്കാതെ അർഹരായ എല്ലാവരെയും ഉൾക്കൊള്ളാൻ സഹകരണ രംഗം സന്നദ്ധമാകണമെന്ന തത്വം പലപ്പോഴും ലംഘിക്കപ്പെടുന്നു. അതിനാൽ രാഷ്ട്രീയ-സാമ്പത്തിക താൽപ്പര്യങ്ങളുടെ പിടിയിൽ ഈ മേഖല അമർന്നു പോകുന്നു. തത്വങ്ങൾ നിയമമല്ലാത്തതിനാൽ ലംഘിക്കുവാൻ എളുപ്പമാണുതാനും.

പുതിയ സംരംഭങ്ങൾ ഏറെടുക്കാനുള്ള വിമുഖത

ഒരു സ്ഥാപനത്തിന്റെ വളർച്ചയിലെ പ്രധാന പടവുകളാണ് പുതിയ സംരംഭങ്ങളുടെ ഏറെടുക്കൽ. ഉദാഹരണത്തിന് വളരുന്ന മേഖലയാണ് കാർഷികരംഗം. കർഷകർക്കാവശ്യമായ കാർഷികോപകരണങ്ങൾ വിതരണം ചെയ്യുന്നതിനോ അതുപോലെ കെട്ടിട നിർമ്മാണാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനോ സഹകരണ സംഘം വിമുഖത കാണിക്കുന്നു. ഇത് പ്രത്യക്ഷമായും പരോക്ഷമായും സ്വകാര്യ കച്ചവടക്കാരെ സഹായിക്കുന്നു.

സഹകരണ പരിശീലനക്കുറവ്

സഹകരണ മേഖലയുടെ മറ്റൊരു ശാപമാണിത്. സഹകാരികളെ ബോധവൽക്കരിക്കുവാൻ ആവശ്യമായ പഠന ക്ലാസുകൾ നടത്തേണ്ടതാവശ്യമാണ്. മെമ്പർമാർക്ക് അവകാശ ബോധം ഉണ്ടാക്കിയാൽ മാത്രമേ ഈ രംഗത്ത് വളർച്ചയുണ്ടാവുകയുള്ളൂ.

ഭരണ സമിതിയുടെ വൈകല്യം

സ്ഥാപനത്തിന്റെ പുരോഗതി ലക്ഷ്യമാക്കി സ്വതന്ത്രമായി പ്രവർത്തിക്കാൻ ഭരണ സമിതികൾക്ക് കഴിയാറില്ല. ഇത് സഹകരണ രംഗം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്.

വായ്പാ വിതരണത്തിലെ അപാകത

അർഹരായ പല അംഗങ്ങളും സഹകരണ മേഖലയിൽ അവഗണിക്കപ്പെടുന്നു. എടുക്കുന്ന വായ്പ യഥാർത്ഥ അവശ്യത്തിന് വിനയോഗിക്കുന്നുണ്ടോ എന്നുള്ള മേൽനോട്ടം ഇല്ലാത്തതിനാൽ വായ്പാതുക ദുർവിനിയോഗം ചെയ്യപ്പെടാനുള്ള പ്രവണത ഈ മേഖലയിൽ വർദ്ധിച്ചുവരുന്നു.

വർദ്ധിച്ചു വരുന്ന കുടിശിക

കൊടുക്കുന്ന വായ്പകൾ യഥാവിധി ഉപയോഗിക്കാത്തതിനാൽ പ്രത്യുൽപ്പാദനപരമല്ലാതെ പോകുന്നു. അതിന്റെ ഫലമായി വായ്പ തിരിച്ചടക്കാൻ കഴിയാതെ വരുന്നതിനാൽ കുടിശ്ശിക വർദ്ധിക്കുന്നു. സഹകരണ മേഖലയുടെ വളർച്ച മുരടിക്കാൻ ഇത് കാരണമാകുന്നു.

റിസർവ്വ് ബേങ്ക് നടപടി

റിസർവ്വ് ബേങ്ക് അനുവർത്തിക്കുന്ന ചില നടപടികൾ സഹകരണ ബേങ്കുകളെ പ്രതികൂലമായി ബാധിക്കുന്നു.
ഉദാഹരണം അടുത്ത കാലത്തായി നിക്ഷേപത്തിന് പലിശ നിർണ്ണയിക്കാൻ ബേങ്കുകൾക്ക് സ്വയാധികാരം കൊടുത്തത്.

ജില്ലാ ബേങ്ക് നടപടി

ജില്ലാ ബേങ്ക് വ്യക്തിഗത വായ്പകൾ കൊടുക്കുന്നത് പ്രാഥമിക സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതുപോലെ പ്രാഥമിക തലത്തിലെ നിക്ഷേപങ്ങൾ ജില്ലാ ബേങ്കിലേക്ക് തിരിച്ചു വിടുന്നതും പ്രാദേശിക സഹകരണ ബേങ്കുകളെ വിപരീത രൂപത്തിൽ ബാധിക്കാറുണ്ട്.

ഓഡിറ്റിംഗ്

ഇന്നത്തെ നിലവിലുള്ള ഓഡിറ്റിംഗ് സമ്പ്രദായത്തിലും അപാകതയുണ്ട്. കുടിശ്ശിക സംഖ്യ ബാഡ് ഡെബ്റ്റ്, ഡൗട്ട്ഫുൾ ഡെബ്റ്റ് എന്നിങ്ങനെ തരംതിരിച്ച് കിട്ടാനുള്ള സംഖ്യ കിട്ടാകുറ്റിയായി പരിഗണിച്ച് സ്ഥാപനം-

നഷ്ടത്തിലാണെന്ന് ചിത്രീകരിക്കുന്ന ഇന്നത്തെ ഓഡിറ്റിംഗ് സമ്പ്രദായത്തിൽ മാറ്റംവരണം കൂടാതെ ഫിക്സഡ് അസറ്റിന്റെ ഡിപ്രീസിയേഷൻ മാത്രം നടത്തുകയും ഭൂമിപോലുള്ള സ്വത്തിന്റെ കാലകാലങ്ങളിൽ വിലയിരുത്താവുന്ന വർദ്ധന കാണതിരിക്കുകയും ചെയ്യുന്ന രീതിയും തിരുത്തപ്പെടേണ്ടതാണ്.

നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒട്ടനവധി ആളുകൾക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ വേണ്ടി ഭവന നിർമ്മാണ രംഗത്ത് ഒരു സഹകരണ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചാൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

2. പഞ്ചായത്ത് പരിധിയിൽ തെങ്ങുകൃഷി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കൊപ്ര സംഭരണ, സംസ്കരണ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ഒരു സഹകരണ സ്ഥാപനം രൂപീകരിച്ചാൽ അതിന്റെ ഫലമായി ധാരാളം തൊഴിൽ സാധ്യത കണ്ടെത്താൻ കഴിയും. അതുപോലെ തന്നെ തേങ്ങയിൽ നിന്നും നിർമ്മിക്കാൻ കഴിയുന്ന മറ്റുൽപ്പന്നങ്ങളും ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുമോ എന്ന് ആലോചിക്കണം.

3 പഞ്ചായത്തിലെ പ്രധാന നാണ്യവിളയായ റബ്ബർ ഉൽപ്പന്നങ്ങളും ഉപയോഗിച്ച് റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങളും സഹകരണ മേഖലയിൽ തുടങ്ങിയാൽ റബ്ബർ കൃഷിക്കാർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

4. കശുവണ്ടി ഉൽപ്പാദന രംഗത്ത് നിർണ്ണായക സ്ഥാനമുള്ള കുടിയേറ്റ മേഖലയിൽ അത് സംസ്കരിക്കുന്നതിന് ഇന്ന് യാതൊരു സംവിധാനവുമില്ല. സഹകരണ മേഖലയിൽ കശുവണ്ടിയും, പഴവും സംസ്കരിക്കുന്നതിന് ഇവിടെ വിപുലമായ സാദ്ധ്യതയുണ്ട്. സഹകരണ അടിസ്ഥാനത്തിൽ ഒരു സൊസൈറ്റി രൂപീകരിച്ചുകൊണ്ട് ഇവിടെ പ്രവർത്തനമാരംഭിച്ചാൽ കാർഷിക മേഖലയിൽ ഒരു പുത്തൻ ഉണർവുണ്ടാകും. അതുപോലെ തന്നെ പാഴായി പോകുന്ന കശുമാവിൻ പഴം സംസ്കരിക്കുന്നതിലൂടെ പുതിയൊരു വരുമാനമാർഗം കണ്ടെത്തുന്നതിനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും കഴിയും

5. പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ദശാബ്ദങ്ങളായി സർക്കാർ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. എങ്കിലും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് ഒരു ഹരിജൻ സഹകരണസംഘം രൂപീകരിച്ച് അതിലൂടെ ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയാൽ ഇടത്തട്ടുകാരെ ഒഴിവാക്കാനും ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനും കഴിയും.

6 സാങ്കേതിക രംഗത്ത് തൊഴിൽ സാദ്ധ്യത കൂടി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സമീപ പ്രദേശങ്ങളിലൊന്നും ഈ സൗകര്യം ലഭ്യമല്ലാത്തതിനാൽ ഈ പഞ്ചായത്തിൽ സഹകരണരംഗത്ത് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കേണ്ടിയിരിക്കുന്നു.

7. വനിതാ ക്ഷേമത്തിനും, തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും, സാമൂഹ്യ സാംസ്കാരികരംഗത്ത് വനിതകളെ വളർത്തി കൊണ്ടുവരുന്നതിനും നിലവിലുള്ള വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം മുഴുവൻ വനിതകളേയും അംഗങ്ങളാക്കി മാറ്റിക്കൊണ്ട് പ്രവർത്തനം വിപുലമാക്കാൻ കഴിയണം

8. സഹകരണ മേഖലയിൽ ന്യായവില ഷോപ്പുകൾ ആരംഭിച്ചാൽ സ്വകാര്യ കച്ചവടക്കാരുടെ കൊള്ളലാഭത്തിൽ നിന്നും ജനങ്ങളെ ഒരു പരിധിവരെ സംരക്ഷിക്കാൻ കഴിയും.

9. കേളകം കേന്ദ്രമാക്കി റെഡിമെയ്ഡ് ഗാർമെന്റ്സ് ഐറ്റംസ് നിർമ്മാണവും വിപണനവും നല്ല തൊഴിൽ സാദ്ധ്യതയുള്ള വ്യവസായമാണ്. സഹകരണ മേഖലയിൽ ഇത് ആരംഭിക്കാൻ കഴിയണം.

10 സഹകരണ മേഖലയിൽ മെഴുകുതിരി, സോപ്പ് നിർമ്മാണ യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

11. കോഴിമുട്ട ഉൽപ്പാദനവും കോഴി, ആട്, പന്നി, എന്നിവയുടെ മാംസം സംസ്ക്കരിക്കുന്നതും ആയ യൂണിറ്റുകൾ സഹകരണ മേഖലയിൽ തുടങ്ങാൻ കഴിയണം.

12. ഒട്ടേറെ വിപണന സാദ്ധ്യതയുള്ള പഴം പച്ചക്കറി സംസ്ക്കരണ രംഗത്ത് ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് പാഴായിപ്പോകുന്ന പഴവർഗ്ഗങ്ങളെ ഉപയോഗപ്രദമാക്കാൻ കഴിയുകയും തദ്വാരതൊഴിൽ അവസരം വർദ്ധിപ്പിക്കാനും കഴിയും.

13 നിർമ്മാണ രംഗത്ത് വിവിധ വിഭാഗം തൊഴിലാളികളേയും വിദഗ്ദരേയും ഉൾപ്പെടുത്തിക്കൊണ്ട് ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്.

14. കുടിൽ വ്യവസായ രംഗത്തെ കുട്ട, വട്ടി, ചൂരൽ തുടങ്ങിയ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്ന ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

മറ്റു നിർദ്ദേശങ്ങൾ

1 സഹകരണ മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രം വളയം ചാലിൽ രൂപീകരിക്കുക.

2 കേളകം ആസ്ഥാനമായി ഒരു സഹകരണ കോളജ് സ്ഥാപിക്കുക.

3 കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് കേളകം കേന്ദ്രീകരിച്ച് ഒരു കാർഷികോൽപ്പന്ന സംഭരണ വിതരണ സൊസൈറ്റി സ്ഥാപിക്കുക

4 ബേങ്കുകളുടെ പരിധിയിൽ ഉള്ളവർക്കു മാത്രം ലോണുകൾ നൽകുക കുടിശ്ശിക ലോണുകളുടെ പിരിച്ചെടുക്കൽ നടപടി ഊർജ്ജിതമാക്കുക. പ്രായപൂർത്തിയായ മുഴുവൻ ആളുകൾക്കും മെമ്പർഷിപ്പ് നൽകുക.

5 വനിതാ സഹകരണ സംഘം അടക്കാത്തോട്, പൊയ്യമല എന്നീ വാർഡുകളിൽ സ്ഥാപിക്കുക.

6 ശാന്തിഗിരി, രാമച്ചി, കരിയംകാപ്പ്, അടക്കാത്തോട്, പൊയ്യമല കേന്ദ്രമാക്കി കൺസ്യൂമർ സൊസൈറ്റി രൂപീകരിക്കുക.

7 സഹകരണ മേഖലയിൽ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുക.

8 റേഷൻ കടകൾ മുഴുവൻ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള സഹകരണ സംഘങ്ങളുടെ കീഴിലാക്കുക

9 ശാന്തിഗിരി, മഞ്ഞളാംപുറം, വെള്ളൂന്നി എന്നിവിടങ്ങളിൽ ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

10 പൊയ്യമലയിൽ സഹകരണ മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കുക.

11 സഹകരണ മേഖലയിൽ ആയുർവ്വേദ ആശുപത്രി രൂപീകരിക്കുക.

''ചൂഷണ വിമുക്തമായ മാനവ പുരോഗതിക്ക്
സ്വാർത്ഥരാഹിതമായ കൂട്ടായ്മയുടെ സ്വപ്ന
സാക്ഷാൽക്കാരത്തിന്
ഭാവിതലമുറകളുകളുടെ നവോത്ഥാനത്തിന്–
പടുത്തുയർത്തിയ ഐക്യബോധമാണ്
സഹകരണം''

5-11

പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

മാതൃഭൂമിയുടെ മാനം രക്ഷിക്കാൻ പഴശ്ശി രാജയോടൊപ്പം അമ്പും വില്ലുമേന്തി ബ്രിട്ടീഷുകാർക്കെതിരെ പോരാടിയവരിൽ കാട്ടുജാതിക്കാരായപണിയരും കുറിച്യരും മുൻപന്തിയിൽനിന്നിരുന്നു. ജന്മനാടിനുവേണ്ടി പോരാടിയ ഇവർ കാട്ടുകിഴങ്ങുകളും കായ്കനികളും തേനുംകഴിച്ച് മരപ്പൊത്തിലും കല്ല്മടകളിലും മറ്റുമായി കഴിഞ്ഞുകൂടി കാലക്രമേണ കുടിയേറക്കാരും ഭൂഉടമകളും ആദിവാസികളുടെസഹായത്തോടുകൂടി കാട് വെട്ടിതെളിച്ച് കൃഷി ചെയ്ത് മണ്ണിനെ പൊന്നാക്കിമാറ്റി. കാടിന്റെ ഉടമകളും ജന്മിമാരുടെ ഔദാര്യത്തിൽ പുഴവക്കിലും പാമ്പിന്റെ മൂലയ്ക്കും കുടിൽ കെട്ടികഴിയേണ്ടിവന്നു. കുറിച്യ വിഭാഗത്തിൽപ്പെട്ട കുറേപ്പേര് മേമല കളിലേക്ക് താമസം മാറ്റി. ക്രമേണ ഇവർക്ക് വനത്തിൽ പ്രവേശനം നിഷേധിക്കപ്പെടുകയും കാട്ടുകിഴങ്ങുകളും കായ്കനികളും ലഭ്യമല്ലാതാവുകയും ചെയ്തു. ജന്മിമാർക്ക് കൂലിവേല ചെയ്തും കൃഷിയിടങ്ങളിൽ കാവൽനിന്നും മണ്ണിൽ കനകം വിളയിക്കാൻ വിയർപ്പൊഴുക്കി പണിയെടുത്തവർ പണിയരായി മാറി. ഇന്ന് ഈ പ്രദേശങ്ങളിലെ പണിയരെല്ലാം കൃഷിയിടങ്ങളിൽ കൂലിവേല ചെയ്തുതന്നെ ഉപജീവനം കഴിക്കുന്നു. സർക്കാർ ജോലിയുള്ളവർ ആരും തന്നെയില്ല. സ്ത്രീകൾ പൊതുവേ ജോലിക്ക് പോകാറില്ല. കവുങ്ങിൻ തോട്ടങ്ങളിലെ മഹാളി അടയ്ക്ക പെറുക്കിയും, കൊഴിഞ്ഞുവീണ കുരുമുളക് പെറുക്കിയും മാറും ഉപജീവനത്തിനുള്ള ചെറിയൊരുവക കണ്ടെത്തുന്നു.

പട്ടിക വർഗ്ഗത്തിൽ പ്രധാനമായും പണിയ വിഭാഗക്കാരും കുറിച്യരും ഉൾപ്പെടുന്നു. ഇവർ കോളനികളായി താമസിക്കുന്നു. പുഴയോരങ്ങളാണ്പണിയ വിഭാഗക്കാർ പ്രധാനമായും കോളനികൾക്കായി തെരഞ്ഞെടുക്കുന്നത്. എന്നാൽ കുറിച്യ വിഭാഗക്കാർ മലമുകളിൽ താമസിക്കാൻ ഇഷ്ടപ്പെടുന്നു. കുറിച്യർ പൊതുവേ ശുചിത്വമുള്ളവരും അദ്ധ്വാനശീലരും സാംസ്കാരികമായി മുൻപന്തിയിൽ നില്ക്കുന്നവരുമാണ്. പണിയ വിഭാഗത്തെ അപേക്ഷിച്ച് കുറിച്യർ പൊതുവേ സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുന്നിട്ടുനില്ക്കുന്നു. പണിയ കോളനികളിൽ പ്രാഥമിക ജീവിതസൗകര്യങ്ങൾ പരിമിതമാണ്. എല്ലാകുടുംബങ്ങൾക്കും വീടും കക്കൂസും ഇല്ല. എല്ലാവീടുകളും വൈദ്യുതീകരിച്ചിട്ടില്ല. ശുചിത്വമില്ലായ്മയും, പോഷകാഹാരക്കുറവും, ആരോഗ്യപരിപാലന സൗകര്യങ്ങളുടെ അപര്യാപ്തതയും മൂലം പകർച്ചവ്യാധികൾ കോളനികളിൽ പതിവാണ്. പണിയവിഭാഗക്കാർ പൊതുവേ സമ്പാദ്യ ശീലമുള്ളവരല്ല. അന്നന്ന് ലഭിക്കുന്ന വരുമാനം അന്നന്ന് ചെലവഴിക്കുന്നസ്വഭാവംഇവരിൽസർവ്വസാധാരണമാണ്. പണിയ വിഭാഗത്തിലെ 95% പുരുഷന്മാരും മദ്യപാനത്തിന് അടിമകളാണ്.

കേളകം പഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യയിൽ (15787) 1348 ആളുകൾ പണിയ വിഭാഗക്കാരും 253 പേര് കുറിച്യ വിഭാഗത്തിൽ പെട്ടവരുമാണ്. ഇവർ 49 കുടുംബങ്ങൾ ഉണ്ട്. പണിയ വിഭാഗത്തിൽപ്പെട്ടവരുടെ ആചാര അനുഷ്ഠാനങ്ങളും സാമൂഹ്യ ജീവിത രീതികളും മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാണ്.

ഇന്ന് പണിയ വിഭാഗക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. പാർപ്പിടസൗകര്യത്തിന്റെ അപര്യാപ്തത, കുടിവെള്ളപ്രശ്നം ആരോഗ്യപരിപാലന രംഗത്തെ പോരായ്മകൾ തൊഴിലില്ലായ്മ, നിരക്ഷരത തുടങ്ങിയ ഒട്ടനവധി പ്രധാനവും പ്രഥമവുമായ പ്രശ്നങ്ങൾ ഇന്നും പരിഹരിക്കപ്പെടാതെ അവശേഷിക്കുകയാണ്.

കുറിച്യർ

കേളകം പഞ്ചായത്തിൽ 5 കോളനികളിലായി 253 ആളുകൾ താമസിക്കുന്നു. കൃഷിയും നായാട്ടുമായിരുന്നു. ഇവരുടെ പ്രധാനതൊഴിൽ. ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിൽ തന്നെഇവർക്ക് സ്വയ രക്ഷയ്ക്കുവേണ്ടി തോക്കുകൾ കൈവശം വെയ്ക്കാൻ അനുവാദം നൽകിയിരുന്നു. എന്നാൽ ഇന്ന് നായാട്ട് അവസാനിച്ചിരിക്കുകയാണ്. അതിനാൽ കൃഷിയിൽ കൂടുതൽ കേന്ദ്രീകരിച്ചാണ്ഇവരുടെ ജീവിതം മുന്നോട്ടു പോകുന്നത്.

കേളകംപഞ്ചായത്തിലെ കുറിച്യവിഭാഗക്കാർ പൊതുവേ ശുചിത്വമുള്ളവരും ആരോഗ്യപരിപാ

ലന രംഗത്തും സാംസ്കാരികരംഗത്തും മറ്റ് ആദിവാസി വിഭാഗത്തെ അപേക്ഷിച്ച് മുന്നിട്ട് നിൽക്കുന്നുവെങ്കിലും തീണ്ടലും തൊടീലും പോലുള്ള സാമൂഹ്യ അനാചാരങ്ങളും വളരെ ശക്തമായിതന്നെ ഇവരുടെ ഇടയിൽ നിലനിന്നിരുന്നു.
ഇപ്പോഴും ഇവർ മറ്റ് ആദിവാസി വിഭാഗക്കാരെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായി മുന്നിട്ടുനില്ക്കുന്നവരാണ്. പണിയ വിഭാഗക്കാരെപ്പോലെ ഇവരും കോളനികളായി താമസിക്കാൻ താല്പര്യം കാണിക്കുന്നവരാണ് എന്നാൽ മലമുകളിൽ താമസിക്കാനാണ് ഇവർക്ക് ഏറെയിഷ്ടം.

പട്ടികജാതി

കേളകം ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട 49 കുടുംബങ്ങളിലായി 196 അംഗങ്ങൾ താമസിച്ചുവരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇവർ താമസിച്ചുവരുന്നു. സാമ്പത്തികമായി പിന്നിലാണെങ്കിലും സാംസ്കാരികരംഗത്തും ഇതരരംഗങ്ങളിലും അവർ മറ്റ് ജനവിഭാഗങ്ങൾക്കൊപ്പം നില്ക്കുന്നവരാണ്. കൃഷിയാണ് പ്രധാന ഉപജീവനമാർഗ്ഗം. സർക്കാർ ജോലിയുള്ളവരും ഉയർന്ന വിദ്യാഭ്യാസമുള്ളവരും ചുരുക്കമാണ്. ഇവരിൽ പരമ്പരാഗത തൊഴിൽ ചെയ്തു ഉപജീവനം കഴിക്കുന്നവരും ഉണ്ട്.

പ്രശ്നങ്ങൾ

1 എല്ലാകുടുംബങ്ങൾക്കും സ്വന്തമായി വീടും സ്ഥലവും ഇല്ല.
2 വീട് നിർമ്മിക്കാൻ സർക്കാർ നല്കുന്ന ധനസഹായം അപര്യാപ്തമാണ്.
3 കോളനികളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമല്ല.
4 ആരോഗ്യപരിപാലനം മെച്ചപ്പെട്ടതല്ല.
5 കോളനികളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.
6 കോളനികളിൽ ആരോഗ്യ കേന്ദ്രങ്ങൾ ഇല്ല.
7 റോഡുകൾ വേണ്ടത്രയില്ല; ഉള്ളവ ഗതാഗതയോഗ്യമല്ല.
8 വിദ്യാർത്ഥികൾ സ്കൂളിൽ കൃത്യമായും പോകുന്നില്ല.
9 സാമൂഹ്യമായ അംഗീകാരം മറ്റുള്ളവരിൽ നിന്നും ലഭിക്കുന്നില്ല.
10 കോളനികളിൽ ചാരായ നിർമ്മാണം ഉണ്ട്.
11 കോളനി സമ്പദായം ഇപ്പോഴും ശക്തമായി തുടരുന്നു.
12 മിതവ്യയശീലം ഇല്ല സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
13 പരമ്പരാഗത തൊഴിലുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ല.
സ്വയംതൊഴിലിനാവശ്യമായപരിശീലനവും സാമ്പത്തിക സഹായവും ലഭ്യമല്ല.
15 സാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1 കോളനികളായി താമസിക്കുന്ന അവസ്ഥ മാറി മറ്റുള്ളവരുടെ ഇടയിൽ താമസിക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഉണ്ടാക്കികൊടുക്കുക.
2 എല്ലാ കുടുംബങ്ങൾക്കും വീടും സ്ഥലവും നൽകുക.
3 വീടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയത്ത് നടത്തുക.
4 കുടിവെള്ളംവൈദ്യുതിഎന്നിവഎത്തിക്കുക.
5 ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക.
6 തൊഴിൽ പരിശീലനങ്ങൾ നൽകുക.
7 സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക.
8 ആരോഗ്യപരിപാലനരംഗം മെച്ചപ്പെടുത്തുക
9 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സെല്ലുകൾ രൂപീകരിക്കുക.
10 വ്യാജചാരായ നിർമ്മാണവും വിതരണവും പൂർണ്ണമായും നിർത്തലാക്കുക.
11 എല്ലാ വിഷയങ്ങളിലും പ്രാഥമിക ബോധവൽക്കരണം നടത്തുക.
12 സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുക.
13 പരമ്പരാഗത തൊഴിലുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക.
14 സ്വയം തൊഴിൽ വായ്പകൾ ലഭ്യമാക്കുക; നടപടിക്രമങ്ങൾ ലഘൂകരിക്കുക.

പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ സമുദ്ധാരണത്തിലൂടെ മാത്രമേ സമഗ്ര വികസനംഎന്ന ലക്ഷ്യം നേടാൻ നമുക്കാവുകയുള്ളൂ. 9–ാം പഞ്ചവത്സര പദ്ധതിയിലേക്ക് നീങ്ങുന്ന നമുക്ക് ഇവരെ അവഗണിച്ചുകൊണ്ടുള്ള ഒരു വികസനസങ്കല്പം അഭികാമ്യമല്ല. ചിന്താപരമായി തന്നെ താഴെക്കിടയിൽ നില്ക്കുന്ന ഇവരുടെ നേർക്ക് നമ്മുടെ സഹായ ഹസ്തങ്ങൾ നീട്ടുന്നതിന് നാം പ്രതിജ്ഞാ ബദ്ധരാണ്.

5-12

വിഭവ സമാഹരണം

നമ്മുടെ ഗ്രാമം ഒരു കാർഷിക മേഖലയാണ്. ഈ ഗ്രാമത്തിലെ പ്രധാന കൃഷി റബ്ബർ, കുരുമുളക്, കശുമാവ് തുടങ്ങിയ നാണ്യവിളകളും സമ്പാദിക്കുന്ന വിഭവങ്ങളാണ്. എന്നാൽ കർഷകർക്ക് ശരിയായ ആനുകൂല്യങ്ങളും, കൃഷി ചെയ്യുന്നതിനാവശ്യമായ സാഹചര്യങ്ങളും കിട്ടുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഈ രംഗത്ത് ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ മാത്രമേ ഈ രംഗം ഫലപ്രദമായി പുരോഗമിപ്പിക്കുവാൻ കഴിയുകയുള്ളൂ.

നമ്മുടെ ഗ്രാമപഞ്ചായത്ത് ഒരു സെക്കൻറ് ഗ്രേഡ് പഞ്ചായത്ത് മാത്രമാണ്. സർക്കാരിൽനിന്നും വളരെ നല്ലരീതിയിലുള്ള ആനുകൂല്യങ്ങളും കിട്ടിയെങ്കിൽ മാത്രമേ പഞ്ചായത്തിന്റെ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. പഞ്ചായത്തിലെ 1993-94ലെയും 1995-96ലേയും വരുമാനത്തിന്റെ വ്യതിയാനം താഴെപ്പറയും വിധമാകുന്നു.

	ഇനം	1993—94	1995-96	വ്യത്യാസം	%
1	കെട്ടിട നികുതി	99870.96	116293.60	+ 16422 64	16.44
2	തൊഴിൽ നികുതി	77877.00	130870.00	+ 52993 00	68.05
3	വിനോദ നികുതി	57241.36	61642.48	+ 4401.12	7.69
4	ജെ ആർ വൈ പദ്ധതി	408060.00	2,37500.00	— 1,70560.00	41.80
5	അധിക വിനോദ നികുതി	35055,17	39020.94	+ 3965.77	11.31
6	പ്രദർശന നികുതി	3016 00	3452.00	+ 436.00	14.46
7	പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്	754.00	863 00	+ 109.00	14.46
8	ലൈസൻസ് ഫീസ്	9697.55	13837.25	+ 4139 70	42 69
9	വസ്തുകൈമാറ്റ നികുതി 75%	104375.00	87980 00	— 16395 00	15.71
10	വസ്തുകൈമാറ്റ നികുതി 25%	156728.00	50,000.00	— 1,06728 00	68.10
11	സക്കാർഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകളും	256946.00	1409400.00	+ 11,52,454.00	448 52
12	ഡിപ്പോസിറ്റ്	89,553 25	1 45853.92	+ 56300 67	62.87
13	മറ്റുള്ളവ	3,70,806.76	2,88,722.41	82084.35	22.14
14	ആകെ	16,69981.05	25,85,435.60	1666989.25	99.82

1993.94ലേയും 1995.96ലേയും ചെലവിന്റെ വ്യത്യാസം

	ഇനം	1993—94	1695.96	വ്യതിയാനം	%
1	ഭരണം	3,35,952.65	3,24,815 00	— 11137.65	3 31%
2	പൊതുമരാമത്ത്	5,30579.00	8,33,397 00	+ 3,02818.00	57 07%
3	വിദ്യാഭ്യാസം	23,704.95	21,434 10	2 70,85	9.58%
4	ജലവിതരണം, ഓടകളും പൊതുജനാരോഗ്യം	43760.00	84,905.00	+ 41145.00	94 02%
5	തെരുവ് വിളക്കുകൾ കത്തിക്കുന്നതിന്	35,376.60	3 468.00	— 31998 00	90.20%
6	മറ്റുള്ളവ	1,29,556 00	8,55,673.25	726217.25	560 97%
	ആകെ	10,98,728.60	21,23,692.35	1115496 75	101,53%

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ ഗ്രാൻറുകൾ വിതരണം ചെയ്യുന്ന മേഖലയിൽ വെച്ചു തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ ഗ്രായമ നിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടിയും വെഹിക്കിൾ ടാക്സ് കോമ്പൻസേഷനും മുഴുവനായിതന്നെ പഞ്ചായത്തുകൾക്ക് നൽകണം. ഗ്രാൻറുകൾ വിതരണം ചെയ്യുന്നത് ജനസംഖ്യാനുപാതികമായി നൽകുന്നത് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഫലപ്രദമല്ല. കാരണം 77.93 സ്ക്വയർ കിലോമീറ്ററോളം വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യ കേവലം 015787 ആണ്. മേൽപ്പറഞ്ഞ രീതിയിൽ ഗ്രാൻറുകൾ വിതരണം ചെയ്താൽ മലയോര മേഖല

യായ ഈ പഞ്ചായത്തിലെ വികസനം വഴിമുട്ടി പ്പോകും മേൽപറഞ്ഞ രീതി മാറ്റുന്നതിന് കഴിയുക യില്ലെങ്കിൽ മലയോര മേഖലകളിലുള്ള പഞ്ചായ ത്തുകൾക്ക് വികസന പ്രവർത്തനങ്ങൾക്കായി പ്ര ത്യേക ഗ്രാന്റുകൾ നൽകണം.

കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ദിവസ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വേണ മെന്ന പുതിയ നിയമം പഞ്ചായത്തുകൾക്ക് ദോഷ മായി ഭവിക്കുന്നു കാരണം ഗ്രാമപ്രദേശങ്ങളിൽ വിറ്റുവരവ് പൊതുവേ വളരെ കുറവാണ്. മാത്രവു മല്ല ശരിയായ വിറ്റുവരവ് കിട്ടാനുള്ള സംവിധാന വും ഇന്നില്ല തൻമൂലം പഞ്ചായത്തു വിറ്റുവരവ് നിശ്ചയിക്കേണ്ടതായി വരുന്നു. എന്നാൽ വ്യാപാ രികൾ പഞ്ചായത്തിൽനിന്നും നിശ്ചയിക്കുന്ന വിറ്റു വരവ് അംഗീകരിക്കുവാൻ തയ്യാറാകുന്നില്ല. മാത്രവു മല്ല പഞ്ചായത്തു് നിശ്ചയിക്കുന്ന വിറ്റുവരവ് സെയിൽ ടാക്സ്, ഇൻകം ടാക്സ് തുടങ്ങിയ ടാക്സുകൾക്ക് മാനദണ്ഡമായെടുത്താൽ വ്യാപാരികൾ ഭീമമായ തുക നികുതിയായി കൊടുക്കേണ്ടി വരുമെന്നും ഭയക്കു ന്നു. ഇതു് ഒഴിവാക്കുന്നതിനും ഓരോ ഐറ്റത്തിനും ലൈസൻസ് ഫീസിന്റെ തുകതന്നെ പഞ്ചായത്തു കൾക്ക് നിശ്ചയിക്കാൻ അനുവാദം നൽകണം, വി റ്റുവരവിന്റെ അടിസ്ഥാനം മാറണം.

നിലവിലുള്ള നികുതികൾ യുക്തി സഹമാക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ജനങ്ങൾക്കുകൂടി പങ്കുണ്ടു് എന്ന ബോധം ജനങ്ങളിൽ ഉണ്ടാകേണ്ട കാലവും സമാഗതമായിരിക്കുന്നു.

നികുതി ആയി എല്ലാ ജനങ്ങളുടെയും വരുമാന ത്തിന്റെ ചെറിയ ഒരു ഭാഗം പഞ്ചായത്തിനു കൊടു ക്കുന്നതിനുള്ള മനസികാവസ്ഥ എല്ലാ ജനങ്ങളിലും ഉണ്ടാകുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഗുണപ്രദമാകുമെന്നു് കരുതുന്നു.

1 വരുമാനത്തിന്റെ ഒരുചെറിയശതമാനം നികുതി യായി പാടുള്ള അങ്ങനെയുമ്പോൾ എല്ലാ വരും അതു് കൊടുക്കാൻ താല്പര്യമുള്ളവരാകും.

2) വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി വസൂലാക്കാൻ കഴിയണം

3) നികുതി കൊടുക്കുന്നതുവഴി ഞങ്ങളും പഞ്ചായ ത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കു ചേരുകയാണെന്നു് ജനങ്ങളെ ബോദ്ധ്യപ്പെടുത്ത ണം. അതുകൊണ്ടുതന്നെ ചിലവിന്റെ കണ ക്കിൽ സുതാര്യത ഉണ്ടായിരിക്കണം.

4) നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡു പ്രതിനിധികളും, വാർഡു വികസന സമിതിയും തയ്യാറാവണം. ഇതും ഒരു വികസ ന പ്രവർത്തനമാണെന്ന ധാരണ പഞ്ചായത്തി ലെ ബഹുജന നേതാക്കൾക്കുണ്ടാവണം.

5) കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അതുജ നങ്ങളെ ബോദ്ധ്യപ്പെടുത്താനുമുള്ള സംവിധാ നം പഞ്ചായത്താഫീസിൽ ഉണ്ടാകണം.

തൊഴിൽനികുതി

തൊഴിൽനികുതി തൊഴിൽചെയ്യുന്ന എല്ലാവരിൽനി ന്നും ഈടാക്കുന്നതിനു് നിയമനിർമ്മാണം ഉണ്ടാകണം. ഇന്നു് ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ, സ്വകാര്യമേഖ ലയിലെ ജീവനക്കാർ എന്നിവരിൽ നിന്നു് മാത്രമേ തൊഴിൽനികുതി ഈടാക്കുന്നുള്ളൂ. എന്നാൽ അതു മാറി ടാക്സി ഡ്രൈവർമാർ, ഓട്ടോറിക്ഷ ഡ്രൈവർ മാർ ടാക്സി ജീപ്പിലേയും, സ്വകാര്യ ജീപ്പിലേയും ഡ്രൈവർമാർ തുടങ്ങിയ തൊഴിൽ ചെയ്യുന്ന എല്ലാ വരിൽനിന്നും തൊഴിൽകരം പിരിക്കുന്നതിനു് കഴി യണം.

വിനോദനികുതി

വിനോദനികുതിയുടെ ഫലപ്രദമായ പിരിവിനു് മൊത്തം സീറ്റുകളെ A, B, C എന്നു് മൂന്നായി തിരി ച്ചു് കൊണ്ടു് ഒരു സീറ്റിനു് ഒരു ദിവസത്തേയ്ക്കു് ഇത്ര രൂപാ എന്ന കണക്കിൽ റേറ്റ് നിശ്ചയിക്കണം. ഇതിനു് തിയ്യേറ്റർ ഉടമകളിൽനിന്നും എതിർപ്പുണ്ടാ കാൻ ഇടയുള്ളതിനാൽ ടിക്കറ്റിന്റെ ചാർജ് നിർണ്ണ യിക്കാനുള്ള പൂർണ്ണാധികാരം തിയ്യേറ്റർ ഉടമകൾക്കു് നൽകണം.

കെട്ടിടനികുതി

കെട്ടിടങ്ങളെ അടിസ്ഥാന സൗകര്യങ്ങളുടേയും, കെട്ടിടത്തിന്റെ ആധുനിക രീതിയിലുള്ള നിർമ്മാണ ത്തിന്റെയും തൃപ്തിയുടേയും അടിസ്ഥാനത്തിൽ 4 ഗ്രേഡുകളായി തിരിച്ചു് കെട്ടിടത്തിന്റെ പ്ലിന്ത് ഏറിയായുടെ അടിസ്ഥാനത്തിൽ ചതുരശ്ര മീറ്റ റിനുള്ള റേറ്റ് നിശ്ചയിക്കണം. അതുപോലെ കെട്ടിട നിർമ്മാണ ചട്ടം എല്ലാ പഞ്ചായത്തിലും നടപ്പാക്കണം. തദ്വാര കെട്ടിടങ്ങൾ നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാകുന്നതു് ഒരളവോളം കുറയ്ക്കുന്നതാണു്.

മറ്റു വരുമാന മാർഗ്ഗങ്ങൾ

1) നമ്മുടെ പഞ്ചായത്തിൽ പുറമ്പോക്കു് ധാരാളം. മുണ്ടു് പുറമ്പോക്കുകൾ റവന്യൂ ഡിപ്പാർട്ടുമെ ന്റിൽ നിന്നും അളന്നു് തിരിച്ചു് കൈവശക്കാ രനെഒഴിവാക്കി പഞ്ചായത്തിനെ ഏല്പിക്കാനു ള്ള നിയമ നിർമ്മാണം ഉണ്ടായാൽ പുറമ്പോക്കു കൾ പാട്ടത്തിനു് കൊടുക്കുന്നവകയിൽ പഞ്ചാ യത്തിനു് പ്രതിവർഷംനല്ലൊരു വരുമാനം ഉണ്ടാ ക്കാൻ കഴിയും.

2) പഞ്ചായത്തുകളിൽ നടക്കുന്ന ആധാരങ്ങളുടെ സ്റ്റാമ്പ്ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും മുഴു വൻ പഞ്ചായത്തുകൾക്കു് നൽകുന്നതിനു് നിയ മനിർമ്മാണം ഉണ്ടാകണം.

3) ഈ പഞ്ചായത്തിൽ കരിങ്കൽ ക്വാറികളും ഉണ്ട്. അത്തരത്തിലുള്ള കരിങ്കൽ ക്വാറികളുടെ പുണ്ണനിയന്ത്രണം പഞ്ചായത്തുകൾക്ക നൽകിയാൽ പഞ്ചായത്തിൽ പൊട്ടിച്ചെടുക്കുന്നതിനു് അനുവാദം നൽകുന്നതു് വഴി നല്ലൊരു വരുമാനം ഉണ്ടാക്കാൻ കഴിയും.

ബാങ്കു് ഒഫ്മാൻസിയേഴ്സു്

നമ്മുടെ പഞ്ചായത്തിൽ രണ്ടു് സർവ്വീസു് സഹകരണ ബാങ്കുകളും, ഒരു ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയും, നോർത്തു് മലബാർ ഗ്രാമീണ ബാങ്കു്, ഫെഡറൽ ബാങ്കു് എന്നിവയുടെ ശാഖയും പ്രവർത്തിക്കുന്നു. നിക്ഷേപങ്ങളെ അപേക്ഷിച്ചു് നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണു്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 85 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണു്. പഞ്ചായത്തു് അംഗീകരിക്കുന്ന പദ്ധതികൾക്കു് വായ്പ കൊടുക്കാൻ ബാങ്കുകൾ ബാദ്ധ്യസ്ഥരാകുന്ന നിയമം ഈ രംഗത്തു് ഉണ്ടാവേണ്ടിയിരിക്കുന്നു.

ചെലവുകൾ

പൊതുമരാമത്തിനു് 39.24%ഉം ഭരണ ചിലവുകൾക്കു് 15.29%ഉം വിദ്യാഭ്യാസത്തിനു് 2.06%ഉം വീതമാണു് പഞ്ചായത്തു് ഫണ്ടു് ചിലവഴിക്കാൻ 1995-96ൽ കഴിഞ്ഞിട്ടുള്ളതു്. റോഡുകളുടെ റിപ്പയറിംഗു് വർക്കുകൾക്കു് 5000 രൂപ വരെയുള്ള എസ്റ്റിമേറ്റു് തയ്യാറാക്കി ചെയ്യുന്നതുകൊണ്ടു് കാര്യമായ പ്രയോജനമൊന്നും കിട്ടുന്നില്ല. ഇതിന്റെപ്രധാന കാരണം 5000 രൂപയിൽ കൂടുതൽ തുകയുള്ള എസ്റ്റിമേറ്റു് തയ്യാറാക്കാൻ ഗ്രാമപഞ്ചായത്തു് സെക്രട്ടറിക്കു് അനുവാദമില്ലാത്തതുകൊണ്ടാണു്, എന്നാൽ PWD എഞ്ചിനീയറിങ്ങു് വിഭാഗത്തിനെക്കൊണ്ടു് എസ്റ്റിമേറ്റു് തയ്യാറാക്കിച്ചു് വർക്കു് നടത്താമെന്നു് വച്ചാൽ അതിനുള്ള സ്റ്റാഫിന്റെ ലഭ്യത ഇന്നത്തെ എഞ്ചിനീയറിംഗു് വിഭാഗത്തിനില്ല. അതുകൊണ്ടു് സെക്രട്ടറിമാർക്കു് എസ്റ്റിമേറ്റു് തയ്യാറാക്കുന്നതിനുള്ള അധികാര പരിധി ഉയർത്തുകയോ എഞ്ചിനീയറിംഗു് വിഭാഗത്തിലുള്ള ജോലിക്കാരുടെ എണ്ണം പഞ്ചായത്തിന്റെ എണ്ണത്തിനനുപാതമായി വർദ്ധിപ്പിക്കുകയോ വേണം. കൂടാതെ പഞ്ചായത്തിലെ മണ്ണു് റോഡുകൾക്കിരുവശവുമുള്ള ഓയൽക്കുട്ടങ്ങൾ കായിരിക്കണം. റോഡിന്റെ സംരക്ഷണ ചുമതല മഴക്കാലം തുടങ്ങുന്നതിനു മുൻപെ റോഡുകളിലുള്ള ഓവുചാലുകൾ സന്നദ്ധ പ്രവർത്തനംവഴി ഉണ്ടാക്കണം വെള്ളം ഒലിച്ചു പോവാൻ കാനകളില്ലാത്തതുകൊണ്ടാണു് റോഡുകൾ തോടുകളായിമാറുന്നതു്, നമ്മുടെ പഞ്ചായത്തിലെ ഭരണ ചിലവുകൾ കുറക്കാൻ കഴിയുകയില്ല, കാരണം ഇന്നുള്ള ജോലിക്കാരുതന്നെ നിലവിലുള്ള ജോലി ചെയ്തുതീർക്കുന്നതിനു പര്യാപ്തമല്ല ഭൂനികുതി ഇപ്പോൾ ഏക്കറിനു് 20രൂപയെന്നുള്ളതു് 100 രൂപയായി വർദ്ധിപ്പിക്കുകയും പിരിച്ചെടുക്കുന്ന മുഴുവൻ തുകയും പഞ്ചായത്തിനു് നൽകുകയും വേണം.

ഷോപ്പിങ്ങു് കോംപ്ലക്സു്

കേളകം ടൗണിൽ പഞ്ചായത്തു് വക ബസ്സ്റ്റാന്റിൽ ഒരു ഷോപ്പിംഗു് കോംപ്ലക്സു് കേരളാ സ്റ്റേറ്റ് റൂറൽ ഡവലപ്പ്മെന്റു് ബോർഡിന്റെ ധനസഹായത്തോടുകൂടി പണിതിട്ടുണ്ടു്. എന്നാൽ അതിൽനിന്നും കിട്ടുന്ന വാടക ബോർഡിലേക്കു് മുതലും പലിശയും അടക്കുന്നതിനു് തികയുന്നില്ല. ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതായ വാടക 14,245 രൂപ മാത്രമാണു്. തിരിച്ചടക്കേണ്ടതു് ഓരോ അർദ്ധവർഷവും താഴെപ്പറയും പ്രകാരമാണു്.

	മുതൽ	പലിശ	ആകെ
30—9—95 മുമ്പായി	65,337	97,986	1,63,323
31—3—96 ,,	65,337	104,210	1,69,547
30—9—96 ,,	65,337	99,474	1,64,811
31—3—97 ,,	65,337	94,737	1,60,074
30—9—97 ,,	65,337	90,000	1,55,337
31—3—98 ,,	65,337	85,264	1,50,601
30—9—98 ,,	65,337	80,527	1,45,864
31—3—99 ,,	65,337	75,790	1,41,127
30—9—99 ,,	65,337	71,053	1,36,390
31—3—2000 ,,	65,337	66,317	1,31,654
30—9—2000 ,,	65,337	61,580	1,26,917
31—3—2001 ,,	65,337	56,843	1,22,180
30—9—2001 ,,	65,337	52,107	1,17,444

	മുതൽ	പലിശ	ആകെ
31—3—2002 ,,	65,337	47,369	1,12,706
30—9—2002 ,,	65 337	42,632	1,07,969
31—3—2003 ,,	65,337	37,895	1,03,232
30—9—2003 ,,	65,337	33,159	98,496
31—3—2004 ,,	65,337	28,422	93,759
30—9—2004 ,,	65,337	23,685	89,022
31—3—2005 ,,	65,337	18,949	84,286
30—9—2005 ,,	65 337	14,212	79,549
31—3—2006 ,,	65 337	9 475	4,812
30—9—2006 ,,	65,310	4,739	70,079

കേളകം ടൗണിൽ പഞ്ചായത്തിൽനിന്നും പണി തീർന്നിട്ടുള്ള ബസ് സ്റ്റാൻറ് വിപുലീകരിക്കേണ്ടതു് വളരെ അത്യാവശ്യമാണു്. ദിനം പ്രതി വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. മാത്രവുമല്ല നിർമ്മാണത്തിലിരിക്കുന്ന കൊട്ടിയൂർ ബോയിസ് ടൗൺ റോഡ് വയനാട്ടുമായി ബന്ധിപ്പിച്ചാൽ ട്രാഫിക്ക് ഇനിയും വളരെ കൂടുന്നതാണു്.

ഒരു ചരസ്യ മാർക്കറ്റിന്റെ അഭാവം ഈ പഞ്ചായത്തിലുണ്ടു്. കേളകം പഞ്ചായത്തു വക ഒരു പൊതു ചന്ത നിർമ്മിക്കാൻ കഴിഞ്ഞാൽ അതു വഴി പഞ്ചായത്തിന്റെ വരുമാനമുണ്ടാക്കാൻ കഴിയുന്നതാണു്. ഇതുവഴി ഗ്രാമീണർക്കു് ഇടത്തട്ടുകാരുടെ സഹായമില്ലാതെ അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കാനും അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങാനും ഇതുകൊണ്ടു് കഴിയും.

ടൂറിസം

നമ്മുടെ പഞ്ചായത്തിലാണു് ചരിത്ര പ്രസിദ്ധമായ പാലുകാച്ചിമല സ്ഥിതി ചെയ്യുന്നതു് അതു് ഒരു ടൂറിസ്റ്റ് കേന്ദ്രമാകത്തക്കവിധത്തിൽ സജ്ജീകരിക്കുകയാണെങ്കിൽ ആ ഭാഗങ്ങൾ വികസിക്കുന്നതു് വഴി പഞ്ചായത്തിനു് വരുമാനമുണ്ടാക്കാനും കഴിയും.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യ വിഭവമാണു്. എല്ലാ ഗ്രാമസഭകളിലും ഗ്രാമസഭാംഗങ്ങൾ ശ്രമദാനമായി ജോലി ചെയ്യുതരുവാൻ താല്പര്യം കാണിച്ചിട്ടുണ്ടു്. അവക്കു് ചില്ലറ ചില സാമ്പത്തിക സഹായം ഭക്ഷണത്തിനും മറ്റും നൽകാൻ കഴിഞ്ഞാൽ വലിയ ഒരു സമ്പത്തു് സൃഷ്ടിക്കാൻ കഴിയുകയും ചെയ്യും. മാത്രവുമല്ല എല്ലാ വർഡിലേയും അഭ്യസ്തവിദ്യരുടെ സാങ്കേതിക വിദഗ്ദരുടെ അടങ്ങിയ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ഒരു രജിസ്ട്രേഷൻ പഞ്ചായത്തിൽ നിന്നും നടത്തുകയും പഞ്ചായത്തു് തലത്തിൽ വരുന്ന വികസന പ്രവർത്തനങ്ങൾ അവയിൽകൂടി നടത്തുകയും ചെയ്താൽ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിയുകയും മനുഷ്യ വിഭവം പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുകയും ചെയ്യും. ഒരു നിശ്ചിത ശതമാനം പൊതുജന പങ്കാളിത്തവും, ബാക്കിയുള്ളതു് പഞ്ചായത്തുഫണ്ടും നൽകുകയും വഴി പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇന്നു നടക്കുന്നതിൽ കൂടുതൽ നടത്താൻ കഴിയുകയും ചെയ്യും.

ഉപസംഹാരം

ആസൂത്രണം അടിത്തട്ടിൽ നിന്ന് മേല്പോട്ട് ആവുന്നതുമൂലം ഭൂപ്രകൃതിക്കനുസൃതമായി അതാതുപ്രദേശത്തിനാവശ്യമായ കാര്യങ്ങൾ തദ്ദേശീയമായ കാഴ്ചപ്പാടിലൂടെ ചെയ്യാൻ കഴിയുമെന്നുള്ളതുതന്നെ നമ്മുടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നേട്ടമാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനത ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ ഈ ഉദ്ദേശം സഫലീകരിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടാകുകയില്ല എന്നത് തർക്കമറ്റ സംഗതിയാണ്. ഗ്രാമസഭകളുടെ ജനകീയ ശക്തിയിൽ ഗ്രാമവികസനത്തിന്നൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയണം.

മഹത്തായ ഈ പ്രതിക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്ക് കഴിയുമെന്ന് പ്രത്യാശയോടെ ഈ സമഗ്ര വികസന രേഖ കേളകം ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനും വേണ്ടി സമർപ്പിക്കുന്നു.

ഒരേ മനസ്സും, ലക്ഷ്യവുമായ് നാം
ഒന്നായ് നീങ്ങിടേണം
നമ്മുടെ നാടിന് വളരാനുള്ളൊരു
വഴിനാം തേടേണം
നന്മകൾ വിളയും, നല്ലൊരു നാട്
നമ്മൾ തേടേണം
ഞാനും, നീയും തന്നാൽ കഴിവതു
നാടിന് നൽകേണം

അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയമായ ഗ്രാമതല ആസൂത്രണം.
- 73ാം പദ്ധതി ജനകീയപദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസന പ്രക്രിയ അഴിമതി രഹിതമാക്കുന്നു.
- ബഹുജന സഹകരണം അനിവാര്യം

കേളകം ഗ്രാമപഞ്ചായത്ത്

വികസനരേഖ - '96